

കഴക്കൂട്ടം ഗ്രാമപഞ്ചായത്ത്

# സമഗ്ര വികസന രേഖ



ചരിത്രമുറങ്ങുന്ന പുതുക്കളം



# ഒൻപതാം പദ്ധതി
# ജനകീയ പദ്ധതി




## അധികാരം ജനങ്ങളിലേക്ക്



"തെരഞ്ഞെടുക്കപ്പെട്ട കുറെ പ്രഗത്ഭന്മാർ
കേന്ദ്രത്തിൽ ഇരുന്ന് ഭരിച്ചതുകൊണ്ട്
ജനാധിപത്യ ഭരണ ക്രമം യഥാർത്ഥത്തിൽ
ഉണ്ടാവുകയില്ല, ജനാധിപത്യം ഏറ്റവും
താഴ്ന്ന തലത്തിൽ നിന്നും, ഏറ്റവും
ചെറിയ കീഴ്ഘടകത്തിൽ നിന്നും
സമാരംഭിക്കണം. എല്ലാ ഗ്രാമങ്ങളിലെയും,
എല്ലാ ജനങ്ങളിലും, ഭരണകാര്യങ്ങളെകുറിച്ച്
ബോധമുണ്ടാവണം. അവരും ഭരണ
കാര്യങ്ങളിൽ പങ്കാളികളാണെന്നും
വിശ്വാസമുണ്ടാവണം."

മഹാത്മാ ഗാന്ധിജി-

# പഞ്ചായത്തിന്റെ മുൻ സാരഥികൾ



*കാട്ടായിക്കോണം ശ്രീ. എം.കെ. സദാനന്ദൻ*
*പ്രഥമ പ്രസിഡന്റ് (1953-63)*

| | |
|---|---|
| ചന്തവിള ശ്രീ. വി. സുകുമാരൻ നായർ | **(1963-74)** |
| ശ്രീ. അലി അക്ബർ | **(1974-79)** |
| അഡ്വ:എം. രാജഗോപാലൻ നായർ | **(1979-84)** |
| കാട്ടായിക്കോണം ശ്രീ. ജി. അരവിന്ദൻ | **(1988-95)** |

# പഞ്ചായത്ത് ഭരണസമിതി



പ്രസിഡന്റ്
സി.രാജേന്ദ്രൻ നായർ



വൈസ് പ്രസിഡന്റ്
സുബൈദാബക്കർ



ജെ. ബാബുക്കുട്ടൻ നായര



സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ
ബി. മുരളി



ജി.ജയചന്ദ്രൻ



മനി രമേശൻ



വി.എസ്.ഷീജ



എസ്.വി.ലേഖ



ബി. സത്യൻ



പി. ബേബി



എം. വിക്രമൻനായർ



ജെ. ഉണ്ണികൃഷ്ണൻ നായർ

## എഡിറ്റോറിയൽ ബോർഡ്

**ചീഫ് എഡിറ്റർ**

സി. രാജേന്ദ്രൻ നായർ (പ്രസിഡന്റ്)

**അംഗങ്ങൾ** സദനരാജൻ ജി.കെ

ഗോപിനാഥൻ നായർ എസ്സ്

ജയചന്ദ്രൻ ജി

ബാബുക്കുട്ടൻ നായർ ജെ

ഉണ്ണികൃഷ്ണൻ നായർ ജെ

ഹരികുമാർ. ജി

ജയകുമാർ. ഡി

മുരളി .ബി

വരദരാജൻ വി

## ജില്ലാ റിസോഴ്സ് പേഴ്സൺസ്

1. സദനരാജൻ. ജി.കെ (കൺവീനർ)
2. ജി. ഹരികുമാർ
3. വരദരാജൻ വി.
4. ജയകുമാർ.ഡി
5. ഗോപിനാഥൻ നായർ എസ്സ്
6. എം.ആർ.ശശിധരൻ
7. കമലാസനനൻ നായർ പി

**കവർ ഡിസൈനിംങ്**

എസ്. ഹരികുമാർ കൊയ്ത്തുർക്കോണം

**ലേ ഔട്ടിംങ്**

ജി. ഹരികുമാർ മുദ്രാ

**ടൈപ്പ് സെറ്റിംങ്**

*നാഗ* കംപ്യൂട്ടേഴ്സ്, പേരൂർക്കട

**പ്രിന്റിംഗ്**

മുദ്രാ കളർ പ്രിന്റേഴ്സ്, കാട്ടായിക്കോണം

| | | | പേജ് |
|---|---|---|---|
| I | ആമുഖം | : | 7 |
| II | പൊതുവിവരണം | : | 8 |
| III | പഠന പര്യടനം | : | 12 |
| IV | ചരിത്രപശ്ചാത്തലം | : | 15 |
| V | വികസന മേഖലകൾ | : | |
| 1 | കൃഷിയും ജലസേചനവും | : | 19 |
| 2 | മൃഗസംരക്ഷണവും മത്സ്യബന്ധനവും | : | 31 |
| 3 | വിദ്യാഭ്യാസം | : | 40 |
| 4 | കുടിവെള്ളവും പൊതുജനാരോഗ്യവും | : | 59 |
| 5 | വ്യവസായം | : | 65 |
| 6 | ഗതാഗതം, ഊർജ്ജം, മാർക്കറ്റ് | : | 71 |
| 7 | പാർപ്പിടവും സാമൂഹ്യക്ഷേമവും | : | 79 |
| 8 | സംസ്കാരം | : | 88 |
| 9 | വനിത | : | 94 |
| 10 | സഹകരണം | : | 97 |
| 11 | പട്ടികജാതി, പട്ടികവർഗ്ഗക്ഷേമം | : | 99 |
| 12 | വിഭവസമാഹരണം | : | 102 |
| 13 | ടൂറിസം | : | 107 |
| VI | ഉപസംഹാരം | : | 110 |

# ആമുഖം

പഞ്ചവത്സര പദ്ധതിയിലൂടെ പുരോഗതി കൈവരിക്കുക എന്ന ലക്ഷ്യത്തോടെ ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽനെഹ്റു 1951-ൽ ആസൂത്രണത്തിലധിഷ്ഠിതമായ ഒരു വികസന പദ്ധതിക്ക് രൂപം നൽകി. കഴിഞ്ഞ എട്ട് പഞ്ചവത്സര പദ്ധതികളിലൂടെ ഒട്ടേറെ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞു. എങ്കിൽ തന്നെയും പ്രതീക്ഷയ്ക്കൊപ്പം ഉല്പാദന മേഖലയിൽ കാര്യമായ പുരോഗതി കൈവരിക്കാൻ ഇനിയും നമ്മുക്ക് കഴിഞ്ഞിട്ടില്ല. ഉല്പാദന മേഖലയിലെ മാന്ദ്യം, സാധാരണക്കാരുടെ ആവശ്യങ്ങൾ പരിഹരിക്കുന്നതിന് ഉതകുന്ന തരത്തിലല്ലാത്ത ക്ഷേമ പ്രവർത്തനങ്ങൾ, ദുർവ്യയം, വ്യാപകമായ അഴിമതി, പദ്ധതികൾ നടപ്പിലാക്കാനുള്ള കാലതാമസം എന്നിവ നമ്മുടെ ആസൂത്രണ പ്രക്രിയയുടെ പാളിച്ചകളായി അവശേഷിക്കുന്നു.

ഈ സാഹചര്യത്തിലാണ് കേരള സർക്കാരും സംസ്ഥാന പ്ലാനിംഗ് ബോർഡും ആസൂത്രണ ചരിത്രത്തിൽ പുതിയ ഒരു അദ്ധ്യായം എഴുതിചേർത്തുകൊണ്ട് വമ്പിച്ച സാമൂഹ്യ മുന്നേറ്റം ലക്ഷ്യമാക്കി കേരളത്തിന്റെ ഒമ്പതാം പദ്ധതി ജനപങ്കാളിത്തത്തോടു കൂടി നടപ്പിലാക്കുന്നതിന് ജനകീയാസൂത്രണ പ്രസ്ഥാനത്തിന് രൂപം നൽകിയിട്ടുള്ളത്. കേന്ദ്രീകൃതമായ ആസൂത്രണ പ്രക്രിയ്ക്ക് പകരം ഓരോ പ്രദേശത്തിന്റെയും ഭൂപ്രകൃതിക്ക് അനുസരണമായും ജനങ്ങളുടെ അടിസ്ഥാനാവശ്യങ്ങൾ അനുസരണമായി ജനപങ്കാളിത്തത്തോടെ പദ്ധതികൾക്ക് രൂപം കൊടുക്കുക എന്ന ഉത്തമ ലക്ഷ്യത്തോടുകൂടിയാണ് ഒമ്പതാം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുള്ളത്. ഇന്ത്യയിലെ മറ്റേതൊരു സംസ്ഥാനത്തിനും മാതൃകയായിതീരാവുന്ന ഈ പദ്ധതി നമ്മുടെ സംസ്ഥാനത്തിന്റെ സമസ്ത മേഖലകൾക്കും നവോന്മേഷം നൽകുമെന്ന കാര്യത്തിൽ സംശയമില്ല.

1996 സെപ്റ്റംബർ 20-ാം തീയതി പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ സംഘടിപ്പിച്ച ഒന്നാംഘട്ട ശിൽപശാലയോടുകൂടി ഈ പദ്ധതിക്ക് നമ്മുടെ പഞ്ചായത്തിൽ തുടക്കം കുറിച്ചു. തുടർന്ന് എല്ലാ വാർഡുകളിലും കക്ഷി രാഷ്ട്രീയ സ്ത്രീ പുരുഷ ഭേദമെന്യേ നല്ല ജനപങ്കാളിത്തത്തോടു കൂടിയുള്ള ഗ്രാമസഭകൾ കൂടുകയും ചെയ്തു. 1996 നവംബർ മാസം 11-ാംതീയതി നടന്ന രണ്ടാംഘട്ട ശില്പശാലയും 14-ാംതീയതി നടന്ന പഠനപര്യടനവും വൻ വിജയകരമായിരുന്നു.

# പഞ്ചായത്തിന്റെ പൊതു വിവരണം

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | - | കഴക്കൂട്ടം ഗ്രാമപഞ്ചായത്ത് |
| സ്ഥിതി ചെയ്യുന്ന സ്ഥലം | - | തിരുവനന്തപുരം നഗരത്തിൽ നിന്നും N.H ലൂടെ 14 കിലോമീറ്റർ വടക്കുമാറി അവിടെ നിന്നും മൂന്നര കിലോമീറ്റർ നീളത്തിൽ കാര്യവട്ടം മുതൽ വെട്ട്റോഡ് വരെ നാഷണൽ ഹൈവേയുടെ ഇരുവശങ്ങളിലുമായി കഴക്കൂട്ടം ഗ്രാമ പഞ്ചായത്ത് സ്ഥിതി ചെയ്യുന്നു. |
| ഉൾപ്പെടുന്ന വില്ലേജുകൾ | - | കഴക്കൂട്ടം, മേനംകുളം, അയിരൂപ്പാറ |
| താലൂക്ക് | - | തിരുവനന്തപുരം |
| ജില്ല | - | തിരുവനന്തപുരം |
| ബ്ലോക്ക് പഞ്ചായത്ത് | - | കഴക്കൂട്ടം |
| അസംബ്ലി മണ്ഡലം | - | കഴക്കൂട്ടം |
| പാർലമെന്റ് മണ്ഡലം | - | ചിറയിൻകീഴ് |
| വിസ്തീർണ്ണം | - | 19.47 Sq: k.m |
| ജനസംഖ്യ | - | 29469 (91 ലെ സെൻസസ് ) |
| അതിരുകൾ | - | കിഴക്ക്- പോത്തൻകോട്,ശ്രീകാര്യം പഞ്ചായത്തുകൾ<br>വടക്ക്- അണ്ടൂർക്കോണം, പോത്തൻകോട്<br>പടിഞ്ഞാറ്- കഠിനംകുളം പഞ്ചായത്ത്<br>തെക്ക്- ആറ്റിപ്ര പഞ്ചായത്ത് |
| വാർഡുകളുടെ എണ്ണം | - | 12 |
| വനിതാസംവരണം | - | 4 |
| പട്ടികജാതി സംവരണം | - | 1 ' |
| സാക്ഷരതാനിരക്ക് | - | 92.08 % |
| ***ഓഫീസ് ജീവനക്കാരുടെ വിവരം*** | | |
| സെക്രട്ടറി സെപഷ്യൽ ഗ്രേഡ് | - | 1 |
| ജൂനിയർ സൂപ്രണ്ട് | - | 1 |
| അപ്പർ ഡിവിഷൻ ക്ലാർക്ക് | - | 4 |
| ഓവർസീയർ | - | 1 |
| ലോവർ ഡിവിഷൻ ക്ലാർക്ക് | - | 4 |
| ലൈബ്രേറിയൻ | - | 1 |
| പ്യൂൺ | - | 2 |
| തൂപ്പുകാർ | - | 4 |
| ഡ്രൈവർ | - | 1 (ഡെയിലിവേജസ് ) |

# കഴക്കൂട്ടം പഞ്ചായത്തിലെ പ്രധാന സ്ഥാപനങ്ങൾ

## സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ

1. കഴക്കൂട്ടം ഗ്രാമപഞ്ചായത്ത് ആഫീസ്
2. കഴക്കൂട്ടം പോലീസ് സ്റ്റേഷൻ
3. കഴക്കൂട്ടം വികസനബ്ലോക്ക്
4. കഴക്കൂട്ടം ബ്ലോക്ക് പഞ്ചായത്ത് ഓഫീസ്
5. ആയുർവേദ ഡിസ്പെൻസറി, ചന്തവിള
6. ഹോമിയോ ഡിസ്പെൻസറി, ചന്തവിള
7. മൃഗാശുപത്രി കഴക്കൂട്ടം
8. കൃഷിആഫീസ്,കഴക്കൂട്ടം
9. കൃഷി അസിസ്റ്റന്റ് ഡയറക്ടറേറ്റ് ഓഫീസ്
10. തെങ്ങിൻ തൈ ഉല്പാദന വിപണന കേന്ദ്രം
11. സബ് രജിസ്ട്രാർ ഓഫീസ് കഴക്കൂട്ടം
12. വില്ലേജാഫീസ് കഴക്കൂട്ടം -മേനംകുളം
13. വില്ലേജാഫീസ് അയിരൂപ്പാറ
14. മൈനർ ഇറിഗേഷൻ സബ് ഡിവിഷൻ ഓഫീസ്.
15. റീ സർവ്വേ ഓഫീസ് കഴക്കൂട്ടം
16. ഫാമിലി വെൽഫയർ സെന്റർ ചന്തവിള
17. ക്യാൻസർ നിയന്ത്രണ കേന്ദ്രം, കഴക്കൂട്ടം
18. ഇലക്ട്രിക്കൽ സബ് ഡിവിഷൻ ഓഫീസ്, കഴക്കൂട്ടം
19. വനിതാ ഐ. റ്റി. ഐ കഴക്കൂട്ടം
20. യൂണിവേഴ്സിറ്റി കോളേജ്
21. യൂണിവേഴ്സിറ്റി ക്യാമ്പസ്(ഭാഗികം)
22. കഴക്കൂട്ടംH.S
23. ചന്തവിള U.P.S
24. കാട്ടായിക്കോണം UPS
25. ഉതിയറമൂല LPS
26. VEO Office ചന്തവിള
27. KHRI (KeralaHighwayResearch Institute)കഴക്കൂട്ടം
28. പോലീസ് സർക്കിൾ ആഫീസ് കഴക്കൂട്ടം
29. റീജിയണൽ അഗ്രികൾച്ചറൽ ടെക്നിക്കൽ ട്രെയിസിംഗ്സെന്റർ (RATTC)
30. സബ് ട്രഷറി കഴക്കൂട്ടം
31. സോഷ്യൽ വെൽഫയർ സെന്റർ കാര്യവട്ടം
32. ദേവസ്വം സബ് ഗ്രൂപ്പ് ഓഫീസ് കഴക്കൂട്ടം
33. മാവേലിസ്റ്റോർ കഴക്കൂട്ടം

## കേന്ദ്രസർക്കാർ സ്ഥാപനങ്ങൾ

1. പോസ്റ്റാഫീസ് കഴക്കൂട്ടം
2. പോസ്റ്റാഫീസ് കാട്ടായിക്കോണം
3. പോസ്റ്റാഫീസ് സൈനികസ്കൂൾ
4. പോസ്റ്റാഫീസ് ആലിനോ
5. R.V.T.I (Regional Vocational Training Institute)കഴക്കൂട്ടം
6. L.N.C.P.E കാര്യവട്ടം
7. സൈനികസ്കൂൾ
8. ടെലിഫോൺ എക്സ്ചേഞ്ച് കാര്യവട്ടം

## വാണിജ്യ ബാങ്കുകൾ

1. കാനറാബാങ്ക് കാട്ടായിക്കോണം
2. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ കഴക്കൂട്ടം
3. യൂണിയൻ ബാങ്ക് കഴക്കൂട്ടം
4. കാത്തലിക്ക് സിറിയൻ ബാങ്ക് കഴക്കൂട്ടം
5. ജില്ലാസഹകരണ ബാങ്ക് കഴക്കൂട്ടം
6. കാർഷിക വികസന ബാങ്ക് കഴക്കൂട്ടം
7. ഫിനാൻഷ്യൽ എന്റർപ്രൈസസ്
8. സെട്രൽ ബാങ്ക് ഓഫ് ഇന്ത്യ സൈനിക സ്കൂൾ

## സഹകരണ സ്ഥാപനങ്ങൾ

1. ക്ഷീര വ്യവസായ സഹകരണ സംഘം കഴക്കൂട്ടം
2. ക്ഷീര വ്യവസായ സഹകരണ സംഘം ചന്തവിള
4. ഹൗസിംഗ് സഹകരണ സംഘം കഴക്കൂട്ടം
5. തിരുവനന്തപുരം താലൂക്ക് അൺ എംപ്ലോയ്മെന്റ് സ്കിൽഡ് വർക്കേഴ്സ് സഹകരണ സംഘം
6. കഴക്കൂട്ടം സർവ്വീസ് സഹകരണ ബാങ്ക്
7. ക്ഷീരോല്പാദക സഹകരണ സംഘം കാട്ടായിക്കോണം
8. ക്ഷീരോല്പാദക സഹകരണ സംഘംപുല്ലാന്നിവിള
9. Kazhakuttam Rural Harijan Industrial C0-operative Society Kariyil Kazhakuttom

| സ്ഥലം | വിസ്തീർണ്ണം sq.km | ജനസംഖ്യ | | | SC | | | ST | | | സാന്ദ്രത per sq.km | സ്ത്രീ പുരുഷ അനുപാതം 1000ന് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | പുരുഷൻ | സ്ത്രീ | ആകെ | പുരുഷൻ | സ്ത്രീ | ആകെ | പുരുഷൻ | സ്ത്രീ | ആകെ | | |
| കഴക്കൂട്ടം പഞ്ചായത്ത് | 19.47 | 14788 | 14631 | 29469 | 1787 | 1763 | 3550 | 41 | 65 | 106 | 1514 | 993 |
| കഴക്കൂട്ടം ബ്ലോക്ക് | 133.38 | 114052 | 115868 | 229920 | 14541 | 149668 | 25509 | 78 | 95 | 173 | 1724 | 1016 |



ឆាឃ្និច ឆ្លិច

| തൊഴിൽ മേഖല | പുരുഷൻ | സ്ത്രീ | ആകെ |
|---|---|---|---|
| കർഷകർ | 748 | 85 | 835 |
| കർഷകതൊഴിലാളികൾ | 2362 | 371 | 2733 |
| ആടുമാട് വളർത്തൽ മത്സ്യബന്ധനം | 132 | 21 | 153 |
| പാറ തൊഴിലാളികൾ | 182 | 213 | 395 |
| ഗൃഹോപകരണ നിർമ്മാണവും കേടുപാട് തീർക്കലും | 48 | 9 | 57 |
| ഗൃഹോപകരണങ്ങൾഅല്ലാതെയുള്ള വസ്തുക്കളുടെ നിർമ്മാണവുംകേടുപാട് തീർക്കലും | 585 | 190 | 775 |
| സ്ഥിരം തൊഴിലുള്ളവർ | 7185 | 1411 | 8596 |
| നാമ മാത്ര തൊഴിലുള്ളവർ തൊഴിലെടുക്കുന്നവന്റേയും | 95 | 298 | 393 |
| ഇല്ലാത്തവരുടെയും ശതമാനം | 49.23 | 11.64 | 30.50 |

# പഠന പര്യടനം

കഴക്കൂട്ടം ഗ്രാമ പഞ്ചായത്തിലെ ജനകീയ ആസൂത്രണ പരിപാടിയുടെ ഭാഗമായുള്ള ഭൂപ്രകൃതി വിഭവ പഠനപര്യടനം 14-11-96 ൽ നടക്കുകയുണ്ടായി. പ്രസിഡന്റ് ശ്രീ. സി. രാജേന്ദ്രൻ നായരുടെ നേതൃത്വത്തിൽ കല്ലടിച്ചവിളയിൽ നിന്നും ആരംഭിച്ച് കരിയിൽ അവസാനിച്ച പഠനപര്യടന ഗ്രൂപ്പിൽ പഞ്ചായത്ത് മെമ്പർമാരും ഉദ്യോഗസ്ഥന്മാരും വനിതകളുൾപ്പെടെയുള്ള ഇരുപത്തിയെട്ടു പേർ പങ്കെടുത്തു. കരുപ്പൻകോട് കുന്നുംപുറത്ത് നിന്നും ആരംഭിച്ച് പുല്ലാട്ടുകരയിൽ അവസാനിച്ച രണ്ടാമത്തെ പഠനപര്യടന യാത്രയ്ക്ക് പഞ്ചായത്ത് മെമ്പർ ജി. ജയചന്ദ്രൻ നേതൃത്വം നൽകി. പഞ്ചായത്ത് മെമ്പർമാരും ഉദ്യോഗസ്ഥർമാരും വനിതകൾ ഉൾപ്പെടെ 23പേർ പങ്കെടുക്കുകയുണ്ടായി.

പഠനസംഘം യാത്ര ചെയ്ത പ്രദേശത്തെ മണ്ണിന്റെ ഘടന. കാർഷിക വിളകൾ. ഭൂപ്രകൃതി. നീരുറവകൾ. തോടുകൾ. കുളങ്ങൾ. പരിസ്ഥിതി പ്രശ്നങ്ങൾ എന്നിവയെ കുറിച്ച് പഠനം നടത്തുകയും രേഖപ്പെടുത്തുകയും ചെയ്തു. രണ്ട് പഠനപര്യടന സംഘങ്ങളും തയ്യാറാക്കിയ പട്ടികയുടെ പൂർണ്ണ രൂപങ്ങൾ ചുവടെ ചേർക്കുന്നു.

കിഴക്ക് പാറകൾ നിറഞ്ഞ കുന്നിൻ പ്രദേശങ്ങളിൽ നിന്നും ആരംഭിച്ച് താഴ്വാരങ്ങളും പാടശേഖരങ്ങളും താണ്ടി പടിഞ്ഞാറ് തീരപ്രദേശത്തോട് ചേർന്ന സമതലത്തിൽ അവസാനിക്കുന്നു. വടക്ക് കുന്നിൻ പ്രദേശത്ത് നിന്നും തുടങ്ങി പാടശേഖരങ്ങളും തെറ്റിയാറും കടന്ന് കുന്നിൻ മണ്ടകളിലൂടെയും തെക്ക് തീരസമതലത്തിൽ അവസാനിക്കുന്നു.

# കഴക്കൂട്ടം ഗ്രാമപഞ്ചായത്ത്.



ട്രാൻസെക്ട് - 1
<u>കാഴക്കൂട്ടം ഗ്രാമപഞ്ചായത്ത്</u>



ട്രാൻസെക്ട് - 2.
കാഴക്കൂട്ടം ഗ്രാമപഞ്ചായത്ത്.



# ചരിത്ര പശ്ചാത്തലം

തിരുവനന്തപുരം നഗരത്തിൽ നിന്നും 15km വടക്കായി കടൽതീരത്തിനോടടുത്ത് ഹരിതഛവി നിറഞ്ഞു തുളു മ്പുന്ന ശാലീനസുന്ദരമായ ഒരു ഗ്രാമമാണ് കഴക്കൂട്ടം. ഈ സ്ഥലനാമത്തെക്കുറിച്ച് ഒന്നിലധികം ഐതീഹ്യ ങ്ങൾ പറഞ്ഞു വരുന്നു. കഴക്കൂട്ടം ശ്രീ മഹാദേവർ ക്ഷേത്രത്തിൽ ശിവലിംഗ പ്രതിഷ്ഠ നടത്തിയത് കല ക്കോട് മഹർഷി എന്ന ഋഷിവര്യൻ ആയിരുന്നുവെ ന്നും പിൽക്കാലത്ത് കലക്കോട് എന്നത് ലോപിച്ച് കഴ ക്കൂട്ടം ആയതാണെന്നും, പുരാതനകാലത്ത് അനവധി കഴകങ്ങൾ ഈ പ്രദേശത്ത് നിലവിലുണ്ടായിരുന്നുവെ ന്നും കഴകങ്ങൾ കൂടിയിരുന്ന സ്ഥലമായതുകൊണ്ട് പിൽക്കാലത്ത് കഴക്കൂട്ടം ആയി മാറിയതാണെന്നും പറ യുന്നു.

മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ കാലത്ത് പുതുക്കി പണിത കഴക്കൂട്ടം ശ്രീ മഹാദേവർ ക്ഷേത്ര ത്തിന് സഹസ്രാബ്ദങ്ങളുടെ ചരിത്രമാണ് പറയുവാ നുള്ളത്. 1175 വർഷത്തെ പഴക്കമുള്ള കഴക്കൂട്ടം ശ്രീ മഹാദേവർ ക്ഷേത്രമാണ് കഴക്കൂട്ടം ദേശത്തിലെ ഏറ്റ വും പഴക്കമുള്ള ദേവാലയം. കേരളത്തിലെ ചുരുക്കം ചില മഹാക്ഷേത്രങ്ങളിൽ ഒന്നാണിത്. പുരാതനകാലം മുതൽ തന്നെ ഈ ക്ഷേത്രത്തിലെ ആറാട്ട് മഹോ ത്സവം വളരെ പ്രസിദ്ധമാണ്.

മാർത്താണ്ഡ വർമ്മയുടെ ശത്രുവൃന്ദത്തിൽപ്പെട്ട എട്ടുവീട്ടിൽ പിള്ളമാരിൽ ഉഗ്രപ്രതാപിയും പ്രഗൽഭനും പ്രശസ്തനുമായിരുന്നു കഴക്കൂട്ടത്തുപിള്ള എന്ന് തിരു വിതാംകൂർ ചരിത്രത്തിൽ കാണുന്നു. നാമാവശേഷമാ യികൊണ്ടിരിക്കുന്ന കഴക്കൂട്ടം കൊട്ടാരവും ഇപ്പോൾ താമരപ്പൂക്കളാൽ പ്രശോഭിക്കുന്ന പുതുക്കുളം ഒരു കാലത്ത് കഴക്കൂട്ടത്ത് പിള്ളയുടെ കുടുംബം നിലനി



*നഷ്ട പ്രതാപം -കഴക്കൂട്ടം കൊട്ടാരം*

ന്നിരുന്ന സ്ഥലമാണ്. പിള്ളയോടുള്ള വൈരാഗ്യം തീർക്കുവാനായി പിള്ളയുടെ കുടുംബം കുളം തോണ്ടിയതാണ് ഇന്ന് പുതുക്കുളമെന്ന പേരിൽ അറിയപ്പെടുന്നത്. കഴക്കൂട്ടത്ത് പിള്ളയുടെ കുടുംബക്ഷേത്രമായ കുളങ്ങര ശ്രീകൃഷ്ണ സ്വാമിക്ഷേത്രം ഇന്നും യാതൊരു കേടും കൂടാതെ നിലനിൽക്കുന്നു.

കിഴക്കു മാവൂപ്പാറയിൽ നിന്നും ആരംഭിച്ച് കുന്നുകളും താഴ്വരകളും കണ്ട്കണ്ട് വയലേലകളെ തട്ടിതഴുകി താലോലിച്ചു കൊണ്ട് പടിഞ്ഞാറ് വേളീക്കായലിലെത്തിച്ചേരുന്ന തെറ്റിയാർ നൂറ്റാണ്ടുകളായി കർഷകരുടെ മിത്രമായി വർത്തിക്കുന്നു. രാമായണ കഥയോളം പഴക്കമുള്ള മാവൂപ്പാറ ഗുഹാക്ഷേത്രം ഈ നാടിന് മകുടം ചാർത്തുന്നു. ഈ ക്ഷേത്രത്തിൽ ശിവപ്രതിഷ്ഠ നടത്തിയിരിക്കുന്നത് ശ്രീരാമനാണെന്ന് പഴമക്കാർ പറയുന്നു. ശ്രീരാമന്റെ ഇഷ്ടതോഴനായ ഹനുമാനെ അനുസ്മരിപ്പിക്കുമാറ് കപികളുടെ ഒരു കൂട്ടം മുപ്പതു വർഷങ്ങൾക്ക് മുമ്പ് വരെ ഇവിടത്തെ മരങ്ങളിലും ചൂരൽക്കാടുകളിലും വിഹരിച്ചിരുന്നു. പക്ഷേ കാലത്തിന്റെ കുത്തൊഴുക്കിൽപ്പെട്ട് അവ എങ്ങോ അപ്രത്യക്ഷമായി.

കഴക്കൂട്ടം വടക്കും ഭാഗത്ത് സ്ഥിതി ചെയ്യുന്ന കബറടിമുസ്ലീം ജമാഅത്തിന് ഇരുനൂറ്റി അമ്പത് വർഷത്തിലേറെ പഴക്കമുണ്ട്. പള്ളി തിരുമുറ്റത്തിൽ കാണുന്ന കബർ "റാവൂത്തർഉപ്പാപ്പ ഔലിയാ" യുടേതാണ്. പ്രസ്തുത കബർ ആ മഹാനായ മനുഷ്യസ്നേഹിയുടെ ഓർമ്മകളും അദ്ദേഹം നാടിന് ചെയ്ത സേവനങ്ങളും നമ്മിലുണർത്തുന്നു. ഈ പള്ളിയോടനുബന്ധിച്ച് ഇരുനൂറ്റി അമ്പതിലേറെ കുട്ടികൾ പഠിക്കുന്ന ഹിദായത്തുൽ ഇസ്ലാം മദ്രസ പ്രവർത്തിക്കുന്നു.

മുക്കാൽ നൂറ്റാണ്ടോളം പഴക്കമുള്ള തിരുവനന്തപുരം അതിരൂപതയുടെ കീഴിലുള്ളതുമായ ക്രൈസ്തവ ദേവാലയമാണ് തുണ്ടത്തിൽ വാർഡിൽ സ്ഥിതി ചെയ്യുന്ന "ലൂർദ്മാതാ ചർച്ച്" ഈ ദേവാലയത്തിലെ പ്രഥമ ആദ്ധ്യാത്മിക വികാരി റവ. ജറമിയാസ് ഡിക്രൂസ് ആയിരുന്നു.

സി.വി. രാമൻപിള്ളയുടെ മാർത്താണ്ഡവർമ്മ, ധർമ്മരാജാ എന്നീ പ്രശസ്ത കൃതികളിൽ കഴക്കൂട്ടം ദേശത്തെക്കുറിച്ചും ഇവിടത്തെ ജനങ്ങളെക്കുറിച്ചും പരാമർശമുണ്ട്. പടയോട്ടകാലത്ത് തിരുവനന്തപുരത്ത് നിന്നും തിരിച്ച് കഴക്കൂട്ടം,ചിറയിൻകീഴ് തുടങ്ങിയ



*കഴക്കൂട്ടത്തുപിള്ളയുടെ കളരി വിളക്ക് -കലവറത്തോപ്പ്*

തീരപ്രദേശത്തുകൂടി കൊല്ലം വരെ പോകുന്ന ഒരു റോഡ് ഉണ്ടായിരുന്നു. പടയോട്ടം നടക്കുമ്പോൾ പട്ടാളക്കാർ വിശ്രമിച്ചിരുന്നത് കഴക്കൂട്ടത്തുള്ള മണക്കാട് എന്ന സ്ഥലത്താണ്. ഇന്ന് ഈ സ്ഥലത്ത് മണക്കാട് വിളാകം എന്ന പേരിൽ തന്നെ അനവധി കെട്ടിടങ്ങൾ സ്ഥിതി ചെയ്യുന്നു.

പഞ്ചായത്തിന്റെ വടക്കേ അതിർത്തിയിൽ സ്ഥിതി ചെയ്യുന്ന മരുപ്പൻകോട് വാർഡിൽ ഈ ദേശത്തിന്റെ ചരിത്ര സത്യങ്ങൾ പലതും ഒളിഞ്ഞുകിടക്കുന്നു. മുകിലന്മാരുടെ ആക്രമണത്തിന്റെ കെടുതികൾ ഉണ്ടായിട്ടു പോലും ശ്രീകോവിൽ മാത്രമായി ഇന്നും നിലനി ൽക്കുന്നു. തൃജ്യോതിപുരം ക്ഷേത്രവും കോതകുളവും അതിനുദാഹരണങ്ങളാണ്. ബലിക്കൽപ്പുര, ചുറ്റമ്പലം പ്രദിക്ഷിണവഴി തുടങ്ങിയവയുടെ അവശിഷ്ടങ്ങൾ ഇന്നും അവിടെ കാണാം. ക്ഷേത്രത്തിന്റെ ഇരുവശങ്ങളിലും അഗ്രഹാരങ്ങൾ ഉണ്ടായിരിന്നു എന്നുള്ളതിന് തെളിവുകളുണ്ട്.

കഴക്കൂട്ടത്ത് പിള്ളയുടെ ആയുധപ്പുരയും കളരിയും നിലനിന്നിരുന്ന സ്ഥലമാണ് ഇന്നത്തെ കലവറത്തോപ്പ്. എട്ടുതിരികൾ കത്തിക്കാവുന്നതും അഞ്ച് തട്ടുകൾ ഉള്ളതുമായ ഒരു കൽവിളക്ക് ഇന്നും ഒരു സ്മാരകമായി കുളത്തിന്റെ കരയിൽ നിലകൊള്ളുന്നു. കേണൽ മൺറോ കലവറത്തോപ്പിൽ താമസിച്ചിരുന്നതായി ചരിത്രരേഖകൾ ഉണ്ട്.

തിരുകൊച്ചിയിൽ 1953 ൽ പഞ്ചായത്തുകൾ നിലവിൽ വന്നു. അതിനുമുമ്പ് കഴക്കൂട്ടംദേശത്തെ കാര്യങ്ങൾ നോക്കി നടത്തിയിരുന്നത് "കഴക്കൂട്ടം വില്ലേജ് യൂണിയൻ" എന്ന പേരിൽ അറിയപ്പെട്ടിരുന്ന ഒരു സമിതിയാണ് ആദ്യത്തെ വില്ലേജ് യൂണിയൻ പ്രസിഡന്റ് അഡ്വ. പി. ഗോപാലൻ (ഗോപാലൻവക്കീൽ) ആയിരുന്നു. സെക്രട്ടറി ശ്രീ.നാരായണപിള്ളയും പ്യൂൺ ശ്രീ.ഇ.പി.ബാവാഖാനും ആയിരുന്നു. അതിന് ശേഷം ശ്രീ. വാസുദേവൻ പ്യൂൺ ആയി. ഇവരെല്ലാം തന്നെ ഗവൺമെന്റ് നോമിനേറ്റ് ചെയ്യപ്പെട്ടവരായിരുന്നു.കന്നുകാലി പൗണ്ട് നടത്തുക, തെരുവ് വിളക്കുകൾ സ്ഥാപിക്കുക, ശുചീകരണം നടത്തുക ഇവയായിരുന്നു ആദ്യകാല പ്രവർത്തനങ്ങൾ. പ്രവർത്തനത്തിനുള്ള മുഴുവൻ തുകയും ഗവൺമെന്റിൽ നിന്നും ഗ്രാന്റായി ലഭിച്ചിരുന്നു. ഓഫീസ് പ്രവർത്തിച്ചിരുന്നത് കഴക്കൂട്ടം കൊട്ടാരത്തിലായിരുന്നു.



*ചരിത്ര സ്മരണകളുണർത്തുന്ന കുമിഴി തീർത്ഥം*

കഴക്കൂട്ടം പഞ്ചായത്തിന്റെ ആദ്യ പ്രസിഡന്റ് കാട്ടായിക്കോണം എം.കെ.സദാനന്ദനും വൈസ് പ്രസിഡന്റ് ശ്രീ ഷാഹുൽ ഹമീദും ആയിരുന്നു. ആദ്യകാലത്ത് ഏഴ് വാർഡുകൾ ആയിരുന്നു ഉണ്ടായിരുന്നത്. അന്ന് പഞ്ചായത്ത് പ്രവർത്തനങ്ങൾക്ക് വരുമാന മാർഗ്ഗങ്ങൾ കുറവായിരുന്നു. പ്രധാന വരുമാനം കഴക്കൂട്ടം മഹാദേവാ തീയേറ്ററിൽ നിന്നും ഉള്ള വിനോദനികുതി ആയിരുന്നു. 1958-ൽ തുണ്ടത്തിൽ പബ്ലിക്ക് മാർക്കറ്റും 1962-ൽ കഴക്കൂട്ടം പബ്ലിക്ക് മാർക്കറ്റും നിലവിൽ വന്നു. അതിനുശേഷം മാർക്കറ്റുകളിൽ നിന്നുള്ള പിരിവും പഞ്ചായത്തിന് ആദായമാർഗ്ഗമായി.

കഴക്കൂട്ടം പഞ്ചായത്തിലാണ് കഴക്കൂട്ടംബ്ലോക്ക് ആഫീസ് കെട്ടിടം സ്ഥിതി ചെയ്യുന്നത്. പഞ്ചായത്തു പ്രസിഡന്റ് ആയിരുന്ന ശ്രീ. എം.കെ. സദാനന്ദന്റേയും പഞ്ചായത്തു കമ്മറ്റി അംഗങ്ങളുടേയും ശ്രമഫലമായാണ് ബ്ലോക്ക് ആഫീസ് നിലനിൽക്കുന്ന ഒരേക്കറിൽ പരം സ്ഥലം ദാനമായി ലഭിച്ചത്. പ്രസ്തുത സ്ഥലം നല്കിയത് ഏജന്റ് എന്ന പേരിൽ അറിയപ്പെട്ടിരുന്ന ജനാബ് അബൂബക്കർ അവർകൾ ആയിരുന്നു. കഴക്കൂട്ടത്തിന്റെ ഹൃദയഭാഗത്തു തന്നെ ബ്ലോക്ക് ആഫീസ് സ്ഥാപിക്കാൻ ഭൂമി വിട്ടു തന്ന ജനാബ് അബൂബക്കർ അവർകളേ എത്ര അഭിനന്ദിച്ചാലും അധികമാവുകയില്ല. ഈ അവസരത്തിൽ അദ്ദേഹത്തെ നന്ദിപൂർവ്വം സ്മരിക്കുന്നു.

# കൃഷിയും ജലസേചനവും



*"മണ്ണിൽ പൊന്നുവിളയിക്കുന്ന കർഷകൻ"* പാടശേഖരം -പാട്ടുവിളാകം

കഴക്കൂട്ടം ഗ്രാമപഞ്ചായത്ത് തികച്ചും കാർഷിക പ്രാധാന്യമുള്ള ഒരു പ്രദേശമാണ്. കിഴക്ക് സമുദ്ര നിരപ്പിൽ നിന്ന് 300 അടിയോളം ഉയർന്നു സ്ഥിതി ചെയ്യുന്ന മാവുർപ്പാറയിൽ നിന്നാരംഭിച്ച് പടിഞ്ഞാറ് തീരദേശത്തോടടുത്ത സമതല പ്രദേശമായ കരിയിൽ വാർഡിൽ അവസാനിക്കുന്നതാണ് ഭൂവിഭാഗം. വടക്ക് തെക്ക് അതിർത്തികൾക്കുള്ളിൽ ധാരാളം ഉയർന്ന പ്രദേശങ്ങളും ചരിവുകളും നിരപ്പായ പ്രദേശങ്ങളും ഉണ്ട്. വിവിധയിനം കൃഷികൾക്ക് അനുയോജ്യമായ ഫലഭൂയിഷ്ഠമായ മണ്ണാണ് ഏറിയ പങ്കും. ചരൽ കലർന്ന ചുവന്ന മണ്ണ്, മണൽ കലർന്ന കറുത്ത മണ്ണ്, വളക്കൂറുള്ള പശിമരാശി മണ്ണ്, പാറമണ്ണ്, ചുവന്ന മണ്ണ്, തുടങ്ങിയവയും നെൽപ്പാടങ്ങളിൽ മണൽ കലർന്ന കറുത്ത മണ്ണുമാണുള്ളത്.

മുഖ്യകാർഷികവിള തെങ്ങാണ്. നെല്ല്, മരച്ചീനി, വാഴ, കമുക്, റബ്ബർ, കുരുമുളക്, വെറ്റലക്കൊടി എന്നിവയും സമൃദ്ധമായി കാണാം. കൂടാതെ മറ്റ് കിഴങ്ങുവർഗ്ഗങ്ങളായ ചേന, ചേമ്പ്, ഇഞ്ചി, മുതലായവയും പഞ്ചായത്തിന്റെ കിഴക്കൻ മേഖലകളിൽ റബ്ബർ, പച്ചക്കറി, കശുമാവ് ഇവയും കൃഷിചെയ്യുന്നു. ആകെ ജനസംഖ്യയുടെ 70% ആളുകളും കാർഷികവൃത്തിയിലൂടെ ഉപജീവനം കഴിക്കുന്നവരാണ്.

കാലവർഷത്തെ ആശ്രയിച്ചാണ് കർഷകർ പ്രധാനമായും കൃഷി നടത്തുന്നത്. കഴിഞ്ഞ മുപ്പത് വർഷത്തിനുശേഷം കൃഷി സമ്പ്രദായത്തിൽ ആശാവഹമായ പല മാറ്റങ്ങളും വന്നിട്ടുണ്ടെങ്കിലും ഉല്പാദനക്ഷമതയിലും കൃഷിക്കാരുടെ സാമ്പത്തിക നിലയിലും പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.

പഞ്ചായത്തിന്റെ ആകെ വിസ്തൃതി 1947ഹെക്ടർ ആണ്. ഇതിൽ 1235ഹെക്ടർ കൃഷി ഭൂമിയാണ്. 1098 ഹെക്ടർ പുരയിടവും 129ഹെക്ടർ നിലവുമാണുള്ളത്. 6 ഹെക്ടർ തരിശും 2ഹെക്ടർ സ്ഥലം പുറമ്പോക്കുമാണ്.

കൃഷിഭവൻ മുഖേനയുള്ള പ്രവർത്തനങ്ങൾ വളരെ പരിമിതമാണ്. കൃഷിഭവന്റെ കീഴിലുള്ള പാടശേഖര സമിതി, കേരകർഷക സമിതി തുടങ്ങിയവയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല. ഈ സമിതിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുകയും കാർഷികവായ്പാ പദ്ധതികൾ യഥാർത്ഥ കൃഷിക്കാർക്ക് തന്നെ ലഭ്യമാക്കുകയും ചെയ്താൽ ഈ രംഗത്ത് കാര്യമായ പുരോഗതിയുണ്ടാക്കാൻ കഴിയും.

പഞ്ചായത്തിൽ ധാരാളം ജലസ്രോതസ്സുകൾ നിലവിലുണ്ട്. എന്നാൽ ഇവ ഫലപ്രദമായി വിനിയോഗിക്കുന്നതിനാവശ്യമായ യാതൊരു വിധ ശാസ്ത്രീയ സംവിധാനങ്ങളുമില്ല. വാമനപുരം പദ്ധതി, തെറ്റിയാർ വാട്ടർഷെഡ് എന്നിവ ഫലപ്രദമായി നടപ്പിലാക്കിയാൽ ജലദൗർലഭ്യപ്രശ്നം പരിഹരിച്ച് കാർഷികോല്പാദനം മെച്ചപ്പെടുത്താം. ഇതിനു പുറമേ പഞ്ചായത്തിലുള്ള തലക്കുളങ്ങൾ, തോടുകൾ, മറ്റു ജലസ്രോതസ്സുകൾ എന്നിവ ശാസ്ത്രീയമായി ഉപയോഗപ്പെടുത്തിയാൽ ജലസേചനക്കുറവ് പൂർണ്ണമായും പരിഹരിക്കപ്പെടും.

### കൃഷിഭവൻ

കഴക്കൂട്ടം പഞ്ചായത്തിൽ കൃഷിഭവൻ പ്രവർത്തനം ആരംഭിച്ചത് 1987-ലാണ്. ഇതിനോട് ചേർന്ന് ഒരു കൃഷി അസിസ്റ്റന്റ് ഡയറക്ടറേറ്റും തെങ്ങിൻ തൈ ഉല്പാദന വിപണന കേന്ദ്രവും റീജിയണൽ അഗ്രിക്കൾച്ചറൽ ടെക്നോളജിക്കൽ ട്രെയിനിംഗ് സെന്ററും പ്രവർത്തിക്കുന്നുണ്ട്.

കൃഷിഭവന്റെ പ്രവർത്തനം തികച്ചും കുറ്റമറ്റതാണെന്ന് പറയുകവയ്യ. വളരെ പരിമിതമായ തോതിൽ മാത്രമേ കൃഷിഭവനിൽ നിന്നും കർഷകർക്ക് പ്രയോജനം ലഭിക്കുന്നുള്ളു. കടുംകൃഷി സമ്പ്രദായംമൂലം മണ്ണിന്റെ ഗുണനിലവാരം ക്രമേണ കുറഞ്ഞു കൊണ്ടിരിക്കയാണ്. ഇതിനെക്കുറിച്ചുള്ള വിശദമായ ചർച്ചകളോ പുനർചിന്തനങ്ങളോ നടക്കുന്നില്ല.

1994-97 കാലയളവിൽ കൃഷിഭവനിൽ നിന്ന് കർഷകർക്ക് വളരെ കുറഞ്ഞ സബ്സിഡികളും, മറ്റാനുകൂല്യങ്ങളും മാത്രമാണ് നൽകിയിട്ടുള്ളത്. നെൽകൃഷിക്ക് ആകെ 18000 രൂപയാണ് സബ്സിഡിയിനത്തിൽ വിതരണം ചെയ്തിട്ടുള്ളത്. കഴക്കൂട്ടം പഞ്ചായത്തിൽ 260714 തെങ്ങുകളാണ് ഉള്ളത്. ഇതിൽ വെറും 5480 തെങ്ങുകൾക്കാണ് ഈ കാലയളവിൽ വളം നൽകുവാൻ കഴിഞ്ഞത്. ഇഞ്ചി, മഞ്ഞൾ എന്നിവക്ക് നാമമാത്രമായ സഹായമേ ലഭിക്കുന്നുള്ളു. ഇഞ്ചികൃഷിക്ക് ഒരു പ്ലോട്ട് മാത്രമേ അനുവദിച്ചിട്ടുള്ളു. 30 സെന്റിൽകുറയാത്ത ഭൂമിയുള്ള കർഷകർക്ക് 94-95 കാലയളവിൽ 21 പമ്പുസെറ്റും 95-96 കാലയളവിൽ 22 പമ്പുസെറ്റും96-97 കാലയളവിൽ 48പമ്പുസെറ്റുകളുമാണ് സബ്സിഡിയായി അനുവദിച്ചിട്ടുള്ളത്. ഇത് തികച്ചും അപര്യാപ്തമാണ്.

കേരസമിതിയുടെ പ്രവർത്തനം ഒട്ടുംതന്നെ ആശാവഹമല്ല. ആയതിനാൽ ഈ സമിതി പഞ്ചായത്തിന്റെ മേൽ നോട്ടത്തിൽ അടിയന്തിരമായി പുനസംഘടിപ്പിക്കേണ്ടതുണ്ട്. കൃഷിഭവൻ മുഖേന വിതരണം ചെയ്യുന്ന ആനുകൂല്യങ്ങൾ യഥാർത്ഥ കർഷകർക്ക് ലഭിക്കുന്നതിനു വേണ്ടിയും, കൃഷി ഭവനിൽനിന്ന് വിതരണം ചെയ്യുന്ന സഹായങ്ങളുടെ ലിസ്റ്റ് മുൻകൂട്ടി പൊതുജനങ്ങളുടെ അറിവിലേക്കായി പ്രസിദ്ധീകരിക്കുകയും ചെയ്യേണ്ടതായിട്ടുണ്ട്.

## പ്രധാനവിളകൾ

**തെങ്ങ്:** പഞ്ചായത്തിലെ പ്രധാന കൃഷി തെങ്ങാണ്. ആകെയുള്ള വിസ്തൃതിയുടെ 1090 ഹെക്ടർ പ്രദേശത്ത് തെങ്ങ് കൃഷി ചെയ്തു വരുന്നു. പ്രതിവർഷം 64 ലക്ഷത്തോളം തേങ്ങ ഉല്പാദിപ്പിക്കുന്നു. തെങ്ങുകളുടെ എണ്ണവും വിസ്തൃതിയും കണക്കാക്കിയാൽ വളരെ കുറഞ്ഞ ഉല്പാദന ക്ഷമതയാണ് ഇത് സൂചിപ്പിക്കുന്നത്.

### പ്രശ്നങ്ങൾ

- ഉല്പാദന ക്ഷമത കുറഞ്ഞ തെങ്ങുകൾ
- രോഗങ്ങൾ, കീടങ്ങൾ, ചെല്ലികൾ, എലികൾ എന്നിവയുടെ ശല്യം
- അശാസ്ത്രീയമായ കൃഷിരീതികൾ
- ജലസേചന ദൗർലഭ്യം
- മണ്ണൊലിപ്പ്
- അശാസ്ത്രീയമായ വളപ്രയോഗങ്ങൾ
- കൃഷിരീതിയിലുള്ള കർഷകരുടെ അജ്ഞത
- കാലാകാലങ്ങളിൽ മണ്ണ് പരിശോധനക്കുറവ്
- ജൈവവളപ്രയോഗത്തിന്റെ കുറവ്
- രാസവളത്തിന്റെ വില വർദ്ധന
- നാളികേരത്തിന്റെ വിലയിടിവ്

## പരിഹാര നിർദ്ദേശങ്ങൾ

* അത്യുല്പാദന ശേഷിയുള്ള തെങ്ങിനങ്ങൾ നട്ടു പിടിപ്പിക്കുക.
* കായ്ഫലം കുറഞ്ഞതും. രോഗം ബാധിച്ചതുമായ തെങ്ങുകളെ മുറിച്ചുമാറ്റുന്നതിന് ധനസഹായം നൽകുക.
* പത്ത് ഹെക്ടർ വിസ്തീർണ്ണമുള്ള തെങ്ങിൽ തോട്ടങ്ങളേ ഓരോ യൂണിറ്റുകളായി തിരിച്ച് സബ്സിഡി നിരക്കിൽ കിണർ, പമ്പുസെറ്റ് എന്നിവ പൊതുവായി നൽകി ജലസേചന സൗകര്യം മെച്ചപ്പെടുത്തുക.
* കർഷകന് ന്യായമായ വില ലഭിക്കുന്നതിന് സംഭരണ വിപണന രീതികൾ അവലംബിക്കുക.
* രാസവളങ്ങൾ, കീടനാശിനികൾ എന്നിവ ഉപാധിരഹിതമായി എല്ലാ കർഷകർക്കും ലഭ്യമാക്കുക.
* കൃഷിക്കാവശ്യമായ പമ്പുസെറ്റുകൾ പ്രവർത്തിക്കുന്നതിന് സൗജന്യമായി വൈദ്യുതി നൽകുന്നത് പ്രാവർത്തികമാക്കുക.
* കമ്പോസ്റ്റ് നിർമ്മാണം ഉറപ്പുവരുത്തുകയും അതിനാവശ്യമായ സഹായധനം വർദ്ധിപ്പിക്കുക.
* തെങ്ങിൻ തോട്ടങ്ങളിലെ വേലികളിൽ ശീമക്കൊന്ന വച്ചു പിടിപ്പിച്ച് പച്ചിലവളം സംഭരിക്കുന്നതിന് പ്രാധാന്യം നൽകുക.
* തെങ്ങിന് ഇടവിളയായി ഇഞ്ചി, ചേമ്പ്, ചേന, വാഴ പയറുവർഗ്ഗങ്ങൾ തുടങ്ങിയവ കൃഷി ചെയ്യുന്നതിന് പ്രോത്സാഹിപ്പിക്കുക.
* മണ്ണ് പരിശോധന നടത്തി അതിന് അനുസൃതമായ വളപ്രയോഗം നടത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.

## നെല്ല്

പഞ്ചായത്തിൽ 124 ഹെക്ടർ പ്രദേശത്താണ് നെൽകൃഷി ചെയ്തിരുന്നത്. നിലവിൽ ഏകദേശം40%ത്തോളം പ്രദേശങ്ങൾ നികത്തി തെങ്ങ്, വാഴ,മരച്ചീനി തുടങ്ങിയ കൃഷികൾ ചെയ്തു കഴിഞ്ഞിരിക്കുകയാണ്. ഈ സ്ഥിതി തുടർന്നാൽ രണ്ടായിരമാണ്ടോടു കൂടി നെൽകൃഷി ഈ പഞ്ചായത്തിൽ നിന്നും അപ്രത്യക്ഷമാകും. പഞ്ചായത്തിലെ 12 വാർഡുകളിലും നെൽകൃഷി ഉണ്ടായിരുന്നുവെങ്കിലും ഇപ്പോൾ പാട്ടുവിളാകം, മൂഴിനട, പെരുമൺചിറ, കഴക്കൂട്ടം, വടക്കുംഭാഗം, ആമ്പല്ലൂർ, ശാസ്തവട്ടം, കരിയിൽ, മുണ്ടുകരി എന്നീ ഏലാകളിൽ




*തെങ്ങിൻ തൈ ഉല്പാദന വിപണന കേന്ദ്രം*

മാത്രമാണ് പ്രധാനമായും കൃഷിയുള്ളത്. പാട്ടുവിളാകം, പെരുമൺചിറ,കരിയിൽ എന്നിവിടങ്ങളിൽ പാടശേഖര സമിതികൾ നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട്.

## പ്രശ്നങ്ങൾ

1. അധികം കർഷകരും കൃഷിയിടങ്ങൾ നികത്തുന്നു.
2. ഉല്പാദനച്ചിലവിലുള്ള ക്രമാധീതമായ വർദ്ധനവ്.
3. കാർഷിക മേഖലയിൽ പണിയെടുക്കാനുള്ള കർഷകരുടെ വിമുഖതയും കൃഷിച്ചെലവിന്റെ വർദ്ധനയും.
4. അടിക്കടിയുള്ള രാസവിള വില വർദ്ധന
5. കൃഷി ഭൂമിയുടെ തുണ്ടുതുണ്ടായ വിഭജനം.
6. അശാസ്ത്രീയമായ കൃഷി സമ്പ്രദായം
7. ഉല്പാദക ബോണസ്സ് നൽകുന്നതിലുള്ള കുറവ്.
8. താരതമ്യത്തിൽ മറ്റുകൃഷികളിൽ നിന്നു ലഭിക്കുന്ന ആദായത്തേക്കാൾ കുറവ്.

## പരിഹാരനിർദ്ദേശങ്ങൾ

- ഗ്രൂപ്പ് ഫാമിംഗ് ഫലപ്രദമായി നടപ്പിലാക്കി ശാസ്ത്രീയ കൃഷിമാർഗ്ഗങ്ങൾ ഏർപ്പെടുത്തുക·
- അത്യുൽപ്പാദന ശേഷിയുള്ള വിത്തിനങ്ങൾ, പവർടില്ലറുകൾ, കീടനാശിനികൾ, സ്പ്രേയറുകൾ, എന്നിവ 50% മെങ്കിലും സബ്സിഡി നിരക്കിൽ കർഷകർക്ക് വിതരണം ചെയ്യുക
- കാലാകാലങ്ങളിൽ മണ്ണ് പരിശോധിക്കുകയും, കീടബാധകളെക്കുറിച്ച് കർഷകന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിലേയ്ക്കായി എല്ലാ പാടശേഖരങ്ങളിലും ആഗ്രോക്ലിനിക്കുകൾ സ്ഥാപിക്കുക.
- നെൽകൃഷിക്ക് ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തുക.
- കാലവർഷത്തെ മാത്രം ആശ്രയിക്കുന്ന കർഷകന് ജലസേചനസൗകര്യം ലഭ്യമാക്കുക
- ശാസ്തവട്ടം, തെറ്റിയാർതോട് നന്നാക്കി തടയണകൾ നിർമ്മിച്ച് ജലസേചനസൗകര്യം വർദ്ധിപ്പിക്കുക
- മുണ്ടുകരിച്ചിറയും, കരിയിൽച്ചിറയും ബണ്ടുകൾ കെട്ടി മുണ്ടകരി ഏലായിലേയും, കരിയിൽ ഏലായിലേയും പാടശേഖരങ്ങളിലേയ്ക്ക് ചാലുകൾ നിർമ്മിച്ച് ജലം എത്തിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.
- പെരുമൺച്ചിറ തോട് സൈഡുവാൾ കെട്ടി തടയിണകൾ നിർമ്മിച്ച് പെരുമൺച്ചിറ ഏലായിൽ കൃഷിക്കുള്ള സൗകര്യം വർദ്ധിപ്പിക്കുക.
- കർഷകന് ഉല്പ്പന്നത്തിന് ന്യായമായവില ഉറപ്പുവരുത്തുക.
- പാടശേഖരങ്ങൾ നികത്തുന്നതിനെതിരെ സത്വര നടപടികൾ സ്വീകരിക്കുന്നതിനുള്ള അധികാരങ്ങൾപഞ്ചായത്തിന് നൽകുക.

## പച്ചക്കറികൃഷി

കഴക്കൂട്ടം പഞ്ചായത്തിന്റെ മിക്കഭാഗങ്ങളിലും പച്ചക്കറി കൃഷി ചെയ്ത് വരുന്നു. വെണ്ട, കത്തിരി, വിവിധയിനംമുളകുകൾ, പടവലം, വെള്ളരി, ചീരവർഗ്ഗങ്ങൾ, പയറുവർഗ്ഗങ്ങൾ, തുടങ്ങിയപച്ചക്കറികളാണ് കൃഷി ചെയ്യുന്നത്. ഈകൃഷിയിലൂടെ ഉപജീവനം നടത്തുന്ന ഒട്ടേറെകുടുംബങ്ങൾ ഈ പ്രദേശത്തുണ്ട്

### പ്രശ്നങ്ങൾ

പഞ്ചായത്തിന്റെ ചില ഭാഗങ്ങളിൽ പച്ചക്കറികൃഷി നാമമാത്രമാണ് ഒരു വീടിന് ഒരു അടുക്കളത്തോട്ടം എന്ന മുദ്രാവാക്യം യാഥാർത്ഥ്യമായിട്ടില്ല.

കീടങ്ങളുടെ ശല്യം, രാസവളത്തിന്റെ വിലവർദ്ധനവ്, വിത്തുകളുടെഗുണമേൻമകുറവ് സംഭരണ,വിപണനമേഖലയിലെ ഇടത്തട്ടുകാരുടെ ഇടപ്പെടൽ.

### പരിഹാരനിർദ്ദേശങ്ങൾ

- ഓരോവാർഡിലും മാതൃകാപച്ചക്കറിതോട്ടങ്ങൾ ആരംഭിക്കുക
- അത്യുൽപ്പാദന ശേഷിയുള്ള വിത്തുകൾ, രാസവളം, കീടനാശിനികൾ,സ്പ്രേയറുകൾ എന്നിവ കർഷകർക്ക് സബ്സിഡിനിരക്കിൽ നൽകുക
- സഞ്ചരിക്കുന്ന ആഗ്രോ ക്ലിനിയ്ക്കുകൾ പ്രാവർത്തികമാക്കുക
- അടുക്കളത്തോട്ടങ്ങൾക്ക് ആവശ്യമായ പ്രോത്സാഹനങ്ങളും ബോധവൽക്കരണവും നൽകുക.
- സംഭരണ വിപണന കേന്ദ്രങ്ങൾ പഞ്ചാത്ത് തലത്തിൽ ഏർപ്പെടുത്തുക.

***പഞ്ചായത്ത്തലത്തിൽ മാതൃകാ കൃഷിത്തോട്ടം***

- പച്ചക്കറികൃഷി നടത്തുവാൻ താത്പര്യമുള്ള വ്യക്തിളെ കണ്ടെത്തുക.
- കൃഷിത്തോട്ടങ്ങൾ നിർമ്മിക്കുവാൻ അനുയോജ്യ മായ സ്ഥലങ്ങൾ കണ്ടെത്തുക.
- സൈനിക് സ്ക്കൂൾ, യൂണിവേഴ്സിറ്റി എന്നീ കോമ്പൗണ്ടുകളിൽ ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലങ്ങൾ പാട്ടത്തിന് ഏറ്റെടുക്കുക.
- അത്യുൽപ്പാദനശേഷിയുള്ള വിത്തിനങ്ങൾ ഉല്പാദിപ്പിക്കുന്ന കൃഷിക്കാവശ്യമായജൈവവള കേന്ദ്രങ്ങൾ ആരംഭിക്കുക.
- പഞ്ചായത്ത് പൊതുനിരത്തുകളിലും മാർക്കറ്റുകളിലുമുള്ള ചപ്പുചവറുകൾ യഥാസമയങ്ങളിൽ ജൈവവള കേന്ദ്രങ്ങളിൽ എത്തിയ്ക്കുക.
- ജലസേചനത്തിനുള്ള സൗകര്യം, രാസവളം, കീടനാശിനി മുതലായവ വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.

- കൃഷിക്കാർ ഏറ്റെടുക്കുന്ന കൃഷിയുടേയും ഭൂമിയുടെ വിസ്തൃതിയുടെയും അടിസ്ഥാനത്തിൽ പഞ്ചായത്ത് കൃഷിവികസന സമിതി നിശ്ചയിക്കുന്ന തുക പഞ്ചായത്തിൽ അടക്കുക.
- കൃഷിയിൽ നിന്ന് ലഭിക്കുന്ന മുഴുവൻ ഉൽപ്പന്നങ്ങളും കൃഷി ചെയ്യുന്ന കർഷകന് നൽകുക.
- പഞ്ചായത്തിൽ അനുയോജ്യമായ കേന്ദ്രങ്ങളിൽ സംഭരണ വിപണനകേന്ദ്രങ്ങൾ സ്ഥാപിക്കുക.
- ഉൽപ്പന്നങ്ങൾ മേൽപ്പറഞ്ഞ വിപണനകേന്ദ്രങ്ങൾ മുഖേന മാത്രമേ വിപണനം ചെയ്യാവൂവെന്ന് ഉറപ്പു വരുത്തുക.

***കുരുമുളക്***

നമ്മുടെ രാജ്യത്തിന് വിദേശനാണ്യം നേടിത്തരുന്ന ഒരു പ്രധാന ഉൽപ്പന്നമാണ് കറുത്തപൊന്ന് എന്നറിയപ്പെടുന്ന കുരുമുളക്. ഏകദേശം പതിനഞ്ച് വർഷം മുമ്പ് വരെ പഞ്ചായത്തിന്റെ വടക്കു കിഴക്ക് മേഖലകളിൽ ധാരാളമായി കൃഷിചെയ്തിരുന്ന ഒന്നാണിത്. എന്നാൽ ഇന്ന് കുരുമുളക് കൃഷിയുടെ പ്രാധാന്യം കുറഞ്ഞ് വരികയാണ്. ഇതിന് മുഖ്യകാരണം റബ്ബർ, മരച്ചീനി തുടങ്ങിയ കൃഷികൾക്കുവേണ്ടി പാഴ്മരങ്ങൾ വൻതോതിൽ വെട്ടിമാറ്റുന്നത് ചുരുങ്ങിയ മുതൽമുടക്കിലൂടെ കർഷകന് കൂടുതൽ ലാഭം ഉണ്ടാക്കാവുന്ന ഒരു കൃഷിയാണിത്.

***നിർദ്ദേശങ്ങൾ***

- കേന്ദ്ര ആവിഷ്കൃത തോട്ടസംരക്ഷണ പദ്ധതിയനുസരിച്ച് കുരുമുളക് കൃഷി പ്രോത്സാഹിപ്പിക്കുക.
- അത്യുല്പാദനശേഷിയുള്ള കുരുമുളക് തൈകൾ വച്ച് പിടിപ്പിക്കുക. രോഗ പ്രതിരോധ നടപടികൾ കൈക്കൊള്ളുക. രാസവള സബ്സിഡി ഏർപ്പെടുത്തുക.
- കർഷകർക്ക് വേണ്ട ധനസഹായം നൽകുക.

***ഇഞ്ചി***

പഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശത്തേയും മണ്ണ് ഇഞ്ചികൃഷിക്ക് അനുയോജ്യമായതാണെങ്കിലും ഭക്ഷ്യാവശ്യത്തിനുവേണ്ടിയുള്ള ലഘുകൃഷിയാണ് നടന്നു വരുന്നത്. തെങ്ങ്, വാഴ തുടങ്ങിയ കൃഷിയിടങ്ങളിൽ ഇടവിളയായി കൃഷി ചെയ്യാവുന്നതിനാൽ പ്രത്യേക കൃഷി ഭൂമി കണ്ടെത്തേണ്ട ആവശ്യമില്ല. ഇവിടത്തെ കാലാവസ്ഥ ഇതിന് തികച്ചും യോജിച്ചതാണ്.

വിപണന സാധ്യത കുറവുകാരണം ഇപ്പോൾ കർഷകർ ഈ കൃഷിക്ക് മുന്നോട്ട് വരുന്നില്ല. ഇക്കാരണത്താൽ ദൈനംദിന ആവശ്യത്തിനുള്ള ഇഞ്ചി അയൽ സംസ്ഥാനത്തുനിന്നുമാണ് വരുന്നത്. ഇത് പലപ്പോഴും വിലക്കയറ്റത്തിന് കാരണമാകുന്നു. കൂടാതെ ഇഞ്ചിക്ക് വിലകുറവുള്ളപ്പോഴും ചുക്കിന് വളരെ വിലക്കൂടുതലാണ്.

പഞ്ചായത്തിൽ ശാസ്ത്രീയമായി ചുക്ക് സംസ്ക്കരിക്കുന്നതിനുള്ള ഒരു വ്യവസായ യൂണിറ്റ് ആരംഭിച്ചാൽ ഇത് ബഹുമുഖമായ പ്രയോജനങ്ങൾക്ക് വഴിതെളിക്കും.

## പ്രയോജനങ്ങൾ

- ഇഞ്ചികൃഷിയെ പരിപോഷിപ്പിക്കുവാൻ സാധിക്കും.
- കർഷകർക്ക് ന്യായമായ വില ലഭിക്കും
- കൂടുതൽ കർഷകരെ ഈ മേഖലയിലേക്ക് ആകർഷിക്കാൻ കഴിയും
- വിദേശനാണ്യം നേടാൻ കഴിയും.
- തൊഴിൽ സാധ്യതകൾ വർദ്ധിക്കും.
- അഭ്യസ്ഥ വിദ്യരായ തൊഴിൽ രഹിതരെ കൃഷിയിലേക്ക് ആകർഷിക്കാൻ കഴിയും.

## ഔഷധസസ്യകൃഷി

പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ ഔഷധസസ്യങ്ങൾ ധാരാളമായി കാണുന്നുണ്ടെങ്കിലും ഇതൊരു കൃഷിയായി വികസിപ്പിക്കുവാൻ കഴിഞ്ഞിട്ടില്ല. ഔഷധസസ്യ കൃഷിക്ക് അനുയോജ്യമായ മണ്ണ്, കാലാവസ്ഥയും പ്രകൃതിദത്തമായി ലഭിച്ചിട്ടുണ്ട്. മുൻകാലങ്ങളിൽ ഇവിടെനിന്നും വിവിധയിനം ഔഷധ സസ്യങ്ങൾ പലസ്ഥലങ്ങളിലേക്കും കൊണ്ടുപോകുന്ന പതിവുണ്ടായിരുന്നു. പാരമ്പര്യ വൈദ്യ ചികിത്സാകേന്ദ്രങ്ങൾ, പഞ്ചായത്തിന്റെ പലസ്ഥലങ്ങളിൽ ഇപ്പോഴും നിലവിലുണ്ട്.

- ഉപയോഗിക്കാതെ കിടക്കുന്ന സൈനിക സ്ക്കൂൾ, യൂണിവേഴ്സിറ്റി കാമ്പസുകളിൽ നിന്ന് ഭൂമി പാട്ടത്തിനെടുത്ത് ഔഷധകൃഷിത്തോട്ടം നിർമ്മിക്കുക.
- ഔഷധ കൃഷി എല്ലാവീടുകളിലേയ്ക്കും വ്യാപിപ്പിക്കുക.
- വീടുകളിൽ ഉല്പാദിപ്പിക്കുന്ന ഔഷധ സസ്യങ്ങൾ വിപണനം ചെയ്യുന്നതിനുവേണ്ടി പഞ്ചായത്തു തലത്തിൽ സംഭരണ വിപണന കേന്ദ്രം സ്ഥാപിക്കുക.
- കൃഷിക്ക് ആവശ്യമായ ചെടികൾ അതാതു പ്രദേശത്തെ മണ്ണിന് അനുസൃതമായി കുറഞ്ഞനിരക്കിൽ വിതരണം ചെയ്യുക.
- ഔഷധസസ്യ കൃഷിയെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ്സുകൾ വാർഡ് തലത്തിൽ സംഘടിപ്പിക്കുക.
- ഔഷധ കൃഷി പോഷിപ്പിക്കുവാൻ വേണ്ടത്ര സാമ്പത്തിക സഹായം ചെയ്യുക.

## മറ്റുകൃഷികൾ

വാഴ, മരച്ചീനി, വെറ്റിലക്കൊടി, ജാതി, ഗ്രാമ്പ്, പൈനാപ്പിൾ, കിഴങ്ങുവർഗ്ഗങ്ങൾ, പയറുവർഗ്ഗങ്ങൾ തുടങ്ങിയ വിവിധയിനം കൃഷികൾ പഞ്ചായത്തിൽ കൃഷി

ചെയ്തു വരുന്നു.

*വാഴ*

പഞ്ചായത്തിൽ വാഴകൃഷിക്കുള്ള സാദ്ധ്യത വളരെ കൂടുതലാണ്. ഏത്തൻ, പാളയംകോടൻ, കപ്പ വാഴ, റോബസ്റ്റ, ഞാലിപൂവൻ, മധുരഅണ്ണാൻ തുടങ്ങിയവ കൃഷി ചെയ്യാൻ പറ്റിയ മണ്ണാണ് ഇവിടെയുള്ളത്.

### പ്രശ്നങ്ങൾ

- നല്ലയിനം വിത്തുക്കൾ ലഭ്യമല്ല.
- വാഴകൃഷി ലാഭകരമാകുന്നില്ല.
- പ്രകൃതിക്ഷോഭം, രോഗങ്ങൾ എന്നിവ ഈ കൃഷിയെ പ്രതികൂലമായി ബാധിക്കുന്നു.
-

## നിർദ്ദേശങ്ങൾ

- ജലസേചന സൗകര്യം മെച്ചപ്പെടുത്തുക. രോഗ പ്രതിരോധ സൗകര്യവും മെച്ചപ്പെടുത്തുക.
- വിള ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തുക.

- വ്യാവസായിക പ്രാധാന്യമുള്ള ഒരു വസ്തു കൂടിയാണ് വാഴനാര്. ഇവ ഉപയോഗിച്ചുള്ള കുടിൽ വ്യവസായ സംരഭങ്ങളിലൂടെ തൊഴിലില്ലായ്മ പരിഹരിക്കാനാവും.

## മരച്ചീനി

പഞ്ചായത്തിലെ എല്ലാപ്രദേശങ്ങളിലും കൃഷി ചെയ്തു വരുന്നു. സാധാരണ ജനങ്ങളുടെ ഒരു മുഖ്യ ആഹാരം കൂടിയാണിത്.

### പ്രശ്നങ്ങൾ

- കൃഷിഭവനുകളുടെ പ്രത്യേകമായ ശ്രദ്ധ ഇതുവരേയും ഉണ്ടാകാത്ത ഒരു മേഖലയാണിത്.
- ഇതര കൃഷികൾക്ക് ലഭ്യമാകുന്ന യാതൊരു വിധസാമ്പത്തിക സഹായങ്ങളും ഈ കൃഷിയ്ക്ക് ലഭിച്ചുകാണുന്നില്ല.

### പരിഹാരനിർദ്ദേശം

- ശാസ്ത്രീയമായി കൃഷി സമ്പ്രദായം ഏർപ്പെടുത്തുക.
- കൂടുതൽ ശ്രദ്ധയും സാമ്പത്തിക സഹായവും നൽകിയാൽ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുവാനും, ഭക്ഷ്യദൗർലഭ്യം പരിഹരിക്കുവാനും കഴിയും.

## വെറ്റിലക്കൊടി

പഞ്ചായത്തിലെ കുന്നിൻ ചെരുവുകളിൽ ധാരാളമായി കൃഷിചെയ്തു വരുന്നു. കൂടുതൽ പ്രോത്സാഹനം ഈ മേഖലയ്ക്ക് ലഭിക്കേണ്ടിയിരിക്കുന്നു. കൃഷിഭവനുകളിൽ നിന്ന് പരിമിതമായ സഹായങ്ങൾ മാത്രമേ ലഭിക്കുന്നുള്ളു. ധാരാളം കുടുംബങ്ങൾ ഉപജീവനമാർഗ്ഗമായി ഉപയോഗിക്കുന്ന ഈ കൃഷി ശ്രദ്ധിക്കപ്പെടേണ്ടതാണ് കിണർ, പമ്പുസെറ്റ്, കുളം, രോഗപ്രതിരോധ സംരക്ഷണം, സബ്സിഡി നിരക്കിലുള്ള ധനസഹായങ്ങൾ തുടങ്ങിയവയിലൂടെ ഈ കൃഷിയെ മെച്ചപ്പെടുത്താവുന്നതാണ്.

### കൃഷിയും, ധനകാര്യ സ്ഥാപനങ്ങളും

വിവിധതരം വിളകൾ കൃഷിചെയ്യുന്നതിന് കഴക്കൂട്ടം സർവ്വീസ് സഹകരണ ബാങ്ക്, അയിരൂപ്പാറ ഫാർമ്മേഴ്സ് ബാങ്ക്, കാർഷിക വികസന ബാങ്ക് കഴക്കൂട്ടം ശാഖ എന്നിവിടങ്ങളിൽ നിന്ന് വായ്പ വിതരണം ചെയ്തു വരുന്നു. സ്കീം ലോണുകൾ പഞ്ചായത്തിലെ 1,2,4,5 എന്നീ വാർഡുകളുടെ പ്രവർത്തന പരിധി സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ കഴക്കൂട്ടം ശാഖയും, 3,6,7 എന്നീ വാർഡുകളുടെ പ്രവർത്തന പരിധി യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യകഴക്കൂട്ടം ശാഖയും, 8,9,10,11,12 എന്നീ വാർഡുകളുടെ പ്രവർത്തന പരിധി കാനറാ ബാങ്ക് കാട്ടായിക്കോണം ശാഖയ്ക്കുമാണ്. മറ്റെല്ലാ ബാങ്കുകളും എല്ലാത്തരം വായ്പകളും കാലതാമസം കൂടാതെ വിതരണം ചെയ്യുമ്പോൾ യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ പദ്ധതികൾക്ക് കൃത്യമായി യഥാസമയം വായ്പകൾ നൽകുന്നില്ലായെന്നുള്ള പരാതി നിലനിൽക്കുന്നു.

### പ്രത്യേക നിർദ്ദേശങ്ങൾ

- കഴക്കൂട്ടം പഞ്ചായത്തിനെ വാട്ടർഷെഡ് പദ്ധതിയിൽ ഉൾപ്പെടുത്തി കാർഷിക മേഖലയെ വികസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.
- കൃഷിവകുപ്പിന്റേയും ജലസേചനവകുപ്പിന്റേയും പ്രവർത്തനം ഏകോപിപ്പിക്കുക.

- സ്പെഷ്യൽഎംപ്ലോയ്മെന്റ് യൂത്ത് പ്രോഗ്രാമിൽ അംഗങ്ങളായ യുവ കർഷകർക്ക് ബ്രോയിലർ ആടു വളർത്തൽ പദ്ധതിയുടെയും, പഞ്ചായത്തിന്റേ മാതൃകാ കൃഷി തോട്ടങ്ങളുടേയും ചുമതല നൽകുന്നതോടൊപ്പം വിദഗ്ദ്ധമായ പരിശീലനവും നൽകുക.

# പഞ്ചായത്തിൽപ്പെട്ട കുളങ്ങളും തോടുകളും

Ward I

കുളം:- കരിയിൽ ചിറ
മുണ്ടുകരി ചിറ
തോട് :- കരിയിൽ തോട്
പണയിൽ തോട്
മുണ്ടുകരിയിൽ തോട്

Ward II

കുളം :- പുതുകുളം
കാട്ടുകുളം
കരിയിൻചിറ-1
കരിയിൻചിറ-2
മുണ്ടുകരിചിറ
തോട് :- കാട്ടുകുളം കരിയൻചിറ തോട്
മുണ്ടുകരി തോട്

Ward III

കുളം:- നന്തിയൻകോട് ചിറ
തോട് :- തെറ്റിയാർതോട്
കൊച്ചുതോട്

Ward IV

കുളം ഇല്ല
തോട് :- തെറ്റിയാർ തോട്

Ward V

കുളം:- മഠത്തിൽകുളം
കൊക്കോട്ടുകോണം ചിറ
ചാണായിക്കോണം കുളം
കോട്ടയത്ത് താമരക്കുളം
പിലിച്ചിറക്കുളം
തോട്:- തെറ്റിയാർ വലിയതോട്
മരുപ്പൻകോട്തിട്ടാമൂഴിതോട്

Ward VI

കുഞ്ചുവീട്ടിൽ കുളം
കുമിഴികുളം
ഉള്ളൂർക്കോണം ചിറ
നാറാണത്ത്കുളം
തോട്:-
തെറ്റിയാർ
പെരുമൺ ഏലാത്തോട്
പെരുമൺ ചിറതോട്

Ward VII

കുറുട്ടൂർചിറ
പനയ്ക്കൽ കുളം
കോട്ടറക്കോണം ചിറ
തോട്:-
തെററിയാർ തോട്

Ward VIII

മഠത്തിൽകുളം
കീഴതിൽ ചിറ
ചേങ്കോട്ടുകോണം ചിറ
ഉണക്കച്ചിറ
തോട്:-
തെറ്റിയാർ വലിയതോട്
കീഴതിൽ തോട്
വാവറക്കോണം തോട്

Ward IX

വലിയകുളം
കുളക്കോട്ടുകോണം ചിറ
ശാസ്തവട്ടം കുളം
ടെയ്യൻ ചിറ
മാവൂർപ്പാറചിറ

തോട്
വലിയകുളം ശാസ്തവട്ടം തോട്
കുളക്കോട്ട്കോണം ശാസ്തവട്ടം

Ward X

പൂലേക്കോണം
ഒരുവാക്കോണം ചിറ
കളിയിൽ വീട്ടിൽ ചിറ
കുഴിക്കാട്ടുക്കോണം ചിറ
ഈച്ചേരിക്കുളം
ഉതിയറമൂലക്കുളം

Ward XI

കുളം
കുണ്ടുറാണിചിറ
മരുപ്പൻകോട് കുളം
കോതകുളം
പള്ളിയാപറമ്പ്
തോട്
പൂലേകോണം തിട്ടാമൂഴി തോട്
നെട്ടറത്തോട്
മരുപ്പൻകോട് തോട്

Ward XII

ചെങ്കോട്ടുകോണം ചിറ
നമ്പിടിക്കോണം ചിറ
പെരഞ്ചിറക്കോണം ചിറ
ഇടവൻകുന്ന് ചിറ
ശാസ്തവട്ടം ചിറ
തോട്
തെറ്റിയാർ വലിയ തോട്
പെരുഞ്ചിറക്കോണം തോട്

കഴക്കൂട്ടം ഗ്രാമപഞ്ചായത്ത്

## 3.1 ഭൂമി സംബന്ധിച്ച വിവരങ്ങൾ (Ref: അടിസ്ഥാന വിവര രജിസ്റ്റർ)

| ഇനം | വിസ്തീർണ്ണം |
|---|---|
| നിലം | 12.9 ha |
| പുരയിടം | 1098 ha |
| പുറമ്പോക്ക് | 2 ha |
| കൃഷിയോഗ്യ തരിശ് | - |
| കൃഷിയോഗ്യമല്ലാത്ത തരിശ് | 6 ha |
| ആകെ | 12.35 ha |

കഴക്കൂട്ടം ഗ്രാമപഞ്ചായത്ത്

## 3.2 വിള വിസ്തീർണ്ണവും ഉത്പാദനവും (Ref: അടിസ്ഥാന വിവര രജിസ്റ്റർ)

| വിള | വിസ്തീർണ്ണം | മൊത്തം ഉത്പാദനം | ഉത്പാദന ക്ഷമത (ഹെക്ടറിൽ) |
|---|---|---|---|
| നെല്ല് (ഒന്നാംവിള) | 129 ha | 206.4 t | 1600 Kg/ha |
| നെല്ല് (രണ്ടാംവിള) | 129 ha | 161.0 t | 1200 Kg/ha |
| നെല്ല് (മൂന്നാംവിള) | - | - | - |
| പയർ | 80 ha | 20 t | 250 Kg/ha |
| എള്ള് | - | - | - |
| പച്ചക്കറികൾ | 17 ha | - | - |
| തെങ്ങ് | 1090 ha | 6414200 nuts | 28 nuts/tree |
| വാഴ | 15 ha | 1125 T | 7500 Kg/ha |
| മരച്ചീനി | 10 ha | 60 Mt | 6 Mt/ha |
| കുരുമുളക് | 5 ha | 6250 Kg | 1250 Kg/ha |
| പ്ലാവ് | 5 ha | - | - |
| കശുമാവ് | 6 ha | - | - |
| മാവ് | 3 ha | - | - |
| റബ്ബർ | 10 ha | - | - |
| കവുങ്ങ് | 2 ha | - | - |
| --------- | | | |

കഴക്കൂട്ടം ഗ്രാമപഞ്ചായത്ത്

3.4 ജലസേചന സംവിധാനങ്ങൾ

| വാർഡ് നമ്പർ | പൊതു ജലസേചന കിണർ | കുഴൽ കിണർ | കുളം | ക്രോസ്ബാർ | ആയക്കെട്ട് (ഹെക്ടർ) |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1 | 1 | | 1 | | |
| 2 | - | | 2 | | |
| 3 | - | | 3 | | |
| 4 | - | | - | | |
| 5 | - | | 1 | | |
| 6 | - | | 3 | | |
| 7 | - | | 5 | | |
| 8 | - | | 2 | | |
| 9 | - | | 3 | | |
| 10 | - | | - | | |
| 11 | 1 | | 1 | | |
| 12 | - | | 4 | | |
| 13 | | | | | |
| 14 | | | | | |
| 15 | | | | | |

## കഴക്കൂട്ടം ഗ്രാമപഞ്ചായത്ത്
## 3.5 നടീൽ വസ്തു വിതരണം

| ഇനം | എണ്ണം | | |
|---|---|---|---|
| | 1993-94 | 1994-95 | 1995-96 |
| തെങ്ങ് | 700 Nos. | 1300 Nos. | 1000 Nos. |
| കശുമാവ് | 40 Nos. | 480 Nos. | 480 Nos. |
| കുരുമുളക് | 1000 Culting | 900 Culting | – |
| കവുങ്ങ് | 30 Nos. | – | – |
| നെല്ല് | 1500 Kg. | 460 Kg. | 500 Kg. |
| പച്ചക്കറി | 2000 Packet | 1255 Nos. | 1000 Nos. |
| പയറുവർഗ്ഗം | 900 Kg | 537 Kg | – |
| കിഴങ്ങുവർഗ്ഗം | 7 Kit | 8 Kit | – |
| പഴവർഗ്ഗം | 500 Nos. | 725 Nos. | – |
| Spices | 130 Nos | – | 130 Nos |

## കഴക്കൂട്ടം ഗ്രാമപഞ്ചായത്ത്
## 3.6 ദുരിതാശ്വാസ വിതരണം

| വർഷം | പ്രശ്നബാധിത പ്രദേശത്തിന്റെ വിസ്തീർണ്ണം (ഹെക്ടർ) | | | | ധനസഹായം | വിതരണം |
|---|---|---|---|---|---|---|
| | വെള്ളപ്പൊക്കം | വരൾച്ച | കൊടുങ്കാറ്റ് | ഉരുൾപൊട്ടൽ | ലഭിച്ചവരുടെ എണ്ണം | ചെയ്തതുക |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1993-94 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | – | – |
| 1994-95 | 25 ha | – | – | – | 21 | 9771 |
| 1995-96 | 20 ha | – | – | – | 34 | 5644 |

## കഴക്കൂട്ടം ഗ്രാമപഞ്ചായത്ത്

### 3.7 തെങ്ങ്കൃഷി സംബന്ധിച്ച വിവരങ്ങൾ

| തെങ്ങ് എണ്ണം | | | | | രോഗം ബാധിച്ച തെങ്ങ് | | | | | |
|---|---|---|---|---|---|---|---|---|---|---|
| വാർഡ് നമ്പർ | തെങ്ങ് കൃഷി വിസ്തീർണ്ണം | കായ്ക്കാത്തത് | കായ്ക്കുന്നത് | ആകെ | റൂട്ട് വിൽറ്റ് | ലീഫ് റോട്ട് | ബഡ്റൂട്ട് | സ്റ്റെംബ്ലീഡിംഗ് | മറ്റുള്ളവ | ആകെ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| 1 | | 5000 | 25040 | 30040 | Nil | 25 | 5 | 20 | 10 | 60 |
| 2 | | 2500 | 15324 | 17824 | Nil | 30 | 10 | 20 | 230 | 340 |
| 3 | | 2000 | 17271 | 19271 | 5 | - | 200 | - | 150 | 355 |
| 4 | | 5406 | 7000 | 12406 | 7 | - | - | - | - | 7 |
| 5 | | 8000 | 12872 | 20872 | 2 | - | - | - | - | 2 |
| 6 | 1093 | 6000 | 20581 | 26581 | 2 | 5 | - | - | 10 | 17 |
| 7 | | 5000 | 20035 | 25035 | 24 | 2 | 3 | 1 | 1 | 31 |
| 8 | | 6000 | 19471 | 25471 | 54 | 3 | 10 | - | 2 | 69 |
| 9 | | 4000 | 20193 | 24193 | 7 | 7 | 11 | - | 2 | 27 |
| 10 | | 1057 | 20000 | 21057 | 7 | 12 | 5 | - | 5 | 29 |
| 11 | | 5304 | 20000 | 25304 | - | 10 | 10 | - | 5 | 25 |
| 12 | | 5181 | 18000 | 23181 | 5 | 5 | 5 | - | 10 | 25 |

## കഴക്കൂട്ടം ഗ്രാമപഞ്ചായത്ത്

## 3.8 കാർഷികോപകരണങ്ങൾ

| വാർഡ് നമ്പർ | ഉഴവുപകരണങ്ങൾ | | | മരുന്നുതളി ഉപകരണങ്ങൾ | | | മെതി യന്ത്രം | തെങ്ങുകയറ്റ യന്ത്രം | പോർട്ടബിൾ പമ്പ്സെറ്റ് |
|---|---|---|---|---|---|---|---|---|---|
| | ട്രാക്ടർ | ടില്ലർ | നാടൻ കലപ്പ | റോക്കർ സ്പ്രെയർ | നാപ്സാക്ക് സ്പ്രെയർ | മറ്റുള്ളവ | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| 1 | - | - | 47 | 1 | 2 | - | - | - | - |
| 2 | - | - | 19 | 2 | 3 | - | - | - | - |
| 3 | - | - | 2 | 1 | 2 | - | - | - | - |
| 4 | - | - | 24 | 1 | 2 | - | - | - | - |
| 5 | - | - | 17 | 1 | 2 | - | - | - | - |
| 6 | - | - | 17 | 2 | 2 | - | - | - | - |
| 7 | - | - | 23 | 1 | 2 | - | - | - | - |
| 8 | - | - | 12 | 1 | 3 | - | - | - | - |
| 9 | - | - | 9 | 1 | 2 | - | - | - | - |
| 10 | - | - | 16 | 1 | 2 | - | - | - | - |
| 11 | - | - | 7 | 1 | 3 | - | - | - | - |
| 12 | - | - | 5 | 1 | 2 | - | - | - | - |

## കഴക്കൂട്ടം ഗ്രാമപഞ്ചായത്ത്

## 3.9 കൈവശഭൂമി വിസ്തീർണ്ണം

| വാർഡ് നമ്പർ | നാമമാത്ര കർഷകർ (1 ഹെക്ടറിൽ താഴെ) | ചെറുകിട കർഷകർ (1 -2 ഹെക്ടർ) | വൻകിടകർഷകർ (2 ഹെക്ടറിനു മുകളിൽ) |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 365 Nos. | 29 Nos. | 3 Nos. |
| 2 | 296 Nos. | 11 Nos. | - |
| 3 | 320 Nos. | 14 Nos. | - |
| 4 | 345 Nos. | 7 Nos. | 2 Nos. |
| 5 | 325 Nos. | 9 Nos. | 4 Nos. |
| 6 | 350 Nos. | 11 Nos. | - |
| 7 | 327 Nos. | 6 Nos. | - |
| 8 | 365 Nos. | 14 Nos. | 2 Nos. |
| 9 | 295 Nos. | 12 Nos. | 2 Nos. |
| 10 | 340 Nos. | 16 Nos. | - |
| 11 | 360 Nos. | 9 Nos. | - |
| 12 | 290 Nos. | 12 Nos. | - |

# മൃഗസംരക്ഷണവും, മത്സ്യബന്ധനം

കേരളത്തിന്റെ സമ്പദ്ഘടനയുടെ വളർച്ചയിൽ പ്രധാന പങ്കുവഹിക്കുന്ന ഒരു മേഖലയാണ് മൃഗസംരക്ഷണം. കന്നുകാലി സമ്പത്തിന്റെ 94% ഗ്രാമ പ്രദേശങ്ങളിലാണ്. കന്നുകാലി ഉടമകളിൽ ഭൂരിപക്ഷവും ചെറുകിട നാമമാത്ര കർഷകത്തൊഴിലാളികളുമാണ്. ഹ്രസ്വകാലയളവിനുള്ളിൽ കുറച്ചുമൂലധനം മുടക്കി കൂടുതൽ വരുമാന വർദ്ധനവിന് ഉതകുന്ന മേഖലയാണിത്. വികസനം എന്നാൽ ജനങ്ങളുടെ ജീവിതനിലവാരത്തെ പടിപടിയായി ഉയർത്തുന്ന ഒരു സാമൂഹ്യപ്രക്രിയ ആണെന്നതിനാൽ മൃഗസംരക്ഷണമേഖലയിലുണ്ടാകുന്ന ഏതു പുരോഗതിയും ഗ്രാമീണ സമ്പദ്ഘടനയെ സംപുഷ്ടമാക്കുമെന്നു വ്യക്തം.

പ്രധാനമായും കാർഷികഗ്രാമമായ കഴക്കൂട്ടം ഗ്രാമപഞ്ചായത്തിന്റെ അഭിവൃദ്ധിക്ക് തനതായ സംഭാവന നൽകിവരുന്ന ഒരു മേഖലയാണ് മൃഗസംരക്ഷണരംഗം. പാലുല്പാദനത്തിന് ഉൽപാദനശേഷി കുറഞ്ഞ നാടൻ പശുക്കളെമാത്രം ആശ്രയിച്ചിരിക്കുന്ന ഇവിടുത്തെ കർഷകർ ഇന്നു അത്യുൽപ്പാദന ശേഷിയുള്ള സങ്കരവർഗ്ഗ പശുക്കളെ മാത്രം വളർത്തുന്ന ഒരു സ്ഥിതിയിൽ എത്തിനിൽക്കുന്നു. വിപ്ലവകരമായ ഈ മാറ്റത്തിനുള്ള പ്രധാനകാരണം ഈ രംഗത്തു നടപ്പിലാക്കിയ കൃത്രിമ ബീജസങ്കലന പരിപാടിയാണ്. കോഴിയിറച്ചിയുടെയും കോഴിമുട്ടയുടെയും ആഭ്യന്തര ഉൽപാദനവും ഉപഭോഗവും വർദ്ധിപ്പിക്കുന്നതിനും അതുവഴി കർഷകന്റെ വരുമാനത്തിൽ ഗണ്യമായ വർദ്ധനവ് വരുത്തുന്നതിനും ഈ മേഖലയ്ക്ക് കഴിഞ്ഞിട്ടുണ്ട്. മാംസോല്പാദന- സംസ്കരണ- വിപണന രംഗം അസംഘടിത മേഖലയിലാണ്.

കഴിഞ്ഞ നാലു ദശാബ്ദക്കാലത്തിനിടയിൽ മൃഗസംരക്ഷണമേഖല കൈവരിച്ച നേട്ടം അസൂയാവഹമാണ്. എന്നാൽ ഈ നേട്ടങ്ങൾ ഗ്രാമീണ ജനതയുടെ പ്രതീക്ഷയ്ക്കൊത്ത് താഴെത്തട്ടിലെത്തിക്കാൻ എത്രമാത്രം കഴിഞ്ഞിട്ടുണ്ട് എന്നത് പരിശോധിക്കേണ്ടതാണ്. ആസൂത്രിതമായ ഒരു വികസനതന്ത്രത്തിന്റെ അഭാവം ഇക്കാര്യത്തിൽ പ്രകടമായിട്ടുണ്ട്. മൃഗസംരക്ഷണത്തിന്റേയും സാങ്കേതിക വിദ്യയുടെയും വളർച്ചയ്ക്കൊപ്പം അനുബന്ധമേഖലകൾ വികസിപ്പിക്കുന്ന കാര്യത്തിൽ എല്ലാ പദ്ധതികളും പരാജയപ്പെടുകയായിരുന്നു. അതിനാൽ തന്നെ കഴക്കൂട്ടം ഗ്രാമപഞ്ചായത്തിന്റെ തനതായ പ്രത്യേകതയും ഗ്രാമീണജനതയുടെ തൊഴിൽ സാഹചര്യങ്ങളും കണക്കിലെടുത്ത് ശക്തമായ ഒരു ജനകീയ ആസൂത്രണ തന്ത്രം മെനഞ്ഞെടുക്കുന്ന പക്ഷം ഈ മേഖല കൂടുതൽ സചേതനമാക്കാം.

പശു, ആട് എന്നിവയാണ് ഈ പഞ്ചായത്തിലെ പ്രധാന വളർത്തുമൃഗങ്ങൾ. നാമമാത്രമായി എരുമകളും വളർത്തപ്പെടുന്നുണ്ട്. വളർത്തുപക്ഷികളിൽ പ്രധാനം കോഴിയാണ്. പഞ്ചായത്തിലെ 80% വീടുകളിലും കോഴികളെ വളർത്തുന്നുണ്ട്.

| വളർത്തുമൃഗ | | പക്ഷിസംഖ്യ |
|---|---|---|
| | 1987 | 1996 |
| പശു | 3104 | 3463 |
| ആട് | 2118 | 2027 |
| എരുമ | 163 | 141 |
| കോഴി | 16877 | 24861 |
| പന്നി | 4 | 82 |

1982 നും 87നും ഇടയ്ക്ക് പശുക്കൾ ഉൾപ്പെടെയുള്ള കാലിസമ്പത്തിന്റെ വർദ്ധന ഗണ്യമായിരുന്നു. എന്നും. എന്നാലിന്ന് നാടൻ പശുക്കളിൽ നിന്നും മേൽത്തരം ജനസ്സുകളിലേയ്ക്കുണ്ടായ പരിവർത്തനവും അതുവഴി അവയെ ഉപയോഗിച്ചുള്ള പാല്പ്പുൽപ്പാദനത്തിൽ കൂടുതൽ ശ്രദ്ധകേന്ദ്രീകരിച്ചതുമാണ് പശുക്കളുടെ എണ്ണത്തിൽ വർദ്ധന ഉണ്ടാകാനും ആടുകളുടെ എണ്ണം കുറയുവാനും ഇടയാക്കിയ സാഹചര്യം. ആടികളിൽ കൃത്രിമ ബീജസങ്കലന സൗകര്യം ഇല്ല എന്നതും ശ്രദ്ധേയമാണ്.

1951ൽ കഴക്കൂട്ടത്തും 1952 ൽ അയിരൂപ്പാറയും രണ്ടു ക്ഷീര വ്യവസായ സഹകരണ സംഘങ്ങൾ രൂപീകരിക്കുകയുണ്ടായി. 60 കർഷകരെ അംഗങ്ങളാക്കി തുടങ്ങിയ കഴക്കൂട്ടം സംഘം പ്രതിദിനം പത്തുപറ പാൽ കൈകാര്യം ചെയ്തിരുന്നു. അയിരൂപ്പാറ സംഘത്തിൽ 116 അംഗങ്ങളാണുണ്ടായിരുന്നത്. ഈ സംഘം 20 പറ പാൽ കൈകാര്യം ചെയ്തിരുന്നു. അന്ന് ഉടമസ്ഥർ തങ്ങളുടെ പശുക്കളെ രാവിലേയും വൈകുന്നേരവും ഈ സംഘങ്ങളിൽ കൊണ്ടുവന്ന് അവിടെ വച്ച് കറന്നു പാൽ

സംഘത്തിലേൽപ്പിക്കുകയായിരുന്നു പതിവ്. ഇങ്ങനെ സംഭരിക്കുന്ന പാൽ മുഴുവനും സൈക്കിൾ മാർഗ്ഗം തിരുവനന്തപുരത്തുള്ള സെൻട്രൽ ഡയറിൽ എത്തിച്ചിരുന്നു. ഇന്നു കഴക്കൂട്ടം പഞ്ചായത്തിൽ ചന്തവിള, കഴക്കൂട്ടം, കാട്ടായിക്കോണം, പുല്ലാന്നിവിള എന്നീ സ്ഥലങ്ങളിൽ ക്ഷീര സഹകരണ സംഘങ്ങൾ പ്രവർത്തിച്ചുവരുന്നു.

| ക്ഷീരസംഘം | അംഗങ്ങൾ | സംഭരിക്കുന്ന പാൽ |
|---|---|---|
| കഴക്കൂട്ടം | 441 | 600 ലിറ്റർ |
| ചന്തവിള | 1100 | 1600ലിറ്റർ |
| പുല്ലാന്നിവിള | 160 | 80 ലിറ്റർ |
| കാട്ടായിക്കോണം | 225 | 100ലിറ്റർ |

ഈ പഞ്ചായത്തിൽ ഏകദേശം പത്തു സ്വകാര്യ ഇറച്ചിക്കോഴി വളർത്തൽ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. സ്വകാര്യ മുട്ടക്കോഴി വില്പനകേന്ദ്രങ്ങളും ഈ പഞ്ചായത്തിലുണ്ട്. മൃഗസംരക്ഷണ വകുപ്പിന്റെ സഹായത്തോടെ പ്രവർത്തിച്ചുവരുന്ന ഒരു സ്വകാര്യ പന്നിവളർത്തൽ കേന്ദ്രവും സൈനിക സ്കൂളിൽ മറ്റൊരു പന്നിവളർത്തൽ കേന്ദ്രവുംഉണ്ട്.

1956ൽ കഴക്കൂട്ടം വികസന ബ്ലോക്കിനോടനുബന്ധിച്ച് ഒരു സർക്കാർ മൃഗാശുപത്രി പ്രവർത്തനം ആരംഭിച്ചു. 1985 ൽ ഇത് വെറ്റിനറി ഹോസ്പിറ്റൽ ആയി ഉയർത്തപ്പെട്ടു. ഇപ്പോൾ ഉതിയറമൂല വാർഡിൽ കാട്ടായിക്കോണം കേന്ദ്രമായി ഒരു കൃത്രിമബീജ സങ്കലനകേന്ദ്രവും പ്രവർത്തിക്കുന്നുണ്ട്. 1995-96 വർഷം ഈ മൃഗാശുപത്രിയിൽ 6000 ൽ
അധികം കേസുകൾ കൈകാര്യം ചെയ്തിരുന്നു.1500 ൽ പരം കൃത്രിമ ബീജ സങ്കലനവും ഈ പഞ്ചായത്തിൽ നടത്തിയിരുന്നു. കന്നുകാലികളിൽ പൊതുവേ കണ്ടുവരുന്ന രോഗങ്ങൾ അകിടുരോഗം, ഉദരരോഗം, മുടന്തൻപനി എന്നിവയാണ്. കുളമ്പുരോഗം ഒരു പരിധിവരെ തടഞ്ഞുനിർത്താൻ മൃഗസംരക്ഷണവകുപ്പിന്റെ കാലി രോഗ നിയന്ത്രണ പദ്ധതിക്കു കഴിഞ്ഞിട്ടുണ്ട്. കോഴിവസന്ത, കാലിവസന്ത, കുളമ്പുരോഗം എന്നിവയ്ക്കെതിരെ പ്രതിരോധ കുത്തിവെയ്പ്പ് സൗജന്യമായി മൃഗാശുപത്രിയിൽ നിന്നും ചെയ്തു വരുന്നു. രോഗപ്രതിരോധ നടപടികളെ കുറിച്ചും ശുചിത്വത്തെ സംബന്ധിച്ചും ക്ഷീരകർഷകരിൽ നിലനിൽക്കുന്ന അറിവില്ലായ്മ രോഗങ്ങൾ തുടക്കത്തിലേ ചികിത്സിച്ചു മാറ്റുന്നതിനു തടസ്സമാകുന്നുണ്ട്.

കഴക്കൂട്ടം ഗ്രാമപഞ്ചായത്തിനെ തിരുവനന്തപുരം ജില്ലയിലെ ആദ്യത്തെ പേവിഷ നിയന്ത്രിത പഞ്ചായത്താക്കി മാറ്റാനുള്ള തീവ്രയത്ന പരിപാടിക്ക് മൃഗസംരക്ഷണ വകുപ്പിന്റെ സഹായത്തോടുകൂടി നടപടികൾ ആരംഭിച്ചുകഴിഞ്ഞു. അഞ്ച് മാസം മുമ്പ് കിഴക്കുംഭാഗത്തുള്ള നാരായണി എന്ന സാധു സ്ത്രീ മാരകമായ പേവിഷബാധയേറ്റു മരണപ്പെട്ടത് ഇത്തരം ഒരു മഹത്തായ സംരഭത്തിന് തുടക്കം കുറിക്കാൻ പ്രേരകമായി.

### *പ്രശ്നങ്ങൾ*

1. ഗുണനിലവാരമുള്ള തീറ്റയുടെ ദൗർലഭ്യവും അനിയന്ത്രിത വിലയും.
2. ഉൽപാദകനു കിട്ടുന്ന പാൽ വില ചെലവിന് അനുസൃതമല്ല. ഉപഭോക്താവിനു മിതമായ വിലയ്ക്കു പാൽ ലഭിക്കുന്നില്ല.
3. വിപണന രംഗത്തെ അപര്യാപ്തത
4. ഭാരിച്ച ചികിത്സചെലവ്.
5. മൃഗാശുപത്രിയിൽ നിന്നുള്ള സേവനം 24 മണിക്കൂറും ലഭ്യമല്ല.
6. വായ്പ നൽകുന്നതിനു ധനകാര്യ സ്ഥാപനങ്ങളുടെ വിമുഖത.
7. ഇൻഷ്വറൻസ് പരിരക്ഷയുടെ അപര്യാപ്തത.
8. കുറഞ്ഞുകൊണ്ടിരിക്കുന്ന തീറ്റ പുൽകൃഷി.
9. കർഷകരുടെ ആവശ്യാർത്ഥം ഗുണമേന്മയുള്ള പക്ഷി മൃഗാദികളുടെ ദൗർലഭ്യം.
10. അശാസ്ത്രീയമായ മാംസോൽപാദന വിപണന രീതികൾ
11. വിവിധ ഏജൻസികളിലൂടെ മൃഗസംരക്ഷണ പ്രവർത്തനങ്ങൾ ആസൂത്രിതമല്ലാത്ത കൈകാര്യം ചെയ്യുന്നതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ.
12. സാങ്കേതിക പരിജ്ഞാനമില്ലാത്തവരുടെ മൃഗ ചികിത്സ.
13. ഈ മേഖലയിലെ കുറഞ്ഞ വനിതാ പങ്കാളിത്തം.
14. കാലാനുസൃതമായ അടിസ്ഥാനസൗകര്യങ്ങൾ പോലുമില്ലാത്ത മൃഗാശുപത്രിയും, ഉപകേന്ദ്രവും (ഉപകരണങ്ങൾ, ലാബറട്ടറി, മരുന്നുകൾ, ഓപ്പറേഷൻ ടേബിൾ, ടെലഫോൺ തുടങ്ങിയവ)
15. സമഗ്രപേവിഷ നിയന്ത്രണ നയത്തിന്റെ ആസൂത്രിത തുടർപരിപാടിയുടെ അഭാവം.
16. ഈ മേഖലയിൽ പണിയെടുക്കുന്നവർക്ക് അംഗീകാരം കിട്ടുന്നില്ല.

### *സാധ്യതകൾ.*

- പ്രാദേശികമായി ലഭ്യമായ വിഭവങ്ങൾ സമാഹരിച്ച് സഹകരണാടിസ്ഥാനത്തിൽ കാലിത്തീറ്റ, കോഴിത്തീറ്റ നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കണം.
- സബ്സിഡി നിരക്കിൽ കർഷകന് ഗുണനിലവാരമുള്ള തീറ്റ ലഭിക്കുന്നതിന് നടപടിസ്വീകരിക്കണം. പ്രാദേശികമായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഇത് സഹായി

ണം.

- പഞ്ചായത്ത് പുറമ്പോക്കു സ്ഥലങ്ങൾ സർക്കാരാഫീസിനോടനുബന്ധിച്ചുള്ള ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങൾ എന്നിവ തീറ്റപ്പുല്ലുകൃഷിയ്ക്കുവേണ്ടി ലേലവ്യവസ്ഥയിൽ ഉപയോഗപ്പെടുത്തേണ്ടതാണ് തീറ്റ പുൽകൃഷിക്ക് പ്രോത്സാഹനം നല്കണം. വ്യാപിപ്പിക്കണം.
- പാൽ സംഭരണ വിപണനസ്ഥാപനങ്ങൾ കർഷകന് പ്രാപ്യമായ രീതിയിൽ പുനരാസൂത്രണം ചെയ്യുക.
- ഓരോ വാർഡിലും ചുരുങ്ങിയതു രണ്ട് പാൽ സംഭരണ കേന്ദ്രങ്ങൾ സ്ഥാപിക്കുക.
- ഉൽപ്പാദിപ്പിക്കപ്പെടുന്ന മുഴുവൻ പാലും സംഭരിക്കുക.
- പാലിന് അർഹമായ വില ഉറപ്പുവരുത്തണം.
- പഞ്ചായത്തും പാൽസൊസൈറ്റിയും, ധനകാര്യസ്ഥാപനങ്ങളും, കർഷകനും ചേർന്ന് കൂട്ടുത്തരവാദിത്വത്തോടെയുള്ള വായ്പാ സംവിധാനം ഉണ്ടാക്കണം.
- മൃഗാശുപത്രിയിൽ അവശ്യം മരുന്നുകൾ ലഭ്യമാക്കുക.
- കർഷകന്റെ വീട്ടുപടിക്കൽ സൗജന്യ മൃഗ ചികിത്സ എത്തിക്കാനുള്ള നടപടി സ്വീകരിക്കണം. പഞ്ചായത്തും പാൽ സൊസൈറ്റിയും, മൃഗാശുപത്രിയും കർഷകനും കൂട്ടുത്തരവാദിത്വത്തോടെ പ്രവർത്തിച്ചാൽ ഇതു സാധ്യമാകും.
- മൃഗാശുപത്രിയോടനുബന്ധിച്ച് ഒരു ക്വാർട്ടേഴ്സ് പണിയുകയും ഡോക്ടർ നിർബന്ധമായും അവിടെ താമസിക്കുകയും വേണം.
- പഞ്ചായത്തുതലത്തിൽ പക്ഷിമൃഗാദികളുടെ ഒരു രജിസ്റ്റർ ഉണ്ടാക്കുകയും മാസ്റ്റർ പോളിസി വഴി ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുകയും ചെയ്യുക.
- 500 പശുക്കൾക്ക് ഒന്ന് എന്ന തോതിൽ അഥവാ രണ്ട് വാർഡിന് ഒന്ന് എന്ന തോതിൽ നാല് കൃത്രിമ ബീജസങ്കലനകേന്ദ്രങ്ങൾ കൂടി സ്ഥാപിക്കണം.
- ആധുനിക രീതിയിലുള്ള ശാസ്ത്രീയമായ അറവുശാലകൾ സ്ഥാപിക്കണം.
- മാംസ പരിശോധന നിർബന്ധമാക്കുക.
- അനധികൃത കശാപ്പുകേന്ദ്രങ്ങൾ നിർത്തലാക്കണം.
- ശുചിയായ മാംസവിപണന സൗകര്യങ്ങൾ ഉറപ്പാക്കണം.
- വനിതകൾക്ക് പ്രാമുഖ്യമുള്ള സഹകരണ സംഘങ്ങൾ സ്ഥാപിക്കുകയും അതുവഴി കോഴി വളർത്തൽ, പശുവളർത്തൽ ഇവ പ്രോത്സാഹിപ്പിക്കുകയും, കോഴിമുട്ട, കോഴിയിറച്ചി, ക്ഷീര ഉൽപ്പന്നങ്ങൾ ഇവ വിറ്റഴിക്കാനുള്ള വിപണനമാർഗ്ഗങ്ങൾ കണ്ടെത്തുകയും വേണം.
- ഈ മേഖലയിൽ വനിതാ പങ്കാളിത്തം ഉറപ്പുവരുത്തുക.

പഞ്ചായത്ത് പ്രസിഡന്റെ അധ്യക്ഷനായി പഞ്ചായത്തംഗങ്ങളും ക്ഷീരസംഘം പ്രസിഡന്റുമാരും ക്ഷീര കർഷകരും, വനിതാസഹകരണ സംഘം പ്രതിനിധികളും അംഗങ്ങളായി പൊതുജന പങ്കാളിത്തത്തോടെ മൃഗാശുപത്രി വികസിത സമിതി രൂപീകരിക്കുകയും, മൃഗാശുപത്രിയുടെ വികസനത്തിലും പ്രവർത്തനങ്ങളിലും ഉപദേശങ്ങൾ നൽകുകയും വേണം

- മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും സമിതി ചേരണം.
- പ്രദേശികമായി മാത്രം ഉപയോഗിക്കാവുന്ന( STD സൗകര്യമില്ലാത്ത)ടെലഫോൺ ബഹുജന പങ്കാളിത്തത്തോടെ

മൃഗാശുപത്രി സ്ഥാപിക്കേണ്ടതാണ്.

- സമഗ്ര പേവിഷനിയന്ത്രണ നയം ഉണ്ടാക്കുകയും എല്ലാ വളർത്തു നായ്ക്കൾക്കും പ്രതിരോധ കുത്തിവയ്പ്പ് നൽകുകയും ലൈസൻസ് നിർബന്ധമാക്കുകയും അലഞ്ഞു തിരിയുന്ന നായ്ക്കളെ നശിപ്പിക്കുകയും വേണം. ഇതിനുവേണ്ട ഒരു സമയ ബന്ധിത പരിപാടി ആരംഭിച്ചു കഴിഞ്ഞു.
- കാവ തൊഴിലാക്കിയവർക്കും ക്ഷീര കർഷകർക്കും ഗ്രൂപ്പ് ഇൻഷ്വറൻസ് പരിരക്ഷ നൽകണം.
- കാവ തൊഴിലായി അംഗീകരിക്കുകയും പെൻഷൻ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കുകയും വേണം.
- മൃഗ സംരക്ഷണ മേഖലയിൽ പ്രവർത്തിക്കുന്ന കർഷകർക്കായി ഒരു ക്ഷേമ നിധി രൂപീകരിക്കണം
- വിജ്ഞാനവ്യാപന സൗകര്യം വ്യാപിപ്പിക്കണം. വാർഡുതലത്തിൽ രണ്ട് മാസത്തിലൊരിക്കലെങ്കിലും മൃഗസംരക്ഷണസെമിനാർ സംഘടിപ്പിക്കുകയും ഇതിൽ വനിതാ പങ്കാളിത്തം ഉറപ്പാക്കുകയും വേണം.

### *പേവിഷ നിയന്ത്രണ തീവ്രയജ്ഞപരിപാടി*

കഴക്കൂട്ടം ഗ്രാമ പഞ്ചായത്തിനെ തിരുവനന്തപുരം ജില്ലയിലെ ആദ്യത്തെ പേവിഷ നിയന്ത്രിത പഞ്ചായത്താക്കി മാറ്റാനുള്ള ഒരു തീവ്ര യജ്ഞ പരിപാടിക്ക് കേരളപിറവി ദിനമായ നവംബർ ഒന്നിന് തുടക്കം കുറിച്ചു.

പ്രാരംഭമായി നായകളുടെ വാർഡുതല കണക്കെടുപ്പും ബോധവൽക്കരണ ക്ലാസ്സുകളും നടന്നു വരുകയാണ്. പ്രതിരോധ കുത്തിവയ്പ്, ലൈസൻസ് നൽകൽ, അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കൽ ഇവയാണ് മുഖ്യ പരിപാടികൾ.

***നടപ്പു പദ്ധതികൾ, പോരായ്മകൾ വേണ്ടമാറ്റങ്ങൾ***

1. പ്രത്യേക കന്നുക്കുട്ടി പരിപാലന പരിപാടി

ഈ പരിപാടികയുടെ ആനുകൂല്യം ഒരു വിഭാഗം കർഷകർക്കുമാത്രമേ ഇപ്പോൾ ലഭിക്കുന്നുള്ളു. ഈ പദ്ധതിയിൽ പഞ്ചായത്തലെ എല്ലാ സങ്കരയിനം പശുക്ക ട്ടികളേയും എരുമക്കുട്ടികളേയും ഉൾപ്പെടുത്തണം. കാലിതീറ്റ വിലവർദ്ധന അനുസരിച്ച് ധനസഹായം വർദ്ധിപ്പിക്കണം.

2. പേവിഷ നിയന്ത്രണ പദ്ധതി

പ്രതിരോധ കുത്തിവയ്പ് ഇതുവരെ നിർബന്ധിതമായിരുന്നില്ല.പഞ്ചായത്തിലെ എല്ലാ നായ്ക്കളും നിർബന്ധ സൗജന്യ കുത്തിവയ്പിന് വിധേയമാക്കുകയും ലൈസൻസിംഗ് ഏർപ്പെടുത്തുകയും വേണം. ലൈസൻസ് ഇല്ലാത്ത നായ്ക്കളെ നശിപ്പിക്കുക. ഇതിനുള്ള സത്വര സമയബന്ധിത പരിപാടി ആവിഷ്ക്കരിച്ചു നടപ്പാക്കണം.

3. കാലിരോഗ നിയന്ത്രണ പദ്ധതി

പദ്ധതിയുടെ ഫലം എല്ലാം പൂർണ്ണമായി പ്രയോജനപ്പെടുത്തുന്നില്ല. പഞ്ചായത്തിലെ എല്ലാ കന്നുകാലികളെയും യഥാസമയം പ്രതിരോധ കുത്തിവയ്പിന് വിധേയമാക്കണം.

4. ഊർജ്ജിത പന്നി വളർത്തൽ പദ്ധതി

സ്വകാര്യ മേഖലയിൽ പ്രാദേശിക ജീവിതരീതിക്കനുസൃതമായി പന്നിവളർത്തൽ പ്രോത്സാഹിപ്പിക്കണം. അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കണം.

5. ആടുവളർത്തൽ പദ്ധതി

നല്ലയിനം ആട്ടിൻ കുട്ടികൾ ലഭ്യമല്ല. പച്ചില തീറ്റയുടെ ദൗർലഭ്യവും പോരായ്മയാണ്. നല്ലയിനം ആട്ടിൻ കുട്ടികളെ ലഭ്യമാക്കുകയും സോഷ്യൽ ഫോറസ്ട്രി മുതലായ പദ്ധതികൾ വഴി ഇതിനുവേണ്ട പച്ചിലതീറ്റ നൽകാൻ കഴിയുന്ന വൃക്ഷങ്ങൾ വച്ചു പിടിപ്പിക്കുകയും വേണം.

6. ഇറച്ചിക്കോഴി വളർത്തൽ

ഈ പദ്ധതിയുടെ ഏറ്റവും വലിയ പ്രശ്നം തീറ്റയുടേയും കോഴിക്കുഞ്ഞുങ്ങളുടെയും അമിതവിലയും ഇടത്തട്ടുകാരുടെ ചൂഷണവുമാണ്. നല്ലയിനം കോഴിക്കുഞ്ഞുങ്ങളും തീറ്റയും കുറഞ്ഞ വിലയ്ക്ക് പഞ്ചായത്ത് തലത്തിൽ ലഭ്യമാക്കണം. കോഴിയിറച്ചിയുടെ വിപണനം സഹകരണ സംഘങ്ങൾ മഹിള സംഘങ്ങൾ വഴിയാക്കണം.

7. എഗ്ഗർ നഴ്സറി

നല്ലയിനം മുട്ടക്കോഴിക്കുഞ്ഞുങ്ങൾ ലഭ്യമല്ല. സർക്കാർ ഫാമുകളിൽ നിന്നും ഇവ ലഭ്യമാക്കണം. രണ്ട് മാസം പ്രായംവരെ വളർത്തുകയും എല്ലാ പ്രതിരോധ കുത്തിവയ്പുകൾക്കും ശേഷം മറ്റു മുട ട്ടക്കോഴി വളർത്തൽ പദ്ധതിയുമായി ബന്ധപ്പെടുത്തി വിപണനം ചെയ്യണം.

8. അടുക്കളമുറ്റത്തെ കോഴി വളർത്തൽ

എല്ലാവർക്കും പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നില്ല. തൊഴിലില്ലാത്ത ഇടത്തരം വീട്ടമ്മമാരെ ഉദ്ദേശിച്ചുള്ളതായിരിക്കണം പദ്ധതി. എല്ലാ പ്രതിരോധ കുത്തിവ്പുകളും നടത്തി രണ്ടുമാസം പ്രായമുള്ള 20 കോഴിക്കുഞ്ഞുങ്ങളെവീതം എല്ലാ വീടുകളിലും സഹായ നിരക്കിൽ ലഭ്യമാക്കണം.

ബീജസങ്കലന സൗകര്യങ്ങൾ

9. സൗകര്യങ്ങൾ പരിമിതമാണ്. 500 പശുക്കൾക്ക് ഒന്ന് എന്ന തോതിൽ ചുരുങ്ങിയത് രണ്ടു വാർഡിന് ഒന്ന് എന്ന കണക്കിലെങ്കിലും ബീജ സങ്കലന കേന്ദ്രങ്ങൾ സ്ഥാപിക്കുക.

മേൽപ്പറഞ്ഞ പ്രശ്നങ്ങളും സാധ്യതകളും കണക്കിലെടുത്ത് കഴക്കൂട്ടം പഞ്ചായത്തിനാവശ്യമായ പദ്ധതികൾ രൂപകൽപ്പനചെയ്യുമ്പോൾ പദ്ധതികൾ നടപ്പിലാക്കാൻ സഹായിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

## I *ഉൽപ്പാദന മേഖല*

1. പാൽ ഉൽപ്പാദനം

ചെറുകിട കർഷകരേയും കർഷക തൊഴിലാളികളേയും ഈ മേഖലകളിലേയ്ക്ക് ആകർഷിക്കുക. കാലി വളർത്തൽ മുഖ്യ തൊഴിലായോ, ഉപതൊഴിലായൊ സ്വീകരിക്കുന്നതിന് പ്രോത്സാഹനം നൽകുക, വീട്ടമ്മമാരുടേയും വിദ്യാർത്ഥികളുടെയും ഒഴിവ് സമയം ഫലപ്രദമായി ഉപയോഗിക്കുക. പാലിന്റെ ഉൽപ്പാദനവും ഉപഭോഗവും വർദ്ധിപ്പിക്കുക എന്നിവയാണ് മുഖ്യ ലക്ഷ്യങ്ങൾ.

എ. മിനി ഡയറി യൂണിറ്റുകൾ

മൂന്ന് പശുക്കളടങ്ങുന്ന ഒരു ഡയറി യൂണിറ്റ്

ബി. കന്നുക്കുട്ടി പരിപാലന പരിപാടി -

നാല് മുതൽ 32 മാസംവരെ പ്രായമുള്ള എല്ലാ സങ്കരയിനം പശുക്കുട്ടികൾക്കും എരുമക്കുട്ടികൾക്കും സൗജന്യനിരക്കിൽ കാലിത്തീറ്റ, മരുന്ന്, ഇൻഷ്വറൻസ് സൗകര്യം എന്നിവ നൽകുക.

സി. ഈ മേഖലയിലെ കർഷകർക്കും കറവതൊഴിലാളികൾക്കും അംഗീകാരം, ഗ്രൂപ്പ് ഇൻഷ്വറൻസ്, പെൻഷൻ, ക്ഷേമനിധി ഇവ നടപ്പിലാക്കുക.

2. മുട്ടഉൽപ്പാദനം

എ. എഗ്ഗർ നഴ്സറി - ഒരു ദിവസംപ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെ 60 ദിവസം വരെ ശാസ്ത്രീയമായി വളർത്തി വിൽക്കുക.

ബി. അടുക്കളമുറ്റത്തെ കോഴി വളർത്തൽ-

60 ദിവസംവരെ ശാസ്ത്രീയമായി വളർത്തിയ കോഴി ക്കുഞ്ഞുങ്ങളെ സൗജന്യനിരക്കിൽ നൽകുക.

സി. സ്ക്കൂൾ പൗൾട്രിക്ലബ് വിദ്യാർത്ഥികളിൽ സമ്പാദ്യശീലവും കോഴി വളർത്തലിൽ താത്പ്പര്യവും ജനിപ്പിക്കുന്നതിനുവേണ്ടി അറുപത് ദിവസം വരെ ശാസ്ത്രീയമായി വളർത്തിയ കോഴിക്കുഞ്ഞുങ്ങളെ സൗജന്യമായി നൽകുക.

3. ഇറച്ചിക്കോഴി വളർത്തൽ

രണ്ടാഴ്ചയിലൊരിക്കൽ വിപണനപ്രായം എത്തുന്ന രീതിയിൽ 250 ഇറച്ചിക്കോഴികളെ വിൽപ്പനക്ക് സജ്ജമാക്കുന്ന രീതിയിൽ പദ്ധതി പ്രയോജനപ്പെടുത്തുക. കുടുംബത്തിലെ സ്ത്രീകളുടേയും കുട്ടികളുടെയും ഒഴിവ് സമയം ഉപയോഗപ്പെടുത്തുക.

4. മാംസോൽപ്പാദനം

ശാസ്ത്രീയമായ അറവുശാലകൾ സ്ഥാപിക്കുകയും മാംസ പരിശോധന നിർബന്ധമാക്കുകയും ചെയ്യുന്ന പദ്ധതി

5 ആടുവളർത്തൽ

ഇടത്തരം കർഷകരുടെ സാമ്പത്തിക പരിമിതികൾക്കനുസൃതവും കുറഞ്ഞ മൂലധനമുടക്കും പ്രത്യേകം തെരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ മുട്ടനാടുകളെ വളർത്തി പ്രജനന യൂണിറ്റും സ്ഥാപിക്കാം.

6. പന്നി വളർത്തൽ

പരിസ്ഥിതിക്കനുയോജ്യമായി

7. ഇറച്ചിമുയൽ വളർത്തൽ

വിപണനസൗകര്യങ്ങൾ കണക്കിലെടുത്ത്

8. ബ്രോയിലർ ആടു വളർത്തൽ കേന്ദ്രങ്ങൾ പഞ്ചായത്തിന്റേ അനുയോജ്യ കേന്ദ്രങ്ങളിൽ സ്ഥാപിക്കുക.

II സേവനമേഖല

1. മെച്ചപ്പെട്ട മൃഗാശുപത്രി സൗകര്യങ്ങൾ കർഷകന്റെ വിട്ടുപടിക്കൽ മൃഗ ചികിത്സ സൗജന്യമായി എത്തിക്കുന്ന പദ്ധതി മൃഗാശുപത്രിയോടനുബന്ധിച്ച് ഡോക്ടർക്ക് താമസസൗകര്യം, ടെലഫോൺ തുടങ്ങിയവ.

2. വിജ്ഞാന വ്യപന സൗകര്യങ്ങൾ വ്യാപിപ്പിക്കുക.

3. പേവിഷ നിയന്ത്രണം

III ആസൂത്രണമേഖല

1. പ്രാദേശിക തലത്തിൽ പ്രായോഗികമായി വിജയിക്കുന്ന മൃഗ സംരക്ഷണ പദ്ധതികൾക്ക് രൂപം നൽകുക.

2. ആസൂത്രണ പ്രക്രിയകൾക്ക് രൂപം നൽകുന്നതിന് ഒരു ആസൂത്രണ സെൽ രൂപീകരിക്കുക.

പഞ്ചായത്തു തലത്തിൽ ഒരു മൃഗസംരക്ഷണ നയം ആസൂത്രണം ചെയ്തു നടപ്പിലാക്കുക.

Iv വനിതാ പങ്കാളിത്തം

1. വനിതാ സംരംഭകൾക്ക് പശുവളർത്തൽ മഹിളാ സംഘങ്ങൾ വഴി പശു വളർത്തുന്ന പദ്ധതി.

2. ഇറച്ചികോഴി വളർത്തൽ യൂണിറ്റ് ചെറുകിട ഇറച്ചിക്കോഴി വളർത്തൽ യൂണിറ്റുകൾ മഹിളാ സംഘങ്ങൾ വഴി നടപ്പിലാക്കുക.

3. മുട്ടകോഴി വളർത്തൽ യൂണിറ്റുകൾ ചെറുകിട മുട്ട കോഴി വളർത്തൽ യൂണിറ്റുകൾ മഹിളാ സംഘങ്ങൾ വഴി നടപ്പിലാക്കുക.

4. വിപണനകേന്ദ്രങ്ങൾ സംസ്ക്കരിച്ച കോഴിയിറച്ചി, മുട്ട, കോഴിയിറച്ചിയും മുട്ടയും ഉപയോഗിച്ചുണ്ടാക്കുന്ന വിവിധ വിഭവങ്ങൾ, ക്ഷീര ഉൽപ്പന്നങ്ങൾ, എന്നിവയുടെ വിപണനം വനിതകളുടെ ആഭിമുഖ്യത്തിൽ നടത്തുന്ന വിപണനകേന്ദ്രങ്ങൾ വഴി നടത്താവുന്നതാണ്.

## ക്രോഡീകരണം ഉപസംഹാരം

മൃഗസംരക്ഷണ മേഖലയിൽ ഉൽപാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുക, കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, ഗ്രാമീണ സ്ത്രീകളെ പ്രത്യേകിച്ചും ഉന്നത വിദ്യാഭ്യാസം ലഭിച്ചിട്ടും തൊഴിലില്ലാത്ത വീട്ടമ്മമാരെ ഈ രംഗത്ത് കൊണ്ടുവരുക, കുറഞ്ഞവിലയ്ക്ക് കാലിത്തീറ്റ ഉൽപ്പാദിപ്പിക്കുക, മൃഗചികിത്സാകേന്ദ്രങ്ങൾ ആധുനിക വൽക്കരിക്കുക, പേവിഷനിയന്ത്രണം ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുക, സാംശുദ്ധമായ മാംസോല്പാദനവും വിപണനവും എന്നിവയായിരിക്കണം ഊന്നൽ നല്കേണ്ട ഈ മേഖലയിലെ പദ്ധതികൾ. മൃഗസംരക്ഷണ രംഗത്തെ പ്രവർത്തനമേഖല പരിശോധിച്ച് ഒരു സമഗ്ര ആസൂത്രണ പദ്ധതി രൂപപ്പെടുത്തുകയും അതിനെ കഴക്കൂട്ടം ഗ്രാമ പഞ്ചായത്തിലെ ജനങ്ങളുടെ ആഹാരക്രമം പോഷകലഭ്യത അദ്ധ്വാനം, ആരോഗ്യം എന്നിവയുമായി ബന്ധപ്പെടുത്തി ജനങ്ങളുടെ സർവ്വോന്മുഖമായ പിരോഗതിക്ക് സഹായമാകുകയും ചെയ്യുക എന്നതായിരിക്കണം ലക്ഷ്യം. ഗ്രാമതല ആസൂത്രണത്തിലൂടെ തീർച്ചയായും അത് സാധിതമാക്കാം.

*മത്സ്യബന്ധനം*

കഴക്കൂട്ടം പഞ്ചായത്തിൽ മത്സ്യബന്ധന മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾ തുലോം പരിമിതമാണ്. എങ്കിലും മത്സ്യ വിപണനത്തിലൂടെ ഉപജീവനം നയിക്കുന്നവർ ധാരാളമുണ്ട്. വിദൂരത്തു നിന്നെത്തുന്ന മത്സ്യത്തിന് അമിതവിലയാണ് ഉപഭോക്താക്കൾ പലപ്പോഴും നൽകേണ്ടിവരുന്നത്.

പഞ്ചായത്തു പ്രദേശത്തെ നിലവിലുള്ള വെള്ളം വറ്റാത്ത കുളങ്ങളിൽ മത്സ്യകൃഷി നടത്തിയാൽ

ഉപഭോക്താക്കൾക്ക് ന്യായമായ വിലയ്ക്ക് മത്സ്യം ലഭ്യമാക്കുന്നതിനും ഗുണമേന്മയുള്ള മത്സ്യം നല്കുന്നതിനും കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും കഴിയും. പ്രത്യേകിച്ച് സ്ത്രീ തൊഴിലാളികൾക്ക് കൂടുതൽ പ്രയോജനം ലഭ്യമാക്കാനും സാധിക്കും.

ഈ പദ്ധതിക്ക് സാധ്യതയുള്ള കുളങ്ങളും അവ സ്ഥിതിചെയ്യുന്ന വാർഡുകളും ചുവടെ ചേർക്കുന്നു.

ഉതിയറമൂല വാർഡിൽ- കളിയിൽ വീട്ടിൽ ചിറ

മരുപ്പൻകോട് വാർഡിൽ -കുണ്ട് റാണി ചിറ

തുണ്ടത്തിൽ വാർഡിൽ -പെരിഞ്ചിറക്കോണം കുളം

കിഴക്കും ഭാഗം വാർഡിൽ - നാറാണത്തുകുളം

തെക്കും ഭാഗം വാർഡിൽ - കുഞ്ചുവീട്ടിൽ കുളം

സൈനിക സ്ക്കൂൾ - മഠത്തിൽകുളം

ഠൗൺ വാർഡിൽ -കരിയിൽ ചിറ

ഈ കുളങ്ങൾ മത്സ്യകൃഷിക്കനുയോജ്യമായ രീതിയിൽ സജ്ജീകരിച്ച് മത്സ്യകൃഷി നടപ്പിലാക്കിയാൽ അതിന്റെ പൂർണ്ണമായ നിയന്ത്രണം പഞ്ചായത്ത് സമിതിയായിരിക്കണം. ഇത് പഞ്ചായത്തിന് ഒരു വരുമാന മാർഗ്ഗവുമാകുന്നതാണ്.

അനുബന്ധം -1

കഴക്കൂട്ടം ഗ്രാമ പഞ്ചായത്തു വളർത്തു മൃഗങ്ങളെ സംബന്ധിച്ച്

ഇനംജനിച്ചകുട്ടികളുടെ എണ്ണം

| | ആൺ | പെൺ |
|---|---|---|
| പശു | 280 | 292 |
| എരുമ | 12 | 10 |



അനുബന്ധം 2 വളർത്തുമൃഗ സംഖ്യ

| വാർഡ് നമ്പർ | കാള നാടൻ | | കാള സങ്കരം | | പശുനാടൻ | | പശു സങ്കരം | | എരുമ | | പോത്ത് | | ആട് | പട്ടി | ആന |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | വംശ വർദ്ധന | മറ്റുള്ളവ | വംശ വർദ്ധന | മറ്റുള്ളവ | കറവയുള്ളവ | കറവയില്ലാത്തവ | കറവയുള്ളവ | കറവയില്ലാത്തവ | കറവയുള്ളവ | കറവയില്ലാത്തവ | | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 |
| 1 | | | 5 | 20 | 11 | 9 | 128 | 125 | | 10 | | | 120 | 125 | |
| 2 | | | 5 | 22 | 10 | 6 | 110 | 105 | | 11 | | | 191 | 276 | |
| 3 | | | 7 | 21 | 4 | 5 | 202 | 96 | | 12 | | | 164 | 138 | |
| 4 | | | 5 | 18 | 12 | 9 | 142 | 105 | | 11 | | | 137 | 151 | |
| 5 | | | 6 | 13 | 10 | 14 | 120 | 114 | | 9 | | | 408 | 248 | |
| 6 | | | 7 | 12 | 13 | 10 | 102 | 94 | | 11 | | | 155 | 221 | |
| 7 | | | 5 | 13 | 11 | 6 | 161 | 140 | | 8 | | | 194 | 232 | |
| 8 | | | 6 | 11 | 8 | 4 | 128 | 98 | | 7 | | | 92 | 148 | |
| 9 | | | 9 | 12 | 11 | 6 | 142 | 92 | | 9 | | | 112 | 192 | |
| 10 | | | 10 | 6 | 3 | 7 | 183 | 112 | | 8 | | | 103 | 176 | |
| 11 | | | 5 | 20 | 14 | 6 | 136 | 113 | | 16 | | | 282 | 196 | |
| 12 | | | 5 | 14 | 13 | 7 | 148 | 102 | | 11 | | | 69 | 272 | |

അനുബന്ധം -3 വളർത്തുപക്ഷി സംഖ്യ

| വാർഡു നമ്പർ | പൂവൻ കോഴി | പിടക്കോഴി | |
|---|---|---|---|
| | | മുട്ട ഇടുന്നവ | മുട്ട ഇടാത്തവ |
| 1 | 156 | 1090 | 1002 |
| 2 | 136 | 1130 | 1008 |
| 3 | 173 | 647 | 353 |
| 4 | 163 | 1112 | 888 |
| 5 | 396 | 1132 | 1068 |
| 6 | 114 | 962 | 1038 |
| 7 | 378 | 1123 | 1877 |
| 8 | 895 | 630 | 370 |
| 9 | 446 | 783 | 717 |
| 10 | 679 | 642 | 558 |
| 11 | 352 | 1082 | 1018 |
| 12 | 343 | 862 | 638 |

അനുബന്ധം 4

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
|---|---|---|---|---|---|---|---|---|---|---|---|
| Sl.No. | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി | താറാവ് | പൂച്ച | ആന | മറ്റുള്ളവ |
| 1 | ദഹനസംബന്ധമായ | 1363 | 23 | 134 | 12 | 120 | | | | | |
| 2 | ശ്വാസകോശസംബന്ധം | 464 | 12 | 48 | | 12 | | | | | |
| 3 | ഉപാപചയസംബന്ധം | 148 | | 19 | | | | | | | |
| 4 | ത്വക്ക് രോഗങ്ങൾ | 1111 | | 24 | | 18 | | | | | |
| 5 | ധാതു ലവണങ്ങളുടെ അഭാവം | 123 | | 12 | | | | | | | |
| 6 | പരാദരോഗങ്ങൾ | 853 | | 118 | | 53 | 1100 | | | | |
| 7 | പ്രത്യുൽപ്പാദന വ്യവസ്ഥയുമായ ബന്ധപ്പെട്ട | 148 | 3 | | | | | | | | |
| 8 | വന്ധ്യത | 56 | | | | | | | | | |
| 9 | അകിടുവീക്കം | 120 | | 41 | | | | | | | |
| 10 | മുടന്തൻ പനി | 92 | | | | | | | | | |
| 11 | പകർച്ചവ്യാധികൾ | | | | | | 1243 | | | | |

# വിദ്യാഭ്യാസം

## ചരിത്രപശ്ചാത്തലം

കഴിഞ്ഞ നൂറുവർഷത്തെ ചരിത്രം പരിശോധിച്ചാൽ കഴക്കൂട്ടം പ്രദേശം ഉന്നത വിദ്യാഭ്യാസ നിലവാരം പുലർത്തിയിരുന്നതായിക്കാണാം. ഈ പ്രദേശത്തുനിന്നും ധാരാളം കുട്ടികൾ ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുവേണ്ടി തിരുവനന്തപുരം പട്ടണം വരെ ദിവസവും കാൽനടയായി പോയിവന്നിരുന്ന ഒരു കാലമുണ്ടായിരുന്നു.. അവരിൽ ധാരാളം പേർ ഇന്നും ജീവിച്ചിരിപ്പുണ്ട്. ഇവരിൽ സ്ത്രീകളും ഉൾപ്പെട്ടിരുന്നു എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. 1940-50 കാലഘട്ടങ്ങളിൽ പോലും ഈ നാട്ടിലെ 50%ത്തോളം പെൺകുട്ടികൾ പ്രൈമറി വിദ്യാഭ്യാസം പൂർത്തിയാക്കിയിരുന്നു എന്ന് സാക്ഷരതാ സർവ്വേ തെളിയിക്കുന്നു. ഈ കാലഘട്ടത്തിൽ കാട്ടായിക്കോണം, ചന്തവിള, കഴക്കൂട്ടം എന്നീ സ്ഥലങ്ങളിൽ പ്രാഥമിക വിദ്യാലയങ്ങൾ നല്ല രീതിയിൽ പ്രവർത്തിച്ചിരുന്നു. പാഠശാലയിൽ ഹാജരാകാൻ വൈമനസ്യം കാണിക്കുന്ന കുട്ടികളെ അവരുടെ വീട്ടിൽ നിന്നും വിളിച്ചിറക്കിക്കൊണ്ടുവരുന്നതിന്, ക്ലാസ്സിലെ മിടുക്കരായ കുട്ടികളെ ചുമതലപ്പെടുത്തുന്ന ഒരു രീതി അന്നത്തെ അദ്ധ്യാപകർ അനുവർത്തിച്ചു പോന്നു. അതുകൊണ്ട് എല്ലാ ദിവസവും എല്ലാ ക്ലാസ്സിലും കുട്ടികളുടെ ഹാജർനില മെച്ചപ്പെട്ടിരുന്നു.

കഴക്കൂട്ടം പ്രദേശത്തെ പലസ്ഥലങ്ങളിലും കഴിഞ്ഞ എഴുപത്തിയഞ്ചു വർഷങ്ങൾക്കു മുമ്പുവരെ കുടിപള്ളിക്കൂടങ്ങൾ പ്രവർത്തിച്ചിരുന്നു. ഇവയിൽ പാട്ടുവിളാകം വാർഡിൽ കിളിത്തട്ടുവീട്ടിൽ രാമൻപിള്ള ആശാൻ നടത്തിയിരുന്ന കുടിപ്പള്ളിക്കൂടം മുൻപന്തിയിൽ നില്ക്കുന്നു. വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിൽ നിന്നും ഡെപ്യൂട്ടി ഡയറക്ടറായി വിരമിച്ച ശ്രീമാൻ എൻ. വിശ്വംഭരൻ, അദ്ദേഹത്തിന്റെ അഞ്ചാം വയസ്സിൽ ഈ കുടിപ്പള്ളിക്കൂടത്തിൽ പഠിച്ചിട്ടുണ്ട്. അദ്ദേഹത്തിന് ഇപ്പോൾ 85 വയസ്സ് പ്രായമുണ്ട്. ഇതു പോലെയുള്ള കുടിപ്പള്ളിക്കൂടങ്ങളിൽ പഠിച്ചിരുന്ന ഏതാനും മഹത്വ്യക്തികൾ ഇന്നും ജീവിച്ചിരിപ്പുണ്ട്.

കഴിഞ്ഞ പതിനാറുവർഷങ്ങൾക്കുമുമ്പു വരെ കഴക്കൂട്ടം പഞ്ചായത്തിലെ കുട്ടികൾ ഹൈസ്കൂൾ പഠനത്തിനു വേണ്ടി പ്രാന്ത പ്രദേശങ്ങളിലുള്ള കണിയാപുരം മുസ്ലിം ഹൈസ്കൂൾ, ചിറ്റാറ്റുമുക്ക് സെൻറ്വിൻസൻറ് ഹൈസ്കൂൾ, M.V.H.S. തുണ്ടത്തിൽ കുളത്തൂർ ഗവ: ഹൈസ്കൂൾ എന്നീ വിദ്യാലയങ്ങളെയാണ് ആശ്രയിച്ചിരുന്നത്. അതിനുശേഷം തൊണ്ണൂറ്റി ഒൻപതിലേയ്ക്ക് കാലൂന്നി നിൽക്കുന്ന കഴക്കൂട്ടം ഗവ: ഹൈസ്കൂളിൽ ചേർന്ന് SSLC വരെ പഠിക്കുന്നതിനുള്ള സൗഭാഗ്യം പഞ്ചായത്തിലെ കുട്ടികൾക്ക് ലഭിച്ചു.

## കഴക്കൂട്ടം പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

### നഴ്സറി സ്കൂളുകൾ

| | | |
|---|---|---|
| 1. നഴ്സറിസ്കൂൾ, വാഴവിള | മരുപ്പൻകോട് വാർഡിൽ | പഞ്ചായത്തുവക. |
| 2. മഹിളാസമാജം ബാലവാടി | വടക്കുംഭാഗം വാർഡിൽ | Reg No. 1975/1976 |
| 3. മൈഥിലി മഹിളാസമാജം നഴ്സറി, സ്വാമിയാർ മഠം | മഠവൂർപ്പാറ വാർഡിൽ | Reg No. 595/1983 |
| 4. ഓമന മെമ്മോറിയൽ മഹിളാസമാജം നഴ്സറി, കാട്ടായിക്കോണം | ആലിനേറ വാർഡിൽ | Reg No. 472/1987 |
| 5. ശ്രീചിത്രാ മഹിളാസമാജം നഴ്സറിസ്കൂൾ, ചന്തവിള | ഉതിയറമൂലവാർഡ് | Reg No. 396/76 |

**ലോവർ പ്രൈമറി സ്കൂളുകൾ**

| | | |
|---|---|---|
| 1. ഗവൺമെൻറ് എൽ.പി.എസ് ഉതിയറമൂല | മരുപ്പൻകോട് വാർഡ് | ഗവൺമെൻറ് |
| 2. സൈനിക് എൽ.പി.എസ് | സൈനിക്സ്കൂൾ വാർഡ്, | എയ്ഡഡ് |
| 3. സെൻറ് ആൻറണീസ് എൽ.പി.എസ് കഴക്കൂട്ടം | വടക്കുംഭാഗം വാർഡ് | എയ്ഡഡ് |

**അപ്പർ പ്രൈമറിസ്കൂളുകൾ**

| | | |
|---|---|---|
| 1. ഗവൺമെൻറ് യു.പി.എസ്, ചന്തവിള | പാട്ടുവിളാകം വാർഡ് | ഗവൺമെൻറ് |
| 2. ഗവൺമെൻറ് യു.പി.എസ് കാട്ടായിക്കോണം. | ആലിനേറവാർഡ് | ഗവൺമെൻറ് |
| 3. അലൻഫെൽഡ്മാൻ ഇംഗ്ലീഷ് മീഡിയം സ്കൂൾ, കഴക്കൂട്ടം | കിഴക്കുംഭാഗം വാർഡ് | അൺ എയ്ഡഡ് |
| 4. S.N. പബ്ലിക് സ്കൂൾ, ചേങ്കോട്ടുകോണം | തുണ്ടത്തിൽ വാർഡ് | അൺ എയ്ഡഡ് |

**ഹൈസ്കൂളുകൾ**

| | | |
|---|---|---|
| 1. ഗവ: ഹൈസ്കൂൾ, കഴക്കൂട്ടം | ടൗൺവാർഡ് | ഗവൺമെൻറ് |
| 2. അൽ ഉദുമൻ ഇംഗ്ലീഷ്മീഡിയം റെസിഡൻഷ്യൽ സ്കൂൾ, കഴക്കൂട്ടം | വടക്കുംഭാഗം വാർഡ് | അൺ എയ്ഡഡ് |
| 3. ശ്രീനീലകണ്ഠവിദ്യാപീഠം, ചേങ്കോട്ടുകോണം | മടവൂർപ്പാറ വാർഡ് | അൺ എയ്ഡഡ് |

**സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങൾ**

| | | |
|---|---|---|
| 1. വനിത ഐ.റ്റി.ഐ. കഴക്കൂട്ടം | ടൗൺവാർഡ് | ഗവൺമെൻറ്. |
| 2. ആർ.വി.റ്റി.ഐ. കഴക്കൂട്ടം | വടക്കുംഭാഗം വാർഡ് | സെൻട്രൽ ഗവൺമെൻറ് |
| 3. എൽ.എൻ.സി.പി.ഇ. കഴക്കൂട്ടം | തെക്കുംഭാഗം വാർഡ് | സെൻട്രൽ ഗവൺമെൻറ് |
| 4. സൈനിക്സ്കൂൾ, കഴക്കൂട്ടം, | സൈനിക്സ്കൂൾ വാർഡ് | സെൻട്രൽ ഗവൺമെൻറ് |
| 5. യൂണിവേഴ്സിറ്റി കോളേജ്, കാര്യവട്ടം | തെക്കുംഭാഗം വാർഡ് | ഗവൺമെൻറ്. |

തെക്കുംഭാഗം വാർഡിൽ സ്ഥിതി ചെയ്യുന്ന ബോട്ടണി, സുവോളജി, ജേർണലിസം- എന്നീ വിഷയങ്ങൾക്ക് പോസ്റ്റ് ഗ്രാഡ്വേറ്റ് ക്ലാസ്സുകളും ഗവേഷണ സൗകര്യങ്ങളുമുള്ള യൂണിവേഴ്സിറ്റി ഡിപ്പാർട്ടുമെൻറുകളും ഈ പഞ്ചായത്തിൽ സ്ഥിതിചെയ്യുന്നു.

ഈ പഞ്ചായത്തിനകത്ത് ലോവർ പ്രൈമറി വിഭാഗം ഉൾപ്പെടുന്ന പത്തു സ്കൂളുകൾ ഉണ്ട്. അവയിൽ സർക്കാർ മേഘലയിലുള്ള നാലും എയ്ഡഡ് വിഭാഗത്തിൽ രണ്ടും അൺ എയ്ഡഡ് വിഭാഗത്തിൽ നാലും ഉൾപ്പെടുന്നു.

ദേശീയ പ്രാധാന്യമുള്ള സൈനിക്സ്കൂളും, ലക്ഷ്മീബായി നാഷണൽ കോളേജ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷനും (LNCPE), റീജിയണൽ വൊക്കേഷണൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (RVTI) എന്നിവയും കഴക്കൂട്ടം പഞ്ചായത്തിലെ വിദ്യാഭ്യാസ മണ്ഡലത്തിൻെറ മാറ്റു വർദ്ധിപ്പിക്കുന്നു.

ഇതിനു പുറമേ സ്വകാര്യ വ്യക്തികൾ നടത്തുന്ന സാങ്കേതിക പരിശീലനകേന്ദ്രങ്ങളും പാരലൽ കോളേജുകളും വിദ്യാഭ്യാസ പ്രവർത്തനങ്ങളെ സഹായിക്കുന്നു. ഓരോ സ്കൂളിൽ നിന്നും ശേഖരിച്ച വിവരങ്ങൾ ക്രോഡീകരിക്കുകയും പ്രത്യേകം പ്രത്യേകം പട്ടികകൾ തയ്യാറാക്കുകയും ചെയ്യത് ഇതോടൊപ്പം ചേർത്തിരിക്കുന്നു.

പട്ടിക 1:- ഇതിൽ ഓരോ വാർഡിൽ നിന്നും കുട്ടികൾക്ക് ഏറ്റവും അടുത്ത സ്കൂളിൽ പോകുന്നതിനുള്ള ശരാശരി ദൂരം കാണിച്ചിരിക്കുന്നു. മടവൂർപ്പാറ, കിഴക്കുംഭാഗം വാർഡുകളിലെ കൊച്ചു കുട്ടികൾക്ക് L.P.S ൽ പോയി പഠിക്കുന്നതിന് ശരാശരി 2കി.മി യാത്ര ചെയ്യേണ്ടിവരുന്നു. അതായത് ഒരു ദിവസം 4 കി.മീ. നടക്കേണ്ടിവരുന്നു. വാർഡിൻെറ അതിർത്തികളിൽ താമസിക്കുന്ന കുട്ടികൾക്ക് ദിവസവും ഏഴും എട്ടും കിലോമീറ്റർ യാത്ര ചെയ്യേണ്ടി വരുന്നു എന്ന സത്യം വിസ്മരിക്കാവതല്ല. തെക്കും ഭാഗം വാർഡിലെ കുട്ടികൾക്കും ഈ ബുദ്ധിമുട്ടുണ്ടെന്നു പട്ടിക തെളിയിക്കുന്നു.

കരിയിൽ, വടക്കുഭാഗം, തെക്കുംഭാഗം, സൈനിക്സ്കൂൾ, കിഴിക്കുംഭാഗം, മടവൂർപ്പാറ, ഉതിയറമൂല, മരുപ്പൻകോട് എന്നീ വാർഡുകളിൽ അധിവസിക്കുന്ന കുഞ്ഞുങ്ങൾക്ക് അപ്പർ പ്രൈമറി സ്കൂളിൽ പോയി പഠിക്കുന്നതിന് അങ്ങോട്ടുമിങ്ങോട്ടുമായി ശരാശരി 4 കി.മീ സഞ്ചരിക്കേണ്ടിയിരിക്കുന്നു. വാർഡ് അതിർത്തികളിൽ താമസിക്കുന്നവർക്ക് ഏഴും എട്ടും കിലോമീറ്റർ സഞ്ചരിക്കേണ്ടിവരുന്നു. ആലിനേറ, മടവൂർപാറ, ഉതിയറമൂല, മരുപ്പൻകോട് എന്നീ വാർഡുകളിലെ കുട്ടികൾക്ക് ഹൈസ്കൂളുകളിൽ പോകുന്നതിന് ശരാശരി 8 കി.മീ യാത്ര ചെയ്യേണ്ടി വരുന്നു.

പട്ടിക 2ൽ പഞ്ചായത്തിലെ ഓരോ സ്കൂളിലേയും കുട്ടികളുടെയും അദ്ധ്യാപകരുടെയും എണ്ണം കാണിച്ചിരിക്കുന്നു. കൂടാതെ കെട്ടിടങ്ങളുടെ എണ്ണം മുറികളുടെ എണ്ണം സ്കൂൾ നില്ക്കുന്ന സ്ഥലത്തിൻെറ വിസ്തീർണ്ണം, കളിസ്ഥലത്തിൻെറ വിസ്തീർണ്ണം ഷെഡ്യൂൾഡ് കാസ്റ്റ് കുട്ടികളുടെ എണ്ണം ഇവ വ്യക്തമായി കാണിച്ചിരിക്കുന്നു.

ഇതിൽ നിന്നും കഴക്കൂട്ടം പഞ്ചായത്തിലെ ഏക ഗവൺമെൻറ് ഹൈസ്കൂൾ ആയ കഴക്കൂട്ടം ഗവൺമെൻറ് ഹൈസ്കൂളിൽ കളിസ്ഥലം ഒട്ടുമേ ഇല്ല എന്ന ദു:ഖസത്യം മനസ്സിലാകുന്നു. ഗവൺമെൻറു സ്കൂളുകളെക്കാൾ അൺ എയ്ഡഡ് സ്കൂളുകളിലാണ് കുട്ടികൾ എണ്ണത്തിൽ മുന്നിൽ നില്ക്കുന്നത്. എന്നാൽ അൺ എയ്ഡഡ് സ്കൂളുകളിൽ ഷെഡ്യൂൾഡ് കാസ്റ്റ് കുട്ടികൾ വളരെ കുറവാണ്.

സ്കൂളിൻെറ ഭൗതിക സാഹചര്യങ്ങളെ കാണിക്കുന്ന കാര്യങ്ങളാണ് പട്ടിക 3ൽ കാണിച്ചിരിക്കുന്നത്. ഈ പട്ടിക ഗവൺമെൻറ് സ്കൂളുകളിൽ ഫർണിച്ചർ വളരെ കുറവാണെന്ന് സൂചിപ്പിക്കുന്നു. മറ്റുള്ള സാഹചര്യങ്ങൾ എല്ലാ സ്കൂളുകളിലും ഏറെക്കുറെ തൃപ്തികരമാണെന്നു പറയാം. ഉതിയറമൂല L.P.S ഒഴികെ മറ്റൊരു സ്കൂളിലും പാചകമുറികൾ ഇല്ല.

പട്ടിക 4 പഞ്ചായത്തിൽ ഈ വർഷം ഓരോ ക്ലാസ്സിലും പഠിച്ചുകൊണ്ടിരിക്കുന്ന കുട്ടികളുടെ എണ്ണവും അതിൽ പട്ടികജാതി പട്ടികവർഗ്ഗ കുട്ടികളുടെ എണ്ണവും കാണിച്ചിരിക്കുന്നു. ഗവൺമെൻറ് സ്കൂളുകളിൽ ഒന്നാം ക്ലാസ്സിലെ കുട്ടികളുടെ എണ്ണം കുറവാണെങ്കിൽപോലും അതാതു സ്കൂളിലെ ഉയർന്ന ക്ലാസ്സുകളിൽ എണ്ണം വർദ്ധിച്ചിരിക്കുന്നതായിക്കാണാം. എന്നാൽ അൺ എയ്ഡഡ് സ്കൂളുകളിലെ സ്ഥിതി തികച്ചും വ്യത്യസ്ഥമായി കാണുന്നു. പത്താം ക്ലാസ്സിൽ എത്തുന്നതോടെ അൺ എയ്ഡഡ് സ്കൂളുകളിൽ കുട്ടികൾ വളരെ കുറയുന്നതായി കാണാം. ശരിക്കും പഠനവിധേയമാക്കേണ്ട ഒരു വിഷയമാണിത്.

പട്ടിക 5ൽ സ്കൂളിൽ ആവശ്യമുളള കാര്യങ്ങൾ വ്യക്തമാക്കുന്നു. ഗവൺമെൻറ്, എയ്ഡഡ് സ്കൂളുകളിൽ അറ്റകുറ്റപണികൾ ആവശ്യമാണെന്നു കാണുന്നു. കിണർ ഇല്ലാത്ത ഒരു സ്കൂൾ സൈനിക് എൽ.പി.എസ് മാത്രമാണ്. അവിടുത്തെ കുടിവെളള പ്രശ്നം അത്യാവശ്യമായും പരിഹരിക്കണം.

പട്ടിക 6-ൽ SSLC വിജയശതമാനം സൂചിപ്പിക്കന്നു. കഴക്കൂട്ടം ഗവ:ഹൈസ്കൂളിൽ 1993-94ൽ മാത്രമാണ് 50%ൽ കൂടുതൽ വിജയ ശതമാനം കാണുന്നത്. അൺ എയ്ഡഡ് സ്കൂളുകളിൽ വിജയശതമാനം 100% ആണ്.

## പ്രശ്നങ്ങൾ, പരിഹാരങ്ങൾ

വിശേഷാൽ ഗ്രാമസഭകളിൽ ചർച്ചചെയ്ത് ഉരുത്തിരിഞ്ഞ പ്രശ്നങ്ങളും പരിഹാരനിർദ്ദേശങ്ങളും വാർഡുതലത്തിലും പഞ്ചായത്തു തലത്തിലും ക്രോഡീകരിച്ച്. ഏഴിൽ കൂടുതൽ വാർഡുകളിൽ കണ്ട ഒരേ സ്വഭാവമുളള പ്രശ്നങ്ങളെ പൊതു പ്രശ്നങ്ങളായി കണക്കാക്കിയിരിക്കുന്നു. അങ്ങനെ ക്രോഡീകരണത്തിൽ തെളിഞ്ഞുവന്ന പൊതു പ്രശ്നങ്ങൾക്ക് പ്രത്യേകം പ്രാധാന്യം കൊടുത്ത് ആദ്യം അവതരിപ്പിക്കുന്നു. ഇടതുവശത്തു പ്രശ്നങ്ങളും അതിനു നേരേ വലതുവശത്ത് അതിൻെറ പരിഹാരനിർദ്ദേശങ്ങളും നല്കിയിരിക്കുന്നു.

**പൊതുപ്രശ്നങ്ങളും പരിഹാരനിർദ്ദേശങ്ങളും:-**

| | *പ്രശ്നങ്ങൾ* | *പരിഹാര നിർദ്ദേശങ്ങൾ* |
|---|---|---|
| 1 | ഗവൺമെൻറ് സ്കൂളുകളിലും എയ്ഡഡ് സ്കൂളുകളിലും ഫർണിച്ചർ വേണ്ടത്രയില്ല. | 1. പഞ്ചായത്ത് അധീനതയിൽ ഏറ്റവും അനുയോജ്യമായ സ്ഥലത്ത് ഒരു ഫർണിച്ചർ നിർമ്മാണകേന്ദ്രം ആരംഭിക്കണം |
| . | ഉപയോഗശൂന്യമായ ഫർണിച്ചർ കേടുപാടുകൾ തീർക്കുന്നതിനുളള സൗകര്യമില്ല. | അവിടെ കാർപ്പൻററിയിൽ വേണ്ടത്ര പരിശീലനം സിദ്ധിച്ച തൊഴിൽ രഹിതരായ യുവജനങ്ങളെ നിയമിക്കുക.<br><br>കേന്ദ്രത്തിലെ ഫർണിച്ചർ നിർമ്മാണം ഒരു സ്ഥിരം പരിപാടി ആയിരിക്കണം.<br><br>പഞ്ചായത്തതിർത്തിയിലുളള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും ഇവിടെ നിന്നു മാത്രമേ ഫർണിച്ചർ വാങ്ങാൻ പാടുളളു.എന്ന് വ്യവസ്ഥ ചെയ്യണം.<br><br>അറ്റകുറ്റപണികൾ നടത്തുന്നതിന് സ്കൂളുകളുടെ ആവശ്യമനുസരിച്ച് ഇവിടെ നിന്നും പണിക്കാരെ അയച്ചു കൊടുക്കുകയും ജോലിയുടെ സ്വഭാവമനുസരിച്ച് തുക കേന്ദ്രത്തിലേക്ക് ഈടാക്കുകയും ചെയ്യുക.<br><br>ഗവൺമെൻറ് സ്കൂളുകളിൽ സബ്സിഡൈസ്ഡ് റേറ്റിൽ ഫർണിച്ചർ വിതരണം ചെയ്യുക.<br><br>N.B. ഇങ്ങനെ ഒരു കേന്ദ്രം പഞ്ചായത്തിൽ സ്ഥാപിച്ചാൽ അത് വ്യവസായ മേഖലക്കും ഒരു മുതൽ കൂട്ടായിരിക്കും. |
| 2. | വാർഡുകളിൽ സാക്ഷരതാപ്രവർത്തനം നടക്കുന്നില്ല | വാർഡുതലത്തിൽ ആവശ്യാനുസരണം അക്ഷര-അക്ക ക്ലാസ്സുകൾ സംഘടിപ്പിക്കുക. |

വാർഡുതലത്തിൽ തുടർ വിദ്യാഭ്യാസ പദ്ധതി ആസൂത്രണം ചെയ്യുക.

ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക. ഗ്രൂപ്പ് ചർച്ചകളിലൂടെ പ്രശ്നങ്ങൾ പരിഹരിക്കുക

മേല്പറഞ്ഞ പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സാങ്കേതിക പ്രോത്സാഹനം നല്കുക.

3. സ്കൂൾ നിലവാരം മെച്ചമല്ല.

ഓരോ സ്കൂളിലും P.T.A പ്രവർത്തനം സജീവവും കാര്യക്ഷമവും ആക്കുക.

പഞ്ചായത്തുതല സ്കൂൾ കോംപ്ലക്സ് സംഘടിപ്പിക്കുക.

പഠനം രസപ്രദമാക്കുന്നതിന് അദ്ധ്യാപകർക്ക് കാലാകാലങ്ങളിൽ ആവശ്യമായ പരിശീലനങ്ങൾ നല്കുക.

ഓരോ സ്കൂളിലും ആവശ്യമായ പഠനോപകരണങ്ങൾ വിതരണം ചെയ്യുക.

അദ്ധ്യാപകരുടെ പുതിയ നിയമനം- സ്ഥലംമാറ്റം ഇവ ആവശ്യാനുസരണം യഥാസമയം നടത്തുക.

ലാബറട്ടറി പ്രവർത്തനം കാര്യക്ഷമമാക്കുക.

പഠനോപകരണങ്ങളുടെ ഉപയോഗം വേണ്ടിടത്ത് വേണ്ടപ്പോൾ നടക്കുന്നുണ്ടോ എന്ന് പരിശോധിക്കുക.

പഞ്ചായത്തിലുളള എല്ലാ സ്കൂളുകളിലെയും അക്കാഡമിക് പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും ആധികാരികമായ നിർദ്ദേശങ്ങൾ നല്കുന്നതിനും യോഗ്യനായ ഒരു സീനിയർ ഗ്രേഡ് ഉദ്യോഗസ്ഥനെ വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിൽ നിന്നും നിയമിക്കുക.

സൂപ്പർവൈസ് ചെയ്യുന്ന അദ്ധ്യാപകൻെറ ചുമതല താഴെ പറയുന്നവ ആയിരിക്കട്ടെ.

അദ്ധ്യാപകരുടെ ക്ലാസ്, എല്ലാത്തരം റിട്ടൺ വർക്കുകൾ, പഠനോപകരണങ്ങളുടെ ഉപയോഗം ഇവ നിരീക്ഷണ വിധേയമാക്കുക.

പഠന തലത്തിലുണ്ടാകുന്ന ഗുണങ്ങളും ദോഷങ്ങളും അടങ്ങുന്ന ഡയറിക്കുറിപ്പ് അതതു സ്കൂളിലെ ഹെഡ്മാസ്റ്ററുടെ അറിവോടെ പഞ്ചായത്തിലും ഡിപ്പാർട്ടുമെൻറിലെ ബന്ധപ്പെട്ട ഒരു മേലുദ്യോഗസ്ഥനും നല്കുക.

| | | |
|---|---|---|
| | | സൂപ്പർവൈസർ ഒരു മാസത്തിൽ കുറഞ്ഞത് രണ്ടു പ്രാവശ്യമെങ്കിലും ഓരോ സ്കൂളിലും സന്ദർശിക്കുകയും സന്ദർശനദിവസം മുഴുവൻ സമയവും ആ സ്കൂളിൽ ചെലവഴിക്കുകയും വേണം. |
| 4. | കഴക്കൂട്ടം ഗവൺമെൻറ് ഹൈസ്കൂളിൽ നിന്നും എൽ.പി. വിഭാഗം വേർതിരിക്കുക. | കഴക്കൂട്ടം ഗവൺമെൻറ് സ്കൂളിനു സമീപം എൽ.പി.എസ് ന് ആവശ്യമുള്ള സ്ഥലം അക്വയർ ചെയ്ത് ഒരു കെട്ടിടം കെട്ടി എൽ.പി. എസ് അങ്ങോട്ടു മാറ്റുക. |
| 5. | വിദ്യാർത്ഥികളുടെ ആരോഗ്യനില തൃപ്തികരമാണോ അല്ലയോ എന്നറിയാൻ മാർഗ്ഗങ്ങളില്ല. | എൽ.പി. വിഭാഗത്തിലെ കുട്ടികളെ രണ്ടു മാസത്തിലൊരിക്കൽ വൈദ്യപരിശോധനയ്ക്ക് വിധേയരാക്കുക.<br><br>അസുഖങ്ങളുള്ള കുട്ടികളെ തുടർ ചികിത്സ നടത്തുന്നതിനുള്ള സൗകര്യം ചെയ്യുക.<br><br>സ്കൂളിനു സമീപം അത്തരം മെഡിക്കൽ യൂണിറ്റുകൾ സ്ഥാപിക്കുക.<br><br>നിലവിലുള്ള സ്കൂൾ ഹെൽത്ത് പ്രോഗ്രാം കാര്യക്ഷമമായി നടത്തുക. |
| 6. | വരുമാനം കുറഞ്ഞ കുട്ടികൾക്ക് പഠനോപകരണങ്ങൾ, യൂണിഫോം എന്നിവ വിലയ്ക്കു വാങ്ങാൻ ബുദ്ധിമുട്ടനുഭവപ്പെടുന്നു. | ഒരു മാനദണ്ഡത്തിൻെറ അടിസ്ഥാനത്തിൽ സൗജന്യ പഠനോപകരണങ്ങൾ യൂണിഫോം ഇവ ലഭിക്കേണ്ട കുട്ടികളുടെ ഒരു ലിസ്റ്റ് പഞ്ചായത്തു തലത്തിൽ തയ്യാറാക്കുക.<br><br>ഇവരുടെ പഠനോപകരണങ്ങൾക്കും യൂണിഫോമിനും വേണ്ടിവരുന്ന തുക കണക്കാക്കി ആതുക-വ്യക്തികൾ, പ്രസ്ഥാനങ്ങൾ, സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെ സംഭരിക്കുകയും സാധനങ്ങൾ വാങ്ങി ഓരോ സ്കൂളിലും യഥാസമയം എത്തിച്ചുകൊടുക്കുകയും ചെയ്യുക. |
| 7 | യു.പി.വിഭാഗത്തിലെ കുട്ടികളിൽ ഭൂരിഭാഗം പേരും ഉച്ചയ്ക്ക് ആഹാരമില്ലാതെ വിഷമിക്കുന്നു. | അപ്പർ പ്രൈമറിതലംവരെയുള്ള മുഴുവൻ കുട്ടികൾക്കും ഉച്ചഭക്ഷണം നല്കുക.<br><br>ഇതിനു വേണ്ട ധനം പഞ്ചായത്തു ബഡ്ജറ്റിൽ ഉൾപ്പെടുത്തുക.<br><br>ഒരു നിശ്ചിത തുകയിൽ കൂടുതൽ വരുമാനമുള്ള രക്ഷകർത്താക്കളിൽ നിന്നും കിട്ടാവുന്നിടത്തോളം തുക ഇതിനുവേണ്ടി സംഭരിക്കുക. |
| 8 | സ്കൂളുകളിൽ ഭൗതിക സൗകര്യങ്ങൾ മെച്ചമല്ല | കെട്ടിടം കോമ്പൗണ്ട്‌വാൾ, പാചകപ്പുര, കളിസ്ഥലം, സാനിട്ടറി സൗകര്യങ്ങൾ ഇവ പഞ്ചാ- |

യത്തിലെ എല്ലാ ഗവൺമെൻറു സ്കൂളുകളിലും ആവശ്യമാണ്. ആവശ്യങ്ങൾ പരിഗണിച്ച് ഇത്തരം ഭൗതിക സാഹചര്യങ്ങൾ ചെയ്തു കൊടുക്കുക.

വിദ്യാഭ്യാസ കമ്മറ്റിയുടെ കീഴിലുള്ള ഒരു സബ്കമ്മറ്റി ഭൗതിക സൗകര്യങ്ങളെക്കുറിച്ച് പഠിച്ച് അതതു സ്കൂളിലെ പി.ടി.എ, സ്കൂൾകമ്മറ്റി എന്നിവയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുക.

9. മഠവൂർപ്പാറ, കിഴക്കുംഭാഗം, തെക്കുംഭാഗം എന്നീ വാർഡുകളിലെ കുട്ടികൾക്ക് ആറേഴു കിലോമീറ്റർ യാത്ര ചെയ്താൽ മാത്രമേ എൽ.പി. യു.പി. സ്കൂളുകളിൽ പോയി പഠിക്കാൻ സാധിക്കുകയുള്ളു. പ്രീപ്രൈമറി സ്കൂൾ ഇല്ലാത്തതും കുട്ടികൾക്ക് ബുദ്ധിമുട്ടാണ്.

മടവൂർപ്പാറ വാർഡിൽ കല്ലടിച്ചവിളയ്ക്കുംമിസ്വാമിയാർ മഠത്തിനുമിടയിൽ ഒരു എൽ.പി. എസ് (ലോവർപ്രൈമറി സ്കൂൾ) അടിയന്തിരമായിസ്ഥാപിക്കണം.

സ്കൂൾ നിർമ്മാണത്തിൽ പൊതുജന പങ്കാളിത്തത്തോടെയുള്ള പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നല്കണം.
യൂണിവേഴ്സിറ്റി കാമ്പസിനകത്തു തന്നെ ബോട്ടണി ബ്ലോക്കിൻെറ വടക്കുപടിഞ്ഞാറേ മൂലയിൽ LNCPEയ്ക്ക് പടിഞ്ഞാറു വശത്തായി- തെക്കുംഭാഗം വാർഡിൽ ധാരാളം സ്ഥലം വെറുതെ കിടക്കുന്നു. അതിൽ നിന്നും 1 ഏക്കർ സ്ഥലം അക്വയർ ചെയ്ത് അവിടെ ഒരു എൽ.പി.എസ് സ്ഥാപിക്കണം.

ഈ ഭാഗത്ത് എൽ.പി.എസ് സ്ഥാപിച്ചാൽ കിഴക്കും ഭാഗം വാർഡിലെ കുട്ടികൾക്കും തെക്കും ഭാഗം വാർഡിലെ കുട്ടികൾക്കും വളരെ ദൂരം യാത്ര ചെയ്യാതെ വന്നു പോയി പഠിക്കാൻ സാധിക്കും. രണ്ടു വാർഡുകളിലെയും പ്രശ്നം പരിഹരിക്കാൻ സാധിക്കും.

ഇവിടുത്തെയും കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളിൽ പൊതുജനപങ്കാളിത്തം ഉണ്ടായിരിക്കണം.

ഇവിടെ പ്രീപ്രൈമറിയ്ക്കു വേണ്ട സൗകര്യങ്ങൾ കൂടി ചെയ്യേണ്ടതാണ്.

10. കഴക്കൂട്ടം പഞ്ചായത്തിൽ നിന്നും പത്താം ക്ലാസ്, പ്രീഡിഗ്രി, എന്നീ ക്ലാസ്സുകൾ ജയിച്ചു കഴിഞ്ഞ കുട്ടികൾക്ക് തുടർന്ന് സാങ്കേതിക പരിശീലനത്തിനുള്ള സൗകര്യം ഇല്ല. അതിൻെറ ഫലമായി തൊഴിലില്ലായ്മ രൂക്ഷമാകുന്നു.

കഴക്കൂട്ടം പഞ്ചായത്തിൽ ഒരു പോളിടെക്നിക് സ്ഥാപിക്കുക എന്നതാണ് ഇതിനുള്ള ഏക പരിഹാരമാർഗ്ഗം.

യൂണിവേഴ്സിറ്റി കാമ്പസിനുള്ളിൽ ഉപയോഗമില്ലാതെ കിടക്കുന്ന ഏക്കറുകണക്കിന് ഭൂമിയിൽ നിന്നും ആവശ്യമായ സ്ഥലം അക്വയർ ചെയ്ത് അവിടെ പോളിടെക്നിക് സ്ഥാപിക്കുക.

| | | |
|---|---|---|
| | | ഇതിന്റെ എല്ലാ പ്രവർത്തനങ്ങളിലും ജനപങ്കാളിത്തം ഉറപ്പു വരുത്തണം. |
| 11. | കേന്ദ്രഗവൺമെന്റ് പദ്ധതിപ്രകാരമുള്ള റസിഡൻഷ്യൽ സ്കൂൾ ഇല്ല. | കേന്ദ്രഗവൺമെന്റ് പദ്ധതിപ്രകാരമുള്ള റസിഡൻഷ്യൽ സ്കൂൾ സ്ഥാപിക്കണം. മരുപ്പൻകോട് വാർഡിൽ ഇതിന് അനുയോജ്യമായ സ്ഥലം ഉണ്ട്. |
| 12. | B.Ed. Centreന്റെ അഭാവം | കഴക്കൂട്ടം ഗവ:ഹൈസ്കൂളിൽ കേരളായൂണിവേഴ്സിറ്റിയുടെ B.Ed. Centre സ്ഥാപിക്കണം. |
| 13. | ഗവൺമെന്റ് സ്കൂളിലെ SSLC വിജയശതമാനം മെച്ചമല്ല. മറ്റു ക്ലാസുകളിലെ പഠനനിലവാരവും മെച്ചമല്ല. | 10-ാം ക്ലാസിൽ പഠിക്കുന്ന നിലവാരം കുറഞ്ഞ കുട്ടികളെ കണ്ടെത്തുക.<br><br>അവർക്ക് രാവിലെയോ വൈകുന്നേരമോ പ്രത്യേകം സമയം കണ്ടെത്തി ട്യൂഷൻ നല്കുക.<br><br>ക്ലാസ് എടുക്കുന്നതിന് വിദ്യാസമ്പന്നരും ത്യാഗശീലരുമായ യുവജനങ്ങളെ ഉപയോഗിക്കുക. അവർക്ക് രക്ഷാകർത്താക്കളുടെയും പഞ്ചായത്തിന്റെയും കൂട്ടായ സഹകരണത്തോടെ ചെറിയ സാമ്പത്തിക സഹായം നല്കുക.<br><br>കുട്ടികളെ പഠിപ്പിക്കാൻ യോഗ്യതയും താല്പര്യമുള്ള യുവജനങ്ങളെ ഇൻറർവ്യൂ നടത്തി പഞ്ചായത്തു തലത്തിൽ ഒരു ലിസ്റ്റ് തയ്യാറാക്കുക. |

| | വാർഡുതല പ്രശ്നങ്ങൾ | പരിഹാര നിർദ്ദേശങ്ങൾ |
|---|---|---|
| 1. | സെന്റ് ആൻറണീസ് LPSന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചമല്ല. കൂടാതെ Std. IV-ൽ നിന്നും വിജയിക്കുന്ന കുട്ടികൾക്ക് അവിടെ തുടർന്നു പഠിക്കാൻ സാധിക്കുന്നില്ല. | വിദ്യാഭ്യാസകമ്മറ്റി സ്കൂൾ മാനേജരെകണ്ട് ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നല്കുക.<br><br>സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്നതിനുവേണ്ട ഏർപ്പാടുകൾ ചെയ്യുക. |
| 2. | ഉതിയറമൂല LPSൽ പഠിക്കുന്ന കുട്ടികൾക്ക് തുടർന്ന് അഞ്ചാം ക്ലാസ് മുതൽ അവിടെ പഠിക്കാൻ സാധിക്കുന്നില്ല. UPSൽ പോകുന്നതിന് കൂടുതൽ ദൂരം യാത്ര ചെയ്യേണ്ടി വരുന്നു. | ഉതിയറമൂല LPS നെ UPS ആയി അപ്ഗ്രേഡ് ചെയ്യണം.<br><br>ഇതിന് ആവശ്യമുള്ള സ്ഥലം ഇപ്പോൾ തന്നെ ഉണ്ട്.<br><br>ഇതിനു വേണ്ടിവരുന്ന ഏതു തരത്തിലുള്ള ജനപങ്കാളിത്തവും ഈ വാർഡിൽ നിന്നും ഉറപ്പാണ്. |
| 3. | കാട്ടായിക്കോണം UPSൽ നിന്നും ജയിക്കുന്ന കുട്ടികൾക്ക് അങ്ങോട്ടുമിങ്ങോട്ടുംകൂടി 8 Km.ൽ കൂടുതൽ യാത്ര ചെയ്താൽ മാത്രമേ ഹൈസ്- | ജനപങ്കാളിത്തത്തോടെ കാട്ടായിക്കോണത്ത് ഒരു ഹൈസ്കൂൾ സ്ഥാപിക്കണം.<br><br>കാട്ടയിക്കോണത്ത് ഇപ്പോൾ നിലവിലുള്ള |

| | | |
|---|---|---|
| | സ്കൂൾ പഠനം സാധിക്കുന്നുള്ളൂ. | UPS-നെ ഹൈസ്കൂൾ ആയി അപ്ഗ്രേഡ് ചെയ്യണം. |
| 4. | ഉതിയറമൂലയിലെയും മരുപ്പൻകോടിലെയും കുട്ടികൾക്ക് ഹൈസ്കൂളിൽ പോകുന്നതിന് 8Kmൽ അധികം യാത്ര ചെയ്യേണ്ടിയിരിക്കുന്നു. | നരിക്കൽ എന്ന സ്ഥലത്ത് സ്കൂളിന് ആവശ്യമുള്ള സ്ഥലം അക്വയർ ചെയ്യണം.<br>ചെലവിൽ ഒരു ഭാഗം വിഭവസമാഹരണത്തിലൂടെ സംഭരിക്കാം.<br>ജനപങ്കാളിത്തത്തോടെ ഉതിയറ മൂലയിൽ ഒരു ഹൈസ്കൂൾ സ്ഥാപിക്കണം.<br>*താഴെപറയുന്ന വാർഡുകളിൽ നഴ്സറി സ്കൂൾ സ്ഥാപിക്കണം. അവിടെ നഴ്സറി ടീച്ചറിനെയും ആയയെയും നിയമിക്കണം.*<br>സൈനിക് സ്കൂൾ വാർഡിൽ ആമ്പല്ലൂർ, പാട്ടുവിളാകം വാർഡിൽ ഉള്ളൂർക്കോണം എന്ന സ്ഥലത്തും ഉതിയറമൂലവാർഡിൽ സൗകര്യമായ സ്ഥലത്തും. |
| 5. | പഞ്ചായത്തിലെ പല വാർഡുകളിലും നഴ്സറി സ്കൂളുകൾ ഇല്ല. | തുണ്ടത്തിൽ വാർഡിൽ സൗകാര്യമയ സ്ഥലത്ത്.<br>മരുപ്പൻകോട് വാർഡിൽ ചാരുവിള കോളനിയിൽ.<br>ആലിനേറ വാർഡിൽ മങ്ങാട്ടുകോണത്ത്.<br>കിഴക്കുംഭാഗം വാർഡിൽ പെരുമൺചിറയിൽ |
| 6. | പ്രീപ്രൈമറിസ്കൂളിൻെറ അഭാവം | കഴക്കൂട്ടം പഞ്ചായത്തിൽ താഴെപ്പറയുന്ന<br>സ്കൂളുകളിൽ പ്രീപ്രൈമറിസ്കൂൾ സ്ഥാപിക്കുക.<br>കഴക്കൂട്ടം HSനോട് ചേർന്ന LPSൽ പ്രീ പ്രൈമറി സ്കൂൾ സ്ഥാപിക്കണം. (ടൗൺ വാർഡ്) വടക്കുംഭാഗം വാർഡിൽ സെൻറ് ആൻറണീസ് LPSൽ |
| 7. | അംഗനവാടികളുടെ കുറവ് | താഴെപ്പറയുന്ന വാർഡുകളിൽ അംഗനവാടികൾ തുടങ്ങണം.<br>കിഴക്കുംഭാഗം വാർഡിൽ ഇലിപ്പക്കുഴി, പോങ്ങറ ഉള്ളൂർക്കോണം, കട്ടവിള എന്നിവിടങ്ങളിൽ<br>മടവൂർപ്പാറ വാർഡിൽ ഇടവനക്കോണത്ത്<br>വടക്കും ഭാഗം വാർഡിൽ രണ്ട് അംഗനവാടികൾ. |
| 8. | P.T മിനിയലിൻെറ കുറവ് | ഉതിയറമൂല LPSൽ PT മിനിയലിനെ നിയമിക്കുക. |

| | | |
|---|---|---|
| 9. | സ്കൂളിലേയ്ക്ക് യാത്രാ സൗകര്യം ഇല്ല. | ഉതിയറമൂല സ്കൂളിലേക്കുള്ള യാത്രാ സൗകര്യം മെച്ചപ്പെടുത്തണം. |
| 10. | ചെണ്ട, മദ്ദളം, ഹാർമോണിയം മുതലായവ പഠിപ്പിക്കുന്നതിന് ആളില്ല. | ഉതിയറമൂല LPSൽ ചെണ്ട, മദ്ദളം, ഹാർമോണിയം ഇവ പഠിപ്പിക്കുന്നതിന് ക്ലബ്ബിംഗ് അടിസ്ഥാനത്തിൽ ഒരു അദ്ധ്യാപകനെ നിയമിക്കണം. |
| 11. | ഒരു അദ്ധ്യാപികയും ആയയും താല്ക്കാലികം. | വാഴവിള പഞ്ചായത്തു നഴ്സറിയിൽ ഒരു ആയയെയും ആദ്ധ്യാപികയെയും സ്ഥിരമായി നിയമിക്കുക. |
| 12. | പ്രീ പ്രൈമറിസ്കൂളിൽ ടീച്ചറില്ല. | കാട്ടായിക്കോണം UPS നോട് ചേർന്നു പ്രവർത്തിക്കുന്ന പ്രീ പ്രൈമറിക്ലാസ്സിലേക്ക് ഒരു അദ്ധ്യാപികയെ നിയമിക്കണം. |
| 13. | കുടിവെള്ള ക്ഷാമം. | സൈനിക് LPSൽ കുടിവെള്ളം സുലഭമാക്കണം. കിണർകുഴിച്ച് കുടിവെള്ളം ലഭ്യമാക്കണം<br>or<br>പൈപ്പ്ലൈൻ LPS ലേയ്ക്ക് നീട്ടി കുടിവെള്ളം ലഭ്യമാക്കണം. |
| 14. | കോ–ഓപ്പറേറ്റീവ് സൊസൈറ്റി ഇല്ല | ചന്തവിള UPSൽ ഒരു സ്കൂൾ കോ–ഓപ്പറേറ്റീവ് സൊസൈറ്റി സ്ഥാപിക്കണം. |
| 15. | സാങ്കേതിക വിദ്യാഭ്യാസ സൗകര്യങ്ങൾ ഇല്ല | കഴക്കൂട്ടം ഗവ:ഹൈസ്കൂളിൽ വൊക്കേഷണൽ ഹയർ സെക്കൻററി ഏർപ്പെടുത്തി ആവശ്യമുള്ള ട്രേഡുകൾ തുടങ്ങണം. |
| 16. | ഹൈസ്കൂളിൽ പഠിച്ചു കൊണ്ടിരിക്കുന്ന കുട്ടികൾക്ക് ഭാവിയിൽ തിരഞ്ഞെടുക്കേണ്ട ജോലിയെക്കുറിച്ച് യാതൊരു അറിവും ഇല്ല. | പഞ്ചായത്തു തലത്തിൽ ഒരു കരിയർ ഗൈഡൻസ് സെൻറർ സ്ഥാപിക്കണം.<br>ഇതിനു വേണ്ടി പഞ്ചായത്തുതല പ്രവർത്തകസമിതി രൂപീകരിക്കുക.<br>ഇതിൻെറ പ്രവർത്തനം കഴക്കൂട്ടം HS നോട് ചേർന്ന് ആയിരിക്കണം.<br>യൂണിവേഴ്സിറ്റികാമ്പസിലെ വിദഗ്ദരുടെ സേവനം ആവശ്യപ്പെടാവുന്നതാണ്.<br>ഇതിൻെറ പ്രവർത്തകസമിതി കൂടുന്നതിന് പഞ്ചായത്താഫീസിൽ സ്ഥലം നൽകണം. |
| 17. | കഴക്കൂട്ടം വനിത ഐ.റ്റി.ഐയ്ക്ക് സ്വന്തമായി കെട്ടിടം ഇല്ല. | വനിത ഐ.റ്റി.ഐയ്ക്കു വേണ്ടി അക്വയർ ചെയ്ത സ്ഥലത്ത് ഉടൻതന്നെ കെട്ടിടങ്ങൾ നിർമ്മിച്ച് അവിടെ ക്ലാസ്സുകൾ ആരംഭിക്കണം.<br>വനിതകൾക്കായിട്ടുള്ള പുതിയ ട്രേഡുകൾ കഴക്കൂട്ടം വനിത ഐ.റ്റി.ഐൽ തുടങ്ങണം. TRYSM ഉൾപ്പെടുത്തുക. |

| | | |
|---|---|---|
| 19. | പെൺകുട്ടികൾക്ക് താമസിക്കുന്നതിന് ഹോസ്റ്റൽ ഇല്ല. | വനിത ഐ.ടി.ഐലെ പെൺകുട്ടികൾക്കു താമസിക്കുന്നതിന് ഇൻസ്റ്റിറ്റൂട്ടിനു സമീപം ഒരു വനിത ഹോസ്റ്റൽ നിർമ്മിക്കുക. |
| 20. | ടെക്നിക്കൽ ഹൈസ്കൂൾ ഇല്ല | കഴക്കൂട്ടം പഞ്ചായത്തിൽ ഒരു ടെക്നിക്കൽ ഹൈസ്കൂൾ അനുവദിച്ച് കെട്ടിടങ്ങൾ കെട്ടി പ്രവർത്തിക്കുക. |
| 21. | RVTIൽ കേരളത്തിൻെറ നാനാഭാഗങ്ങളിൽ നിന്നുമുള്ള പെൺകുട്ടികൾ പഠിക്കുന്നു. അവർക്ക് താമസ സൗകര്യമില്ല. അനുവദിക്കപ്പെട്ട ട്രയിഡുകൾ നടക്കുന്നില്ല. അവശ്യം വേണ്ട ട്രയ്ഡുകൾ ഇനിയും അനുവദിച്ചിട്ടില്ല. | ഒരു ലേഡീസ് ഹോസ്റ്റൽ ഒട്ടും താമസിയാതെ നിർമ്മിക്കുക.<br><br>ഹെയർ ആൻറ് സ്കിൻ കെയർ-തുടങ്ങിയ അനുവദിക്കപ്പെട്ട കോഴ്സുകൾക്ക് വേണ്ടത്ര അദ്ധ്യാപകരെ നയമിക്കുക.<br><br>പുതിയ ട്രയിഡുകൾ അനുവദിക്കുക. |



ശതാബ്ദി ആഘോഷിക്കുവാൻ ഒരുങ്ങുന്ന
കഴക്കൂട്ടം ഗവ:ഹൈസ്കൂൾ

## പട്ടിക - 1

ഓരോ വാർഡിൽ നിന്നും സ്കൂളുകളിലേയ്ക്കുള്ള ശരാശരി ദൂരം

| വാർഡ് | LPSലേയ്ക്കുള്ള ശരാശരി ദൂരം | UPS ലേയ്ക്കുള്ള ശരാശരി ദൂരം | HS ലേയ്ക്കുള്ള ശരാശരി ദൂരം |
|---|---|---|---|
| 1. കരിയിൽ | 1½ Km | 2 Km | 2 Km |
| 2. ഠൗൺ | 1 Km | 1 Km | 1 Km |
| 3. തെക്കുംഭാഗം | 1½ Km | 1½ Km | 1½ Km |
| 4. വടക്കുംഭാഗം | 1 Km | 2 Km | 2 Km |
| 5. സൈനികസ്കൂൾ | 1 Km | 2 Km | 2 Km |
| 6. കിഴക്കുംഭാഗം | 3 Km | 3 Km | 3 Km |
| 7. പാട്ടുവിളാകം | 1 Km | 1 Km | 3 Km |
| 8. ആലിന്നേറ | 1 Km | 1 Km | 4 Km |
| 9. മടവൂർപാറ | 2 Km | 2 Km | 4 Km |
| 10. ഉതിയറമൂല | 1 Km | 1½ Km | 4 Km |
| 11. മരുപ്പൻകോട് | ½ Km | 2 Km | 4 Km |
| 12. തുണ്ടത്തിൽ | 1 Km | 1 Km | 1 Km |

പട്ടിക - 2

## കഴക്കൂട്ടം ഗ്രാമപഞ്ചായത്ത് - സ്കൂളുകൾ അദ്ധ്യാപകർ-വിദ്യാർത്ഥികൾ-സ്ഥലം-കെട്ടിടം ഇവയെ സംബന്ധിച്ച്

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | വിദ്യാർത്ഥികളുടെ എണ്ണം ആൺ | പെൺ | ആകെ | അദ്ധ്യാപകരുടെ എണ്ണം പുരു | സ്ത്രീ | ആകെ | കാമ്പസ് വിസ്തീർണ്ണം | കളിസ്ഥലം വിസ്തീർണ്ണം | കെട്ടിടങ്ങളുടെ എണ്ണം | | | മുറികളുടെ എണ്ണം | | | SC/ST കുട്ടികൾ | | | സ്കൂളിന്റെ ഉടമസ്ഥത | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | സ്ഥിരം | അസ്ഥിരം | താല്ക്കാലികം | സ്ഥിരം | അസ്ഥിരം | താല്ക്കാലികം | ആൺ | പെൺ | ആകെ | സർക്കാർ | എയ്ഡഡ് | അൺ എയ്ഡഡ് |
| 1 | ഗവ:ഹൈസ്കൂൾ കഴക്കൂട്ടം | 643 | 564 | 1207 | 7 | 40 | 47 | 1.5 Acre | Nil | 5 | 1 | 1 | 28 | | | 183 | 130 | 313 | Govt | - | - |
| 2 | ഗവ:യു.പി.എസ് കാട്ടായിക്കോണം | 364 | 331 | 695 | 4 | 19 | 23 | 1.5 Acre | 50സെന്റ് | 2 | - | - | 14 | - | - | 30 | 41 | 71 | Govt | - | - |
| 3 | ഗവ:യു.പി.എസ് ചന്തവിള | 196 | 195 | 391 | 2 | 13 | 15 | 1 Acre 26 Cent | 30സെന്റ് | 2 | 1 | - | 12 | 3 | - | 28 | 23 | 51 | Govt | - | - |
| 4 | എൽ.പി.എസ് ഉതിയറമൂല | 57 | 50 | 107 | 0 | 5 | 5 | 1 Acre | 50സെന്റ് | 2 | 1 | 1 | 3 | 4 | 1 | 6 | 2 | 8 | Govt | - | - |
| 5 | സൈനിക് എൽ.പി.എസ് കഴക്കൂട്ടം | 96 | 80 | 176 | 2 | 3 | 5 | 1.5 Acre | 50സെന്റ് | 1 | - | - | 6 | - | - | 19 | 10 | 29 | - | Aided | - |
| 6 | അൽ ഉദുമൻ ഇംഗ്ലീഷ് മീഡിയം റസിഡൻഷ്യൽ സ്കൂൾ കഴക്കൂട്ടം | 1344 | 961 | 2305 | 8 | 80 | 88 | 6 Acre 15 Cent | - - | 3 | - | - | 81 | - | - | - | - | - | - | | Unaided |
| 7 | നീലകണ്ഠ വിദ്യാപീഠം, ചേങ്കോട്ടുകോണം | 241 | 168 | 409 | 2 | 20 | 22 | 3 Acre | 1 ഏക്കർ | 2 | 2 | - | 10 | 10 | - | 3 | 2 | 5 | - | - | Unaided |
| 8 | സെന്റ് ആൻറണീസ് എൽ.പി.എസ് കഴക്കൂട്ടം | 175 | 181 | 356 | 2 | 9 | 110 | 2.25 Acre | - - | 2 | 1 | - | 13 | 1 | - | 34 | 39 | 73 | - | Aided | - |
| 9 | അലൻ ഫെൽഡ്മാൻ ഇംഗ്ലീഷ് സ്കൂൾ കഴക്കൂട്ടം | 100 | 76 | 176 | 2 | 10 | 12 | 2. Acre | 1.5 ഏക്കർ | 2 | 1 | - | 17 | - | - | - | 1 | 1 | - | 1 | Unaided |
| 10 | എസ്.എൻ പബ്ലിക് സ്കൂൾ | 117 | 85 | 202 | 2 | 9 | 11 | 4 Acre | 2 ഏക്കർ | 2 | - | - | 10 | - | - | 3 | 2 | 5 | - | - | Unaided |
| | ആകെ | 3323 | 2691 | 5924 | 31 | 208 | 239 | 24 Acre | 6 Acre | 23 | 7 | 2 | 194 | 18 | 1 | 306 | 290 | 556 | 4 | 2 | 4 |

# പട്ടിക -3

## കഴക്കൂട്ടം ഗ്രാമപഞ്ചായത്ത് - ഭൗതിക സൗകര്യങ്ങൾ

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | ആകെ ഡിവിഷനുകളുടെ എണ്ണം | ഉള്ള മുറികളുടെ എണ്ണം | | | ആവശ്യമുള്ള മുറികളുടെ എണ്ണം | നിലവിലുള്ള മൂത്രപ്പുരകളുടെ എണ്ണം | മൂത്രപ്പുര ഒരേ സമയം എത്ര കുട്ടികൾക്ക് ഉപയോഗിക്കാം | ഇനി ആവശ്യമുള്ള മൂത്രപ്പുരകൾ | നിലവിലുള്ള കക്കൂസ് | ആവശ്യമുള്ള കക്കൂസ് | കിണർ നിലവിലുള്ളത് | ആവശ്യമുള്ള കിണർ | പമ്പ്സെറ്റ് | ആവശ്യമുള്ള പമ്പ്സെറ്റ് | വൈദ്യുതി | പാചകപ്പുര നിലവിലുള്ളത് | ആവശ്യമുള്ള പാചകപ്പുര | ഇനി ആവശ്യമുള്ള ഫർണിച്ചർ | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | സ്ഥിരം | അർദ്ധ സ്ഥിരം | താൽക്കാലികം | | | | | | | | | | | | | | ഡെസ്ക് | ബെഞ്ച് | മേശ | കസേര | അലമാര | ബുക്ക് [illegible] |
| 1 | ഗവ:ഹൈസ്കൂൾ കഴക്കൂട്ടം | 32 | 28 | | - | 5 | 3 | 10 | 2 | 1 | 1 | X | 1 | 1 | 1 | ✓ | ഇല്ല | 1 | 126 | 238 | 22+3 | 19+5 | 1 | - |
| 2 | ഗവ:യു.പി.എസ്, കാട്ടായിക്കോണം | 18 | 14 | - | - | 10 | 2 | 12 | 2 | 1 | 1 | 1 | - | - | 1 | ✓ | ഇല്ല | 1 | 80 | 25 | 10+2 | 15+5 | 2 | - |
| 3 | ഗവ:യു.പി.എസ്, പന്തവിള | 12 | 7 | - | - | 7 | 2 | 10 | 2 | 1 | 1 | 1 | - | - | 1 | ✓ | ഇല്ല | 1 | 25 | 30 | 10+3 | 15+13 | 2 | - |
| 4 | ഉതിയറമൂല എൽ.പി.എസ് | 4 | 3 | 4 | 1 | - | 1 | 5 | 2 | 1 | | 1 | - | - | 1 | | 1 | - | - | - | - | - | - | - |
| 5 | ചൈതന്യ എൽ.പി.എസ് കഴക്കൂട്ടം | 5 | 6 | | - | 2 | Nil | - | 2 | Nil | 1 | 1 | - | 1 | - | ✓ | ഇല്ല | 1 | 12 | 6 | 6+1 | 6 | 1 | - |
| 6 | അൽഉതുമാൻ ഇംഗ്ലീഷ് മീഡിയം റസിഡൻഷ്യൽ ഹയർ സെക്കൻററി സ്കൂൾ | 46 | 81 | - | - | Nil | - | - | - | 19 | | 1 | - | 1 | - | ✓ | | - | - | - | - | - | - | - |
| 7 | ശ്രീ നിലകണ്ഠ വിദ്യാപീഠം, ചേങ്കോട്ടുകോണം | 14 | 10 | 10 | - | - | 12 | 25 | | 2 | | 1 | - | - | - | - | - | - | - | - | - | - | - | - |
| 8 | സെൻറ് ആൻറണീസ് എൽ.പി.എസ് കഴക്കൂട്ടം | 10 | 13 | 1 | - | 3 | 2 | കുട്ടികൾക്ക് ഇല്ല | 4 | Nil | 1 | Nil | 1 | - | 1 | ✓ | ഇല്ല | 1 | - | 60 | 5+1 | 5+1 | 2 | - |
| 9 | അലൻ ഫെൻഡ്മാൻ പബ്ലിക്സ്കൂൾ. കഴക്കൂട്ടം | 8 | 17 | | - | 12 | 3 | 20 | 10 | 3 | | 1 | - | 1 | - | ✓ | - | - | - | - | - | - | - | - |
| 10 | എസ്.എൻ. പബ്ലിക്സ്കൂൾ | 8 | 10 | | - | 8 | 2 | 24 | - | 12 | - | 1 | - | 1 | - | ✓ | 1 | - | 60 | 60 | 12 | 25 | 10 | - |
| | ആകെ | 157 | 189 | 15 | 1 | 47 | 27 | 106 | 24 | 40 | 5 | 8 | 2 | 4 | 5 | | 1 | 10 | 315 | 419 | 75 | 109 | 18 | - |

പട്ടിക -4

## ഓരോ ക്ലാസ്സിലെയും കുട്ടികളുടെ എണ്ണം

| സ്കൂളിൻെറ പേര് | 1-ാം ക്ലാസ്സിലെ കുട്ടികളുടെ എണ്ണം | | 2-ാം ക്ലാസ്സിലെ കുട്ടികളുടെ എണ്ണം | | 3-ാം ക്ലാസ്സിലെ കുട്ടികളുടെ എണ്ണം | | 4-ാം ക്ലാസ്സിലെ കുട്ടികളുടെ എണ്ണം | | 5-ാം ക്ലാസ്സിലെ കുട്ടികളുടെ എണ്ണം | | 6-ാം ക്ലാസ്സിലെ കുട്ടികളുടെ എണ്ണം | | 7-ാം ക്ലാസ്സിലെ കുട്ടികളുടെ എണ്ണം | | 8-ാം ക്ലാസ്സിലെ കുട്ടികളുടെ എണ്ണം | | 9-ാം ക്ലാസ്സിലെ കുട്ടികളുടെ എണ്ണം | | 10-ാം ക്ലാസ്സിലെ കുട്ടികളുടെ എണ്ണം | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | ആകെ | SC/ST | ആകെ | SC/ST | ആകെ | SC/ST | ആകെ | SC/ST | ആകെ | SC/ST | ആകെ | SC/ST | ആകെ | SC/ST | ആകെ | SC/ST | ആകെ | SC/ST | ആകെ | SC/ST |
| ഗവ:H.S. കഴക്കൂട്ടം | 63 | 16 | 81 | 19 | 79 | 31 | 106 | 27 | 149 | . 39 | 148 | 41 | 149 | 26 | 150 | 44 | 132 | 34 | 150 | 36 |
| UPS കാട്ടായിക്കോണം | 70 | 4 | 110 | 8 | 102 | 13 | 91 | 6 | 113 | 15 | 106 | 12 | 103 | 13 | - | - | - | - | - | - |
| UPS ചന്തവിള | 57 | 12 | 45 | 9 | 64 | 5 | 64 | 8 | 39 | 3 | 60 | 6 | 62 | 8 | - | - | - | - | - | - |
| ഉതിയറമൂല LPS | 38 | 1 | 16 | 1 | 28 | 2 | 25 | 4 | - | - | - | - | - | - | - | - | - | - | - | - |
| സൈനിക് LPS | 34 | 8 | 35 | 8 | 36 | 3 | 35 | 7 | 36 | 3 | - | - | - | - | - | - | - | - | - | - |
| സെൻറ് ആൻറണി LPS | 78 | 13 | 100 | 13 | 74 | 18 | 104 | 29 | - | - | - | - | - | - | - | - | - | - | - | - |
| ശ്രീ നീലകണ്ഠ വിദ്യാപീഠം | 61 | 0 | 53 | 1 | 71 | 1 | 60 | 1 | 39 | 0 | 31 | 1 | 21 | 0 | 20 | 0 | 25 | 1 | 28 | 0 |
| അൽ-ഉതു-മാൻ | 308 | 0 | 272 | 0 | 241 | 0 | 277 | 0 | 240 | 0 | 211 | 0 | 217 | 0 | 213 | 0 | 174 | 0 | 143 | 0 |
| അലൻഫെഡ്മാൻ | 30 | 1 | 30 | 0 | 30 | 0 | 30 | 0 | 30 | 0 | 26 | 0 | - | - | - | - | - | - | - | - |
| S.N. പബ്ലിക്സ്കൂൾ | NR | I | NR | I | NR | - | NR | - | NR | - | NR | - | NR | - | NR | - | NR | - | NR | - |
| ആകെ | 739 | 56 | 742 | 60 | 725 | 91 | 792 | 82 | 675 | 60 | 582 | 60 | 552 | 47 | 383 | 44 | 331 | 35 | 321 | 36 |

പട്ടിക -5

## സ്കൂളിൽ പുതിയതായി നടക്കേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള പട്ടിക

| സ്കൂളിൻെറ പേര് | അറ്റകുറ്റപ്പണികൾ | പുതുക്കിയ കെട്ടിടം | ചുറ്റുമതിൽ | മൂത്രപ്പുര | ക്ലാസ്സ് | പാചകപ്പുര | സ്റ്റാഫ്റൂം | ഫർണിച്ചറുകൾ | ലാബ് | ലൈബ്രറി | കിണർ | മോട്ടോർപമ്പ്സെറ്റ് | വൈദ്യുതി | പഠനോപകരണങ്ങൾ | ദൃശ്യ ശ്രാവ്യ ഉപകരണങ്ങൾ | കളിസ്ഥലം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ഗവ: H.S. കഴക്കൂട്ടം | ✓ | ✗ | ✗ | ✗ | ✗ | ✗ | ✓ | ✗ | ✗ | ✗ | ✗ | ✓ | ✗ | ✓ | ✓ | ✓ |
| അൽ-ഉതുമാൻ H.S. | ✗ | ✗ | ✗ | ✗ | ✗ | ✗ | ✗ | ✗ | ✗ | ✗ | ✗ | ✗ | ✗ | ✓ | ✓ | ✓ |
| നീലകണ്ഠവിദ്യാപീഠം H.S | ✓ | ✓ | ✓ | ✗ | ✗ | ✗ | ✗ | ✗ | ✗ | ✗ | ✗ | ✗ | ✗ | ✓ | ✓ | ✗ |
| കാട്ടായിക്കോണം U.P.S. | ✓ | ✗ | ✓ | ✓ | ✓ | ✗ | ✗ | ✓ | ✓ | ✓ | ✗ | ✓ | ✗ | ✓ | ✓ | ✓ |
| ചന്തവിള U.P.S. | ✓ | ✓ | ✓ | ✓ | ✓ | ✓ | ✗ | ✗ | ✓ | ✓ | ✗ | ✗ | ✗ | ✗ | ✓ | ✓ |
| അലൻ ഫെൽഡ്മൻ | ✗ | ✓ | ✗ | ✗ | ✗ | ✗ | ✗ | ✗ | ✗ | ✗ | ✗ | ✗ | ✗ | ✓ | ✓ | ✓ |
| ശ്രീനാരായണ പബ്ലിക്സ്കൂൾ | ✗ | ✗ | ✗ | ✗ | ✗ | ✗ | ✗ | ✗ | ✓ | ✗ | ✗ | ✗ | ✗ | ✓ | ✓ | ✗ |
| സെൻറ് ആൻറണി എൽ.പി.എസ് | ✓ | ✓ | ✗ | ✓ | ✓ | ✓ | ✗ | ✓ | ✗ | ✓ | ✗ | ✓ | ✗ | ✓ | ✓ | ✓ |
| സൈനിക് എൽ.പി.എസ് | ✓ | ✓ | ✓ | ✗ | ✗ | ✗ | ✗ | ✗ | ✓ | ✗ | ✗ | ✓ | ✗ | ✓ | ✓ | ✗ |
| ഉതിയറമൂല എൽ.പി.എസ് | ✓ | ✗ | ✓ | ✓ | ✓ | ✗ | ✗ | ✓ | ✓ | ✓ | ✗ | ✓ | ✗ | ✓ | ✓ | ✓ |

ആവശ്യമുള്ളത് : ✓
ആവശ്യമില്ലാത്തത് : ✗

## പട്ടിക -6

## എസ്.എസ്.എൽ.സി. വിജയശതമാനം

| വർഷം | ഗവൺമെൻറ് ഹൈസ്കൂൾ കഴക്കൂട്ടം | | അൽ-ഉതു-മാൻ ഇംഗ്ലീഷ് മീഡിയം റസിഡൻഷ്യൽ സ്കൂൾ കഴക്കൂട്ടം | | ശ്രീ നീലകണ്ഠ വിദ്യാപീഠം ചേങ്കോട്ടുകോണം. | |
|---|---|---|---|---|---|---|
| | പരീക്ഷ എഴുതിയ കുട്ടികളുടെ എണ്ണം | വിജയ ശതമാനം | പരീക്ഷ എഴുതിയ കുട്ടികളുടെ എണ്ണം | വിജയശതമാനം | പരീക്ഷ എഴുതിയ കുട്ടികളുടെ എണ്ണം | വിജയശതമാനം |
| 92-93 | 151 | 42% | 65 | 100% | ബാധകമല്ല | |
| 93-94 | 128 | 56% | 89 | 100% | 12 | 100% |
| 94-95 | 144 | 36% | 97 | 100% | 25 | 96% |
| 95-96 | 151 | 48% | 124 | 100% | 33 | 100% |



കഴക്കൂട്ടം എച്ച്.എസ്സിൽ. നിന്നും എസ്.എസ്.എൽ.സി യ്ക്ക് ഏറ്റവും കൂടുതൽ മാർക്ക് വാങ്ങിയ കുട്ടികൾക്ക് ക്യാഷ് അവാർഡ് വിതരണവും നിർദ്ധനരായ കുട്ടികൾക്ക് നോട്ടുബുക്ക് വിതരണവും ശ്രീ. കടകംപള്ളി സുരേന്ദ്രൻ എം.എൽ.എ. നിർവ്വഹിക്കുന്നു.





ശിശു മന്ദിരം വാഴവിള



കേരളത്തിലെ ഏക സൈനിക്സ്കൂൾ - കഴക്കൂട്ടം

# കുടിവെള്ളവും പൊതുജനാരോഗ്യവും

## കുടിവെള്ളം

പഞ്ചായത്തിലെ 95% ജനങ്ങളും കുടിവെള്ളത്തിനായി കിണറുകളെയാണ് ആശ്രയിക്കുന്നത്. 4-ാം വാർഡിലും 5-ാം വാർഡിലും കാറ്റുകൊണ്ട് പ്രവർത്തിക്കുന്ന ജലസേചന പദ്ധതി നിലവിലുണ്ടായിരുന്നു.. കിണറുകളെ കൂടാതെ കുഴൽ കിണറുകളും വിരളമായുണ്ട്. എന്നാൽ ഉയർന്ന പ്രദേശങ്ങളിലെ ജലക്ഷാമം വളരെ രൂക്ഷമാണ്. കുടിവെള്ളക്ഷാമം ഏറ്റവും രൂക്ഷമായിരിക്കുന്നത് കോളനികളിലാണ്.

കുടിവെള്ളമെത്തിക്കുന്നതിനു വേണ്ടി കേരളവാട്ടർ അതോറിറ്റിയുടെ നിയന്ത്രണത്തിൽ പഞ്ചായത്തിനുള്ളിൽ നാമമാത്രമായ ജലവിതരണപദ്ധതിയെ ഇപ്പോൾ നിലവിലുള്ളു. പഞ്ചായത്തിൽ 41 പൊതുകിണറുകളും 7 കുഴൽ കിണറുകളും അതിൽ 18 പൊതു കിണറുകളും 6 കുഴൽ കിണറുകളും പ്രവർത്തനക്ഷമമല്ല. വേനൽക്കാലത്ത് ജലദൗർലഭ്യത ഏറ്റവും കൂടുതൽ അനുഭവപ്പെടുന്നത് തെക്കുംഭാഗം വാർഡിലെ അമ്പലത്തിൻകര ആലിനേറയിലെ മങ്ങാട്ടുകോണം ഉതിയറമൂല വാർഡിലെ പന്തടിവിളയിലും തുണ്ടത്തിൽ വാർഡിലെ നാലുമുക്കിലും കിഴക്കുംഭാഗം വാർഡിലെ ഉള്ളൂർക്കോണത്തുമാണ്

ശുദ്ധജലമില്ലാതെ ശുചീകരണം പ്രയാസമാണ്. ശുചീകരണവും ശുചിത്വവും പരസ്പരപൂരകങ്ങളാണ്. വേനൽക്കാലത്തിന്റെ സന്താനങ്ങളായ ജലജന്യരോഗങ്ങൾ തടയണമെങ്കിൽ കുടിവെള്ളപ്രശ്നം പരിഹരിക്കപ്പെടണം.

ആവശ്യമായ സ്ഥലങ്ങളിൽ പൈപ്പ്ലൈൻ സ്ഥാപിച്ചും നിലവിലുള്ള പൈപ്പ്ലൈനുകൾ നീട്ടിയും കിണറുകൾ നിർമ്മിച്ചും ഉയർന്ന പ്രദേശങ്ങളിൽ ടാങ്കുകൾ നിർമ്മിച്ച് വെള്ളം പമ്പ് ചെയ്ത് കയറ്റി പൈപ്പ്ലൈനുകൾ വഴി എത്തിച്ചും പ്രാദേശിക പ്രശ്നങ്ങൾ പരിഹരിക്കാവുന്നതാണ്. TRIDA യുടെ അതിർത്തിക്കുള്ളിൽ വരുന്ന പഞ്ചായത്തുകളിൽ വാട്ടർ അതോറിറ്റിയുടെ കീഴിൽ വരുന്ന പൈപ്പ് ലൈനുകൾ വളരെ കുറച്ചു സ്ഥലത്ത് എത്തിയിട്ടുള്ള പഞ്ചായത്താണ് കഴക്കൂട്ടം.

### പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും

| | പ്രശ്നങ്ങൾ | പരിഹാര നിർദ്ദേശങ്ങൾ |
|---|---|---|
| തെക്കുംഭാഗം | ഉയർന്ന പ്രദേശങ്ങളായ അമ്പലത്തിൻകരകോളനി, നെട്ടയക്കോണം, എന്നീ ഭാഗങ്ങളിൽ കുടിവെള്ള ക്ഷാമമുണ്ട് | പട്ടുക്കുന്ന്ചിറ (ഊറ്റുകുഴി)യിലെ ജലം ഉപയോഗിച്ച് കുടിവെള്ള ദൗർലഭ്യം പരിഹരിക്കുക. ഇതുപയോഗിച്ച് ടൗൺ വാർഡ്, തെക്കുംഭാഗം എന്നിവിടങ്ങളിൽ കുടിവെള്ളം ലഭ്യമാക്കാം. |
| സൈനിക സ്കൂൾ | പ്ലാവറക്കോട്, പന്തടിവിള ചന്തവിള എന്നിവിടങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. | 1. കുഴൽകിണറുകൾ സ്ഥാപിക്കുക 2. പള്ളിയാപറമ്പ് ക്ഷേത്ര നടയിലുള്ള ഉറവകൾ തെളിച്ച് ആമ്പല്ലൂർ മുസ്ലീംപള്ളിക്ക് സമീപമുള്ള പഞ്ചായത്ത് സ്ഥലത്ത് ടാങ്ക് നിർമ്മിച്ച് പൈപ്പ് ലൈൻ ഇട്ട് ശുദ്ധജലം എത്തിക്കുക. |
| പാട്ടുവിളാകം | കുന്നത്തുഭാഗം, കുറുവ-ല്ലാകോളനി, പ്ലാവറക്കോണം, നാലുമുക്ക് പാറയ്-ക്കൽ ഭാഗം, കിഴക്കേ ചന്തവിള എന്നിവടങ്ങളിൽ കുടിവെള്ളക്ഷാമമുണ്ട്. | ചന്തവിളയ്ക്കു സമീപം ബോർവെല്ലുകൾ സ്ഥാപിച്ച് ഓവർഹെഡ് ടാങ്ക് നിർമ്മിച്ച് പൈപ്പ്ലൈൻവഴി ശുദ്ധജലം എത്തിക്കാനു-ള്ള നടപടികൾ സ്വീകരിക്കുക. |

| | | |
|---|---|---|
| കിഴക്കുംഭാഗം | കുരിശ്ശടി, ഉള്ളൂർക്കോണം പോങ്ങറ, നാലുമുക്ക് പെരുമൺചിറ, ഇലിപ്പക്കുഴി എന്നിവിടങ്ങളിൽ ശുദ്ധജലക്ഷാമം | അയിരൂപ്പാറ വാട്ടർ സപ്ലൈ സ്കീമിൽ ഉൾപ്പെടുത്തി ഉള്ളൂമലക്കുന്നിൽ വാട്ടർ ടാങ്ക് നിർമ്മിച്ച് ജലം സംഭരിച്ച് വിതരണം ചെയ്യുക. ഈ പദ്ധതി കിഴക്കുംഭാഗം, തെക്കുംഭാഗം, ഠൗൺ, എന്നിവിടങ്ങളിൽ ശുദ്ധജലം ലഭ്യമാക്കാം. |
| ആലിനേറ | കാട്ടായിക്കോണം, വേങ്ങലിൽ മങ്ങാട്ടുകോണം ലക്ഷംവീട് കോളനി എന്നിവിടങ്ങളിൽ ജലക്ഷാമമുണ്ട്. | 1. ക്യാഷ്വർ നടക്കുമുകളിലെ നിരുറവ പുനരുദ്ധരിച്ച് ശുദ്ധജലവിതരണം ആരംഭിക്കുക.<br>2. മങ്ങാട്ടു കോണം ലക്ഷം വീട് കോളനിയിലെ കിണറുകളുടെ ആഴം കൂട്ടി പമ്പ് സെറ്റുകൾ സ്ഥാപിക്കുക.<br>3. കേരളാ വാട്ടർ അതോറിറ്റിയുടെ ചേങ്കോട്ടുകോണം വരെവന്നുനിൽക്കുന്ന പൈപ്പ്ലൈൻ കാട്ടായിക്കോണംവരെ നീട്ടുക |
| മറവൂപ്പാറ | കല്ലടിച്ചവിള, ശാന്തിപുരം എന്നീ ഏറ്റവും ഉയർന്ന പ്രദേശങ്ങളിൽ ജലക്ഷാമം | കല്ലടിച്ചവിളയിൽ ബോർവെൽ സ്ഥാപിച്ച് ടാങ്ക് നിർമ്മിച്ച് പൈപ്പ്ലൈൻ വഴി ജലം എത്തിക്കുക |
| ഉതിയറമൂല | ലക്ഷംവീട് കോളനികളിൽ ജലക്ഷാമം | പൊതുകിണറുകൾ കൂടുതൽ താഴ്ത്തി പമ്പ് സെറ്റ് സ്ഥാപിച്ച് പരിഹരിക്കുക. |
| മരുപ്പൻകോട് | വാഴവിള, G.C.കോളനി ചാരുംവിള കോളനി, കോട്ടുകുടി ഭാഗങ്ങളിൽ ശുദ്ധജല ദൗർലഭ്യം | പുളിച്ചിമൂട്, കോതകുളം, മരുപ്പൻകോട് കുളം ഇവ ശുദ്ധീകരിച്ച് പമ്പ് സെറ്റ് സ്ഥാപിക്കുക. കേരളാ വാട്ടർ അതോറിറ്റിയുടെ പൈപ്പ്ലൈൻ വാർഡ് ഉടനീളം സ്ഥാപിക്കുക. കുഴൽകിണർ സ്ഥാപിക്കുക. |

## പൊതു നിർദ്ദേശങ്ങൾ

അയിരൂപ്പാറ വാട്ടർ സപ്ലൈ സ്കീം (ARWSS) എത്രയും വേഗം നടപ്പിലാക്കിയാൽ കിഴക്കുംഭാഗം, തുണ്ടത്തിൽ, പാട്ടുവിളാകം, ആലിനേറ എന്നീ വാർഡുകളിലെ ജലക്ഷാമം പരിഹരിക്കാൻ കഴിയും.

കഴക്കൂട്ടം മിഷൻ ആശുപത്രിയ്ക്ക് സമീപമുള്ള വാട്ടർ അതോറിറ്റിയുടെ വാട്ടർ സപ്ലൈ സ്കീം കാര്യക്ഷമമാക്കിയാൽ ഠൗൺ, വടക്കുംഭാഗം, കരിയിൽ എന്നീ വാർഡുകളിലെ ജലക്ഷാമം ഏറെ പരിഹരിക്കാനാവും.

കഴക്കൂട്ടം മണ്ഡലത്തിലെ കുടിവെള്ളപ്രശ്നത്തിന് ശാശ്വതമായി പരിഹാരം കാണാൻ കഴിയുന്ന പ്രകൃതിദത്തമായ ഒരു ജല സ്രോതസ്സാണ് ആനതാഴ്ചിറ. ഏകദേശം 40 ഏക്കറോളം വിസ്തൃതിയുള്ള ഒരു ജല സ്രോതസ്സാണിത്. എന്നാൽ ഈ സൗകര്യം പരമാവധി പ്രയോജനപ്പെടുത്തുവാൻ കേരളാ വാട്ടർ അതോറിറ്റിയ്ക്ക് ഇനിയും കഴിഞ്ഞിട്ടില്ല. അണ്ടൂർക്കോണം പോത്തൻകോട് മംഗലപുരം എന്നീ പഞ്ചായത്തുകളിലെ ചുരുക്കം ചില പ്രദേശങ്ങൾക്ക് മാത്രമായുള്ള ഒരു ലഘു പദ്ധതിയായി മാത്രമാണ് ഇപ്പോൾ ഇത് പ്രവർത്തിക്കുന്നത്. വേണ്ടുവോളം കുടിവെള്ളം ആനതാഴ്ചിറയിൽ ഉപയോഗശൂന്യമാകുമ്പോഴും കഴക്കൂട്ടത്തിന്റെ വിവിധ ഭാഗങ്ങളിൽ രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്നു. മികച്ച സാങ്കേതിക വൈദഗ്

ദൃത്തോടെ, കുടിവെള്ള പദ്ധതികൾക്ക് സഹായം നല്കുന്ന ഏതെങ്കിലും വിദേശ ഏജൻസികളുടെ സഹകരണത്തോടെ സർക്കാർ ആനതാഴ്ചിറയിൽ ഒരു നവീന ശുദ്ധജലപദ്ധതി ആവിഷ്കരിച്ചാൽ ഈ രംഗത്ത് നിലവിലുളള ദൗർലഭ്യത്തിൽ നിന്ന് മോചനം കിട്ടും. ഇതിന്റെ പ്രയോജനം ജലക്ഷാമം ഏറെ അനുഭവിക്കുന്ന കഴക്കൂട്ടം പഞ്ചായത്തിനു ലഭ്യമാകും

മറവൂർപ്പാറ, തുണ്ടത്തിൽ, ആലിനേറ വാർഡുകളിൽ ശുദ്ധജല വിതരണത്തിനായി മറവൂർപ്പാറയ്ക്ക് സമീപമുളള ഉടയൻചിറ ശുദ്ധീകരിച്ച് ജലം സംഭരിച്ച് പൈപ്പ്ലൈൻ വഴി എത്തിക്കുക.

കേരളവാട്ടർ അതോറിറ്റിയുടെ അണ്ടൂർകോണത്ത് എത്തിനിൽക്കുന്ന പൈപ്പ്ലൈൻ വാഴവിള LPS വരെ നീട്ടുക.

## പൊതുജനാരോഗ്യം

ആരോഗ്യപരിരക്ഷാ രംഗത്ത് ഇന്ത്യയ്ക്ക് മാതൃയാക്കാവുന്ന ഒരു സംസ്ഥാനമാണ് കേരളം. രണ്ടായിരമാണ്ടിൽ രാഷ്ട്രം കൈവരിക്കാനുദ്ദേശിക്കുന്ന ആരോഗ്യലക്ഷ്യങ്ങൾ കേരളം വർഷങ്ങൾക്കു മുമ്പുതന്നെ കൈവരിച്ചുകഴിഞ്ഞു എന്നത് പ്രസക്തമാണ്.

വ്യാപകമായ രോഗപ്രതിരോധ പ്രവർത്തനങ്ങളിലൂടെ കേരളം സാംക്രമികരോഗങ്ങളെ നിയന്ത്രിച്ചു. സാമൂഹ്യസാമ്പത്തികപുരോഗതിയും ഭൗതിക സാഹചര്യങ്ങളിൽ വന്ന മാറ്റവും മൂലമാണ് ഇത് നമുക്ക് സാധിതമായത്. എന്നാൽ നാനാവിധ പ്രശ്നങ്ങൾ ഇനിയും അവശേഷിക്കുന്നു. ഇന്നും നമ്മുടെ നാട്ടിൽ ക്ഷയം പോലുളള രോഗങ്ങൾ പ്രധാന ആരോഗ്യപ്രശ്നങ്ങളായി നിലനിൽക്കുകയാണ്. പാവപ്പെട്ടവരുടെ ജീവിത സാഹചര്യങ്ങളാണ് പ്രധാന രോഗനിമിത്തമെന്ന യാഥാർത്ഥ്യത്തിൽ നിന്നും നമുക്കു ഒളിച്ചോടാൻ കഴിയുകയില്ല.

സാംക്രമിക രോഗങ്ങളെ ഒരു പരിധി വരെ നിയന്ത്രിക്കാൻ കഴിഞ്ഞെങ്കിലും, വർദ്ധിച്ചതോതിൽ പല സാംക്രമികരോഗങ്ങളും ഇന്ന് റിപ്പോർട്ടു ചെയ്യപ്പെടുകയാണ്. രോഗ പ്രതിരോധശേഷി കുറയ്ക്കുന്ന ഒരു പ്രത്യേക ഇനം കോളറ കണ്ടു പിടിക്കപ്പെട്ടു. നമ്മുടെ നാട്ടിൽ വ്യാപകമായി ഉണ്ടാകുന്ന ഈ രോഗം കഴിഞ്ഞ വർഷം മലപ്പുറം ജില്ലയിൽ അനേകം മരണങ്ങൾക്ക് ഇടയാക്കി. മലമ്പനി ശക്തിയോടെ തിരിച്ചുവന്നിരിക്കുന്നു. പ്ലേഗ്, എലിപ്പനി, ജാപ്പനീസ് എൻസഫലൈറ്റിസ് (മസ്തിഷ്കജ്വരം) തുടങ്ങിയ മാരകരോഗങ്ങളുടെ സ്ഥിതിയും മറ്റൊന്നല്ല. പുത്തൻ സാംക്രമികരോഗങ്ങൾ നമ്മുടെ ഏറ്റവും വലിയ ഭീഷണിയായി മാറിയിട്ടുണ്ട്. രോഗകാരണങ്ങളെയും പ്രതിരോധ ഉപാധികളെയും സംബന്ധിച്ച ബോധവൽക്കരണവും ഈ സാഹചര്യത്തിൽ ഏറ്റവും അത്യാവശ്യമായി മാറിയിരിക്കുന്നു.

തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയെയാണ് ഈ പഞ്ചായത്തിലെ ജനങ്ങൾ രോഗചികിത്സക്കായി പ്രധാനമായും ആശ്രയിച്ചിരുന്നത്. എന്നാൽ അത് റഫറൽ ആശുപത്രിയാക്കി ഉയർത്തിയതോടെ ആ സൗകര്യം ഇവിടത്തെ ജനങ്ങൾക്ക് അന്യമായി. കഴക്കൂട്ടം പഞ്ചായത്തിനുവേണ്ടിയുളളതെന്നു പറയപ്പെടുന്ന P.H. സെൻറർ കഠിനംകുളം പഞ്ചായത്തിലെ പുത്തൻ തോപ്പിലാണ് സ്ഥിതി ചെയ്യുന്നത്. യാത്രാ സൗകര്യമില്ലാത്തതിനാൽ ഈ സ്ഥാപനം ആരും പ്രയോജനപ്പെടുത്തുന്നില്ല. ഭൂരിഭാഗം പേരും ചികിത്സക്കായി സ്വകാര്യ സ്ഥാപനങ്ങളെയാണ് ആശ്രയിക്കുന്നത്.

കഴക്കൂട്ടം പഞ്ചായത്തിൽപ്പെട്ട സഹകരണാശുപത്രി ഇപ്പോൾ പ്രവർത്തനക്ഷമമല്ല. ഇതിനെ ഒരു P.H. സെൻററാക്കി ഉയർത്തണം. ഇപ്പോൾ കഴക്കൂട്ടം പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തായി സ്ഥിതിചെയ്യുന്ന ഗവ: ആയുർവേദ ഡിസ്പെൻസറിയും ഗവ:ഹോമിയോ ഡിസ്പെൻസറിയുമാണ്. ഗവൺമെന്റ് ആശുപത്രികളായുളളത്. ഇവ വളരെ നാളുകളായി വാടകകെട്ടിടങ്ങളിലാണ് പ്രവർത്തിച്ചു പോരുന്നത്. സ്വന്തമായുളള സ്ഥലത്ത് പുതിയ കെട്ടിടങ്ങൾ പണിഞ്ഞ് പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതുണ്ട്. ചന്തവിളയിൽ പ്രവർത്തിക്കുന്ന F.W സെൻററിന്റെ തൊട്ടടുത്തു കിടക്കുന്ന സ്ഥലം പൊന്നുംവിലയ്ക്കെടുത്ത് കൂടുതൽ കെട്ടിടം പണിഞ്ഞ് ഇതിനെ ഒരു അലോപ്പതി ഡിസ്പെൻസറിയാക്കി ഉയർത്തണം. മറവൂർപാറ ആലിനേറ തുണ്ടത്തിൽ ഉതിയറമൂല വാർഡുകളെ കേന്ദ്രീകരിച്ച് കാട്ടായിക്കോണത്ത് ഒരാശുപത്രി പണിയേണ്ടതുണ്ട്.

എല്ലാ വാർഡുകളിലും F.W.സെൻററുകൾ ആരംഭിക്കുകവഴി മാതൃശിശുസംരക്ഷണം ഉറപ്പാക്കാൻ കഴിയും. പ്രധാനകവലകളിൽ പൊതുകക്കൂസുകളും കുളിമുറികളും സ്ഥാപിക്കേണ്ടതുണ്ട്. കൊതുകു നിവാരണത്തിന് മരുന്നുതളി നടത്തുകയും എല്ലാ വാർഡുകളിലും മാസംതോറും സൗജന്യ മെഡിക്കൽ ക്യാമ്പുകളും പൊതുജനാരോഗ്യക്ലാസ്സുകളും സംഘടിപ്പിക്കുകയും വേണം. പൊതുജനാരോഗ്യ ഇൻഷ്വറൻസ് പഞ്ചായത്തിൽ നടപ്പാക്കണം. തിരുവനന്തപുരം മെഡിക്കൽ കോളേജിൻെറ പ്രവർത്തന പരിധിയിൽ കഴക്കൂട്ടം പഞ്ചായത്തു കൂടി ഉൾപ്പെടുത്താൻ നടപടിയെടുക്കണം.

### പഞ്ചായത്തിൽ നിലവിലുളള ചികിത്സാ കേന്ദ്രങ്ങൾ

- ഗവ: ആയുർവേദ ഡിസ്പെൻസറി, ചന്തവിള
- ഗവ: ഹോമിയോ ഡിസ്പെൻസറി, ചന്തവിള
- F.W. സെൻറർ, ചന്തവിള.
- A.J. ഹോസ്പിറ്റൽ, കഴക്കൂട്ടം
- C.S.I മിഷൻ ആശുപത്രി, കഴക്കൂട്ടം
- സുജാഹോസ്പിറ്റൽ, കഴക്കൂട്ടം
- രശ്മി ക്ലിനിക്, കഴക്കൂട്ടം
- തുണ്ടത്തിൽ ആശുപത്രി, തുണ്ടത്തിൽ
- പരമേശ്വരവിലാസം ആയുർവേദ റിസർച്ച് സെൻറർ, ചന്തവിള.

| വാർഡ് | പ്രശ്നമേഖല | നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗം |
|---|---|---|
| വടക്കുംഭാഗം | | സർക്കാർ ആശുപത്രി സ്ഥാപിക്കണം |
| | വാർഡിൽ വെളളം കെട്ടികിടന്ന് കൊതുകുശല്യം | മരുന്നു തളിക്കാനുളള സംവിധാനം ഏർപ്പെടുത്തണം. |
| | വാർഡിൽ 20% വീടുകളിലും കക്കൂസ് സംവിധാനം ഇല്ല | പഞ്ചായത്ത് കക്കൂസുകൾ നിർമ്മിച്ച് നൽകുക. |
| | സെൻറ് ആൻറണീസ് സ്കൂളിനു സമീപമുളള F.W. Centre | മുഴുവൻ സമയവും പ്രവർത്തിക്കുന്ന P.H. സെൻറർ ആയി മാറ്റണം. |
| | സ്വകാര്യ ഇറച്ചി വെട്ട് | പൊതുജനാരോഗ്യത്തിനു ഹാനികരം. പഞ്ചായത്ത് അറവുശാല സ്ഥാപിക്കുക. പരിശോധന നിർബന്ധമാക്കുക. |
| | സഹകരണ ആശുപത്രി | കിടക്കകളോടുകൂടി മുഴുവൻ സമയവും പ്രവർത്തിക്കാനുളള സംവിധാനവും ഉണ്ടാക്കുക. |
| ആലിന്നേറ | കക്കൂസുകളുടെ അഭാവം | Esp type Latrine വിതരണം ചെയ്ത് പരിഹാരം കാണുക. |
| | P.H. സെൻററിനു കീഴിലുളള സബ്സെൻറർ | കാട്ടായിക്കോണത്ത് പണിപൂർത്തിയായികിടക്കുന്ന കെട്ടിടത്തിൽ സബ്സെൻറർ പ്രവർത്തനം അടിയന്തിരമായി തുടങ്ങുക. |

| | | |
|---|---|---|
| ഉതിയറമൂല | കൊക്കോപ്പുഴു രോഗബാധയുണ്ട് | കക്കൂസു നിർമ്മാണവും, മലം പരിശോധനയും ചികിത്സയും നടത്തുക |
| | ചന്തവിള ഫാമിലി വെൽഫെയർ സെൻറർ | ഒരു ഡിസ്പെൻസറിയായി ഉയർത്തുക |
| മരുപ്പൻകോട് | അണ്ടൂർക്കോണം ഗവ: ആശുപത്രി സൗകര്യങ്ങൾ വിപുലീകരിക്കണം. | ഡോക്ടറുടെ എണ്ണം വർദ്ധിപ്പിക്കുക. നഴ്സുമാരുടെയും പാരാമെഡിക്കൽ സ്റ്റാഫുകളുടെയും എണ്ണം വർദ്ധിപ്പിക്കുക, ലാബ് സൗകര്യം മെച്ചപ്പെടുത്തുക. |
| | കക്കൂസുകളുടെ അഭാവം | പഞ്ചായത്തിൽ നിന്നും ധനസഹായം നൽകി നിർമ്മിക്കുക. |
| തുണ്ടത്തിൽ | ആശുപത്രി സംവിധാനം വിപുലീകരിക്കുക. | തുണ്ടത്തിൽ ഒരു സഹകരണാശുപത്രി സ്ഥാപിക്കുക. |
| | കക്കൂസ് സംവിധാനം | പഞ്ചായത്ത് ധനസഹായം ചെയ്യുക |
| | LNCPE യിൽ നിന്നു വരുന്ന മലിനജലം | ഓടകെട്ടി പ്രശ്നം പരിഹരിക്കുക. |
| പാട്ടുവിളാകം | കുടുംബക്ഷേമകേന്ദ്രം | ഉള്ളൂർകോണത്ത് സ്ഥാപിക്കുക. |
| | കക്കൂസ് ഇല്ലാത്തവർ | കക്കൂസ് നിർമ്മിച്ച് നൽകുക. |
| മറവൂർപ്പാറ | F.W. സെൻറർ | P.H. സെൻറർ സ്ഥാപിക്കുക |
| | കക്കൂസ് | ധനസഹായം നൽകുക. |
| | കാട്ടായിക്കോണം ജംഗ്ഷനിലെ മലിനജലവും, മഴവെള്ളവും കെട്ടികിടക്കൽ | കാട്ടായിക്കോണം ജംഗ്ഷൻ മുതൽ ശാസ്തവട്ടംവരെ ഓടവെട്ടി, ശാസ്തവട്ടം തോട്ടിൽ ഒഴുക്കുന്നതിനുള്ള സംവിധാനം |
| കിഴക്കുംഭാഗം | സഹകരണാശുപത്രി<br>F.W. ൻെറ അഭാവം | സർക്കാർ ഏറ്റെടുത്ത് P.H.C സ്ഥാപിക്കുക. കുമിഴിക്കരയിൽ F.W. സെൻറർ തുടങ്ങുക. |
| | കക്കൂസ് | സഹായം നൽകി സ്ഥാപിക്കുക. |
| | പൊതുശ്മശാനം | വാർഡിൽ ഒരെണ്ണം സ്ഥാപിക്കുക |
| തെക്കുംഭാഗം | വൈദ്യസഹായ ദൗർലഭ്യത | സഹകരണാശുപത്രി പ്രവർത്തനം ആരംഭിക്കുക. |
| | ഇറച്ചി അവശിഷ്ടങ്ങൾ റോഡിനിരുവശത്തും ചാക്കിൽ കെട്ടി നിക്ഷേപിക്കൽ | പഞ്ചായത്ത് ഇടപെട്ട് പരിഹരിക്കുക. ഇവരെ കണ്ടെത്തി മാതൃകാപരമായി ശിക്ഷിക്കുക. |
| | പഞ്ചായത്ത് പൊതു ശ്മശാനം | വൈദ്യുതി ശ്മശാനം ആക്കുക. |

| | | |
|---|---|---|
| സൈനിക് സ്കൂൾ | ആയുർവേദ ആശുപത്രി കെട്ടിട നിർമ്മാണം | ആശുപത്രിക്ക് വേണ്ടി വാങ്ങിയ സ്ഥലത്ത് ഉടൻ പണി ആരംഭിക്കുക. |
| | ഹോമിയോ ആശുപത്രി കെട്ടിട നിർമ്മാണം | പഞ്ചായത്തു മാർക്കറ്റിനു സമീപമുളള ഭൂമിയിൽ കെട്ടിടം നിർമ്മിക്കുക |
| | സൈനിക്സ്കൂളിൽ നിന്നുളള സെപ്റ്റിക് ടാങ്ക് വഴി വരുന്ന മലിനജലം | ഓടകെട്ടി ഒഴുക്കി വിടുക |
| | കക്കൂസ് നിർമ്മാണം | ധനസഹായം നൽകുക. |
| ൌൺ | പഞ്ചായത്ത് പൊതുശ്മശാനം | നാലുവശവും മതിൽ കെട്ടിതിരിക്കുക. |
| | കഴക്കൂട്ടം ചന്തയിലെ മാലിന്യം | ദിവസേന മാറ്റാനുളള നടപടി സ്വീകരിക്കുക |
| കരിയിൽ | അണ്ടൂർകോണം പഞ്ചായത്തിൻെറ ഭാഗത്തേയ്ക്ക് ഒഴുകുന്ന കരിയിൽ ഏലാത്തോട് അടഞ്ഞു കിടക്കുന്നു അതു കാരണം കരിയിൽ ഏലായിലെ ജലം ഒലിച്ചു പോകാതെ മലിനജലമായിത്തീർന്ന് കൊതുകുകൾ പെരുകുന്നു. | ഓടകൾ താഴ്ത്തി അഴുക്കുകൾ നീക്കം ചെയ്ത് ജലം ഒഴുകാനുളള പദ്ധതികൾ ആരംഭിക്കുക. |

# വ്യവസായം

രാഷ്ട്ര പുരോഗതിയുടെ ശക്തി സ്രോതസ്സാണ് വ്യവസായം. ഈ മേഖലയിൽ കഴക്കൂട്ടം പഞ്ചായത്ത് ഇനിയും ഏറെ ദൂരം മുന്നേറേണ്ടതുണ്ട്. മുൻകാലങ്ങളിൽ പരമ്പരാഗത കൈത്തൊഴിലുകളിൽ ഏർപ്പെട്ടിരുന്ന ഒട്ടനവധിപേർ ഈ പഞ്ചായത്തിലുണ്ടായിരുന്നു. ബീഡിതെറുപ്പ്, ചെറിയകൈത്തറികൾ, കല്ലുവെട്ട്, കൊല്ലപ്പണി, ആശാരിപ്പണി, ചൂരൽപണി തുടങ്ങിയ കൈത്തൊഴിലുകളായിരുന്നു പ്രധാനം

ഈ പഞ്ചായത്തിനോട് ചേർന്നുകിടക്കുന്ന പഞ്ചായത്തുകളായ കഠിനംകുളം, ആറ്റിപ്ര തുടങ്ങിയ പഞ്ചായത്തുകളിൽ ഒട്ടനവധി വൻകിട വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തനം ആരംഭിച്ചിട്ടും സമീപ ഭാവിയിൽ ഒരു താലൂക്കായി ഉയരേണ്ട കഴക്കൂട്ടം പഞ്ചായത്തിൽ വൻകിട വ്യവസായങ്ങളൊന്നും തന്നെ ഇല്ല എന്ന യാഥാർത്ഥ്യം വിസ്മരിക്കാവുന്നതല്ല. ഈ പിന്നോക്കാവസ്ഥ പരിഗണിച്ച് പുതുതായി തുടങ്ങുവാനുദ്ദേശിക്കുന്ന വ്യവസായ സ്ഥാപനങ്ങൾ കഴക്കൂട്ടം പഞ്ചായത്തിൽ തന്നെ ആരംഭിക്കണമെന്ന ബഹുജനാഭിപ്രായത്തിന് വളരെ പ്രസക്തിയുണ്ട്.

ഇന്ന് ഈ പഞ്ചായത്തിൽ നിലവിലുള്ള വ്യവസായ സ്ഥാപനങ്ങൾ സ്വാമിയാർ മഠത്തിനു സമീപം ഗാന്ധിസ്മാരക നിധിയുടെ കീഴിൽ പ്രവർത്തിക്കുന്ന ഗ്രാമ വ്യവസായ യൂണിറ്റ്, വെട്ട്റോഡ് റയിൽവേ ക്രോസിന് സമീപം സഹകരണാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ചൂരൽ വ്യവസായം ഉതിയറമൂല വാർഡിൽ പ്രവർത്തിക്കുന്ന വയർക്കട്ട് ഇഷ്ടിക വ്യവസായം തുണ്ടത്തിൽ വാർഡിൽ താറാപൊയ്കപള്ളി കോംബൗണ്ടിൽ പ്രവർത്തിക്കുന്ന ഖാദീബോർഡിന്റെ കീഴിലുള്ള നെയ്ത്ത് യൂണിറ്റ്, പാട്ടുവിളാകം വാർഡിൽ DWCRA പദ്ധതി പ്രകാരം പ്രവർത്തിക്കുന്ന സൂപ്പർ ലതർ വർക്ക്സ്, മാവൂർ പാറ വാർഡിൽ സ്ത്രീകളും പുരുഷൻമാരും പണിയെടുക്കുന്ന കരിങ്കൽ ക്വാറി, വടക്കും ഭാഗം വാർഡിൽ പ്രവർത്തിക്കുന്ന സ്റ്റീൽ ഫർണിച്ചർ നിർമ്മാണ കമ്പനിയായ നൂഷിറ ട്രേഡേഴ്സ്, സർക്കാർ മേഖലയിൽ കരിയൽ വാർഡിൽ പ്രവർത്തിക്കുന്ന FACT യുടെ റീജിയണൽ മിക്സിംഗ് സെന്ററും മാത്രമാണ്.

ആവശ്യമായ അസംസ്കൃത വസ്തുക്കളും വേണ്ടത്ര മാനവശേഷിയും കൈമുതലായുണ്ടായിട്ടും യാതൊരുവിധ വൻകിട വ്യവസായങ്ങളോ, എടുത്തുപറയത്തക്കതും എണ്ണത്തിൽ വളരെയുണ്ടെന്ന് അവകാശപ്പെടാവുന്നതുമായ ചെറുകിട വ്യവസായങ്ങളോ നാളിതുവരെ ഉണ്ടായിട്ടില്ല. വ്യവസായ യൂണിറ്റുകൾ വളർന്നു വരേണ്ടതിന്റെ ആവശ്യകത നാം ഗൗരവമായി പരിശോധിക്കേണ്ടതാണ്.

നമ്മുടെ പഞ്ചായത്തിൽ വ്യവസായവളർച്ചയ്ക്കാവശ്യമായ അനുകൂല ഘടകങ്ങളും സുലഭമായി ലഭിക്കുന്ന അസംസ്കൃത വസ്തുക്കളായ നാളീകേരം, ചക്ക, പപ്പായ, കശുമാങ്ങ, ഇഞ്ചി, വാറ്റുപുല്ല്, റബ്ബർ, വാഴനാര്, പാറ തുടങ്ങിയവയുമുണ്ട്. ജലം, ഉയർന്ന സാക്ഷരത, വാർത്താവിനിമയ സൗകര്യങ്ങൾ, ഗതാഗത സൗകര്യങ്ങൾ, ജനക്ഷേമ പ്രവർത്തനങ്ങൾ, ഉയർന്ന ഉപഭോഗ നിലവാരം, സുഖസൗകര്യങ്ങളോടെ ജീവിയ്ക്കുന്നതിനുള്ള മനോഭാവം ഇവയൊക്കെയുണ്ടെങ്കിലും വ്യവസായ വളർച്ച കൈവരിക്കാൻ കഴിയാത്തത് താഴെപ്പറയുന്ന കാരണങ്ങൾ കൊണ്ടാണ്.

## പ്രശ്നങ്ങൾ

1. മുഖ്യകാർഷികോത്പന്നമായ നാളീകേരം വ്യവസായ രംഗത്ത് പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.
2. ഖാദിബോർഡിന്റേയും ഗാന്ധിസ്മാരക നിധിയുടെയും കീഴിലുള്ള വ്യവസായ യൂണിറ്റുകളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ കുറഞ്ഞ വേതന നിരക്ക്.
3. സഹകരണമേഖലയിലെ വ്യവസായങ്ങൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നു.
4. വ്യവസായങ്ങൾക്ക് വേണ്ടത്ര വൈദ്യുതി ലഭിക്കുന്നില്ല.
5. വ്യവസായങ്ങളെക്കുറിച്ചുള്ള സാങ്കേതിക പരിജ്ഞാനക്കുറവ്.
6. ധനസഹായം ലഭിക്കുന്നതിനുള്ള സാങ്കേതിക ബുദ്ധിമുട്ട്.
7. ഉത്പ്പന്നങ്ങളുടെ വിപണന സൗകര്യക്കുറവ്.
8. വനിതകൾക്ക് തൊഴിലവസരം പൊതുവേ കുറവ്.
9. സാങ്കേതിക പരിശീലനം ലഭിച്ചവർക്കുപോലും തൊഴിലില്ല.
10. മൂലധന നിക്ഷേപം നടത്താനുള്ള അപര്യാപ്തത പല

വ്യവസായസംരഭങ്ങൾക്കും പ്രതിബന്ധമാണ്

11. പരസ്യങ്ങളുടെ അതിപ്രസരം

*പരിഹാരങ്ങൾ*

1. വാർഡ് അടിസ്ഥാനത്തിൽ നാളികേരംസംഭരിച്ച് കൊപ്ര യൂണിറ്റുകൾ സ്ഥാപിക്കുക.

2. പഞ്ചായത്തടിസ്ഥാനത്തിൽ ഓയിൽമില്ലുകൾ സ്ഥാപിച്ച് എല്ലാ വ്യാപാരികൾക്കും മിതമായ റേറ്റിൽ വെളിച്ചെണ്ണ വിതരണം ചെയ്യുക.

3. ഖാദിയൂണിറ്റിന്റെയും ഗാന്ധിസ്മാരക നിധിയുടെയും കീഴിൽ എല്ലാ വാർഡുകളിലും ചെറുകിട വ്യവസായ യൂണിറ്റുകൾ സ്ഥാപിച്ച് അവയ്ക്കാവശ്യമായ അസംസ്കൃത വസ്തുക്കൾ നേരിട്ട് നൽകുക.

4. അസംസ്കൃത വസ്തുക്കൾ സബ്സിഡിറേറ്റിൽ വിതരണം ചെയ്യുക.

5. തൊഴിലാളികൾ ഗുണമേൻമ ഉറപ്പുവരുത്തുന്ന ഉൽപ്പന്നങ്ങൾ നിർമ്മിക്കുക.

6. ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് പഞ്ചായത്തടിസ്ഥാനത്തിൽ പഞ്ചായത്തിന്റെ പ്രധാന കവലകളിൽ വിൽപ്പന സ്റ്റാളുകൾ തുറന്നു പ്രവർത്തിയ്ക്കുക.

7. സ്ഥാപനം തന്റേതാണ് എന്ന ബോധം ഓരോഅംഗത്തിനും ഉണ്ടാകത്തക്കവിധം ലാഭവിഹിതം നൽകുക.

8. വരവ് ചെലവ് കണക്കുകൾ പരിശോധിക്കുന്നതിന് പഞ്ചായത്ത്തല വ്യവസായ കമ്മിറ്റിയെ ചുമതലപ്പെടുത്തുക.

9. വർഷത്തിൽ രണ്ടുപ്രാവശ്യം കൂടി സംഘത്തിന്റെ പ്രവർത്തനം വിലയിരുത്തുക.

10. കൂടുതൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക. വൈദ്യുതിയുടെ പാഴ്ച്ചിലവ് നിയന്ത്രിക്കുക.

11. പഞ്ചായത്ത് തലത്തിൽ വ്യവസായങ്ങൾ തുടങ്ങാൻ താത്പര്യമുള്ളവരെ കണ്ടെത്തുക. വ്യവസായങ്ങളെക്കുറിച്ച സാങ്കേതിക പരിജ്ഞാനം നേടിയ വിദഗ്ദരെക്കൊണ്ട് അവരെ ബോധവൽക്കരിക്കുക.

12. വ്യവസായസ്ഥാപനങ്ങൾക്ക് കുറഞ്ഞ പലിശനിരക്കിൽ ദീർഘകാലാടിസ്ഥാനത്തിൽ ഉദാരമായവ്യവസ്ഥകൾ അനുസരിച്ച് വായ്പകൾ നൽകുക.

13. ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് സ്ഥിരമായ ഒരു സംവിധാനം ഏർപ്പെടുത്തുക.

14. വനിതകൾക്ക് തൊഴിലവസരങ്ങളുണ്ടെങ്കിലും തൊഴിൽ തിരഞ്ഞെടുക്കുന്നതിനുള്ള നൈപുണ്യം ലഭിക്കത്തക്ക വിധത്തിലുള്ള പഠന ക്ലാസ്സുകളുടെ അഭാവമുണ്ട്. ആയതിലേയ്ക്ക് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തി ഏതു തൊഴിലും തങ്ങൾക്ക് ചെയ്യാൻ സാധിക്കുമെന്ന ആത്മവിശ്വാസം ഉറപ്പുവരുത്തുക.

15. വ്യവസായയൂണിറ്റുകൾ ആരംഭിക്കുന്നതിനുവേണ്ട പരിശീലനം നൽകുക.

പട്ടിക 1-ൽ വിവിധമേഖലകളിലെ കൂലി നിരക്ക് കാണിച്ചിരിക്കുന്നു. ഏറ്റവും കൂടുതൽ കൂലി നൽകുന്നത് തടി വ്യവസായം നടത്തുന്നിടത്തും പാറ പൊടിച്ച് മെറ്റൽ ആക്കുന്നിടത്തുമാണ്. പാറപൊടിക്കുന്നിടത്ത് പുരുഷൻമാർക്ക് 120 രൂപയും സ്ത്രീകൾക്ക് 70 രൂപയും നൽകുന്നു. ഈ അന്തരത്തെക്കുറിച്ച് ശരിക്ക് പഠിച്ച് ഒരു തീർപ്പ് കൽപ്പിക്കേണ്ടതാണ്. പാർപ്പിട നിർമ്മാണ രംഗത്ത് പുരുഷന് 60 രൂപയും സ്ത്രീയ്ക്ക് അതിന്റെ നേർപകുതി 30 രൂപയും. ഏറ്റവും കുറഞ്ഞ കൂലി കാണുന്നത് നെയ്ത്തിനും സോഡാനിർമ്മാണത്തിനുമാണ്. അവിടെയും സ്ത്രീയും പുരുഷനും ഉള്ള കൂലികൾ തമ്മിൽ വളരെ അന്തരം കാണുന്നു. ജോലിയുടെ അളവിനനുസരിച്ച് കൂലി കൊടുക്കുന്നതിനുള്ള ഒരു രീതി ഇതുപോലുള്ള വ്യവസായ യൂണിറ്റുകളിൽ ഏർപ്പെടുത്തേണ്ടതാണ്.

പട്ടിക -2 ൽ ഓരോ വാർഡും ആവശ്യപ്പെട്ടിരിക്കുന്ന വ്യവസായ യൂണിറ്റുകൾ കാണിച്ചിരിക്കുന്നു. അവ ആകെ 140 യൂണിറ്റുകൾ ആണ്. 140 യൂണിറ്റുകളായി ഏറ്റവും കുറഞ്ഞത് 400 തൊഴിലാളികളെ ആവശ്യമുണ്ടെന്ന് കാണുന്നു.

***പഞ്ചായത്തിൽ പൊതുവായി സ്ഥാപിക്കാവുന്ന വ്യവസായങ്ങൾ***

1. **എണ്ണയാട്ടുമിൽ**

- വാർഡുതലത്തിൽ കൊപ്രാ സംസ്ക്കരണ യൂണിറ്റുകൾ സ്ഥാപിക്കുക.
- പഞ്ചായത്തുതലത്തിൽ ഒരു എണ്ണയാട്ടുമിൽ കേന്ദ്രം സ്ഥാപിക്കുക.
- നിർമ്മിക്കുന്ന വെളിച്ചെണ്ണ മിതമായ വിലയ്ക്ക് പഞ്ചായത്തതിർത്തിയിലുള്ള എല്ലാകടകളിലും വിതരണം ചെയ്യുവാനുള്ള സംവിധാനം ഏർപ്പെടുത്തുക. മിച്ചമുണ്ടെങ്കിൽ വെളിയിൽ വിപണി കണ്ടെത്തുക.

2. **കൃഷി ആയുധങ്ങൾ നിർമ്മിക്കുന്ന യൂണിറ്റ്**

- ആധുനിക സജ്ജീകരണങ്ങളോടെ സാങ്കേതിക പരിശീലനം ലഭിച്ചവരെ തെരഞ്ഞെടുത്ത് കൃഷി ആയുധങ്ങൾ (മൺവെട്ടി, കൂന്താലി, തുടങ്ങിയവ) നിർമ്മിക്കുന്ന ഒരു യൂണിറ്റ് തുടങ്ങുക.

3. **പുൽതൈല നിർമ്മാണ കേന്ദ്രം**

- പഞ്ചായത്തിൽ സുലഭമായി കിട്ടുന്ന ഒരു അസംസ്കൃത വസ്തുവാണ് വാറ്റുപുൽ. ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് കേന്ദ്രത്തിൽ ശേഖരിക്കപ്പെടുന്ന പുൽ വാറ്റിയെടുത്ത് ഏറ്റവും ഔഷധ ഗുണമുള്ള പുൽതൈലം നിർമ്മിക്കുക.

**ടൂറിസം ഒരു വ്യവസായമാണ്**

കഴക്കൂട്ടം പഞ്ചായത്തിൽ രണ്ട് ടൂറിസ്റ്റ് കേന്ദ്രങ്ങൾ സ്ഥാപിക്കുക.

1. മടവൂർപ്പാറ
2. കഴക്കൂട്ടം കൊട്ടാരം -പുതുകുളവും

(പട്ടിക1)

വിവിധ മേഖലകളിലെ കൂലി നിരക്ക്

| ക്രമനമ്പർ | ഇനം | കൂലി നിരക്ക് | |
|---|---|---|---|
| | | പുരുഷൻ | സ്ത്രീ |
| 1 | വസ്ത്രനിർമ്മാണം | 100 | 40 |
| 2 | കൊപ്രാ സംസ്കരണം | 90 | - |
| 3 | തചി വ്യവസായം | 120 | - |
| 4 | അച്ചാർ നിർമ്മാണം | - | 30 |
| 5 | ബേക്കറി | 80 | - |
| 6 | ഓയിൽ മിൽ | 70 | - |
| 7 | പപ്പടം | 60 | 30 |
| 8 | ചൂരൽ വ്യവസായം | 75 | 40 |
| 9 | ജൈവവള നിർമ്മാണം | 80 | 60 |
| 10 | ഭക്ഷ്യധാന്യം പൊടിക്കൽ | 90 | 65 |
| 11 | നെയ്ത്ത് | 50 | 30 |
| 12 | പ്ലാസ്റ്റിക് വ്യവസായം | - | 25 |
| 13 | സോഡാ നിർമ്മാണം | 50 | 20 |
| 14 | എഞ്ചിനീയറിംഗ് | 100 | - |
| 15 | ലെതർ, റെക്സിൻ | - | 30 |
| 16 | കല്ലുവെട്ട് | 90 | - |
| 17 | ഇഷ്ടിക നിർമ്മാണം | 80 | 60 |
| 18 | പാറപൊട്ടിച്ച് മെറ്റൽ ആക്കുന്നത് | 120 | 70 |
| 19 | ഓല മെടയൽ | - | 40 |
| 20 | ചാമ്പ്രാണി, മെഴുകുതിരി | - | 20 |
| 21 | ഖാദിബോർഡിൽ | - | 20 |
| 22 | കാർഡ് ബോർഡ് പെട്ടി | - | 30 |

## കഴക്കൂട്ടം ഗ്രാമപഞ്ചായത്ത്

## വാർഡുകളിൽ നിന്നും ആവശ്യപ്പെട്ടിട്ടുളള ചെറുകിട വ്യവസായ യൂണിറ്റുകൾ

| ബന്ധപ്പെട്ടിരിക്കുന്ന വ്യവസായയൂണിറ്റുകൾ വാർഡ് തിരിച്ച് ആവശ്യമുളള തൊഴിലാളികൾ | കരിയിൽ | ടൗൺ | തെക്കുംഭാഗം | വടക്കുംഭാഗം | സൈനിക് സ്കൂൾ | കിഴക്കുംഭാഗം | പാട്ടുവിളാകം | ആലിന്തറ | മേവർപ്പുറം | ഉളിയത്തുറ | മരുപ്പൻകോട് | തുണ്ടത്തിൽ | ആകെ ആവ-ശ്യപ്പെട്ടതിന്റെ എണ്ണം | ഏറ്റവും കുറഞ്ഞത് ആവശ്യമുളള തൊഴിലാളികൾ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1. റെഡിമെയ്ഡ് വസ്ത്രനിർമ്മാണം | | x | x | | | x | | x | x | | x | | 6 | 18 |
| 2. നോട്ടുബുക്ക് നിർമ്മാണവും ബുക്ക് ബയൻറിംഗും | x | | | x | | x | | x | x | | | x | 6 | 18 |
| 3. മെഴുകുതിരിനിർമ്മാണം | x | x | x | x | | x | x | | x | x | x | | 9 | 18 |
| 4. ചെരുപ്പ് നിർമ്മാണം, | | | x | | | x | x | x | x | x | x | | 6 | 24 |
| 5. വാഷിംഗ് സോപ്പ് | x | | x | | | x | | x | x | | x | x | 7 | 14 |
| 6. തടിവ്യവസായം | | | | | x | | x | x | | | | x | 4 | 20 |
| 7. നെയ്ത്ത് | | | x | | | x | x | x | | | | x | 5 | 10 |
| 8. ഇഞ്ചിനീയറിംഗ് വർക്സ് | x | | | | x | | | | | | | | 2 | 4 |
| 9. ഇലക്ട്രോണിക്സ് | | | x | | | x | | x | . | | | | 3 | 9 |
| 10. കാർഷിക ഉപകരണങ്ങൾ നിർമ്മിക്കുന്ന യൂണിറ്റ് | | | x | | | | x | | x | | | | 3 | 9 |
| 11. പാൽവിതരണകേന്ദ്രം | x | x | | | | | | x | x | x | x | | 6 | 12 |
| 12. നാളികേര വ്യവസായം | x | x | x | x | x | x | | | x | x | x | | 9 | 36 |
| 13. ഹോളോബ്രിക്സ് | | | x | | | | | x | | | | x | 3 | 9 |
| 14. ഇഷ്ടിക നിർമ്മാണം. | | | | | | | | x | | | | | 1 | 10 |
| 15. ചുരൽ വ്യവസായം | x | | . | | | x | | | | | | | 2 | 4 |
| 16. സോഡാ നിർമ്മാണം | x | | | | | | | x | | | | | 2 | 4 |
| 17. ശില്പവേല | | | x | | | | | | x | x | | | 3 | 9 |
| 18. അലുമിനിയം പാത്ര നിർമ്മാണം | | | x | | | | | x | | | | | 2 | 6 |
| 19. ബേക്കറി | x | | | | | | | x | x | | | x | 4 | 8 |
| 20. പ്ലാസ്റ്റിക് നിർമ്മാണം | x | | x | | x | x | x | | x | x | x | | 8 | 24 |

"X" – ആവശ്യപ്പെട്ട യൂണിറ്റുകൾ

| | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| റബ്ബർ ബാൻഡ് | | x | | | | | | | | | | x | 2 |
| Food and Soft drinks | | | | | | x | | | | | | | 1 |
| ചിരട്ട കൊണ്ടുള്ള ചിപ്പ് മൈക്ക നിർമ്മാണം | | | | x | | | x | | | | | | 2 |
| റബ്ബർപാൽ ശേഖരണവും അനുബന്ധ വ്യവസായവും | | | | | x | | | | | x | x | | 2 |
| പച്ചക്കറികൾചിപ്പ് ആക്കി വൽക്കുന്ന യൂണിറ്റ് | | | | | x | | | | | x | | | 2 |
| തയ്യൽ പരിശീലന കേന്ദ്രം | | | | | x | | | | | x | x | | 3 |
| വ്യാവസായിക അടിസ്ഥാനത്തിൽ ആടുവളർത്തൽ | | | | | x | | | | | x | | | 2 |
| ചെമ്മീൻ കൃഷി | | | | | | | | | | x | | | 1 |
| കെട്ടിട നിർമ്മാണ സാധനങ്ങൾ നിർമ്മിക്കുന്ന യൂണിറ്റ് | | x | | | | | | | | | | | 1 |
| ധാന്യങ്ങൾ പൊടിക്കുന്ന മില്ല് | | | | | x | | | | | | | | 1 |
| കോപ്രാ ഡ്രൈയർ യൂണിറ്റ് | | | | | | x | | | | | | | 1 |
| ആകെ ആവശ്യപ്പെട്ട വ്യവസായ യൂണിറ്റ് | 11 | 8 | 17 | 5 | 10 | 8 | 9 | 22 | 21 | 12 | 7 | 8 | |

## ആവശ്യപ്പെട്ടിരിക്കുന്ന യൂണിറ്റുകൾ വാർഡു തിരിച്ച്

| | | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | ആകെ | ആവശ്യമായ തൊഴിലാളികൾ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1. | നിത്യോപയോഗ സാധനങ്ങളുടെ ശേഖരണം/ വിതരണം | | | | | | | x | x | x | | x | | 4 | 8 |
| 2 | തീപ്പെട്ടി നിർമ്മാണം | | | | | | | x | x | x | | x | | 4 | 12 |
| 3 | ചിരട്ടയിൽ നിന്നും മൈക്ക (കരകൗശലം) | | x | | | | | | | | x | | | 2 | 4 |
| 4 | പാറപൊടിച്ച് ചല്ലിയാക്കുന്ന വ്യവസായം | | | | | x | | | | x | | | | 2 | 4 |
| 5 | പൗൾട്രിഫാം | | | x | | | | | | x | x | x | | 4 | 8 |
| 6 | ചോക്കു നിർമ്മാണം | | | | | | | | | x | x | x | x | 4 | 8 |
| 7 | പർപ്പടം നിർമ്മാണം | | x | | | | | x | | x | | x | | 4 | 8 |
| 8 | കമ്പോസ്റ്റ് വള നിർമ്മാണം | | | x | | | | | | x | | | | 2 | 6 |
| 9 | കയറുല്പന്നങ്ങൾ കൊണ്ടുള്ള വസ്തുക്കൾ നിർമ്മാണം | x | | x | | | | | | x | | 3 | | 6 | |
| 10 | ഓല മെടഞ്ഞ് കയറ്റി അയക്കൽ | | | | | | | | | | | | | | |
| 11 | ആക്രി വ്യവസായം | | | x | | | | | | | | | | 1 | 2 |
| 12 | സൈക്കിൾ അസംബ്ലിംഗ് യൂണിറ്റ് | | | x | | | | | | | | | | 1 | 2 |
| 13 | അച്ചാറുകൾ ആഹാര പദാർത്ഥങ്ങളുടെ നിർമ്മാണം | x | x | | | | | | | | x | x | | 4 | 20 |
| 14 | വേസ്റ്റ് പേപ്പർ സംസ്ക്കരണം | | | | | | x | | | | | | | 1 | 4 |
| 15 | ഏത്തക്കാപൊടി നിർമ്മാണം | | | | | | x | | | | | | | 1 | 2 |
| 16 | തേങ്ങാവെള്ളം ഉപയോഗിച്ചുള്ള പാനീയം | | | | | | | | | | | | x | 1 | 3 |
| | | | | | | | | | | | | | | 38 | 97 |

# ഗതാഗതം

## ഊർജ്ജം

## മാർക്കറ്റ്

### ഗതാഗതം

കഴിഞ്ഞകാലങ്ങളിലെ കഴക്കൂട്ടം ഗ്രാമപഞ്ചായത്തിന്റെ ഏറ്റവും പ്രധാന വികസന പ്രവർത്തനം ഗ്രാമീണറോഡുകളുടെ നിർമ്മാണം ആണെന്ന കാര്യത്തിൽ തർക്കമില്ല. മനുഷ്യവിഭവം പരമാവധി പ്രയോജനപ്പെടുത്തി ജനപങ്കാളിത്തത്തിലൂടെ വികസനപ്രവർത്തനം നടത്തിക്കഴിഞ്ഞ മേഖലയും ഗതാഗതം തന്നെ. ഗ്രാമീണറോഡുകളുടെ നിർമ്മാണത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്ന ജനതയുടെ വികസനസംസ്ക്കാരം റോഡുസംരക്ഷണത്തിലെത്തുമ്പോൾ കുറഞ്ഞുകാണുന്നു. ശരിയായ തരത്തിലുള്ളതും സൗകര്യപ്രദവുമായ റോഡുകൾ ഏതൊരു ഗ്രാമത്തിന്റെയും വികസനത്തിന് വഴിതെളിക്കുന്നു. എന്നാൽ പരിസ്ഥിതിയ്ക്കും കൃഷി സൗകര്യങ്ങൾക്കും പ്രകൃതി വിഭവങ്ങൾക്കും ഏതൊരു പരിഗണനയും നൽകാതെ തലങ്ങും വിലങ്ങുമായി നിർമ്മിക്കപ്പെടുന്ന റോഡുകൾ നമ്മുടെ സമ്പദ്ഘടനയ്ക്ക് തന്നെ ഭീഷണിയായി തീരും.

സമീപഭാവിയിൽ താലൂക്കായി മാറാൻ സാദ്ധ്യതയുള്ള കഴക്കൂട്ടത്ത് ധാരാളം റോഡുകൾ നിർമ്മിതമായെങ്കിലും പലതും ലക്ഷ്യപ്രാപ്തിയിലെത്തിക്കാൻ കഴിഞ്ഞിട്ടില്ല. ഒരു റോഡിന്റെ നിർമ്മാണം മറ്റൊരു റോഡുമായി ബന്ധിക്കത്തക്ക വിധത്തിലായിരുന്നാൽ മാത്രമേ നമ്മുടെ ഉദ്ദേശം സാദ്ധ്യമാകുകയുള്ളൂ. റോഡുകളുടെ നിർമ്മാണത്തിലൂടെ വൈദ്യുതിയുടെ വിതരണം സുഗമമാക്കാൻ കഴിയും. ഈ മേഖലകളെല്ലാം സംമ്പുഷ്ടമായിതീരണമെങ്കിൽ സങ്കുചിത മനോഭാവമൊന്നില്ലാതിരിക്കണം.

റയിൽവേ ഗതാഗതം നമ്മുടെ പഞ്ചായത്തിലുണ്ടെങ്കിലും അതിന്റെ പ്രയോജനം നാമമാത്രമായിട്ടെ ലഭിക്കുന്നുള്ളൂ. റയിൽവേസ്റ്റേഷൻ കഴക്കൂട്ടം ജംഗ്ഷനിൽ നിന്ന് രണ്ട് കി.മി. അകലെ അസൗകര്യ പ്രദമായ സ്ഥലത്ത സ്ഥിതി ചെയ്യുന്നതും പാസഞ്ചർ ട്രെയിനുകൾ ഒഴികെ മറ്റു ട്രെയിനുകൾ നിർത്താത്തതുമാണ് ഇതിനുകാരണം. അന്തർദേശീയ പ്രാധാന്യമുള്ള V.S.S.C Techno Park, KINFRA, യുടെ അപ്പാരൽ പാർക്ക് ഉൾപ്പെടെ അനേകം സ്ഥാപനങ്ങൾ കഴക്കൂട്ടം ജംഗ്ഷന് സമീപം സ്ഥിതി ചെയ്യുന്നതിനാൽ കഴക്കൂട്ടം ജംഗ്ഷന് സമീപം റയിൽവേ സ്റ്റേഷൻ മാറ്റി സ്ഥാപിക്കുകയും ദീർഘദൂര ട്രെയിനുകളുൾപ്പെടെയുള്ള എല്ലാ ട്രെയിനുകൾക്കും കഴക്കൂട്ടത്ത് സ്റ്റോപ്പ് അനുവദിക്കുകയും ചെയ്യുകയാണ് ഇതിനൊരു പരിഹാരം.

ബസ്യാത്രയും ഇവിടെ ഒരു പ്രശ്നമായിതീർന്നിരിക്കുന്നു. തീരദേശവാസികൾ ഉൾപ്പെടെ വമ്പിച്ച ജനാവലി ദൈനംദിനം വന്നുപോകുന്ന കഴക്കൂട്ടം പ്രദേശത്ത് യാത്രാക്ലേശം വളരെ രൂക്ഷമാണ്. പാരലൽസർവ്വീസ്, ടാക്സി, ആട്ടോറിക്ഷാ എന്നീ സ്വകാര്യവാഹനങ്ങളെ ആശ്രയിക്കതെയുള്ള യാത്ര ദുഷ്ക്കരമാണ്. വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്കും ഉദ്യോഗസ്ഥർക്കും മറ്റുള്ളവർക്കും ആഫീസുകളിലോ വീടുകളിലോ സമയത്ത് എത്തിച്ചേരാൻ കഴിയാത്ത അവസ്ഥ ഇന്നു നിലനിൽക്കുന്നു.

ഈ പഞ്ചായത്തിലും സമീപത്തുമായി V.S.S.C, F.C.I, F ACT മിക്സിംഗ് യൂണിറ്റ്, BPCL, Aspirin Plant, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, KINFRA, Techno Park, ST. Xaviers College, University, യൂണിവേഴ്സിറ്റി കോളേജ്, L.N.C.P.E, Sainik School, R.V.T.I, വനിത I.T.I എന്നിങ്ങനെയുള്ള സ്ഥാപനങ്ങളുടെ ഒരു നീണ്ട പട്ടിക തന്നെയുണ്ട്. ഒരു സിറ്റിബസ് ഡിപ്പോ അനുവദിക്കുക മാത്രമാണ് ഇവിടങ്ങളിലേയ്ക്കുള്ള യാത്രാ പ്രശ്നം പരിഹരിക്കാനുള്ള ഏകവഴി.

റോഡുകളുടെ നിർമ്മാണത്തിന് മുൻഗണന നൽകുമ്പോൾ റോഡുകളുടെ പഴക്കം, വികസന സാദ്ധ്യത, രണ്ടോ അതിലധികമോ പ്രാധാനപ്രദേശങ്ങളെതമ്മിൽ ബന്ധിപ്പിക്കുന്നതിന് ഉതകുന്നത് എന്നിങ്ങനെയുള്ള മാനദണ്ഡം ആവശ്യമാണ്. ഉദാഹരണമായി ചാന്നവിള മരുപ്പൻകോട്,വാഴവിള കുഴിക്കാട്ടുകോണം, തൃജ്യോതിപു

രം, എന്നീറോഡുകളെ തമ്മിൽ ബന്ധിപ്പിച്ചാൽ നമ്മുടെ പഞ്ചായത്തിനോട് തൊട്ടുരുമ്മി സ്ഥിതിചെയ്യുന്ന അണ്ടൂർക്കോണം മിനി P.H.C യുടെ സേവനം ഉതിയറമൂല, മരുപ്പൻകോട്, സൈനികസ്ക്കൂൾ, പാട്ടുവിളാകം, ആലിനേറ എന്നീ വാർഡുകൾക്ക് പൂർണ്ണമായും മറ്റുപല വാർഡുകൾക്കും പ്രദേശങ്ങൾക്കും ഭാഗീകമായും പ്രയോജനപ്പെടുത്താനും കഴിയും. ദൂരം ലഘൂകരിക്കുക മാത്രമല്ല വിവിധ പഞ്ചായത്തുകളെത്തമ്മിൽ ബന്ധിപ്പിക്കുകവഴി വികസന പ്രക്രിയ കരുപ്പിടിപ്പിക്കാനും കഴിയും. കൂടാതെ പുല്ലാന്നിവിളയിൽനിന്നും നാല്മുക്ക്, ഉള്ളൂർക്കോണം, പുന്നാട്ടുനട, ഇലിപ്പകുഴി, സർക്കിൾ ആഫീസ് റോഡ് വീതികൂട്ടി M.L.A. റോഡ് ആക്കിമാറ്റിയാൽ കിഴക്കുംഭാഗം സൈനികസ്ക്കൂൾ, പാട്ടുവിളാകം,വടക്കുംഭാഗം തുണ്ടത്തിൽ, ആലിനേറ എന്നീ വാർഡുകളിലെ മുഴുവൻ ജനങ്ങൾക്കും നാഷണൽ ഹൈവേയിൽ എത്തിച്ചേരുവാനും അതുവഴി പ്രാദേശിക വികസനം നേടിയെടുക്കുവാനും കഴിയും.

പ്രശ്നങ്ങൾ

- യാത്രാക്ലേശം പരിഹരിക്കുവാൻ റെയിൽവേ പ്രയോജനപ്പെടുത്തുവാൻ കഴിയുന്നില്ല.
- കഴക്കൂട്ടം ജംഗ്ഷനിലെ ഗതാഗതക്കുരുക്ക്.
- യാത്രാക്ലേശം രൂക്ഷമാണ്.
- പബ്ളിക് ട്രാൻസ്പോർട്ട് സിസ്റ്റം പഞ്ചായത്തിന്റെ പലഭാഗങ്ങളിലും ചെന്നെത്തിയിട്ടില്ല.
- Time Schedule- ൽ ഉള്ള അപാകത.
- ട്രാഫിക് സമ്പ്രദായത്തിന്റെ അഭാവം.
- ലെവൽക്രോസ് മൂലമുണ്ടാകുന്ന അപകടങ്ങൾ.

അനധികൃതമായി റോഡുകളുടെ പാർശ്വങ്ങൾ കൈയേറി മതിലുകളും മുള്ളുവേലികളും നിർമ്മിക്കുന്നു.

സമാന്തര സർവ്വീസുകളുടെ മത്സര ഓട്ടം

റോഡുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നിർവ്വഹിക്കുന്നില്ല.

ജംഗ്ഷനുകളിലെ അനധികൃതബങ്ക് കടകളുടെ നിർമ്മാണം.

പാർക്കിംഗ് സമ്പ്രദായത്തിന്റെ പോരായ്മ.

വാഹനങ്ങൾ ഓടിക്കുന്നവരുടെ ട്രാഫിക് നിയമങ്ങളിലുള്ള അജ്ഞത.

പരിപാരങ്ങൾ

- കഴക്കൂട്ടം റെയിൽവെ സ്റ്റേഷനെ ഒരു പ്രധാന റെയിൽവെസ്റ്റേഷനാക്കി ഉയർത്തി കഴക്കൂട്ടം ജംഗ്ഷൻ കേന്ദ്രീകരിച്ച് മാറ്റി സ്ഥാപിക്കുക.
- വൺവേ സിസ്റ്റം നടപ്പിൽ വരുത്തുക. കഴക്കൂട്ടം കുളത്തൂർറോഡ് വീതി വർദ്ധിപ്പിക്കുക. പാരലൽ സർവ്വീസ് ടാക്സി, ആട്ടോസ്റ്റാൻഡുകൾ സൗകര്യപ്രദമായ സ്ഥലങ്ങളിലേയ്ക്ക് മാറ്റിസ്ഥാപിക്കുക. ട്രാഫിക് പോലീസിന്റെ സേവനം കാര്യക്ഷമമാക്കുക.
- സിറ്റിബസ്ഡിപ്പോ കഴക്കൂട്ടം കേന്ദ്രമാക്കി അനുവദിക്കുക, പ്രൈവറ്റ് ബസ്സർവ്വീസ് ആരംഭിക്കുക. ആവശ്യാനുസരണം ഷെഡ്യൂളുകൾ പരിഷ്ക്കരിക്കുക.
- പബ്ലിക് ട്രാൻസ്പോർട്ട് സിസ്റ്റം ചെന്നെത്തിയിട്ടില്ലാത്ത സ്ഥലങ്ങളിൽ അതിനുള്ള സൗകര്യം ഏർപ്പെടുത്തുക. • ആവശ്യാനുസരണം ഉദ്യോഗസ്ഥരെ നിയമിക്കുക.
- കഴക്കൂട്ടം നിയോജക മണ്ഡലത്തിനുവേണ്ടി ഒരു ട്രാഫിക് പോലീസ് സ്റ്റേഷൻ ആരംഭിക്കുക.
- ലെവൽ ക്രോസുകളുടെ ഭാഗത്ത് ഫ്ലൈഓവറുകൾ സ്ഥാപിക്കുക.
- റോഡുകൾ അനധികൃതമായി കൈയേറുന്നത് കർശനമായി നിരോധിക്കുക.
- സമാന്തര സർവ്വീസുകൾക്ക് Time Schedule ഏർപ്പെടുത്തുക.
- റോഡുകളുടെ അറ്റകുറ്റപ്പണികൾ കൃത്യസമയത്തുചെയ്ത് സാമ്പത്തിക നഷ്ടം ഒഴിവാക്കുക.
- ജംഗ്ഷനുകളിലെ ബങ്കുകടകൾ കർശനമായി നിരോധിക്കുക.
- സ്വകാര്യവാഹനങ്ങൾക്ക് പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തുക.
- ട്രാഫിക് നിയമങ്ങളിൽ പൂർണ്ണമായി അറിവ് ലഭിച്ചതിനുശേഷം മാത്രം ഡ്രൈവിംഗ് ലൈസൻസ് നൽകുക.

***പുതുക്കി പണിയേണ്ടതും പുതുതായി നിർമ്മിക്കേണ്ടതുമായ റോഡുകളുടെ വിവരം***

•തട്ടാൻകരി റോഡ് പൂർണ്ണമായും ടാർ ചെയ്യുക.

തട്ടൻകരി റെയിൽവെ ലൈൻ റോഡ് ടാർ ചെയ്യണം

ഐകര പുളിമൂട് റോഡ് ടാർ ചെയ്യുക

മുടുമ്പിൽ ഐക്കര റോഡ് ടാർ ചെയ്യുക

ചിറ്റഴികം പാടികവിളാകം റോഡ് ടാർ ചെയ്യുക

പണയിൽ റോഡ് ടാർ ചെയ്യുക

കാട്ടുകുളം തോപ്പിൽപണ റോഡ് ടാർ ചെയ്യുക

റെയിൽവേ ഗേറ്റിന് സമീപം 25 മീറ്റർ ദീർഘിപ്പിച്ച് ആനാട്ടുവഴി റോഡുമായി ബന്ധിപ്പിച്ച് 450മീറ്റർ ടാർ ചെയ്യുക. ആറാട്ടു വഴി അമ്പുമൂല കാട്ടുകുളം റോഡ് പുതുതായി നിർമ്മിച്ച് ഗതാഗതയോഗ്യമാക്കുക.

കഴക്കൂട്ടം H.S കാട്ടുകുളം Jn റോഡ് 150മീറ്റർ കൂടി ടാർ ചെയ്യുകയും റെയിൽവേ ഗേറ്റ് സ്ഥാപിക്കുകയും ചെയ്യുക

മാർക്കറ്റ് റെയിൽവേ ലൈൻ ഇടവഴി വീതികൂട്ടി കോൺക്രീറ്റ് ചെയ്യുക.
കാട്ടുകുളം മൂലേപ്പുറം ഐക്കര റോഡ് ടാർ ചെയ്യണം
കഴക്കൂട്ടം എച്ച് എസ്സ് പുതുക്കുളം റോഡ് വീതികൂട്ടി ടാർ ചെയ്യുക
പുല്ലാട്ടുകരി ലക്ഷം വീട് റോഡ് ടാർ ചെയ്യുക
പാപ്പാരി പടിയ്ക്കകം റോഡ് സൈഡ് വാൾ കെട്ടി കോൺക്രീറ്റ് ചെയ്യുക
കരുണാകരൻ വൈദ്യർ റോഡ് ടാർ ചെയ്യുക
കൊച്ചുപാലം പമ്പ്ഹൗസ് റോഡ് ടാർ ചെയ്യുക
ഗാന്ധി സെന്റിനറി റോഡ് ടാർ ചെയ്യുക
മുണ്ടപ്പള്ളി കുമിഴിക്കര റോഡ് ടാർ ചെയ്യണം
ഊരുവിളാകം സെറ്റിൽമെന്റ് കോളനി റോഡ് ടാർ ചെയ്യണം
നെട്ടേക്കോണം കുമിഴിക്കര റോഡ് ടാർ ചെയ്യണം
മുസ്ലീം പള്ളി ആശ്രമം റോഡ് നിർമ്മിച്ച് ടാർ ചെയ്യുക
ട്രഷറി അമ്പലത്തിൻകര റോഡ് ടാർ ചെയ്യുക
ഊരുവിളാകം ഹരിജൻ കോളനി റോഡ് വീതികൂട്ടി ടാർ ചെയ്യുക
കൊച്ചുപാലം ടെക്നോപാർക്ക് റോഡ് കോൺക്രീറ്റ് ചെയ്യുക.
നന്ദൻകോട് പട്ടുകുന്ന് റോഡ് കോൺക്രീറ്റ് ചെയ്ത് സഞ്ചാരയോഗ്യമാക്കുക
കഴക്കൂട്ടം കാര്യവട്ടം N.H.47ൽ ഓട നിർമ്മിച്ച് തോട്ടിൽ വിടുക.
കഴക്കൂട്ടം കുമിഴിക്കര റോഡ് ടാർ ചെയ്യുക
മുണ്ടപ്പള്ളി കുമിഴിക്കര റോഡിലും നെട്ടേക്കോണം കുമിഴിക്കര റോഡിലും ഓരോ കലുങ്ക് നിർമ്മിക്കുക.
പോലീസ് സ്റ്റേഷൻ റോഡ് ടാർ ചെയ്യുക
സർക്കിൾ ഓഫീസ് റോഡ് ടാർ ചെയ്യുക
പള്ളികൂടം വിളാകം റോഡ് ടാർ ചെയ്യുക
മിഷൻ ആശുപത്രി ഇടവഴി, അബ്ദുൽ റഹ്മാൻ മെമ്മോറിയൽ ഇടവഴി, അൽ ഉതുമാൻ ഇടവഴി, അഗ്രികൾച്ചറൽ ഓഫീസ് ഇടവഴി, അയണിക്കാട് നട ഇടവഴി, കാട്ടുംപുറം എന്നീ ഇടവഴികൾ കോൺക്രീറ്റ് ചെയ്യുക
കോട്ടയത്തുകാവ് ഇലപ്പിക്കുഴി റോഡ് ടാർ ചെയ്യുക
ആമ്പല്ലൂർത്തടം ടാർ ചെയ്യുക
ആമ്പല്ലൂർ മണ്ണറ റോഡ് ടാർ ചെയ്യുക
ചന്തവിള ചാണായിക്കോണം റോഡ് ടാർ ചെയ്യുക
ചന്തവിള കൊക്കോട്ടുകോണം റോഡിന്റെ ബാക്കിയുള്ള ഭാഗം ടാർ ചെയ്യുക
ചന്തവിള ചാക്യാർനട ഇടവഴി ടാർ ചെയ്യുക
കഴക്കൂട്ടം കുതാളിനട റോഡ് ടാർ ചെയ്യുക
കുതാളിനട കുമിഴിക്കര പോങ്ങറ IHDP കോളനി റോഡ്
SCPയിൽ ഉൾപ്പെടുത്തി ടാർ ചെയ്യുക
കുമിഴിക്കര പോങ്ങറ IHDP കോളനി പെരുമൺച്ചിറ LNCPE റോഡ് ടാർ ചെയ്യുക
ഉള്ളൂർക്കോണം മേപ്രംവിള പെരുമത്ത് കുമിഴിക്കര റോഡിൽ പെരുമത്ത് ഭാഗം റോഡ് നിർമ്മിച്ച് ടാർ ചെയ്യുക
കുന്നുവിള പെരുമൺച്ചിറ റോഡ് പുതുതായി നിർമ്മിക്കുക
കല്ലുവെട്ടാൻകുഴി പെരുമൺച്ചിറ റോഡ് പുനരുദ്ധരിക്കുക
കട്ടവിള ഇലിപ്പക്കുഴി പുന്നാട് റോഡ് ടാർ ചെയ്യുക
LNCPE നിലി അമ്മൻകോവിൽ റോഡ് ടാർ ചെയ്യുക
LNCPE ഉള്ളൂർക്കോണം റോഡ് വീതി കൂട്ടി ടാർ ചെയ്യുക
സഹകരണാശുപത്രി അകരത്തുംവിളാകം റോഡ് ടാർ ചെയ്യുക
കുഞ്ചുവീട്ടുഇടവഴി മഹാദേവർക്ഷേത്രം റോഡ് ടാർ ചെയ്യുക
നേതാജി ലൈൻ റോഡ് ടാർ ചെയ്യുക
പുല്ലാന്നിവിള ഉള്ളൂർക്കോണം പുന്നാട്ടനട ഇലിപ്പക്കുഴി കോളനി അമ്പലപ്പള്ളി റോഡ് വീതികൂട്ടി രണ്ട് പാലങ്ങൾ നിർമ്മിച്ച് MLA റോഡ് സ്കീമിൽ ഉൾപ്പെടുത്തുക
പെരുമൺച്ചിറ പെരുമൺക്ഷേത്രം പോങ്ങറ റോഡ് ടാർ ചെയ്യുക
ചന്തവിള പുന്നാട്ടനട റോഡ് ടാർ ചെയ്യുക
മങ്ങാട്ടുകോണം ചന്തവിള റോഡ് ടാർ ചെയ്യുക
ചന്തവിള കുന്നത്തുനട പൊയ്കയിൽനട റോഡ് ടാർ ചെയ്യുക
കുറുവല്ലാക്കോളനി റോഡ് ടാർ ചെയ്യുക
അണ്ണൂർത്തടം ലക്ഷംവീട് കോളനിത്തടം എന്നിവ ടാർ ചെയ്യുക
മരവൂർ ഇടവഴി കാഷ്യർനട ഇടവഴി എന്നിവ ടാർ ചെയ്യുക
ഉദയപുരം സന്നിധിപുരംറോഡ് ടാർ ചെയ്യുക
കണ്ണേറ്റുവിള റോഡ് മെറ്റൽ ചെയ്യുക
കുണ്ടയത്ത് സ്വാമിയാർ മഠം റോഡ് ടാർ ചെയ്യുക
മാവൂർപ്പാറ റോഡ് ടാർ ചെയ്യുക
തെങ്ങുവിള റോഡ് ടാർ ചെയ്യുക
വേങ്ങലിൽ കാവുവിള റോഡ് ടാർ ചെയ്യുക
ജയന്തിപുരം റോഡ് ടാർ ചെയ്യുക
ഗാന്ധിസ്മാരകം മാവൂർപ്പാറ പുളിയറത്തല ടാർ ചെയ്യുക
കുഴിയക്കാട്ടുകോണം തൃജ്യോതിപുരം അണ്ടൂർക്കോണം റോഡ് ഒരു പാലവും രണ്ടു കലുങ്കും നിർമ്മിച്ച് ടാർ

ചെയ്യുക
ചന്തവിള മരുപ്പൻകോട് അണ്ടൂർക്കോണം റോഡ് ഒരു പാലവും ര
ണ്ട് കലുങ്കും നിർമ്മിച്ച് ടാർ ചെയ്യുക
ഈസ്റ്റാഫ്പുരം കളവർത്തല റോഡ് ഓട നിർമ്മിച്ച് ടാർ ചെയ്യുക
നരിക്കൽ ക്രിസ്ത്യൻ ആശ്രമം റോഡ് ടാർ ചെയ്യുക
കോട്ടുകുടി റോഡ് ടാർ ചെയ്യുക
കാട്ടായിക്കോണം പൂലയിൽക്കോണം റോഡ് കോൺക്രീറ്റ് ചെയ്യുക
പന്തടിവിള ക്കോണത്ത് റോഡ് കോൺക്രീറ്റ് ചെയ്യുക
ഉതിയറമൂല കുന്നത്തുനട
കല്ലുക്കുന്ന് ക്രിസ്ത്യൻ ആശ്രമം
കുന്നുകാട് പന്തടിവിള
ഉദയപുരം കുന്നുവിള
എന്നീ സ്ഥലങ്ങളിലേയ്ക്ക് ഇടവഴികൾ നിർമ്മിച്ച് യാത്രാസൗകര്യം ഉണ്ടാക്കുക
വാഴവിള മരുപ്പൻകോട് ചന്തവിള റോഡ് ടാർ ചെയ്യുക
കോട്ടമുക്ക് കോട്ടുകുടി റോഡ് വീതിക്കൂട്ടി കോൺക്രീറ്റ് ചെയ്യുക
പള്ളിയാപ്പറമ്പ് ചാരുംവിള തൃജ്യോതിപുരം റോഡ്
പള്ളിയാപ്പറമ്പ് പുത്തറത്തല
ആലംഞ്ചേരി റോഡ്
നെട്ടററോഡ്
വാരിയവീട് റോഡ്
ജി.സി കോളനി റോഡ്
കമുകടിമൂല റോഡ്
വാഴവിള കുണ്ടുറാണി എന്നീ റോഡുകൾ കോൺക്രീറ്റ് ചെയ്ത് ഗതാഗതയോഗ്യമാക്കുക
കുന്നുംപുറം തെങ്ങുവിള
ഏറത്തുവീട് റോഡ് എന്നിവ ടാർ ചെയ്യുക
തുണ്ടത്തിൽ പിത്തറവട്ടം റോഡ് ഒരു പാലവും രണ്ട് കലുങ്കും നിർമ്മിച്ച് ടാർ ചെയ്യുക
മംഗലം മൂഴിനട റോഡ് ടാർ ചെയ്യുക
പുല്ലാന്നിവിള പെരുഞ്ചിറാക്കോണം റോഡ് പുതുക്കി പണിയുക
LNCPE നാലുമുക്ക് റോഡ് ടാർ ചെയ്യുക
നാലുമുക്ക് കളിയിൽ നട റോഡ് ടാർ ചെയ്യുക
ചേങ്കോട്ട്കോണം കുണ്ടയത്ത് ക്ഷേത്രം റോഡ് ടാർ ചെയ്യുക
തുണ്ടത്തിൽ പാറവിള റോഡ് ടാർ ചെയ്യുക
പിത്തറവട്ടം കുണ്ടയത്തുനട റോഡ് ടാർ ചെയ്യുക
പാലുക്കോണം ചേരുമലക്കുന്ന് റോഡ് ഒരു പാലം നിർമ്മിച്ച് കോൺക്രീറ്റ് ചെയ്യുക
ചേങ്കോട്ടുകോണം നമ്പിടിക്കോണം റോഡ് വീതികൂട്ടി ടാർ ചെയ്യുക

## *പൊതു നിർദ്ദേശങ്ങൾ*

- ഈ പഞ്ചായത്തിൽ ഗതാഗത സൗകര്യങ്ങളിലെ അപര്യാപ്തത എല്ലാ വാർഡുകളിലുമുണ്ട്. റോഡുകളുടെ സൗകര്യക്കുറവാണം പ്രധാന പ്രശ്നം എന്നാൽ മരുപ്പൻകോട്, ഉതിയറമൂല വാർഡുകൾ പരസ്പരം ബന്ധമില്ലാതെ മറ്റു പ്രധാന സ്ഥലങ്ങളുമായി ബന്ധപ്പെടാൻ കഴിയാതെ ഒറ്റപ്പെട്ടൊരവസ്ഥയുണ്ട്. എന്നാൽ വാഴവിള മരുപ്പൻകോട്- ഉതിയറ മൂല റോഡ് ഫോം ചെയ്ത് രണ്ട് പാലങ്ങൾ, കലിങ്കുകൾ എന്നിവ നിർമ്മിച്ച് ടാർ ചെയ്ത് സഞ്ചാരയോഗ്യമാക്കിയാൽ ഈ രണ്ട് വാർഡികളിലും ഉള്ള ജനങ്ങൾക്ക് കഴക്കൂട്ടം, അണ്ടൂർക്കോണം, കണിയാപുരം പ്രദേശങ്ങളുമായി ഗതാഗത ബന്ധം സ്ഥാപിക്കാനും അടിസ്ഥാന സൗകര്യം ലഭിക്കാനും കഴിയും.
- ഉപഗ്രഹനഗരമായി മാറിക്കൊണ്ടിരിക്കുന്ന കഴക്കൂട്ടം പഞ്ചായത്തിന്റെ ഓരോ റോഡിനും പേരുകൾ നിർദ്ദേശിച്ച് നെയിം ബോർഡുകൾ സ്ഥാപിക്കുക.
- കഴക്കൂട്ടം ബസ്സ്റ്റാന്റ് ഭിത്തികൾ മാറ്റി തുറസ്സാക്കി പുതുക്കി പണിയുക.
- ആറാട്ടുവഴി റെയിൽവേ ക്രോസ്സിൽ ഫ്ലൈ ഓവർ സ്ഥാപിക്കുക.
- പ്രധാന റോഡുകളിൽ നിർമ്മിക്കുന്ന ഓടകൾ മൂന്ന് വശവും കോൺക്രീറ്റ് ചെയ്ത് കാലാകാലങ്ങളിൽ വൃത്തിയാക്കുകയും.
- റോഡുകളുടെ ഇരുവശവുമുള്ള മണ്ണ് മഴക്കാലത്ത് ഒലിച്ചുപോകുന്നതിനാൽ റോഡ് നശീകരണത്തിന് കാരണമാകുന്നു. പ്രധാന റോഡുകളുടെ ഇരുവശവും ഓരോ മീറ്റർ വീതം വീതി വർദ്ധിപ്പിച്ച് ഈ പ്രശ്നം പരിഹരിക്കേണ്ടതുണ്ട്.
- കഴക്കൂട്ടം ജംഗ്ഷനിലെ ഓട ബൈപ്പാസ് മുറിച്ച് തെറ്റിയാറിൽ ഒഴുക്കി മാലിന്യ വിമുക്തമാക്കുക.
- സ്വകാര്യ വാഹനങ്ങളുടെ എണ്ണം അനുദിനം ക്രമാതീതമായി വർദ്ധിച്ചുവരുന്നതിനാൽ കഴക്കൂട്ടം കേന്ദ്രമാക്കി ഒരു R.T.O സബ്ആഫീസ് ആരംഭിക്കുക.

***പൊതുവായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പുതിയ ബസ് റൂട്ടുകൾ***

- സാറ്റലൈറ്റ് നഗരമായ കഴക്കൂട്ടം കേന്ദ്രമാക്കി സിറ്റിബസ്ഡിപ്പോ അനുവദിച്ച് പുതിയ ബസ് റൂട്ടുകൾ അനുവദിക്കേണ്ടുന്നവയുടെ പട്ടിക.

1. കഴക്കൂട്ടം V.S.S.C. ആൾസെയിൻസ് I.T.I - എയർപോർട്ട്

2. F.C.I. പുല്ലാട്ടുകരി- പാടിക്കവിളാകം- വെട്ടുറോഡ് - കഴക്കൂട്ടം- തിരുവനന്തപുരം

3. കഴക്കൂട്ടം - BPCL - ആസ്പിരിൻ പ്ലാന്റ് - സ്റ്റേഷൻകടവ് - തിരുവനന്തപുരം

കഴക്കൂട്ടം സെന്റ്സേവിയേഴ്സ് കോളേറ - പൊരുമാതുറ

4. കഴക്കൂട്ടം വേളി - കോവളം

5. കഴക്കൂട്ടം തുണ്ടത്തിഴി - ചെമ്പഴന്തിവഴി തിരുവനന്തപുരം.

6. കഴക്കൂട്ടം - ചന്തണം - കാട്ടായിക്കോണം - വാഴവിള

7. കഴക്കൂട്ടം - ചന്തവിള - നരിക്കൽ - പുല്ലാന്നിവിള വഴി തിരുവനന്തപുരം

8. കഴക്കൂട്ടം പള്ളിപ്പുറം -അണ്ടൂർക്കോണം- അരിയോട്കോണം -കാട്ടായിക്കോണം- ചന്തവിള, കഴക്കൂട്ടം (സർക്കുലർ)

9. കഴക്കൂട്ടം -സൈനിക സ്ക്കൂൾ -പോത്തൻകോട്- വെഞ്ഞാറമൂട് -കിളിമാന്നൂർ

10. കഴക്കൂട്ടം -കരിയിൽ -മലമേൽപറമ്പ് പുത്തൻതോപ്പ് ആശുപത്രി വഴി പെരുമാതുറ.

## ഊർജ്ജം

ഒരു പ്രദേശത്തിന്റെ വികസനം ആ പ്രദേശത്തെ ഊർജ്ജ സമ്പത്തിനെ അടിസ്ഥാനമാക്കിയാണ് നില കൊള്ളുന്നത്. ഊർജ്ജ സമ്പത്തിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ ആ പ്രദേശത്തിന്റെ സാമ്പത്തിക ഘടനയെതന്നെ തകിടം മറിക്കും. വികസിത രാജ്യങ്ങൾ ഓരോന്നായി എടുത്തു പരിശോധിച്ചാൽ ഊർജ്ജശ്രോതസ്സുകൾ ചെലുത്തുന്ന സ്വാധീനം വ്യക്തമാകും.

ഊർജ്ജം എന്നാൽ വൈദ്യുതോർജ്ജം എന്ന ധാരണയാണ് സാമാന്യ ജനങ്ങൾക്കുള്ളത്. എന്നാൽ മണ്ണെണ്ണ, കൽക്കരി, പെട്രോളിയം, പാചകവാതകം, എണ്ണ, സൗരോർജ്ജം, അണുശക്തി എന്നിവയും ഊർജ്ജ രൂപങ്ങളാണ്. മറ്റ് ഊർജ്ജ രൂപങ്ങളെ അപേക്ഷിച്ച് ഉപയോഗിക്കുവാൻ സൗകര്യപ്രദമായതിനാൽ വൈദ്യുതിയെ നാം കൂടുതൽ ആശ്രയിക്കുന്നു. ഇത് കേരളം പോലെ ജല വൈദ്യുത പദ്ധതികളെ ആശ്രയിക്കുന്ന ഒരു സംസ്ഥാനത്ത് ഊർജ്ജ പ്രതിസന്ധിക്ക് കാരണമാകുന്നു. കഴക്കൂട്ടം ഗ്രാമ പഞ്ചായത്തിലും ഈ ഊർജ്ജ പ്രതിസന്ധി ഏറെ അനുഭവപ്പെടുന്നു. ഇത് പഞ്ചായത്തിന്റെ പഞ്ചായത്തിന്റെ സാമ്പത്തിക പുരോഗതിക്ക് വിഘാതം സൃഷ്ടിക്കുന്നു.

അണ്ടൂർക്കോണം, പരുത്തിപ്പാറ, വേളി എന്നീ സബ് സ്റ്റേഷനുകളിൽ നിന്നാണ് ഈ പഞ്ചായത്തിന് വൈദ്യുതി ലഭ്യമാകുന്നത്. കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ വൈദ്യുതോപഭോഗം ഏകദേശം മൂന്ന് മടങ്ങ് വർദ്ധിച്ചിട്ടുണ്ട്. ഇതിൽ ഏറിയപങ്കും ഗാർഹിക ഉപഭോഗം മൂലമാണ്. മിക്ക വീടുകളിലും മിക്സി, ഗ്രൈന്റർ, വാഷിംഗ് മെഷീൻ, ഫ്രിഡ്ജ്, എയർകണ്ടീഷൻ, വീഡിയോ കാസറ്റ്, റിക്കാർഡർ, ടെലിവിഷൻ, ടേപ്പ് തുടങ്ങിയവ തുടങ്ങിയ ആഡംബര വസ്തുക്കൾ ഉപയോഗിക്കുന്നുണ്ട്. ഇതിനനുസരണമായി നമ്മുടെ സംസ്ഥാനത്തെ വൈദ്യുതോൽപ്പാദനം വർദ്ധിച്ചിട്ടില്ല എന്നതാണ് ഖെദകരമായ സത്യം. നമുക്ക് വൈദ്യുതിക്ക് വേണ്ടി അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവരുന്നു. സാധാരണ ജനങ്ങളെ വൈദ്യുതേതര ഊർജ്ജ ശ്രോതസ്സുകൾ കണ്ടെത്തി ഉപയോഗിക്കുവാൻ പ്രോത്സാഹിപ്പിക്കേണ്ടതാണ്. അതോടൊപ്പം തന്നെ നമ്മുടെ താപ വൈദ്യുത പദ്ധതികളെല്ലാം തന്നെ സമയ ബന്ധിതമായി പൂർത്തിയാക്കേണ്ടതുമാണ്. ഇതിനെല്ലാമുപരി വികസിത രാജ്യങ്ങൾ വിജയകരമായി നടപ്പിലാക്കിയ ഊർജ്ജോൽപ്പാദക സംവിധാനങ്ങൾ നമ്മുടെ രാജ്യത്തും,

പ്രത്യേകിച്ച് ജലസംഭരണികളെ ആശ്രയിക്കുന്ന സംസ്ഥാനത്ത് നടപ്പിലാക്കേണ്ടതാണ്.

നമ്മുടെ പഞ്ചായത്ത് കണിയാപുരം, കഴക്കൂട്ടം, കന്യാകുളങ്ങര എന്നീ ഇലക്ട്രിക്കൽ സെക്ഷനുകളുടെ കീഴിലാണ് വരുന്നത്. വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നതിനോടൊപ്പം പഞ്ചായത്തിന്റെ പലഭാഗങ്ങളിലും വൈദ്യുതി എത്തിച്ചേർന്നിട്ടില്ല. പഞ്ചായത്തിലെ മരുപ്പൻകോട്, ആലിനേറ, മഠവൂർപ്പാറ എന്നീ വാർഡുകളിലെ വൈദ്യുതോപഭോക്താക്കൾ ഏകദേശം എട്ട് കിലോമീറ്ററിൽ കൂടുതൽ സഞ്ചരിച്ച് കന്യാകുളങ്ങര ഇലക്ട്രിക്കൽ സെക്ഷനിലാണ് കറന്റ് ചാർജ്ജ് അടക്കുന്നത്. ഇതിനൊരു ശാശ്വത പരിഹാരമായി കാട്ടായിക്കോണം കേന്ദ്രമാക്കി ഒരു ഇലക്ട്രിക്കൽ സബ് ഓഫീസ് ആരംഭിക്കേണ്ടതാണ്. കൂടാതെ ഇലക്ട്രിസിറ്റി ജീവനക്കാർക്ക് ജനങ്ങളോടുള്ള ഉത്തരവാദിത്വത്തെയും ഒരു കാലിക പ്രശ്നമായി നിലനിൽക്കുകയാണ്.

### പ്രശ്നങ്ങൾ

1. പഞ്ചായത്തിന്റെ എല്ലാഭാഗങ്ങളിലും വൈദ്യുതി എത്തിയിട്ടില്ല.
2. ആഡംബര ആവശ്യങ്ങൾക്ക് വേണ്ടിയുള്ള അധിക വൈദ്യുതോപയോഗം.
3. പഴക്കം ചെന്നതും പ്രവർത്തന ക്ഷമത കുറഞ്ഞതുമായ ട്രാൻസ്ഫോർമറുകൾ.
4. പാരമ്പര്യേതര ഊർജ്ജ ശ്രോതസ്സുകൾ ശരിക്ക് കണ്ടെത്തി ഉപയോഗിക്കുന്നില്ല.
5. വൈദ്യുത തകരാറുകൾയഥാസമയം തീർക്കുന്നില്ല.
6. വയറിംഗ് സമ്പ്രദായത്തിലെ പോരായ്മ.

7. കാർഷിക ഗാർഹിക വ്യവസായിക ആവശ്യങ്ങൾക്കു വേണ്ടിയുള്ള വൈദ്യുത കണക്ഷനുകളിലുള്ള കാലതാമസം
8. തെരുവുവിളക്കുകൾ എല്ലാ ഭാഗത്തും എത്തിയിട്ടില്ല.
9. വോൾട്ടേജ് ക്ഷാമവും വൈദ്യുത ചോർച്ചയും
10. ഉപയോഗിക്കാത്ത വൈദ്യുതിക്ക് ഉപഭോക്താക്കളും പഞ്ചായത്തും അമിത ചാർജ്ജ് നൽകേണ്ടിവരുന്നു.

## *പരിഹാരങ്ങൾ*

a. പഞ്ചായത്തിന്റെ എല്ലാഭാഗങ്ങളിലും വൈദ്യുതി എത്തിക്കുന്നതിനുവേണ്ട സഞ്ചാര നടപടികൾ സ്വീകരിക്കുക.

b. ഉൽസവാഘോഷങ്ങൾക്കും മറ്റ് ആഡംബരാവശ്യങ്ങൾക്കും വേണ്ടിവരുന്ന വൈദ്യുതിക്ക് കർശനമായും ജനറേറ്ററുകൾ ഉപയോഗിക്കുക.

c. പഴക്കം ചെന്നതും പ്രവർത്തനക്ഷമത കുറഞ്ഞതുമായ ട്രാൻസ്ഫോർമറുകൾ അടിയന്തിരമായി മാറ്റി സ്ഥാപിക്കുക.

d. നിലവിലുള്ള വൈദ്യുത പ്രതിസന്ധിയെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുകയും പാരമ്പര്യേതര ഊർജ്ജ ശ്രോതസ്സുകൾ കൂടുതലായി കണ്ടെത്തി ഉപയോഗിക്കാൻ പ്രേരിപ്പിക്കുക.

e. വൈദ്യുത തകരാറുകൾ കണ്ടെത്തുന്നതിന് പ്രത്യേക സ്ക്വാഡുകൾ ഏർപ്പെടുത്തുകയും അവ യഥാസമയം പരിഹരിക്കുകയും ചെയ്യുക. വൈദ്യുത പ്രവാഹത്തിന് തടസ്സമാകുന്നവയുടെ ശിഖരങ്ങൾ യഥാസമയം മുറിച്ച് മാറ്റുക.

f. കാലഹരണപ്പെട്ട വയറിംഗ്ങ്ങുകൾ റീ വയറിംഗിന് വിധേയമാക്കുകയും അംഗീകൃത വയർമാൻമാരുടെ മേൽനോട്ടത്തിൽമാത്രം വയറിംഗ് ജോലികൾ നടത്തുവാനുള്ള സംവിധാനം ഏർപ്പെടുത്തുക.

g. വീടുകൾക്കും - കൃഷിയ്ക്കും വ്യവസായത്തിനും വൈദ്യുതി നൽകുന്നതിൽ മുൻഗണന നൽകുക.

h. തെരുവുവിളക്കുകൾ സ്ഥാപിച്ചിട്ടില്ലാച പി.ഡബ്ല്യൂ.ഡി പഞ്ചായത്ത് റോഡുകളിൽ ഇവ എത്രയും പെട്ടന്ന് സ്ഥാപിക്കുക.

1. വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് ത്രീഫേസ് ലൈനുകൾ സ്ഥാപിക്കുക. അനധികൃതമായി സ്റ്റെപ്പ്അപ്പുകൾ ഉപയോഗിക്കുന്നത് തടയുകയും വൈദ്യുതി ചോർത്തുന്നത് കണ്ടുപിടിക്കുന്നതിലേയ്ക്കായി മിന്നൽ സ്ക്വാഡുകൾ കൂടുതലായി രൂപീകരിക്കുകയും ചെയ്യുക.

തെരുവ് വിളക്കുകൾ പ്രകാശിപ്പിക്കുന്നതിലേയ്ക്കായി പഞ്ചായത്ത് ഉപയോഗിക്കുന്ന വൈദ്യുതിക്ക് പ്രത്യേക മീറ്റർ റീഡിംഗ് സംവിധാനം ഏർപ്പെടുത്തുക, അതുപോലെ വീടുകളിൽ സ്ഥാപിച്ചിട്ടുള്ള പ്രവർത്തനക്ഷമമല്ലാത്തതും ഗുണമേൻമ കുറഞ്ഞതുമായ മീറ്ററുകൾ മാറ്റി പ്രവർത്തനക്ഷമതയുള്ള മീറ്ററുകൾ സ്ഥാപിക്കുക.

g. വൈദ്യുതി ലഭ്യമാക്കുന്ന പ്രദേശങ്ങളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുക.

k. പ്രധാന ജംഗ്ഷനുകളിൽ സോഡിയം/ മെർക്കുറി ലാമ്പുകൾ സ്ഥാപിക്കുക.

1. ഗ്രാമസഭകളിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ

കരിയിൽ വാർഡിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പണയിൻകോളനി, ലക്ഷംവീട് കോളനി എന്നിവിടങ്ങളിൽ വൈദ്യുതി എത്തിക്കുക.

2. ൗൺ വാർഡിൽ പുളിവിളാകം, പാപ്പാരി, ഭാഗത്ത് ഏകദേശം 200 മീറ്റർ ഭാഗത്ത് വൈദ്യുതി ലഭ്യമാക്കുക.

3. തെക്കും ഭാഗം വാർഡിന്റെ പലഭാഗങ്ങളിലും സ്ട്രീറ്റ് ലൈറ്റുകൾ ഇല്ല. നിരവധി വീടുകൾക്ക് വൈദ്യുതി ലഭിച്ചിട്ടില്ല.

4.വടക്കും ഭാഗം വാർഡിൽ പണൈക്കോണം, കാവുവിളാകം, R.V.T യ്ക്ക് കിഴക്കും ഭാഗം എന്നിവിടങ്ങളിൽ വൈദ്യുതി ലഭ്യമാക്കുക.

5. മരുപ്പൻകോട് വാർഡിൽ കോട്ടുകുഴി, വാഴവിള, നെട്ടറോഡ്, ചാരുംവിള, ജി.സി. കോളനികൾ എന്നിവിടങ്ങളിൽ വൈദ്യുതി ലഭ്യമാക്കേണ്ടതുണ്ട്.

6. ആലിനേറ വാർഡിൽ മങ്ങാട്ടുകോണം മുതൽ ക്യാഷ്യൾ വരെ വൈദ്യുതി എത്തിയിട്ടില്ല. ഉദയപുരം മുതൽ വാവറക്കോണം വരെയുള്ള പഞ്ചാത്ത് റോഡിൽ വൈദ്യുതിയില്ല. കാട്ടായിക്കോണം നഴ്സറി മുതൽ കോട്ടംവിള റോഡ് വൈദ്യുതീകരിച്ചിട്ടില്ല.

7. മറവൂർപ്പാറ വാർഡിൽ കാവുവിള കോളനി വൈദ്യുതീകരിച്ചിട്ടില്ല.

8. ഊനിയറമൂല വാർഡിൽ പണയമുക്ക്, കുന്നത്തുനട, ഉദയപുരം, കുന്നുവിള, കുന്നുകാട് എന്നീ പ്രദേശങ്ങളിൽ വൈദ്യുതലൈൻ എത്തിയിട്ടില്ല. കുഴിക്കാട്ടുകോണം, തൃജ്യോതിപുരം റോഡ്, കാട്ടായിക്കോണം, പുല്ലൈക്കോണം റോഡ് എന്നിവിടങ്ങളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുക.

9. പാട്ടുവിളാകം വാർഡിൽ പ്ലാവറക്കോട് പുതുവീട്ടിൽ തടം, പുതുവീട്ടിൽ തടം, വേലൻകോണത്ത് തടം, ചിന്നവിള - പുന്നാട്ടുതടം എന്നിവിടങ്ങളിൽ പുതിയ ഇലക്ട്രിക്കൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുക.

10. തുണ്ടത്തിൽ വാർഡിൽ ആവശ്യാനുസരണം സ്ട്രീറ്റ് ലൈറ്റുകൾ ഇല്ല പലവീടുകൾക്കും ഇതുവരെയും വൈദ്യുതി ലഭിച്ചിട്ടില്ല.

11. സൈനിക സ്ക്കൂൾ വാർഡിൽ കോട്ടയത്തുകാവ് - ഇലിപ്പക്കുഴി വാർഡിൽ പുതിയ ഇലക്ട്രിക് ലൈൻ വലിച്ച് സ്ട്രീറ്റ്ലൈറ്റുകൾ സ്ഥാപിക്കുക.

12. കുമിടിക്കര- പോങ്ങറ - പെരുമൺചിറ L.N.C.P.E റോഡിൽ പുതിയ ഇലക്ട്രിക്ക് ലൈൻ വലിച്ച് സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക.

13. നേതാജിലൈനിൽ പുതിയ ഇലക്ട്രിക്ലൈൻ സ്ഥാപിച്ച് തെരിവ് വിളക്കുകൾ സ്ഥാപിക്കുക.

14. കുമിടിക്കര - പെരുയത്ത് - പുന്നൂട്ട് - ഉള്ളൂക്കോണം - L.N.C.P.E റോഡിൽ പുതിയ ഇലക്ട്രക് ലൈൻ വലിച്ച് തെരുവ് വിളക്കുകൾ സ്ഥാപിക്കുക.

# മാർക്കറ്റ്

ജനജീവിതത്തിന്റെ അവിഭാജ്യഘടകമാണ് മാർക്കറ്റുകൾ. ഹൈന്ധവ ജനതയുടെ കാലം മുതൽക്കുള്ള ചരിത്രം പരിശോധിക്കുമ്പോൾ മോഹൻജദാരോ ഹാരപ്പ തുടങ്ങിയ പ്രാചീന നഗരങ്ങളിൽ സംഭരണ വിപണനകേന്ദ്രങ്ങൾ ഉണ്ടായിരുന്നുവെന്നതിന് തെളിവുകളുണ്ട്. കാർഷിക- കാർഷികേതര ഉല്പന്നങ്ങൾ വിപണനം നടത്തുന്നതിനും ആവശ്യമുള്ളവ വാങ്ങുന്നതിനും മുമ്പ് എന്ന പോലെതന്നെ ജനങ്ങൾ ഇപ്പോഴും ആശ്രയിക്കുന്നത് മാർക്കറ്റുകളെയാണ്.

പഞ്ചായത്തിൽ പ്രധാനമായും അഞ്ച് പബ്ലിക് മാർക്കറ്റുകളാണുള്ളത്. കഴക്കൂട്ടം, വെട്ടുറോഡ്, ചന്തവിള, കാട്ടായിക്കോണം, തുണ്ടത്തിൽ എന്നിവടങ്ങളിൽ ഈ മാർക്കറ്റുകൾ പ്രവർത്തിക്കുന്നു. പഞ്ചായത്തിൽ ആദ്യമായി മാർക്കറ്റ് തുടങ്ങുന്നത് തുണ്ടത്തിൽ ആയിരുന്നു. സ്വകാര്യ വ്യക്തിയുടേതായിരുന്നുവെങ്കിലും പിന്നീയുള്ള ജനകീയ പ്രക്ഷോഭങ്ങളുടെ ഭാഗമായി പഞ്ചായത്ത് ഏറ്റെടുത്ത് തൊട്ടടുത്തുള്ള ചേങ്കോട്ടുകോണത്ത് പ്രവർത്തനം ആരംഭിക്കുകയുണ്ടായി. ഗൾഫ് നാടുകളിലേയ്ക്ക് കയറ്റുമതി ചെയ്യുന്ന പച്ചക്കറികളിൽ നല്ലൊരു ശതമാനവും ഈ മാർക്കറ്റിൽ നിന്നുള്ളവയാണ്. ഈ മാർക്കറ്റിന്റെ പഴയ പ്രതാപത്തിന് മങ്ങലേൽക്കുന്നതിനുള്ള പ്രധാനകാരണം സമീപ പഞ്ചായത്തിൽ ദൂരപരിധി പാലിക്കാതെ അനധികൃതമായി നടത്തുന്ന മറ്റൊരു സ്വകാര്യമാർക്കറ്റാണ്. കഴക്കൂട്ടം പഞ്ചായത്തിലെ ഏറ്റവും തിരക്കുള്ള മാർക്കറ്റാണ് കഴക്കൂട്ടം മാർക്കറ്റ്. ഇതും ആരംഭഘട്ടത്തിൽ സ്വകാര്യവ്യക്തിയുടേതായിരുന്നുവെങ്കിലും പിൽക്കാലത്ത് പഞ്ചായത്തിന്റെ അധീനതയിലാവുകയാണുണ്ടായത്. തീരപ്രദേശവുമായി വളരെ അടുത്ത് സ്ഥിതി ചെയ്യുന്ന ഒരു മാർക്കറ്റായതിനാൽ സമീപ പഞ്ചായത്തുകളിലെ നല്ലൊരു ശതമാനം മത്സ്യ കച്ചവടക്കാരും ഉപഭോക്താക്കളും ഈ മാർക്കറ്റിനെയാണ് ആശ്രയിക്കുന്നത്. മാർക്കറ്റിന്റെ സ്ഥലപരിമിതി ഡ്രയിനേജിന്റെ അഭാവം പ്രാഥമിക സൗകര്യക്കുറവുകൾ എന്നീ കാരണങ്ങൾ മാർക്കറ്റിനെക്കുറിച്ചുള്ള വിമർശനങ്ങളായി ഇന്നും നിലനിൽക്കുകയാണ്.

### പ്രശ്നങ്ങൾ

1. ശുചിത്വമില്ലയ്മ
2. ഡ്രയിനേജിന്റെ അഭാവം
3. കഴക്കൂട്ടം മാർക്കറ്റിന്റെ സ്ഥലപരിമിതി
4. അമിത ഫീസീടാക്കൽ
5. വൈദ്യുതിയുടെ അഭാവം
6. പ്രാഥമിക സൗകര്യങ്ങളുടെ കുറവ്
7. ശുദ്ധജല ദൗർലഭ്യം
8. ചുറ്റുമതിലിന്റെ അഭാവം
9. നിയമ വിരുദ്ധമായ മാർക്കറ്റുകൾ
10. മാർക്കറ്റിനു സമീപമുള്ള അനധികൃത കച്ചവടം
11. അനധികൃത കശാപ്പുശാലകൾ
12. സ്റ്റാളുകളുടെ അപര്യാപ്തത.
13. സാമൂഹ്യവിരുദ്ധരുടെ ശല്യം

### പരിഹാരങ്ങൾ

1. മാർക്കറ്റുകൾ കോൺക്രീറ്റ് ചെയ്ത് വൃത്തിയാക്കുക. മാർക്കറ്റിൽ അടിഞ്ഞുകൂടുന്ന ചപ്പുചവറുകൾ യഥാസമയം നീക്കം ചെയ്യുക.

2. ഡ്രയിനേജ് സൗകര്യം ഏർപ്പെടുത്തുക.

3. തീരദേശത്തോട് വളരെ അടുത്തു സ്ഥിതി ചെയ്യുന്ന മാർക്കറ്റായതിനാൽ മത്സ്യം, മാംസം തുടങ്ങിയവയുടെ സംഭരണത്തിനും വിപണനത്തിനും സമീപ പഞ്ചായത്തുകളിൽ നിന്നുപോലും വളരെയധികം പേർ ഈ മാർക്കറ്റിനെ ആശ്രയിക്കുന്നതിനാൽ വമ്പിച്ച ജനത്തിരക്ക് അനുഭവപ്പെടുന്നതിനാൽ നിന്ന് തിരിയാൻ ഇടമില്ലാത്ത അവസ്ഥയാണ് കഴക്കൂട്ടം മാർക്കറ്റിന്റെ ഇപ്പോഴത്തെ സ്ഥിതി. സ്ഥലപരിമിതി വളരെക്കുറവാണെങ്കിലും ഗതാഗത സൗകര്യം വളരെക്കൂടുതലായതിനാൽ മാർക്കറ്റിന്റെ സമഗ്ര വികസനം അത്യന്താപേക്ഷിതമായി തീർന്നിരിക്കുന്നു. വേൾഡ് ബാങ്ക് മറ്റ്

ഏതെങ്കിലും ഗവൺമെന്റ് ഏജൻസികളുടെ വിപുലമായ ശാസ്ത്രീയമായ - സാങ്കേതിക - സാമ്പത്തിക സഹായങ്ങളോട് കൂടി വിപുലമായ ആധുനിക സജീകരണങ്ങളോടുകൂടിയ "സൂപ്പർ മാർറ്റ്" നിർമ്മിക്കുകയേ ഇതിനൊരു പരിഹാരമുള്ളൂ.

4. അംഗീകൃത നിരക്കുകൾ രേഖപ്പെടുത്തിയ പരസ്യ ബോർഡുകൾ എല്ലാ പബ്ലിക്ക് മാർക്കറ്റുകൾ സ്ഥാപിക്കുകയും ഫീസീടാക്കുന്നത് സമയാസമയങ്ങളിൽ പരിശോധിക്കുകയും ചെയ്യുക.

5. എല്ലാമാർക്കറ്റുകളിലും വൈദ്യുതി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക. കഴക്കൂട്ടം മാർക്കറ്റിനുള്ളിൽ ഒരു ഫുൾ നൈറ്റ് ഷേപ്പർ ലാമ്പ് സ്ഥാപിക്കുക.



മാർക്കറ്റ് ഒരു ദൃശ്യം കഴക്കൂട്ടം മാർക്കറ്റ്

6. എല്ലാ മാർക്കറ്റുകളിലും പ്രാഥമിക സൗകര്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.

7. കഴക്കൂട്ടം മാർക്കറ്റിൽ ശുദ്ധജലം എത്തിക്കുന്നതിനുള്ള നടപടി കൈക്കൊള്ളുക.

8. വെട്ട്റോഡ്, ചന്തവിള എന്നീ മാർക്കറ്റുകളിൽ ചുറ്റുമതിൽ കെട്ടുകയും തുണ്ടത്തിൽ മാർക്കറ്റിന്റെ മദ്ധ്യഭാഗത്ത് സ്ഥിതിചെയ്യുന്ന സ്റ്റാളുകൾ വശങ്ങളിലേയ്ക്ക് മാറ്റി സ്ഥാപിക്കുക. കാട്ടായിക്കോണം, വെട്ടുറോഡ് എന്നീ മാർക്കറ്റുകളിൽ സ്റ്റാളുകൾ സ്ഥാപിക്കുക.

9. നിയമാനുസൃതം രണ്ടര കിലോമീറ്റർ അകലം മാർക്കറ്റുകൾ തമ്മിൽ ഉണ്ടായിരിക്കണമെന്നിരിക്കേ തുണ്ടത്തിൽ മാർക്കറ്റിന് സമീപം അണിയൂർ എന്ന സ്ഥലത്ത് ഒരു അനധികൃത സ്വകാര്യ മാർക്കറ്റ് പ്രവർത്തിക്കുന്നത് നിർത്തലാക്കുന്നതിനു

വേണ്ട നിയമ നടപടികൾ സ്വീകരിക്കേണ്ടതാണ്.

10. കഴക്കൂട്ടം ചെങ്കോട്ടുകോണം എന്നീ മാർക്കറ്റുകളുടെ സമീപം നടത്തുന്ന അനധികൃത കച്ചവടം നിർത്തലാക്കുവാൻ വേണ്ട നടപടികൾ കൈക്കൊള്ളുക.

11. പഞ്ചായത്ത് അതിർത്തിക്കുള്ളിൽ പ്രവർത്തിക്കുന്ന അനധികൃത കശാപ്പുശാലകൾ നിരോധിക്കുക.

12. എല്ലാ മാർക്കറ്റുകളിലും സ്റ്റാളുകൾ നിർമ്മിക്കുക.

13. സാമൂഹ്യ വിരുദ്ധരുടെ ശല്യം ഏറുന്നതിനാൽ പോലീസിന്റെ സഹായത്തോടെ പരിഹാരം കാണുക.

# പാർപ്പിടവും സാമൂഹ്യക്ഷേമവും

പാർപ്പിടം:-

വിദ്യാഭ്യാസപരമായും സാംസ്കാരികമായും വളരെ മുന്നിലെത്തി നിൽക്കുന്ന ഈ പഞ്ചായത്ത് അയിരൂപ്പാറ, കഴക്കൂട്ടം—മേനംകുളം എന്നീ വില്ലേജുകളിൽപെട്ടതാണ്.

ഭവനനിർമ്മാണ രംഗത്ത് വളർന്നുവരുന്ന കോൺക്രീറ്റ് സംസ്കാരത്തിന് പിന്നിലുള്ളത് ഗൾഫ് പണത്തിന്റെ സ്വാധീനമാണ്. എന്നാൽ ഈ പണം ക്രിയാത്മകമായ രീതിയിൽ വിനിയോഗിക്കുന്നതിന് ഇനിയും കഴിഞ്ഞിട്ടില്ല. ഇതിന് ഉത്തമ ദൃഷ്ടാന്തമാണ് ഈ പഞ്ചായത്തിലെ നാലാം വാർഡ്.

സാമ്പത്തികപിന്നോക്കാവസ്ഥ ഏറെ കൂടുതലുള്ള ഈ പഞ്ചായത്തിലെ അധിക കുടുംബങ്ങളും കുടിലുകളിലോ വെട്ടിക്കെട്ട് വീടുകളിലോ ആണ് പാർക്കുന്നത്. കാലാവസ്ഥയുടെ വ്യതിയാനവും മഴയുടെ ഏറ്റക്കുറച്ചിലും ഓലയുടെ കുറവും വിലക്കയറ്റവും കാരണം ചെറ്റകുടിലുകൾ ചോർന്നൊലിക്കുന്നു.

പ്രകൃതിയുടെ പ്രാദേശിക ജലസംഭരണികൾ എന്നറിയപ്പെട്ടിരുന്ന നിലങ്ങളും കുളങ്ങളും നികത്തി രമ്യഹർമ്മ്യങ്ങൾ പണിയുന്ന രീതി കൃഷിക്കും പരിസ്ഥിതിയ്ക്കും കനത്ത വെല്ലുവിളി ഉയർത്തിയിരിക്കുന്നു. ഇത് നിയമം മൂലം കർശനമായി നിരോധിക്കേണ്ടിയിരിക്കുന്നു.

ഭവന നിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്ന ധനകാര്യസ്ഥാപനങ്ങളായ കാർഷികവികസന ബാങ്ക്, ജില്ലാ സഹകരണബാങ്ക്, ഹൗസിംഗ് സൊസൈറ്റികൾ എന്നിവ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും അവയുടെ അപ്രായോഗികവും, അപരിഷ്കൃതവുമായ നിയമ നൂലാമാലകൾ സാധാരണക്കാരനെ സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളിലേക്ക് തള്ളിവിട്ട് കടക്കാരാക്കി മാറ്റുന്നു.

പുതിയ വീടുകൾ നിർമ്മിക്കുന്നതുപോലെതന്നെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ് കാലഹരണപ്പെട്ട വീടുകൾ പുതുക്കിപ്പണിയുക എന്നതും. ഭവനനിർമ്മാണ സാമഗ്രികളുടെ അമിത വിലയും കൂലിനിരക്കിലുള്ള ക്രമാതീതമായ വർദ്ധനവും സാധാരണക്കാരന്റെ സ്വന്തമായൊരു വീട് എന്ന ആഗ്രഹം വിദൂരസ്വപ്നമായി അവശേഷിപ്പിക്കുന്നു. ഭവന നിർമമാണ രംഗത്ത് നിലവിലുള്ള നിയമങ്ങളുടെ സുതാര്യവൽക്കരണം. ലഭിക്കുന്ന തുകയുടെ പരിധി വർദ്ധിപ്പിക്കൽ, പലിശ ഇളവ് സൗജന്യ ധനസഹായം, സന്നദ്ധ സംഘടനകളുടെ സേവനം പ്രയോജനപ്പെടുത്തൽ, ചെലവുകുറഞ്ഞ രീതിയിലുള്ള നവീന കെട്ടിടനിർമ്മാണ സാങ്കേതിക വിദ്യ ഉപയോഗിക്കൽ, സിവിൽസപ്ലൈസ് പോലുള്ള സ്ഥാപനങ്ങളുടെ സജീവത്വം ഇവയിലൂടെ ഈ മേഖലയിലുള്ള എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കാണാൻ കഴിയും.

ഒരു കാലത്ത് ദരിദ്ര ജനവിഭാഗത്തിന്റെ അനുഗ്രഹമായിരുന്ന ലക്ഷം വീടുകൾ ഇന്ന് ശപിക്കപ്പെട്ട ഒന്നായി മാറിയിരിക്കുന്നു. കാലാകാലങ്ങളിൽ കെട്ടിടങ്ങൾക്കുണ്ടാകുന്ന അറ്റകുറ്റപ്പണി സർക്കാർ ഏജൻസികൾ വഴി നടക്കാത്തതിനാൽ എല്ലാ കെട്ടിടങ്ങളും വളരെ ശോച്യാവസ്ഥയിലാണ്. സ്വന്തം പണം പോലും ചെലവഴിക്കുവാൻ നിവൃത്തിയില്ല. അവരുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിലേയ്ക്കായി ഒരു കമ്മീഷനെ ഏർപ്പെടുത്തി പരിഹാരം കാണുന്നതിന് ശ്രമിക്കുക. അതോടൊപ്പം T.V.കിയോസ്ക്, കുടിവെള്ള സ്രോതസ്സ് പൊതുശ്മശാനം, സാംസ്കാരിക നിലയങ്ങൾ എന്നിവയും സ്ഥാപിക്കുക.

പ്രകൃതിക്ഷോഭം മൂലം വീടു നഷ്ടപ്പെട്ടവർക്ക് റവന്യൂ വകുപ്പുവഴി നൽകിവരുന്ന പുനരധിവാസ പദ്ധതിയുടെ ആനുകൂല്യം പഞ്ചായത്തിന് നേരിട്ട് ഫലപ്രദമായും കുറ്റമറ്റരീതിയിലും ചെയ്യുന്നതിന് വേണ്ട നിയമ ഭേദഗതികൾ വരുത്തണം.

നിർമ്മിതി മോഡൽ വീടുകളുടെ നിർമ്മാണം പ്രോൽസാഹിപ്പിക്കുന്നതിന് നികുതി ഇളവ് അനുവദിക്കുന്നതൊടൊപ്പം ആഡംബരപൂർണ്ണമായ ഭവന നിർമ്മാണത്തിന് അധികനികുതിയും ഏർപ്പെടുത്തണം. ഇതിലൂടെ സമാഹരിക്കുന്ന തുക കർമ്മ മേഖലയിലേക്കു തിരിച്ചു വിടാം.

കുടിലുകൾ നിർമ്മിക്കുന്നതിന് അനുവാദം നൽകുന്നതിനുളള പൂർണ്ണാധികാരം പഞ്ചായത്തിൽ നിഷിപ്തമാക്കുകയും അതിനു പ്രത്യേക മാനദണ്ഡമുപയോഗിച്ച് നമ്പർ കൊടുക്കുകയും ചെയ്യുക. എന്നാൽ അതുവഴിയുണ്ടാകാൻ സാധ്യതയുളള പുനർനിർമ്മാണ പ്രക്രിയ നിരീക്ഷണവിധേയമാക്കുകയും നിയന്ത്രിക്കുകയും ചെയ്യേണ്ടതാണ്.

| | |
|---|---|
| പഞ്ചായത്തിൽ ആകെ | 9627 ഭവനങ്ങൾ |
| വൈദ്യുതീകരിച്ചത് | 6237 |
| വൈദ്യുതീകരിക്കാത്തത് | 3390 |
| കോൺക്രീറ്റ് | 2132 |
| ഓടും ഷീറ്റും | 2996 |
| ഓലമേഞ്ഞതും കുടിലും | 4499 |

പാർപ്പിട രംഗത്ത് നിലനൽക്കുന്ന പ്രശ്നങ്ങൾ പരിഹരിയ്ക്കുന്നതിലേയ്ക്കായി താഴെപറയുന്നവ പരിഗണിക്കാവുന്നതാണ്.

### പ്രശ്നങ്ങൾ

1. ഈ പഞ്ചായത്തിലെ ഭവനരഹിതരും പുറമ്പോക്കിൽ താമസിക്കുന്നവരുമായ കുടുംബങ്ങളെ കണ്ടുപിടിക്കുക.
2. സാമ്പത്തിക പരാധീനതകളും വായ്പ ലഭിക്കുന്നതിനുളള പ്രയാസങ്ങളും.
3. കെട്ടിടനിർമ്മാണ വസ്തുക്കളുടെ ദൗർലഭ്യതയും അമിതമായ വിലനിലവാരവും
4. പരിചയസമ്പന്നരായ നിർമ്മാണ തൊഴിലാളികളുടെ അപര്യാപ്തത.
5. ഉയർന്ന നിരക്കിലുളള വേതനം.
6. മതിലുകളുടെ ആധിക്യം മൂലമുണ്ടാകുന്ന വികസന തടസ്സങ്ങളും പരിസ്ഥിതിപ്രശ്നങ്ങളും.
7. ഹൗസിംഗ് സൊസൈറ്റികളുടെ അപര്യാപ്തത.
8. ലഭ്യമായ പ്രാദേശിക വിഭവങ്ങൾ ഉപയോഗിച്ച് ഉറപ്പുളള വീടു നിർമ്മിക്കുന്നതിനുളള അറിവില്ലായ്മ.
9. ഗൾഫ് പണത്തിന്റെ സ്വാധീനംമൂലമുളള ആഡംബരഭ്രമവും അനുകരണഭ്രമവും.
10. ലക്ഷംവീട് പദ്ധതിപ്രകാരമുളള വീടുകളുടെ സ്വാകാര്യത ഇല്ലായ്മ.
11. ഭവനനിർമ്മാണ വായ്പ. ഭവനനിർമ്മാണ സഹായപദ്ധതി ഇവയിലൂടെ ലഭിക്കുന്ന തുകയുടെ അപര്യാപ്തതയും അവ ലഭിക്കുന്നതിലുളള തടസ്സങ്ങളും.
12. പ്രകൃതിക്ഷോഭം നിമിത്തമുളള ഭവനനാശം.

### സാദ്ധ്യതകൾ

1. ഭവനരഹിതരായ കുടുംബങ്ങൾക്ക് ഭവനനിർമ്മാണത്തിനുളള അവസരങ്ങൾ സൃഷ്ടിക്കുകയും പുറമ്പോക്കിൽ താമസിക്കുന്നവർക്ക് വികസനപ്രവർത്തനങ്ങൾക്ക് വിഘാതമുണ്ടാക്കാത്ത രീതിയിൽ പട്ടയം നൽകി പുനരധിവസിപ്പിക്കുക.

2. ഗുണഭോക്താക്കൾക്ക് സാമ്പത്തികസഹായവും വായ്പകളും വിവിധ ഏജൻസികളിൽ നിന്ന് വേഗത്തിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും നിയമനൂലാമാലകളിൽ നിന്നും വിമുക്തമാക്കുകയും ചെയ്യുക. അപേക്ഷകൾ പഞ്ചായത്തുവഴി വിതരണം നടത്തുക.

3. മരത്തിന്റെ ദൗർലഭ്യത പരിഹരിക്കാൻ സിമന്റ് ഉപകരണങ്ങൾ, കമ്പി, സിമന്റ് മുതലായവയുടെ അധിക ചെലവ് നിയന്ത്രിക്കുന്നതിനായി നവീന സാങ്കേതിക വിദ്യയെക്കുറിച്ചുള്ള അവബോധം ജനങ്ങളുടെ ഇടയിൽ ഉളവാക്കുക.

4. ചെലവുകുറഞ്ഞ കെട്ടിടനിർമ്മാണവിദ്യ അഭ്യസിപ്പിക്കുന്നതിനുള്ള ഒരു പരിശീലന കേന്ദ്രം പഞ്ചായത്തിൽ സ്ഥാപിക്കുക.

5. വിവിധതുറകളിൽ സാങ്കേതികവൈദഗ്ദ്യം ഉള്ള തൊഴിലാളികളുടെ ഒരു സംഘം പഞ്ചായത്തു തലത്തിൽ രൂപീകരിച്ച് അവരുടെ സേവനം മിതമായ വേതനനിരക്കിൽ ഗുണഭോക്താക്കൾക്ക് എത്തിച്ചു കൊടുക്കുന്നതിലൂടെ വേതന നിലവാരം പിടിച്ചുനിർത്തുക.

6. ജലബഹിർഗമനമാർഗ്ഗങ്ങളുടെ സാദ്ധ്യത ആരാഞ്ഞതിനും ഉറപ്പുവരുത്തിയതിനും ശേഷം മതിലുകളുടെ നിർമ്മാണ അനുമതികൊടുക്കുക.

7. ഹൗസിംഗ് സൊസൈറ്റികൾ രൂപീകരിച്ച് കെട്ടിടനിർമ്മാണ സാമഗ്രികൾ മിതമായ വിലയ്ക്ക് ലഭ്യമാക്കുന്നതിനുള്ള സാഹചര്യംകൂടി സൃഷ്ടിക്കുക.

8. ലഭ്യമായ പ്രാദേശിക വിഭവങ്ങൾ ഉപയോഗിച്ച് ചെലവ് കുറഞ്ഞ വീടുകളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി സാമ്പത്തിക ഇളവുകൾ അനുവദിക്കുക.

9. ആഡംബര പൂർണ്ണമായ ഭവനനിർമ്മാണത്തിന്മേൽ അധിക നികുതി ഏർപ്പെടുത്തി സമാഹരിക്കുന്ന തുക പഞ്ചായത്തിന്റെ ക്ഷേമവികസനപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുക.

10. ലക്ഷംവീട് കോളനികളിൽ നില നിൽക്കുന്ന സ്വകാര്യതയില്ലായ്മ പരിഹരിക്കുന്നതിന് കൂട്ടായ ചർച്ചയിലൂടെ (ഉടമകൾ, പഞ്ചായത്ത്) അഭിപ്രായസമന്വയം ഉണ്ടാക്കുക. പ്രസ്തുത സ്ഥലം പതിച്ചു നൽക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

11. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളുടെ, അറ്റകുറ്റപണികൾ ആവശ്യമായ ഭവനങ്ങൾക്ക് വിവിധ ഏജൻസികളിൽ നിന്നും അവ ചെയ്യുന്നതിന് ആവശ്യമായ സാമ്പത്തികസഹായം ലഭ്യമാക്കുക.

12. IAY, MWS, JRY, തുടങ്ങിയ പദ്ധതിപ്രകാരം അനുവദിക്കപ്പെടുന്നതുക വളരെ പഴയ നിരക്കിലുള്ളതാകയാൽ അവ കാലാനുസൃതമാക്കി മാറ്റുക. സ്റ്റേജ്സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അധികാരം പഞ്ചായത്ത് മെമ്പർമാർക്ക് നൽകുക.

13. പ്രകൃതിക്ഷോഭം മൂലം ഭവനനാശം നേരിടുന്ന കുടുംബങ്ങളെ പുനരധിവസിപ്പിക്കുകയും കാലവിളംബം കൂടാതെ അവരുടെ വീടുകളുടെ നാശത്തിന് അനുസൃതമായ തുക മാർക്കറ്റ് റേറ്റ് അനുസരിച്ച് നൽകുന്നതിന് വേണ്ട നടപടിസ്വീകരിക്കുക.

### പൊതുനിർദ്ദേശങ്ങൾ

1. പഞ്ചായത്തുതലത്തിൽ ഹൗസിംഗ് കോംപ്ലക്സുകൾ സ്ഥാപിക്കുക. അവിടെ പൊതുസൗകര്യങ്ങൾ ഏർപ്പെടുത്തുക. പ്രസ്തുത കോളനികളിൽ വിവിധ ജാതി മതസ്ഥരെ ഉൾപ്പെടുത്തുക വഴി സമ്മിശ്ര സംസ്കാരം നിലനിർത്തുക.

2. നമ്പർ നൽകുവാൻ അർഹതയുള്ളതും പുനർനിർമ്മാണം നടത്താൻ ഉദ്ദേശ്യമില്ലാത്തതുമായ വീടുകൾക്ക് ഒരു പ്രത്യേക കോഡുപയോഗിച്ച് (തിരിച്ചറിയുന്നതിനുവേണ്ടി) നമ്പർ കൊടുക്കുക. എന്നാൽ തുടർന്നുള്ള നിർമ്മാണ പ്രവർത്തനം നടക്കുന്നുണ്ടോ എന്ന് പരിശോധിച്ച് നടപടി സ്വീകരിക്കുക.

3. നഗര വികസനത്തിനായി രൂപംകൊണ്ടിരിക്കുന്ന TRIDA ഗ്രാമപ്രദേശങ്ങളെകൂടി പരിധിയിൽ

ഉൾപ്പെടുത്തി നിർമ്മാണ പ്രവർത്തനങ്ങൾക്ക് പണമിടാക്കിയശേഷം യാതൊരു വികസനപ്രവർത്തനത്തിനും വേണ്ടി ആ തുക ചിലവഴിക്കാതെ തുടർന്നുവരുന്ന നടപടി അവസാനിപ്പിക്കേണ്ടത് അത്യാവശ്യമാണ്. ഇത് ഗ്രാമപ്രദേശങ്ങളിൽ ജനങ്ങൾക്ക് ധാരാളം ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നു. അല്ലെങ്കിൽ അങ്ങനെ പിരിച്ചെടുക്കുന്ന തുക ഗ്രാമങ്ങൾക്ക് വേണ്ടി ചിലവഴിക്കുക.

ജനസാന്ദ്രതകുറഞ്ഞ വാർഡുകളിലെ തരിശു സ്ഥലങ്ങൾ കണ്ടെത്തി വിലക്കെടുത്തും, മിച്ചഭൂമി, സർക്കാർ പുറമ്പോക്ക് എന്നിവയും ഭവനരഹിതരായ ഭൂരഹിതരുടെ പ്രാഥമികാവശ്യത്തിലേയ്ക്ക് പ്രയോജനപ്പെടുത്താവുന്നതാണ്. ഇതിനായി വാർഡുതലത്തിൽ ഗുണഭോക്താക്കളുടേയും സന്നദ്ധ സംഘടനകളേയും സംയുക്തമായി വിളിച്ച് ഒരു ബ്രഹത്പദ്ധതിക്കു രൂപം കൊടുക്കേണ്ടിയിരിക്കുന്നു. കോളനികളുടെ ജനബാഹുല്യം ഒരു സങ്കീർണ്ണപ്രശ്നമാണ്.

9-)ം പദ്ധതിയുടെ ബാക്കി പത്രത്തിൽ ഭവനപൂർണ്ണഗ്രാമപഞ്ചായത്തെന്ന സ്വപ്ന സാക്ഷാത്ക്കരിക്കാനായി നമ്മുക്കൊരുമിച്ചു മുന്നേറാം.

വികസന ബ്ലോക്കുവിതരണ ചെയ്ത വീടുകളുടെ വിവരം

| YEAR | IAY | MWS | JRY |
|---|---|---|---|
| 1992-93 | 2 | 5 | 7 |
| 1993-94 | — | 11 | 13 |
| 1994-95 | 3 | 6 | 13 |
| 1995-96 | 23 | 10 | 11 |
| Total | 28 | 32 | 44 |

**കഴക്കൂട്ടം ഗ്രാമപഞ്ചായത്ത്**
**ഭവനനിർമ്മാണത്തെ സംബന്ധിക്കുന്ന വിവരം**

| വർഷം | വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം | വിവിധപരിപാടികളിലായി അനുവദിച്ച വീടുകൾ | പൂർത്തീകരിച്ച വീടുകൾ | പൂർത്തീകരിക്കാത്ത വീടുകൾ | ഇനിയും അനുവദിക്കേണ്ട വീടുകളുടെ എണ്ണം |
|---|---|---|---|---|---|
| 1992-93 | | 14 | 13 | 1 | |
| 93-94 | - | 24 | 23 | 1 | |
| 94-95 | | 22 | 21 | 1 | |
| 95-96 | | 44 | 35 | 9 | |
| | ആകെ | 104 | 92 | 12 | |

## സാമൂഹ്യക്ഷേമം

സാമൂഹ്യസുരക്ഷിതത്വമേഖലയുടെ കാര്യത്തിൽ ഇതര സംസ്ഥാനങ്ങളുമായി തട്ടിക്കുമ്പോൾ കേരളം വളരെ മുന്നിലാണ്. സംഘടിത മേഖലയിലെന്ന പോലെ അസംഘടിത മേഖലയിലേയ്ക്ക് കൂടി ഇതു വ്യാപിപ്പിക്കാൻ കഴിഞ്ഞുഎന്നതാണ് നേട്ടത്തിന് കാരണം. ദരിദ്ര ജനകോടികളെ ഉദ്ധരിക്കാനുള്ള ദാരിദ്ര്യ നിർമ്മാർജ്ജനപദ്ധതികളും തൊഴിലാളി സമൂഹത്തിന്റെ ക്ഷേമത്തിനായുള്ള ക്ഷേമപദ്ധതികളുമാണ് നിലവിലുള്ളത്. 60 വയസ്സിനു മുകളിലുള്ള ജനസംഖ്യയുടെ ഏതാണ്ട് 30% വിവിധ പെൻഷൻ പദ്ധതികളിൽ അംഗങ്ങളാണ്.

രണ്ടു തരത്തിലുള്ള സ്കീമുകൾ ഇന്ന് സംസ്ഥാനത്ത് നിലവിലുണ്ട്. പൂർണ്ണമായും കേന്ദ്ര സംസ്ഥാന ഗവൺമെൻറുകൾ വഹിക്കുന്ന ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതിയും തൊഴിലാളി തൊഴിലുടമ സഹകരണത്തോടെ ക്ഷേമനിധി ബോർഡുകൾ വഴി നടപ്പിലാക്കുന്ന പദ്ധതികളും.

ഈ പദ്ധതികൾക്കുപുറമേ പട്ടികജാതി വികസനത്തിനും ഉന്നമനത്തിനുമായി പട്ടികജാതി വികസനകോർപ്പറേഷനും വനിതകളുടെ പുരോഗതിക്കായി വനിതാ വികസനകോർപ്പറേഷനും പ്രവർത്തിക്കുന്നുണ്ട്

മറ്റു രംഗങ്ങളിലെന്നപോലെ വികലമായ ചില നിയമങ്ങളും ചില നിയമ സൂലാമാലകളും അർഹതയുള്ളവരെ കണ്ടെത്തുന്ന മാനദണ്ഡങ്ങളും ആനുകൂല്യങ്ങൾ പറ്റുന്നതിന് സാധാരണക്കാരെ അപ്രാപ്യരാക്കുന്നു.

അർഹതയില്ലാത്തവരുടെ കടന്നു കൂടലും അർഹതയുള്ളവരുടെ അറിവില്ലായ്മ കാരണം അവ കാര്യമായി പ്രയോജനപ്പെടുത്താൻ ഇനിയും കഴിഞ്ഞിട്ടില്ല. നിലവിലുള്ള സാമൂഹ്യക്ഷേമ പദ്ധതികളെക്കുറിച്ചു പഞ്ചായത്തു തലത്തിൽ സെമിനാറുകളും ബോധവൽക്കരണ ക്ലാസ്സുകളും സംഘടിപ്പിക്കുക വഴി ഇത് ഒരളവുവരെ പരിഹരിക്കാവുന്നതാണ്.

സമൂഹ്യക്ഷേമപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സന്നദ്ധസംഘടനകളെ (വാർഡുതോറും) അവരുടെ പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ നൽകി അവരുടെ സേവനം വിവിധ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കേണ്ടത് അത്യാവശ്യമാണ്. ഇവരുടെ സേവനം കാര്യമായി പ്രയോജനപ്പെടുത്തിയാൽ ക്ഷേമപദ്ധതികളുടെ ലിസ്റ്റുകളിൽ കടന്നു കൂടിയിരിക്കുന്ന അനർഹരെ ഒഴിവാക്കാവുന്നതാണ്.

ദേശസാൽകൃതബാങ്കുകൾ സ്കീമുകൾ നടപ്പിലാക്കുന്നതിൽ വരുത്തുന്ന കാലവിളംബം ഈ മേഖലയിലെ ശാപമാണ്. സഹകരണ മേഖല പരമാവധിഫണ്ട് അനുവദിച്ച് കൊണ്ട് സഹകരണ ബാങ്കുകൾക്ക് ഈ മേഖലയിൽ ഗുണഭോക്താക്കളെ പരമാവധി സഹായിക്കാൻ ജില്ല-സംസ്ഥാന സഹകരണ ബാങ്കുകൾ വഴി സർക്കാർ നടപടി സ്വീകരിക്കണം. അതൊടൊപ്പം ദേശസാൽകൃത ബാങ്കുകളുടെ ഈ മേഖലയിലുള്ള പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കണം.

അർഹരായ വ്യക്തികളുടെയോ കുടുംബങ്ങളുടെയോ അപേക്ഷകർക്ക് വളരെവേഗം തീർപ്പുകൽപ്പിക്കുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിലുണ്ടാകണം. ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ മുടക്കില്ലാതെയും ലഭിക്കണം എങ്കിൽ മാത്രമേ സാമൂഹ്യക്ഷേമ ശൃംഖല ശക്തിപ്രാപിക്കുകയുള്ളു. ഭരണരംഗത്തെ ചുവപ്പുനാടയും ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നതിൽ അധികാരികൾ കാട്ടുന്ന അലംഭാവവും ഈ മേഖലയെ ദുർബലപ്പെടുത്തുന്നു.

സാമൂഹ്യക്ഷേമരംഗത്ത് അടിസ്ഥാനപരമായ പ്രവർത്തനം കാഴ്ചവയ്ക്കാൻ കഴിയേണ്ടുന്ന അംഗൻവാടികൾ ഈ പഞ്ചായത്തിൽ ഇല്ല എന്നുതന്നെ പറയാം. വാർഡുകൾതോറും അംഗൻവാടികൾ സ്ഥാപിക്കപ്പെടണം. ആയിരം ജനസംഖ്യയ്ക്ക് ഒരു അംഗൻവാടിയെന്ന ICDS-ന്റെ ലക്ഷ്യം ഈ പഞ്ചായത്തിൽ സാക്ഷാത്കരിക്കപ്പെടണമെങ്കിൽ ഇനിയും ബഹുദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു.

വരും തലമുറയെ വാർത്തെടുക്കുന്ന കേന്ദ്രങ്ങളായി അംഗൻവാടികളെ മാറ്റുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് നമുക്ക് നേതൃത്വം നൽകാൻ കഴിയണം.

## പൊതുവിതരണം

പഞ്ചായത്തിലാകെ 22 റേഷൻ ഷോപ്പുകൾ പ്രവർത്തിക്കുന്നു. 7104 റേഷൻ കാർഡുകളുണ്ട്. ഒരു മാവേലിസ്റ്റോർ ആണ് ഇപ്പോൾ നിലവിൽ ഉളളത്. മാവേലിസ്റ്റോറുകളുടെ എണ്ണം വർദ്ധിപ്പിച്ചാൽ മാത്രമേ പൊതുവിതരണം കുറ്റമറ്റതാക്കാൻ കഴിയുകയുളളു. വിലനിലവാരം പിടിച്ചു നിർത്തുന്നതിന് സഹായകമാകുന്ന ഇത്തരം സ്ഥാപനങ്ങൾ സ്ഥാപിക്കുകവഴി പൊതുവിതരണ ശൃംഖലതന്നെ മെച്ചപ്പെടുത്താൻ കഴിയും. ഈ രംഗത്ത് ഒരു മണ്ണെണ്ണ മൊത്ത വിതരണ സ്ഥാപനവും രണ്ട് പെട്രോൾ ബങ്കുകളും പ്രവർത്തിക്കുന്നു.

### പ്രശ്നങ്ങൾ

1. ദാരിദ്ര്യ നിർമ്മാർജന പദ്ധതികൾ വളരെ കുറച്ചു കുടുംബങ്ങൾക്ക് മാത്രമേ പ്രയോജനപ്പെടുന്നുളളു.
2. IRDP ലിസ്റ്റിൽ അനർഹകുടുംബങ്ങൾ ഉൾപെട്ടിരിക്കുന്നതുവഴി അർഹരായവർക്ക് ആനുകൂല്യം കിട്ടാത്ത സ്ഥിതി.
3. ക്ഷേമപദ്ധതികൾ നടപ്പിലാക്കുന്നതിന് നിശ്ചയിച്ചിരിക്കുന്ന വരുമാന പരിധി...ുളള കുറവ്.
4. അർഹതയുളളവർക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുളള കാലവിളംബം.
5. അംഗൻവാടികളുടെ കുറവ്. കെട്ടിടഗ്രാൻറ് പര്യാപ്തമല്ല.
6. ന്യായവില ഡിപ്പോകളിൽ കൂടി വിതരണം ചെയ്യുന്ന സാധനങ്ങളുടെ ...ാരക്കുറവ്.
7. അഗതിമന്ദിരങ്ങളുടെ അഭാവം
8. സാമൂഹ്യസേവനരംഗത്തെ സന്നദ്ധസംഘടനകളുടെ നി...
9. വിവിധ ക്ഷേമ പദ്ധതികളിലൂടെ ലഭിക്കുന്ന തുകയുടെ
10. പൊതുശ്മശാനങ്ങളുടെ അപര്യാപ്തത.
11. നിർദ്ധനരായ യുവതികളുടെ വിവാഹം.
12. ദരിദ്ര വിദ്യാർത്ഥികളുടെ വിദ്യാഭ്യാസം.
13. തൊഴിലില്ലായ്മ.
14. ക്ഷേമനിധികളെക്കുറിച്ചുളള അജ്ഞത.

### പരിഹാരങ്ങൾ

1. ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികളെക്കുറിച്ചുളള അറിവില്ല... പ...ക്കുന്നതിന...യി ബോധവൽക്കരണ പരിപാടികൾക്ക് രൂപം നൽകണം. ദുരിദിമാനവ... ഇതിന് ...ായി നിൽക്കുന്നു.
2. IRDP ലിസ്റ്റിൽ ഉളള അപാകതകൾ പരിഹരിക്കത്തക്ക... സന്നദ്ധ സംഘടനകളുടെ സേവനം കൂടി പ്രയോജനപ്പെടുത്തി സർവ്വെ നടത്തുക. ഇ...പ്പോൾ നടപ്പിലാക്കിവരുന്നതിനേക്കാൾ കൂടുതൽ പേർക്കും വർഷം തോറും ഇതിന്റെ ...നുകൂല്യം ലഭിക്കത്തക്ക വിധം

നടപടി സ്വീകരിക്കുക.

3. ക്ഷേമപദ്ധതികൾക്ക് അർഹരായവരെ കണ്ടെത്തുന്നതിന് നിശ്ചയിച്ചിരിക്കുന്ന സാമ്പത്തിക പരിധി ഉയർത്തണം. മാനദണ്ഡങ്ങൾക്കും മാറ്റം വരുത്തണം. ഈ രംഗത്തുള്ള ഇടത്തട്ടുകാരുടെ ചൂഷണവും അവസാനിപ്പിക്കണം.

4. അർഹത നേടുന്നവർക്ക് ആനുകൂല്യം ലഭിക്കുന്നതിനുള്ള കാലവിളംബം ഒഴിവാക്കാൻ ഈ ആനുകൂല്യങ്ങളുടെ വിതരണം പഞ്ചായത്തുകളെ ഏൽപ്പിക്കുക. ഇപ്പോൾ ഈ രംഗത്തുള്ള ബാങ്കുകളുടെ പ്രവർത്തനം തൃപ്തികരമല്ല.

5. വാർഡുകൾ തോറും അംഗൻവാടികൾ സ്ഥാപിക്കുക. അതിനാവശ്യമായ സ്ഥലവും കെട്ടിടവും നൽകുക. പോഷകമൂല്യമുള്ള ആഹാരപദാർത്ഥങ്ങൾ വിതരണം ചെയ്യുക.

6. ന്യായവില ഡിപ്പോകളിൽ കൂടി വിതരണം ചെയ്യുന്ന സാധനങ്ങളുടെ ഗുണനിലവാരം പഞ്ചയത്ത് നേരിട്ട് ബോദ്ധ്യപ്പെടുക.

7. പഞ്ചായത്തുതലത്തിൽ ഒരു അഗതിമന്ദിരം സ്ഥാപിക്കുക. ചികിത്സാ സഹായപദ്ധതി കാര്യക്ഷമമാക്കുക.

8. സാമൂഹ്യ സേവനരംഗത്തെ സന്നദ്ധസംഘടനകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് അവരുടെ പ്രവർത്തനം വിലയിരുത്തി ഗ്രാൻറ് നൽകുക.

9. ക്ഷേമപദ്ധതികൾ വഴി ഇപ്പോൾ ലഭിച്ചു കൊണ്ടിരിക്കുന്ന തുക അപര്യാപ്തമാണ്. ഇത് പുനപരിശോധിച്ച് വേണ്ട വർദ്ധനവ് വരുത്തണം.

10. ലക്ഷം വീടുകോളനികളിൽ ശ്മശാനങ്ങൾ ഉണ്ടാക്കണം. നിലവിലുള്ള ശ്മശാനങ്ങൾ ചുറ്റുമതിൽ കെട്ടി സംരക്ഷിക്കണം.

11. സ്ത്രീധനമെന്ന മഹാവിപത്തു നിലനിൽക്കുന്നതു കാരണം ദരിദ്രയുവതികളുടെ വിവാഹം ഒരു പ്രശ്നമായി അവശേഷിക്കുന്നു. ഇതിനെതിരെ ബോധവൽക്കരണം ആവശ്യമായി തീർന്നിരിക്കുന്നു. ദാരിദ്ര്യമനുഭവിക്കുന്ന ഇത്തരം ജനവിഭാഗത്തിൻെറ സംരക്ഷണം പ്രാദേശിക സർക്കാരെന്ന നിലയ്ക്ക് പഞ്ചായത്ത് ഏറ്റെടുക്കുക.

12. ദരിദ്ര വിദ്യാർത്ഥികൾക്ക് ഒരു വിദ്യാഭ്യാസ നിധി സ്വരൂപിച്ച് വേണ്ട സഹായങ്ങൾ നൽകുക.

13. D.W.C.R.A, പ്രൊഡക്ഷൻ ഗ്രൂപ്പ്, ത്രിഫ്റ്റ് ആൻറ് ക്രഡിറ്റ് ഗ്രൂപ്പ് തുടങ്ങി വികസന ബ്ലോക്കു വഴി ലഭിക്കുന്ന തൊഴിലവസരം പരമാവധി വർദ്ധിപ്പിക്കുക. ആധുനിക ഭവന നിർമ്മാണ കലയിലും പരമ്പരാഗത തൊഴിലിലും പരിശീലനം നൽകി, അവർക്ക് തൊഴിലാരംഭിക്കുന്നതിനുള്ള വായ്പ മിതമായ പലിശയ്ക്ക് ദീർഘകാല വ്യവസ്ഥയനുസരിച്ച് ബാങ്കുകൾ വഴി നൽകുക.

14. ക്ഷേമനിധികളെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിച്ച് പരമാവധിപേരെ അതിൽ അംഗങ്ങളാക്കുക.

## പൊതുനിർദ്ദേശങ്ങൾ

1. സാമൂഹ്യക്ഷേമരംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി വാർഡുതലത്തിലും പഞ്ചായത്തു തലത്തിലും മെമ്പർമാരും പ്രസിഡൻറും ചെയർമാൻമാരായുള്ള കമ്മിറ്റികൾ രൂപീകരിക്കുക.

2. ഏറ്റവും മെച്ചമായ രീതിയിൽ സന്നദ്ധ പ്രവർത്തനം നടത്തുന്ന വ്യക്തികൾക്കും സംഘടനകൾക്കും അവാർഡ് ഏർപ്പെടുത്തുക.

3. വനിതാ സമാജങ്ങളില്ലാത്ത വാർഡുകളിൽ അത്തരം സംഘടനകൾ രൂപീകരിക്കുക.

4. പ്രവർത്തനക്ഷമമല്ലാത്ത മഹിളാ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ പഞ്ചായത്തു സമിതിയുടെ നേതൃത്വത്തിൽ നടപടികൾ സ്വീകരിക്കുക.

## കഴക്കൂട്ടം ഗ്രാമപഞ്ചായത്ത്

### ട്രൈസം – തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

| പരിശീലന വിഷയത്തിന്റെ പേര് വർഷം | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം |
|---|---|---|
| 1992-93 Wire man -1, Home Appliances Repairing -1, Hand loom Weaving -2, Composing -4 | 8 | |
| 1993-94 - | | |
| 1994-95 - | | |
| 1995-96 - Leather Works -9, Radio and TV Repairing -1 | 10 | 9 (1 - Wage Employee) |

## കഴക്കൂട്ടം ഗ്രാമപഞ്ചായത്ത്

### CRSP കക്കൂസ്

| വർഷം | എണ്ണം | കുറിപ്പ് |
|---|---|---|
| 1994-95 | 46 | പൂർത്തീകരിച്ചു. |
| 1995-96 | 22 | പൂർത്തീകരിച്ചു. |

| Million Wells Scheme | |
|---|---|
| 1992-93 | 8 |
| 1993-94 | 4 |
| 1994-95 | 1 |
| 1995-96 | Nil |

## കഴക്കൂട്ടം ഗ്രാമപഞ്ചായത്ത്

### വാർദ്ധക്യകാല - വിധവാ പെൻഷൻ

| വർഷം | വാർദ്ധക്യകാല പെൻഷൻ | വിധവാ പെൻഷൻ |
|---|---|---|
| 1995-96 | 42 | 88 |

## കഴക്കൂട്ടം ഗ്രാമപഞ്ചായത്ത്

### D W C R A പദ്ധതി പ്രകാരം രൂപപ്പെട്ട തൊഴിൽ സംരംഭങ്ങളുടെ വിവരം

| തൊഴിൽ സംരംഭത്തിന്റെ ഇനം | അനുവദിച്ച വർഷം | പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം | പ്രവർത്തന ക്ഷമത സംബന്ധിച്ച കുറിപ്പ് |
|---|---|---|---|
| ഡയറി യൂണിറ്റ് | 1995-96 | 10 | നന്നായി പ്രവർത്തിക്കുന്നു. |
| ചെരിപ്പ് നിർമ്മാണം | 1995-96 | 9 | നന്നായി പ്രവർത്തിക്കുന്നു. |

## കഴക്കൂട്ടം ഗ്രാമപഞ്ചായത്ത്

## IRDP സർവ്വെ പ്രകാരം (1992 to 1995)

## ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെ വിവരങ്ങൾ

| സർവ്വെ പ്രകാരം കണ്ടെത്തിയ കുടുംബങ്ങൾ | ഇതിൽ SC/ST കുടുംബം | വർഷം | നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ചത് | | സഹായം ലഭിച്ചതുവഴി ദാരിദ്ര്യ രേഖയ്ക്കു മുകളിലുള്ള |
|---|---|---|---|---|---|
| | | | General | SC/ST | കുടുംബം |
| | | 1992-93 | 20 | 33 | 53 |
| 2241 | 312 | 93-94 | 25 | 28 | 53 |
| | | 94-95 | 24 | 33 | 57 |
| | | 95-96 | 30 | 27 | 57 |
| | ആകെ | | 99 | 121 | 220 |



അന്യം നിന്നു കൊണ്ടിരിക്കുന്ന അഗ്രഹാരം
തെക്കേഗ്രാമം - കഴക്കൂട്ടം

# സംസ്ക്കാരം

ഒരു ദേശത്തിന്റെ സർവ്വതോന്മുഖമായ പുരോഗതി അവിടെയുള്ള ജനങ്ങളുടെ സാംസ്കാരിക മൂല്യങ്ങളെ അടിസ്ഥാനമാക്കിയാണ് നിലകൊള്ളുന്നത്. ചരിത്രത്തിന്റെ താളുകൾ പരിശോധിച്ചാൽ കഴക്കൂട്ടത്തിന് നൂറ്റാണ്ടുകൾ പഴക്കമുള്ള ഒരു സാംസ്ക്കാരിക പൈതൃകമാണ് ഉള്ളത് എന്ന് മനസ്സിലാക്കാം. ദേശ സ്നേഹം, സാഹോദര്യം, സഹിഷ്ണുത, മതമൈത്രോദ്ഗ്രഥന ചിന്താഗതി, കലാസാഹിത്യ പ്രവർത്തനങ്ങൾ തുടങ്ങിയവയെല്ലാം സംസ്ക്കാരത്തിന്റെ ഘടകങ്ങളായി വർത്തിക്കുന്നു.

വിവിധ ജാതിമത വർഗ്ഗ വിഭാഗങ്ങൾ സാഹോദര്യത്തോടും സഹിഷ്ണുതയോടുംകൂടി ഇടകലർന്ന് അധിവസിക്കുന്ന ഒരു പ്രദേശമാണ് കഴക്കൂട്ടം. നാട്ടിലെ ചില മതപരമായ ചടങ്ങുകളിൽ പോലും ഇത്തരം സഹകരണങ്ങൾ സർവ്വ സാധാരണമാണ്. രാജ്യത്തിന്റെ ചില കോണുകളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന മതപരമായ അസഹിഷ്ണുതകൾക്കൊന്നും തന്നെ സ്വാധീനം ചെലുത്താൻ കഴിയാത്ത പ്രദേശമാണ് കഴക്കൂട്ടം. ഇതു തന്നെ ഈ പ്രദേശത്തിന്റെ ഉത്തമമായ സാംസ്ക്കാരിക അവബോധത്തിന്റെ ഉത്തമ ദൃഷ്ടാന്തമാണ്.

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി സ്ഥിതി ചെയ്യുന്ന ക്ഷേത്രങ്ങളും മുസ്ലീം പള്ളികളും ക്രിസ്ത്യീയ ദേവാലയങ്ങളും നമ്മുടെ സാംസ്ക്കാരിക പൈതൃക



*പഴമയുടെ പ്രതീകം*

കേന്ദ്രങ്ങളാണ്. കൂടാതെ ഗ്രന്ഥശാലകൾ, പാഠശാലകൾ, കലാകായിക സംഘടനകൾ തുടങ്ങിയവയും സാംസ്ക്കാരിക പ്രവർത്തനങ്ങളുടെ ഉറവിടങ്ങളാണ്. ആർഷഭാരത സംസ്ക്കാരത്തിന്റെതന്നെ ഓജസ്സും തേജസ്സും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഇത്തരം സാംസ്ക്കാരിക കേന്ദ്രങ്ങൾ ജനങ്ങളിൽ സാഹോദര്യവും ഐക്യവും വളർത്തുന്നതിൽ നിസ്തുലമായ പങ്കാണ് വഹിക്കുന്നത്.

നൂറ്റാണ്ടുകൾ പഴക്കമുള്ള കഴക്കൂട്ടം മഹാദേവർ ക്ഷേത്രത്തിലെ ഉത്സവത്തോട് അനുബന്ധിച്ചുള്ള ആറാട്ടു മഹോൽസവത്തിൽ ജാതി മത ഭേദമന്യേ ആളുകൾ പങ്കെടുക്കുന്നു. പുരാതനകാലം മുതൽക്കുതന്നെ ഈ പ്രദേശത്ത് നിലനിന്നിരുന്ന സാംസ്ക്കാരിക ഐക്യത്തിന്റെ ദൃഷ്ടാന്തമാണ്. കൂടാതെ ഏറെ പഴക്കമുള്ള കഴക്കൂട്ടം കബറടി മുസ്ലീം ജമാഅത്തും ലൂർദ്മാതാ ചർച്ചും പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ സ്ഥതി ചെയ്യുന്ന മറ്റു ഹൈന്ദവ ക്രൈസ്തവ മുസ്ലീം ആരാധനാലയങ്ങളും ജനങ്ങളിൽ സ്നേഹവും സഹിഷ്ണുതയും സാഹോദര്യവും ഐക്യവും വളർത്തി എടുക്കുന്നതിൽ നിർണ്ണായകമായ പങ്കാണ് വഹിക്കുന്നത്.

പ്രശസ്തരായ നിരവധി കലാ സാഹിത്യ സാംസ്ക്കാരിക രാഷ്ട്രീയ നായകൻമാർക്ക് ജന്മം നൽകിയ നാടാണിത്. സാഹിക്യകാരനായ കഴക്കൂട്ടം ത്യാഗരാജനും, അനുഗ്രഹീത നാദസ്വര വിദ്വാനായ കഴക്കൂട്ടം ഭാർഗ്ഗവൻപിള്ളയും സിനിമാരംഗത്തെ യുവ പ്രതിഭയായ കഴക്കൂട്ടം പ്രേംകുമാറും ഈ നാടിന്റെ പൊതുസമ്പത്താണ്.

നാടൻകലകളുടെയും കലാകാരൻമാരുടെയും കേന്ദ്രമായുരുന്നു കഴക്കൂട്ടം. പുരാതനകാലം മുതൽ ഇവിടെ കാക്കാരിശ്ശി നാടക സമിതികൾ പ്രവർത്തിച്ചിരുന്നു. എന്നാൽ ഈ പ്രാചീന കല ഇന്ന് അന്യം നിന്നുകൊണ്ടിരിക്കുന്നു. ഓട്ടൻതുള്ളൽ വിദഗ്ദ്ധനായിരുന്ന ശ്രീ. കുഞ്ഞിക്കുട്ടൻ പിള്ള ഒരു കാലഘട്ടത്തിൽ ഈ നാടുമു



*പഞ്ചായത്ത് ഓപ്പൺ എയർ ആഡിറ്റോറിയവും സ്റ്റേഡിയവും -മരുപ്പൻകോട്*

ഴുവൻ നിറഞ്ഞു നിന്നിരുന്ന അനുഗ്രഹീത കലാകാരനായിരുന്നു. ഇദ്ദേഹത്തിന്റെ ശിഷ്യഗണങ്ങളിൽ പ്രധാനിയാണ്

പ്രോത്സാഹിപ്പിക്കുന്നതിന് ഏറെ സംഭാവനകൾ



*ദാരുശില്പത്തിന്റെ ചാരുത. കഴക്കൂട്ടം ശ്രീ മഹാദേവർക്ഷേത്രം*

ഇന്ന് ഈ രംഗത്ത് പ്രശോഭിക്കുന്ന കഴക്കൂട്ടം ഭാസ്കരപിള്ള. ഓട്ടൻതുള്ളലിന്റെ പ്രാധാന്യവും പ്രശസ്തിയും അനുദിനം ക്ഷയോന്മുഖമായിക്കൊണ്ടിരിക്കുന്ന വസ്തുതയും വിസ്മരിക്കാവുന്നതല്ല. കമ്പടവുകളുടെ ഗ്രാമമാണ് പഞ്ചായത്തിലെ പാട്ടുവിളാകം വാർഡ്. ഈ നാടൻ കലാരൂപത്തിന് ഇവിടെ നൂറ്റാണ്ടുകളുടെ പാരമ്പര്യമുണ്ട്. പരേതനായ ശ്രീ. രാമകൃഷ്ണപിള്ള ആശാൻ ഈ കലയെ

നൽകിയിട്ടുണ്ട്. ഈ പഞ്ചായത്തിലും ഇതര പ്രദേശത്തുമായി ഇദ്ദേഹത്തിന് നൂറ് കണക്കിന് ശിഷ്യൻമാർ ഉണ്ട്. ഇവരിൽ പ്രധാനികളാണ് പൂല്ക്കൽ സുകുമാരൻനായരും കഴിഞ്ഞ പഞ്ചായത്തിൽ പാട്ടുവിളാകം വാർഡു മെമ്പറായിരുന്ന ശ്രീ. പൊന്നപ്പൻനായരും.

കളരിപ്പയറ്റ്, തിരുവാതിരക്കളി, കരിമരുന്ന് പ്രയോഗം തുടങ്ങിയ കലകൾക്കും പേരുകേട്ട നാടാണ് കഴക്കൂട്ടം.

പാരമ്പര്യമായി ഇവിടെ കളരിപ്പയറ്റ് പരിശീലനം നടന്നു വരുന്നു. ഈ രംഗത്ത് ശ്രീ. പുല്ലാന്നിവിള ചെല്ലയ്യൻ ആശാന്റെ സംഭാവനകൾ സ്മരണീയമാണ്. കരിമരുന്നു പ്രയോഗ കലയിൽ ഏറെ ശ്രദ്ധേയനായ വ്യക്തിയാണ് കഴക്കൂട്ടം അർജ്ജുന പണിക്കർ.

പഞ്ചായത്തിൽ നാലു ഗ്രന്ഥശാലകളും, ഒരു വായനശാലയും മുപ്പതിൽപരം കലാ കായിക സംഘടനകളും ഉണ്ട്. ബാപ്പുജി സ്മാരക ഗ്രന്ഥശാലയും, ഗ്രാമോന്ധാരണസംഘം ഗ്രന്ഥശാലയുമാണ് ഇവയിൽ ഏറ്റവും പഴക്കം ചെന്നത്. കാട്ടായിക്കോണം Y.M.A



*പരിസ്ഥിതി സംന്തുലനം* *കാവുംകുളവും മരുപ്പൻകോട്*

ലൈബ്രറിയും വളരെ വർഷത്തെ പ്രവർത്തന പാരമ്പര്യം അവകാശപ്പെടാവുന്ന ഒന്നാണ്. ചന്തവിള യുവജനസമാജം ഗ്രന്ഥശാല പ്രവർത്തനക്ഷമമല്ല. കെട്ടിടങ്ങളുടെ അഭാവമാണ് ഇതിനു മുഖ്യകാരണം. ഈ ഗ്രന്ഥശാലകൾ എല്ലാം തന്നെ നാടിന്റെ സാംസ്ക്കാരിക പുരോഗതിക്ക് വളരെ സഹായകമാണ്.

ജനങ്ങൾ സാംസ്ക്കാരികമായി ഉന്നത നിലവാരം പുലർത്തുന്നുണ്ടെങ്കിലും നല്ലൊരു കമ്മ്യൂണിറ്റിഹാളിന്റെ അഭാവം ഈ പഞ്ചായത്തിൽ ഉണ്ട്. ഇപ്പോൾ സാംസ്ക്കരിക സമ്മേളനങ്ങൾക്ക് കഴക്കൂട്ടം സ്ക്കൂളിനെയാണ് ആശ്രയിച്ചുവരുന്നത്. ഈ സ്ക്കൂളിൽ ഇത്തരം സമ്മേളനങ്ങൾ നടത്തുന്നതിന് വേണ്ടത്ര സൗകര്യങ്ങൾ ഇല്ലാ എന്നുമാത്രമല്ല സാദ്ധ്യായ ദിവസങ്ങളിൽ സമ്മേളനം നടത്തുവാനും കഴിയില്ല. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും നടന്ന വിശേഷാൽ ഗ്രാമസഭാ യോഗങ്ങൾ ഈ അപര്യാപ്തത എടുത്തുപറയുകയുണ്ടായി. അതുകൊണ്ട് ഇത് ഒരു പൊതു പ്രാധാന്യമുള്ള വിഷയമായി പരിഗണിച്ച് അടിയന്തിരമായി ഒരു കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കേണ്ടതാണ്.

*പഞ്ചായത്തിലെ കലാ- സാംസ്ക്കാരിക സ്ഥാപനങ്ങൾ*

1. ബാപ്പുജി സ്മാരക ഗ്രന്ഥശാല - ഠൗൺ വാർഡ്
2. ഗ്രാമോദ്ധാരണസംഘം - ഠൗൺ വാർഡ്
3. വൈ.എം.എ ലൈബ്രറി - കാട്ടായിക്കോണം
4. സംയോജിത ഗ്രാമ വികസന പൗരസമിതി - ഉള്ളൂർക്കോണം.
5. നാഷണൽ റീഡിംഗ് റൂം & ലൈബ്രറി - കരിയിൽ
6. വർണ്ണം യൂത്ത് ക്ലബ്ബ്- സൈനിക സ്ക്കൂൾ
7. നളന്ദാ ആട്സ് ക്ലബ്ബ്- സൈനികസ്കൂൾ
8. യുവരശ്മി നാടൻ കലാവേദി - സൈനിക സ്ക്കൂൾ
9. യുവസമിതി കൃഷ്ണപുരം - പാട്ടുവിളാകം
10. രാഗം സ്പോർട്സ് &ആർട്സ് ക്ലബ് -പാട്ടുവിളാകം -(ചന്തവിള)
11. യെംഗ്മെൻ അസോസിയേഷൻ - കിഴക്കും ഭാഗം
12. തൂലിക സ്പോർട്സ് ആർട്സ് ക്ലബ്ബ് - കിഴക്കും ഭാഗം
13. സ്വാതി കൾച്ചറൽ അസോസിയേഷൻ -കിഴക്കും ഭാഗം
14. യുവ കലാസമിതി - പെരുമൺചിറ (കിഴക്കുഭാഗം)
15. അനശ്വര സ്പോർട്സ് &ആട്സ് ക്ലബ്ബ് - ഉനിയറമൂല
16. മാതൃഭൂമി സ്റ്റഡിസർക്കിൾ - ഉതിയറമൂല
17. ഗ്രാമ കൈരളി സ്പോർട്സ് &ആർട്സ് ക്ലബ്ബ് - വാഴവിള, മരുപ്പൻകോട്
18. കൾച്ചറൽ സൊസൈറ്റി -കുന്നുംപുറം, മരുപ്പൻകോട്
19. തൃജോതി സ്പോർട്സ് &ആർട്സ് ക്ലബ്ബ് - മരുപ്പൻകോട്
20. യുവരശ്മി സ്പോർട്സ് &ആർട്സ് ക്ലബ്ബ് - ഠൗൺ
21. യു.എസ്.എ. സ്പോർട്സ് &ആർട്സ് ക്ലബ്ബ് - ഠൗൺ
22. സംഘം സ്പോർട്സ് &ആർട്സ് ക്ലബ്ബ് - തെക്കും ഭാഗം
23. ശിവജി സ്പോർട്സ് &ആർട്സ് - തെക്കും ഭാഗം
24. ഭാരത് നാടൻ കലാവേദി - പാട്ടുവിളാകം
25. ഭാസ്ക്കരൻ മെമ്മോറിയൽ സ്പോർട്സ് &ആർട്സ് ക്ലബ്ബ് - ഠൗൺ
26. യുവേഴ്സ് സ്പോർട്സ് &ആർട്സ് ക്ലബ്ബ് - തുണ്ടത്തിൽ
27. യുവസമിതി - പാട്ടുവിളാകം
28. ദേശാഭിമാനി സ്പോർട്സ് &ആർട്സ് ക്ലബ്ബ് - ഉതിയറമൂല
29. പ്രിയദർശിനി സ്പോർട്സ് &ആർട്സ് ക്ലബ്ബ് - ജയ്നഗർ, മരുപ്പൻകോട്
30. ഭഗത്സിംഗ് ബാലജനസഖ്യം - ഠൗൺ, കഴക്കൂട്ടം
31. അയ്യൻകാളി സ്പോർട്സ് &ആർട്സ് ക്ലബ്ബ് - അമ്പലത്തിൻകര

*പ്രശ്നങ്ങൾ*

1. പഞ്ചായത്തിൽ കമ്മ്യൂണിറ്റി ഹാൾ ഇല്ല.
2. കലാസാംസ്ക്കാരിക സ്ഥാപനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല.
3. ഗ്രന്ഥശാലകളുടേയും വായനാശാലകളുടേയും അപര്യാപ്തത.
4. പുരാതന നാടൻ കലാരൂപങ്ങൾക്ക് വേണ്ടത്ര പ്രോൽസാഹനം ലഭിക്കുന്നില്ല.
5. പഞ്ചായത്തിന്റെ കീഴിലുള്ള റേഡിയോ ക്ലാസ്സുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല.
6. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ടി.വി. ക്ലാസ്സുടമകൾ ഇല്ല.
7. ബാലവാടികളും റേഡിയോക്ലബ്ബുകളും വേണ്ടത്ര ഇല്ല.
8. തെക്കൻ കേരളത്തിലെ ഏക ഗുഹാക്ഷേത്രമായ മടവൂർപാറയ്ക്ക് വേണ്ട പ്രാധാന്യം നൽകിയിട്ടില്ല.
9. പഞ്ചായത്തിൽ പൊതു കളിസ്ഥലങ്ങളില്ല.
10. അവശകലാകാരൻമാർക്ക് വേണ്ടത്ര പരിഗണന ലഭിക്കുന്നില്ല.
11. വനിതാ സാംസ്ക്കാരിക കേന്ദ്രങ്ങൾ ഇല്ല.
12. പഞ്ചയത്തുതല കലാ കായിക മേളകൾ വേണ്ടത്ര സംഘടിപ്പിക്കുന്നില്ല.
13. സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്ന ഗ്രന്ഥശാല

കൾക്ക് ലഭിക്കുന്ന വാർഷിക ഗ്രാന്റും മറ്റ് ആനുകൂല്യങ്ങളും ലൈബ്രറികൾക്ക് യഥാസമയം ലഭിക്കുന്നില്ല.
14. ഇൻഫർമേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നില്ല.
15. പാട്ടുവിളാകം സാംസ്ക്കാരിക കേന്ദ്രത്തിന്റെ പണി പൂർത്തിയായിട്ടില്ല.
16. സാമൂഹിക വിപത്തുകൾക്കെതിരെ വേണ്ടത്ര ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നില്ല.
17. ഇംഗ്ലീഷ് വിദ്യാഭ്യാസ സമ്പ്രദായങ്ങളോടുള്ള ആഭിമുഖ്യം അനുദിനം വർദ്ധിക്കുന്നു.
18. ദൂരദർശൻ സംപ്രേക്ഷണം ചെയ്യുന്ന അശ്ലീല പരസ്യങ്ങളും തരംതാണ സീരിയലുകളും.
19. അശ്ലീല പോസ്റ്ററുകൾ, സിനിമകൾ, പ്രസിദ്ധീകരണങ്ങൾ എന്നിവയുടെ പ്രചാരം.

*പരിഹാരങ്ങൾ*

1. അടിയന്തിരമായി പഞ്ചായത്തിൽ ഒരു കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുക.
2. കലാകായിക സാംസ്ക്കാരിക കേന്ദ്രങ്ങൾക്ക് ഗ്രാന്റുകളും പ്രോൽസാഹനങ്ങളും നൽകി അവയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക.
3. വായനാശാലകളും, ഗ്രന്ഥശാലകളും ഇല്ലാത്ത എല്ലാ വാർഡുകളിലും പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ ഇവ സ്ഥാപിച്ച് പ്രവർത്തനം ആരംഭിക്കുക.
4. അന്യം നിന്ന് കൊണ്ടിരിക്കുന്ന നാടൻ കലാരൂപങ്ങളായ കമ്പടവുകളി, പരിചമുട്ടുകളി, കളരിപ്പയറ്റ്, തിരുവാതിരക്കളി, കാക്കരാശി തുടങ്ങിയവയ്ക്ക് വേണ്ടത്ര ധനസഹായങ്ങളും പരിശീലനകേന്ദ്രങ്ങളും ആരംഭിക്കുക.
5. പഞ്ചായത്തിലെ പ്രവർത്തന ക്ഷമമല്ലാത്ത എല്ലാ റേഡിയോ ക്ലാസ്ക്കുകളും അടിയന്തിരമായി പ്രവർത്തനക്ഷമമാക്കുക.
6. എല്ലാ വാർഡുകളിലും റ്റി.വി. ക്ലാസ്ക്കുകൾ പഞ്ചായത്ത് ചെലവിൽ നിർമ്മിക്കുക.
7. ബാലവാടികളും, റേഡിയോ ക്ലബ്ബുകളും കുട്ടികൾക്ക് വേണ്ടിയുള്ള പാർക്കുകളും കളി സ്ഥലങ്ങളും വേണ്ടത്ര സ്ഥാപിക്കുക.
8. ചരിത്ര പ്രധാന്യമുള്ള മറവൂർപ്പാറയെ വിനോദസഞ്ചാരമാക്കുന്നതിനു വേണ്ട നടപടികൾ കൈക്കൊള്ളുക.
9. പഞ്ചായത്തിൽ അനുയോജ്യമായ സ്ഥലങ്ങളിൽ വേണ്ടത്ര കളിസ്ഥലങ്ങൾ നിർമ്മിക്കുക.
10. അവശകലാകാരൻമാർക്ക് പെൻഷൻ പദ്ധതികളും വൈദ്യസഹായങ്ങളും കുടുംബക്ഷേമ പദ്ധതികളും ആവിഷ്ക്കരിക്കുക.
11. വനിതാ സാംസ്ക്കാരിക കേന്ദ്രങ്ങളും അതിനോടനുബന്ധിച്ച് തൊഴിൽ പരിശീലന സൗകര്യങ്ങളും ഏർപ്പെടുത്തുക.
12. പഞ്ചായത്തുതല കലാ -കായികമേളകൾക്ക് വേണ്ടത്ര പ്രോൽസാഹനങ്ങൾ നൽകുക.
13. ലൈബ്രറികൾക്ക് യഥാസമയം ഗ്രാന്റുകളും ആനുകൂല്യങ്ങളും നൽകി ഇതിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷ

മമാക്കുക.
14. ബാപൂജി സ്മാരക ഗ്രന്ഥശാല, ഗ്രാമോദ്ധാരണ ഗ്രന്ഥശാല, Y.M.A ഗ്രന്ഥശാല എന്നിവിടങ്ങളിൽ ഓരോ ഇൻഫർമേഷൻ സെന്ററുകൾ ആരംഭിക്കുകയും ബാപൂജി സ്മാരക ഗ്രന്ഥശാലയിൽ ടെലഫോൺ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക.
15. പാട്ടുവിളാകം സാംസ്ക്കാരിക കേന്ദ്രത്തിന്റേയും ഗ്രന്ഥശാലയുടെയും പണി അടിയന്തിരമായി പൂർത്തിയാക്കുക.
16. ചാരായ നിരോധനം നിർബന്ധമാക്കുക. യുവാക്കളിൽ കാണുന്ന മദ്യപാനാസക്തി, മയക്കുമരുന്നുപയോഗം എന്നിവയ്ക്കെതിരെ ബോധവൽക്കരണ പരിപാടികൾ ആവിഷ്ക്കരിക്കുക.
17. മാതൃഭാഷയെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി മാതൃകാ വിദ്യാലയങ്ങൾ ആരംഭിക്കുക.
18. ഭാരതീയ സങ്കൽപ്പത്തിന് കളങ്കം ചാർത്തുന്ന അശ്ലീല പരസ്യങ്ങൾ, സീരിയലുകളും സംപ്രേക്ഷണം ചെയ്യുന്നതിനെതിരെ ശക്തമായ നിയമ നടപടികൾ കൈക്കൊള്ളുക.
19. അശ്ലീല പോസ്റ്ററുകൾ പൊതു സ്ഥലങ്ങളിൽ പ്രദർശിപ്പിക്കുന്നത് നിരോധിക്കുകയും സിനിമകളുടെയും പ്രസിദ്ധീകരണങ്ങളുടെയും മേലുള്ള സെൻസർഷിപ്പ് നിയമങ്ങൾ കർശനമായി പാലിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുക. തരംതാണ സിനിമകൾ കർശനമായി നിരോധിക്കുക.
20. സ്ത്രീകളുടെ വായനാശീലം വളർത്താൻ സഞ്ചരിക്കുന്ന വായനാശാലകൾ പ്രവർത്തിപ്പിക്കുക.
21. കുട്ടികളുടെ വായനാശീലം വളർത്തുവാൻ ചിൽഡ്രൻസ് ക്ലബ്ബുകളും വായനാശാലകളും ആരംഭിക്കുക.
22. സ്ക്കൂൾ ലൈബ്രറികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക.
23. കലാ-കായിക പ്രതിഭകളെ കണ്ടെത്തി വേണ്ട പ്രോത്സാഹനം നൽകുക.

# വനിത

പുരോഗമന പ്രസ്ഥാനങ്ങൾക്ക് ഏറെ സ്വാധീനമുള്ള സംസ്ഥാനമാണ് കേരളമെങ്കിലും വനിതകളുടെ നിലയിൽ കാര്യമായ പുരോഗതി ഇനിയും ഉണ്ടായിട്ടില്ല. സാമൂഹ്യപദവിയിൽ സ്ത്രീകൾ പുരുഷൻമാരേക്കാൾ വളരെ പിന്നിലാണ്. സ്ത്രീകളുടെ തൊഴിലില്ലായ്മ ഇവിടെ രൂക്ഷമാണ്. ആരോഗ്യ വിദ്യാഭ്യാസ രംഗങ്ങളിൽ സ്ത്രീകളുടെ നില മെച്ചമാണെങ്കിലും തൊഴിൽ പങ്കാളിത്തത്തിൽ വളരെ പിൻനിരയിലാണ്. തൊഴിൽ മേഖലകളിൽ വ്യക്തമായ വേർതിരിവ് നിലനിൽക്കുന്നു. കൂലിയിലും സ്ത്രീപുരുഷ അന്തരം വളരെ വലുതാണ്. പഞ്ചായത്തിന്റെ സ്ഥിതിയുംഇതിൽ നിന്നും ഒട്ടും വ്യത്യസ്തമല്ല.

കേരളത്തിൽ സ്ത്രീകളുടെ എണ്ണം പുരുഷൻമാരേക്കാൾ കൂടുതലാണെങ്കിലും ഇവിടത്തെ സ്ത്രീപുരുഷ അനുപാതം ആയിരം പുരുഷൻമാർക്ക് 993 എന്ന നിരക്കിലാണ്.

## വിദ്യാഭ്യാസരംഗം

പഞ്ചായത്തിൽ വിദ്യാഭ്യാസ സൗകര്യങ്ങൾ സ്വാതന്ത്ര്യ ലബ്ധിക്കുശേഷം വളരെയധികം മെച്ചപ്പെട്ടിട്ടുണ്ട്. മുൻകാലങ്ങളിൽ വിദ്യാഭ്യാസത്തിനായി സ്ത്രീകളെ അയച്ചിരുന്നില്ല. വിദ്യാലയങ്ങളുടെ ദൗർലഭ്യതയും അന്നത്തെ സാമൂഹ്യ ചുറ്റുപാടും സ്ത്രീകളെ അതിൽ നിന്ന് അകറ്റി. പൊതുരംഗത്തുണ്ടായിരുന്ന വിലക്കുകൾ അനാചാരങ്ങൾ എന്നിവ സ്ത്രീകളുടെ പിന്നോക്കാവസ്ഥയ്ക്ക് കാരണമായി. നവോത്ഥാന പ്രസ്ഥനങ്ങൾ ദേശീയ സ്വാതന്ത്ര്യ സമര പ്രസ്ഥാനങ്ങൾ, പുരോഗമന പ്രസ്ഥാനങ്ങൾ എന്നിവയുടെ വളർച്ച വനിതാവിദ്യാഭ്യാസ രംഗത്ത് കുറെയൊക്കെ മാറ്റങ്ങൾ വരുത്തി. പൊതു വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ ആവിർഭാവത്തോടെ വനിതാ വിദ്യാഭ്യാസ രംഗത്തും പുരോഗതിയുണ്ടായി. ഇപ്പോൾ വനിതകൾക്ക് മാത്രമായുള്ള ഒരു ഗവൺമെന്റ് ഐ.റ്റി.ഐ, ഒരു കേന്ദ്ര തൊഴിൽ പരിശീലനകേന്ദ്രം എന്നിവ പ്രവർത്തിച്ചുവരുന്നുണ്ട്.

## *തൊഴിൽമേഖല*

മുൻകാലങ്ങളിൽ കാർഷിക മേഖലയിലാണ്. സ്ത്രീകൾ കൂടുതലും പണിയെടുത്തിരുന്നത്. പരമ്പരാഗത വ്യവസായങ്ങളിൽ പഞ്ചായത്തിൽ കൈത്തറി മാത്രമാണ് ഉണ്ടായിരുന്നത്. ഇപ്പോൾ കരിങ്കൽ തൊഴിൽമേഖല, നിർമ്മാണ തൊഴിൽ മേഖല എന്നിവിടങ്ങളിൽ സ്ത്രീകൾ ധാരാളമുണ്ട്. സേവനതുറകളിലും വളരെ കൂടുതൽ വനിതകളുണ്ട്. തൊഴിൽപങ്കാളിത്തം: പുരുഷൻ 49.23 % സ്ത്രീ 11.64 %. കാർഷിക മേഖലയിലെ മാന്ദ്യം, കരിങ്കൽ നിർമ്മാണ തൊഴിൽ മേഖലകളിലെ യന്ത്രവൽക്കരണം തുടങ്ങിയവ തൊഴിൽ സാധ്യത കുറയ്ക്കുന്നു. കാർഷികരംഗത്ത് പച്ചക്കറി ഉൽപ്പാദനം മൃഗപരിപാലന രംഗത്ത് കാലി, കോഴി വളർത്തൽ, ചെറുകിട വ്യവസായങ്ങൾ, സ്വയംതൊഴിൽ സംരംഭങ്ങൾ എന്നിവയിൽ വനിതകൾക്ക് കൂടുതൽ പ്രാമുഖ്യം നൽകേണ്ടതായിട്ടുണ്ട്. തുണ്ടത്തിൽ വാർഡിൽ താറാപൊയ്ക നെയ്ത്ത് കേന്ദ്രം, പാട്ടുവിളാകത്ത് ചെരുപ്പ് നിർമ്മാണ കേന്ദ്രം, തയ്യൽ പരിശീലന കേന്ദ്രം എന്നി ചെറുകിട വ്യവസായ യൂണിറ്റുകൾ മാത്രമാണ് പഞ്ചായത്തിലുള്ളത്.

## *സാമൂഹ്യപദ്ധതി*

വനിതാവിമോചന പ്രസ്ഥാനങ്ങൾ പഞ്ചായത്തിൽ സജീവമാണ്. പുരോഗമന പ്രസ്ഥാനങ്ങളുടെ വളർച്ച വനിതകളെ പൊതുരംഗത്തേയ്ക്ക് കൊണ്ടുവരുന്നതിന് വളരെ സഹായിച്ചു. അഖിലേന്ത്യ ജനാധിപത്യമഹിളാ അസോസിയേഷൻ, കേരളമഹിളാസംഘം, കേരള മഹിളാ കോൺഗ്രസ്, കേരളശാസ്ത്ര സാഹിത്യ പരിഷത്ത് വനിതവേദി, മഹിളാസമാജങ്ങൾ തുടങ്ങിയ സംഘടനകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

## *പ്രശ്നങ്ങൾ*

തൊഴിൽ പ്രശ്നങ്ങൾ, ദാരിദ്ര്യം, കടം, സ്ത്രീധനം, സ്ത്രീപീഠനം ഇവയൊക്കെയാണ് സ്ത്രീകളെ കൂടുതൽ അലട്ടുന്ന പ്രശ്നങ്ങൾ. ഇതിന്റെഫലമായി സ്ത്രീകളുടെ സാമൂഹ്യപദവി തകരുകയാണ്. സംഘടിത പ്രവർത്തനങ്ങൾ രാഷ്ട്രീയ അടിസ്ഥാനത്തിൽ സംഘടിപ്പിക്കുകയാണ് ഇതിനുള്ള പരിഹാരം.

*വനിതാമേഖലയിലെ പ്രശ്നങ്ങൾ ചുവടെ ചേർക്കുന്നു.*

1. തൊഴിലില്ലായ്മയാണ് വനിതകളെ അലട്ടുന്ന രൂക്ഷ മായ പ്രശ്നം.
2. പുരുഷന് ആനുപാതികമായി സ്ത്രീകൾക്ക് തൊഴിൽ ലഭിക്കുന്നില്ല.
9. സ്ത്രീകൾക്ക് ഉത്തരവാദിത്വം ഏൽപ്പിക്കാൻ പുരുഷൻമാർ താത്പര്യം കാണിക്കുന്നില്ല.
10. " തുല്യജോലിയ്ക്ക് തുല്യവേതനം" എന്ന മുദ്രാവാക്യം ഉയർത്താൻ വേണ്ടത്ര കഴിയുന്നില്ല.
11. സർക്കാർ ഏജൻസികൾ മുഖേന ലഭിക്കാവുന്ന സഹായത്തെക്കുറിച്ച് വേണ്ടത്ര അറിവ്സ്ത്രീകൾ സ്വായത്തമാക്കുന്നില്ല.
12. സ്ത്രീധനവും സ്ത്രീധന സമ്പ്രദായവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഭീഷണിയായി നിലകൊള്ളുന്നു.



*വനിതാ വ്യവസായ യൂണിറ്റ് DWCRA പാട്ടുവിളാകം*

3. സ്ത്രീ തൊഴിലാളികൾക്ക് കൂലി നിരക്ക് വളരെ കുറവാണ്.
4. തൊഴിൽ പരിശീലനത്തിന് സ്ത്രീകൾക്ക് വേണ്ടത്ര സൗകര്യം ലഭിക്കുന്നില്ല.
5. പരിശീലനം ലഭിക്കുന്ന തൊഴിൽ ചെയ്യാൻ തൊഴിലവസരങ്ങൾ ലഭിക്കുന്നില്ല.
6. ചെറുകിട വ്യവസായങ്ങൾ നാമമാത്രമാണ്.
7. സാമൂഹ്യസേവന രംഗത്ത് സ്ത്രീകൾ കൂടുതലായിമുന്നോട്ടു വരുന്നില്ല.
8. ജോലികൾ ഉത്തരവാദിത്തത്തോടെ ഏറ്റെടുക്കാൻ സ്ത്രീകൾ വിമുഖത കാട്ടുന്നു.
13. സ്ത്രീ പീഠനങ്ങൾ പലയിടത്തും നടക്കുന്നു.
14. രാഷ്ട്രീയാടിസ്ഥാനത്തിലുള്ള സംഘടിത പ്രവർത്തനങ്ങൾ വഴിയെ സ്ത്രീ വിമോചനം സാധ്യമാകൂ എന്ന തിരിച്ചറിവ് സ്ത്രീകൾക്ക് വേണ്ടത്ര ഉണ്ടായിട്ടില്ല.

### *പരിഹാരങ്ങൾ*

സ്ത്രീകളെ ബാധിക്കുന്ന പ്രശ്ന പരിഹാരങ്ങൾക്ക് താഴെ പറയുന്ന സത്വര ശ്രദ്ധ പതിയേണ്ടതാണ്.

1. സ്ത്രീകൾക്ക് മാത്രമായി സംഘടിപ്പിക്കാവുന്ന സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുക.
2. റെഡിമെയ്ഡ് വസ്ത്രങ്ങൾ, മെഴുകുതിരികൾ,

അച്ചാറുകൾ, കറിപൗഡറുകൾ, ചെരിപ്പ്, എന്നിവയുടെ നിർമ്മാണം വനിതകൾക്കുള്ള ചെറുകിട വ്യവസായ യൂണിറ്റുകളായി ആരംഭിക്കുക.

3. വിഭവ സാധ്യത കണക്കിലെടുത്ത് തൊഴിൽ യൂണിറ്റുകൾ തുടങ്ങുന്നതിന് ആവശ്യമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കുക.
4. കൂടുതൽ തൊഴിൽ മേഖലകളിൽ സ്ത്രീകളുടെ സേവനം ലഭ്യമാക്കുക.
5. കണ്ടക്ടർ, ഡ്രൈവർ, പോലീസ്, തുടങ്ങിയ തസ്തികകളിൽ വനിതകളെ കൂടുതൽ നിയമിക്കുക.
6. വിധവാ പെൻഷൻ, അഗതിപെൻഷൻ, മാതൃസംരക്ഷണ പദ്ധതി ആനുകൂല്യങ്ങൾ ഇവ അർഹരായ മുഴുവൻ പേർക്കും നൽകുക. വരുമാന പരിധി ഉയർത്തുക, പെൻഷൻ തുക വർദ്ധിപ്പിക്കുക.
7. അംഗൻവാടികൾ ആരംഭിക്കുക.
8. പോലീസ് വനിതാസെൽ പ്രവർത്തനം പഞ്ചായത്ത് തലത്തിലേയ്ക്ക് വ്യാപിപ്പിക്കുക.
9. ഫാമിലീ വെൽഫയർ സെന്റർ എല്ലാ വാർഡിലും ആരംഭിപ്പിക്കുക.
10. പ്രധാന കവലകളിൽ സ്ത്രീകൾക്കും പബ്ലിക്ക് കംഫർട്ട് സൗകര്യങ്ങൾ ഏർപ്പെടുത്തുക.
11. മദ്യനിരോധനം സമ്പൂർണ്ണമാക്കുക.
12. വനിതാ ITI, വനിതാ തൊഴിൽപരിശീലന കേന്ദ്രം, യൂണിവേഴ്സിറ്റി ടെക്നോപാർക്ക് തുടങ്ങിയ സ്ഥാപനങ്ങളിൽ പ്രവർത്തിയെടുക്കുന്നവർക്ക് താമസ സൗകര്യത്തിനായി ഒരു വനിതാ ഹോസ്റ്റൽ ആരംഭിക്കുക.



*ഒരു ഖാദി ബോർഡ് യൂണിറ്റ് - താറാപൊയ്ക*

# സഹകരണം

ഇന്ത്യയിൽ സഹകരണ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചത് 1904- ലെ സഹകരണ നിയമത്തിന്റെ (കോ- ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്റ്റ് ഓഫ് 1904) അടിസ്ഥാനത്തിൽ രൂപീകൃതമായ കാർഷികവായ്പാ സംഘങ്ങളുടെ ആവിർഭാവത്തോടെയാണ്. കാർഷിക വായ്പാ രംഗത്ത് മാത്രം ഒതുങ്ങി നിന്നിരുന്ന സഹകരണ പ്രസ്ഥാനം അനുക്രമമായി വളർന്ന് വികസിച്ച് ജീവിതത്തിന്റെ എല്ലാമണ്ഡലങ്ങളിലും കടന്ന് ചെന്ന് ഇതിനകം ഇന്ത്യൻ സമ്പത്ത് വ്യവസ്ഥയുടെ നിർണ്ണായക ഘടകമായി മാറിയിട്ടുണ്ട്. അസൂയാവഹമായ നേട്ടങ്ങളാണ് സഹകരണ പ്രസ്ഥാനം കൈവരിച്ചിട്ടുള്ളത്. സഹകരണബാങ്കുകളാകട്ടെ വാണിജ്യബാങ്കുകളെപ്പോലെ ബാങ്കിങ്ങുമായി ബന്ധപ്പെട്ട എല്ലാപ്രവർത്തനങ്ങളും കൈകാര്യം ചെയ്യുന്ന സുസജ്ജ സ്ഥാപനങ്ങളായി മാറിയിട്ടുണ്ട്.കടത്തിൽ ജനിച്ച് കടത്തിൽ വളർന്ന് കടം തന്നെ തന്റെ അനന്തരാവകാശികൾക്ക് സ്വത്തായി അവശേഷിപ്പിച്ചുകൊണ്ട് മരിക്കുന്നവരായ കർഷകർക്ക് തെല്ലൊരാശ്വാസം നൽകുവാൻ സഹകരണ പ്രസ്ഥാനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്.

1927- ൽപ്രവർത്തനമാരംഭിച്ച കഴക്കൂട്ടം സർവ്വീസ് സഹകരണസംഘമാണ് ഈ പഞ്ചായത്തിലെ ആദ്യത്തെ സഹകരണ സ്ഥാപനം. കാർഷിക വായ്പ നൽകി കൃഷിയെ പ്രോത്സാഹിപ്പിക്കുകയായിരുന്നു ഈ സ്ഥാപനത്തിന്റെ ആദ്യ ലക്ഷ്യം. തുടക്കത്തിൽ പരിമിതമായ അംഗങ്ങളോടുകൂടി ആരംഭിച്ച ഈ സംഘം ഇന്ന് 7460 അംഗങ്ങളുള്ള ബാങ്കായി ഉയർന്നിരിക്കുന്നു. മാത്രമല്ല ഇപ്പോൾ ഇതിന്റെ ഒരു ശാഖ ചന്തവിളയിൽ പ്രവർത്തിച്ചു വരുന്നു. രാസവള ഡിപ്പോകൾ, ഹയർപർച്ചയിസിംഗ് യൂണിറ്റ്, പ്രതിമാസലേല ചിട്ടികൾ തുടങ്ങിയവ ഇതിന്റെ പ്രവർത്തനമേഖലകളിൽപ്പെട്ടതാണ്. സംഘത്തിന്റെ ഇപ്പോഴത്തെ ആസ്തി 6,86,58,805 രൂപയാണ്. കഴക്കൂട്ടം പഞ്ചായത്തിലെ ഒന്ന് മുതൽ ആറ് വരെയുള്ള വാർഡുകളാണ് ഇതിന്റെ പ്രവർത്തനമേഖല.

കഴക്കൂട്ടം പഞ്ചായത്തിലെ VII മുതൽ XII വരെയുള്ള വാർഡുകൾ അയിരൂപ്പാറ ഫാർമേഴ്സ് ബാങ്കിന്റെ പ്രവർത്തന പരിധിയിൽ വരുന്നു. ഫാർമേഴ്സ് ബാങ്കുകളിൽ തിരുവനന്തപുരം ജില്ലയിൽ രണ്ടാം സ്ഥാനത്ത് നിൽക്കുന്ന ബാങ്കാണ് ഇത്. ഈ ബാങ്കിലെ ഇപ്പോഴത്തെ അംഗസംഖ്യ 12,366 ആണ്. ഇതിൽ 4997 പേർ കഴക്കൂട്ടം പഞ്ചായത്തിലെ ആറ് വാർഡിൽപ്പെട്ടവരാണ്. ഈ ബാങ്കിൽനിന്നും കഴക്കൂട്ടം പഞ്ചായത്ത് മേഖലയിലെ അംഗങ്ങൾക്ക് വിവിധയിനം വായ്പകൾ ലഭിച്ചുവരുന്നു.

1951-ൽ കഴക്കൂട്ടം ക്ഷീര വ്യവസായസഹകരണസംഘവും 1952 ൽ ചന്തവിളയിൽ അയിരൂപ്പാറ ക്ഷീരവ്യവസായ സഹകരണസംഘവും രൂപീകൃതമായി. ഇതിനുപുറമേ പുല്ലാന്നിവിള, കാട്ടായിക്കോണം എന്നിവിടങ്ങളിൽ ക്ഷീരോല്പാദക സഹകരണസംഘങ്ങളും പ്രവർത്തിച്ചുവരുന്നു. ഈ സംഘങ്ങളെകുറിച്ചുള്ള വിശദമായ വിവരണം മൃഗസംരക്ഷണ വിഭാഗത്തിൽ ചേർത്തിട്ടുണ്ട്.

***കഴക്കൂട്ടം പഞ്ചായത്തിലെ സഹകരണസംഘങ്ങൾ***

1. കഴക്കൂട്ടം സർവ്വീസ് സഹകരണബാങ്ക്
2. അയിരൂപ്പാറ ഫാർമേഴ്സ് സഹകരണബാങ്ക് (ഭാഗീകം)
3. ക്ഷീരവ്യവസായ സഹകരണസംഘം കഴക്കൂട്ടം
4. ക്ഷീരവ്യവസായ സഹകരണസംഘം ചന്തവിള
5. ക്ഷീരോൽപ്പാദക സഹകരണസംഘം പുല്ലാന്നിവിള
6. ക്ഷീരോൽപ്പാദക സഹകരണസംഘം കാട്ടായിക്കോണം
7. ഹൗസിംഗ് സഹകരണസംഘം കഴക്കൂട്ടം
8. തിരുവനന്തപുരം താലൂക്ക് അൺഎംപ്ലോയേഴ്സ് സ്കിൽഡ് വർക്കേഴ്സ് സഹകരണസംഘം കഴക്കൂട്ടം
9. കാർഷിക വികസന ബാങ്ക് കഴക്കൂട്ടം
10. തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക് കഴക്കൂട്ടം
11. സഹകരണ ആശുപത്രി കഴക്കൂട്ടം
12. ചൂരൽ വ്യവസായ സഹകരണ സംഘം കഴക്കൂട്ടം
13. വനിതാ സഹകരണ സംഘം ചന്തവിള

***പ്രശ്നങ്ങൾ***

1. ജനസംഖ്യയിൽ ഭൂരിഭാഗം പേർക്കും സഹകരണ സംഘങ്ങളിൽ അംഗത്വമില്ല.
2. വായ്പാ വ്യവസ്ഥകൾ ഉദാരമല്ലാത്തതുകാരണം ആവശ്യക്കാർക്ക് യഥാസമയം വായ്പ ലഭിക്കുന്നില്ല.

3. വായ്പാ വ്യവസ്ഥകൾ ഉപഭോക്താക്കളെ അമിത പലിശ ഈടാക്കുന്ന സ്വകാര്യ ബാങ്കുകളെ ആശ്രയിക്കുവാൻ പ്രേരിപ്പിക്കുന്നു.

4. രജിസ്റ്റർ ചെയ്ത സഹകരണ സംഘങ്ങൾ പലതും നിർജ്ജീവാവസ്ഥയിലാണ്

5. സഹകരണാടിസ്ഥാനത്തിൽ പഞ്ചായത്തിൽ പൊതു വിതരണ ശൃംഖലാ പ്രവർത്തനം നടക്കുന്നില്ല.

6. ക്ഷീര വ്യവസായ സംഘങ്ങളുടെ പ്രവർത്തനം പഞ്ചായത്തിലുടനീളം എത്തുന്നില്ല.

7. വളരെ നല്ലരീതിയിൽ പ്രവർത്തിച്ചിരുന്ന സഹകരണാശുപത്രി ഇപ്പോൾ പ്രവർത്തിക്കുന്നില്ല.

8. സങ്കുചിത രാഷ്ട്രീയ താൽപ്പര്യങ്ങൾ എല്ലാ സഹകരണമേഖലകളേയും തളർത്തുന്നു.

9. വനിതാസഹകരണ സംഘങ്ങൾ വേണ്ടത്രയില്ല.

***പരിഹാരങ്ങൾ***

1. സഹകരണ സ്ഥാപനങ്ങളെക്കുറിച്ച് വാർഡ് തലത്തിൽ ബോധവൽക്കരണം നടത്തുക.

2. വായ്പാ വ്യവസ്ഥകൾ കാലാനുസൃതമായി ഉദാരവൽക്കരിക്കുക.

3. ആവശ്യങ്ങളുടെ പ്രധാന്യം കണക്കാക്കി വായ്പകൾ കാലവിളംബരം കൂടാതെ നൽകുക.

4. സ്വകാര്യ ബാങ്കിംഗ് സ്ഥാപനങ്ങളിലെ അമിത പലിശ നിയന്ത്രിക്കാൻ ആവശ്യമായ നിയമ നടപടികൾ സ്വീകരിക്കാനുള്ള അധികാരം പഞ്ചായത്തുകൾക്ക് നൽകുക.

5. നിർജ്ജീവാവസ്ഥയിലുള്ള സംഘങ്ങൾ പുനരുദ്ധരിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുക.

6. ആവശ്യമായ കൺസ്യൂമർ സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.

7. എല്ലാ വാർഡുകളിലും ക്ഷീര വ്യവസായ സംഘങ്ങളുടെ യൂണിറ്റുകൾ ആരംഭിക്കുക.

8. സഹകരണാശുപത്രി ആധുനിക സൗകര്യങ്ങളുള്ള ഒരു ആശുപത്രിയാക്കി പ്രവർത്തിപ്പിക്കുന്നതിന് പഞ്ചായത്ത് മേൽനോട്ടം വഹിക്കുക.

9. വനിതകൾക്ക് തൊഴിൽ ലഭ്യത ഉറപ്പാക്കുന്ന സഹകരണ സംഘങ്ങൾ ആരംഭിക്കുക.

***നിർദ്ദേശങ്ങൾ***

1. ചേങ്കോട്ടുകോണം കേന്ദ്രമാക്കി രജിസ്റ്റർ ചെയ്തിട്ടുള്ള സഹകരണമേഖലയിലുള്ള ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസിന്റെ പ്രവർത്തനം പുനരുദ്ധരിക്കുക. അവിടത്തെ സോപ്പുനിർമ്മാണ യൂണിറ്റ്, ബുക്ക് ബയന്റിംഗ് എന്നിവ പ്രവർത്തിപ്പിക്കുക.

2. സ്വാമിയാർമഠം ഗാന്ധിസ്മാരക നിധിയുടെ ക്ഷീര വ്യവസായ യൂണിറ്റ് പുനരാരംഭിക്കുക.

3. കൈത്തറി തൊഴിൽ പരിശീലനം ലഭിച്ചിട്ടുള്ളവരെ ഉൾപ്പെടുത്തി ആലിനേറിയിൽ കൈത്തറി സഹകരണ സംഘം രൂപീകരിക്കുക.

4. നാളികേരം,റബ്ബർ. കുരുമുളക് തുടങ്ങിയ കൃഷികൾക്ക് ദീർഘകാല വായ്പകൾ പ്രാഥമിക സപകരണ സംഘങ്ങൾ വഴി വിതരണം നടത്തുക.

5. കർഷകർക്ക് കുറഞ്ഞ വിലയ്ക്ക് വിത്തും വളവും നൽകി വിളവെടുപ്പ് സമയത്ത് ഉൽപ്പന്നങ്ങൾ സംഘങ്ങൾ വഴി വിപണനം നടത്തുക.

6. സഹകരണ സ്ഥാപനങ്ങളെ അഴിമതി വിമുക്തമാക്കാൻ സോഷ്യൽ ആഡിറ്റിംഗ് സമ്പ്രദായം ഏർപ്പെടുത്തുക.

7. ചന്തവിളയിലുള്ള വനിതാസഹകരണ സംഘം പ്രവർത്തന ക്ഷമമാക്കുക.

8. തെക്കും ഭാഗം വാർഡിൽ വനിതാസഹകരണ സംഘം ആരംഭിച്ച് റെഡിമെയ്ഡ് വസ്ത്രം, സ്കാഷ്, അച്ചാർ, മെഴുകുതിരി എന്നിവയുടെ നിർമ്മാണയൂണിറ്റുകൾ പ്രവർത്തിപ്പിക്കുക.

9. മരുപ്പൻകോട് വാർഡിൽ വാഴവിള ത്രിജ്യോതിപുരം എന്നിവിടങ്ങൾ കേന്ദ്രമാക്കി ഓരോ ലതർവർക്ക്സ്, ബുക്ക് ബയന്റിംഗ് ആന്റ് മാനുഫാക്ച്ചറിംഗ് യൂണിറ്റ് എന്നിവ സഹകരണ മേഖലയിൽ സ്ഥാപിച്ച് പ്രവർത്തനം ആരംഭിക്കുക ( വനിതകൾക്കുവേണ്ടി)

10. കിഴക്കുംഭാഗം വാർഡിൽ പെരുമൺചിറ കേന്ദ്രമാക്കി ഒരു വനിതാ സഹകരണ സംഘം രൂപീകരിച്ച് ചെറുകിട വ്യവസായങ്ങളും, ടൈയിലറിംഗ് യൂണിറ്റും ആരംഭിക്കുക.

# പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗക്കാർ ആകെ ജനസംഖ്യയുടെ 12% ആണ്.അവരിൽ മുക്കാൽ ഭാഗവും കോളനികളിലാണ് വസിക്കുന്നത്. പഞ്ചായത്തിൽ 28 കോളനികളുണ്ട്. ഇവയിൽ അംഗീകൃത കോളനി (IHDP) കിഴക്കും ഭാഗം വാർഡിലെ പോങ്ങറമാത്രമാണ്. കോളനികളുടെ വിവരം പട്ടിക ഒന്നിൽ ചേർക്കുന്നു. പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ തുണ്ടത്തിൽ വാർഡിലും കിഴക്കും ഭാഗം വാർഡിലും മാത്രമാണുള്ളത്.

### *സാമൂഹ്യപദവി*

ജാതിപരമായ ഉച്ചനീചത്വം നിലവിലില്ല. നൂറ്റാണ്ടുകളായി അടിച്ചമർത്തലിനും ചൂഷണത്തിനും വിധേയരായിരുന്ന ഈ വിഭാഗക്കാരുടെ സാമൂഹ്യ പദവി ഉയർത്തുന്നതിന് ഈ പ്രദേശത്തിന് സ്വാതന്ത്ര്യലബ്ധിക്കു വളരെ മുമ്പു തന്നെ കഴിഞ്ഞിട്ടുണ്ട്. ഭൂപരിഷ്ക്കരണ നടപടികൾ ഇവർക്ക് കുടികിടപ്പവകാശം നൽകി. അങ്ങനെ മണ്ണിന്റെ മക്കൾക്ക് ഒരു തുണ്ട് ഭൂമിയ്ക്കുള്ള അവകാശം ലഭ്യമായി. മിച്ചഭൂമിയുടെ ലഭ്യതയും ലക്ഷം വിടുകളുടെ വിതരണവും ഇവരുടെ സാമൂഹിക പദവി ഉയർത്തി. എന്നിരുന്നാലും ഒട്ടനവധി പ്രശ്നങ്ങൾ ഈ മേഖലയിൽ പരിഹരിക്കേണ്ടതായി അവശേഷിക്കുന്നു..

### *തൊഴിൽ*

മുൻപ് മഹാഭൂരിപക്ഷവും കാർഷികമേഖലയിൽ തൊഴിലെടുത്ത് ഉപജീവനം നടത്തുന്നവരായിരുന്നു. കാർഷികമേഖലയിലെ തകർച്ച ഇവരെ മറ്റു മേഖലകളിലേയ്ക്ക് തിരിയാൻ പ്രേരിപ്പിച്ചു. പഞ്ചായത്തിന്റെ കിഴക്കൻ അതിർത്തിപ്രദേശത്തുള്ള ക്വാറികളിൽ പണിയെടുക്കുന്ന തൊഴിലാളികളിൽ ബഹുഭൂരിപക്ഷവും പട്ടിക ജാതിക്കാരാണ്. നിർമ്മാണ പ്രവർത്തന രംഗത്തും ഇവരുടെ പങ്കാളിത്തം സജീവമായുണ്ട്. കൂലിവേല ചെയ്ത് ഉപജീവനം നയിക്കുന്ന ഈ വിഭാഗക്കാർക്ക് പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കേണ്ടതിന്റെ ആവശ്യകത ആത്യന്താപേക്ഷിതമാണ്. മറ്റുള്ളവർ ചെയ്യാൻ അറയ്ക്കുന്ന റോഡ് ടാറിംഗ് ചെയ്യുന്ന പ്രവർത്തനത്തിലും ഇവരുടെ പങ്കാളി- . ശ്രദ്ധേയമാണ്. ഈ വക ജോലികളിൽ ഈ വിഭാഗക്കാർക്ക് മെച്ചപ്പെട്ട വേതനവും ലഭിക്കുന്നുണ്ട്. കാർഷികമേഖലയിൽ പണിയെടുക്കുന്ന ഇവരിൽ പുരുഷൻമാർക്ക് 110 രൂപ വീതവും സ്ത്രീകൾക്ക് 70 രൂപാ വീതവും ദിവസക്കൂലിയായി ലഭിക്കുന്നുണ്ട്.

### *പാർപ്പിടം*

പട്ടികജാതിക്കാർ കൂടുതലും കോളനികളിലാണ് താമസിക്കുന്നത്. പല കോളനികൾക്കും ഇനിയും അംഗീകാരം ലഭിക്കേണ്ടതുണ്ട്. ലക്ഷം വീട് പദ്ധതി, സർക്കാരിന്റെ വിവിധ ഏജൻസികളായ ജവഹർ റോസ്ക്കാർ യോജന, ഇന്ദിരആവാസ് യോജന, മില്യൻവെൽസ്ക്കീം, ഉപാധിരഹിത ഫണ്ട് ഇവ വഴി സൗജന്യമായി നൽകുന്ന പാർപ്പിട പദ്ധതികൾ പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കിയതുവഴി ഈ വിഭാഗക്കാരുടെ പാർപ്പിട പ്രശ്നം ഏറെക്കുറെ പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ ചെറ്റക്കുടിലിൽ താമസിക്കുന്ന കുടുംബങ്ങൾ വളരെ കുറവാണ്. ലക്ഷം വീടുകളിൽ കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്താത്തതുമൂലം ഭാഗീകമായി തകർന്ന നിലയിലാണ്. മറ്റു ഭവന നിർമ്മാണ പദ്ധതികൾ പ്രകാരമു..ള വീടുകൾ ശരിയായ വിധത്തിൽ പൂർത്തിയാക്കാൻ നിലവിലുള്ള ധനസഹായ തുകയുടെ അപര്യാപ്തതമൂലം കഴിയുന്നില്ല. നിർമ്മാണചെലവുകളുടെ വർദ്ധനവിനനുസരണമായി ധനസഹായത്തുക വർദ്ധിപ്പിക്കേണ്ട കാലം അതിക്രമിച്ചിരിക്കുകയാണ്.

### *അടിസ്ഥാന സൗകര്യങ്ങൾ*

പലകോളനികളിലും ഗതാഗതസൗകര്യവും വൈദ്യുതിയും ലഭ്യമായിട്ടില്ല.ഓരോ വീട്ടിലും ഓരോ കക്കൂസുകൾ ആവശ്യമായിട്ടുണ്ട്. പഞ്ചായത്തിലെ കോളനികളിൽ മിക്കതും കുന്നിൻ പ്രദേശങ്ങളിലായതിനാൽ ജലം എല്ലാ സമയവും ആവശ്യത്തിന് ലഭ്യമല്ല. ഒറ്റതിരിഞ്ഞ് പാർക്കുന്നവർക്ക് കിണറു നിർമ്മാണത്തിനു വേണ്ട ധനസഹായം ലഭ്യമാക്കേണ്ടതാണ്.

### *വിദ്യാഭ്യാസം*

പ്രാഥമിക വിദ്യാഭ്യാസ സൗകര്യങ്ങൾ ലഭ്യമാണെങ്കിലും വിദ്യാഭ്യാസ നിലവാരം വളരെ മോശമാണ്. പഞ്ചായത്തിലെ പട്ടിക ജാതി പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികളുടെ വിവരങ്ങൾപട്ടിക രണ്ടിൽ ചേർത്തിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസത്തിന് ആവശ്യമായ സൗകര്യങ്ങൾ ചെയ്തു കൊടുക്കുന്നതിനും പ്രോത്സാഹനം നൽകുന്നതിനും ഉള്ള പദ്ധതികൾ ഫലപ്രദമായി നടപ്പാക്കേണ്ടതുണ്ട്. ഈ പഞ്ചായത്തിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരിൽ

ഭൂരിഭാഗവും സർക്കാരിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി പുരോഗതി കൈവരിക്കുന്നത് പഞ്ചായത്തിന് അഭിമാനകരമാണ്.

### *പ്രശ്നങ്ങൾ*

- എല്ലാപേർക്കും വീട് സ്വന്തമായിട്ടില്ല.
- എല്ലാപേർക്കും വീട് നിർമ്മിക്കാൻ സ്വന്തമായി സ്ഥലമില്ല.
- വീട് നിർമ്മാണ ധനസഹായം അപര്യാപ്തമാണ്.
- ലക്ഷം വീടുകൾ ജീർണ്ണാവസ്ഥയിലാണ്.
- പ്രാഥമിക സൗകര്യങ്ങൾ അപര്യാപ്തമാണ്.
- പൊതു ശ്മശാനമില്ല.
- കുടിവെള്ളക്ഷാമം രൂക്ഷമാണ്
- കോളനികളിൽ ആവശ്യമായ കിണറുകളും കക്കൂസുകളും ഇല്ല.
- കോളനികളിൽ എല്ലായിടത്തും വൈദ്യുതി എത്തിയിട്ടില്ല.
- കാർഷിക മേഖലയിൽ തൊഴിൽ സാധ്യതയില്ലാതാകുന്നു.
- പരമ്പരാഗത കൈത്തൊഴിലുകൾ നടക്കുന്നില്ല.
- ഉന്നത വിദ്യാഭ്യാസ സൗകര്യങ്ങൾ ലഭ്യമല്ല.
- നിരക്ഷരത ഭാഗീകമായി നിലനിൽക്കുന്നു.
- കാർഷിക ലോണുകൾ ഭൂമിയുടെ വിസ്തൃതിക്കുറവുമൂലം ലഭിക്കുന്നില്ല.
- പട്ടികജാതി പട്ടിക വർഗ്ഗക്ഷേമ പദ്ധതികളേക്കുറിച്ച് വേണ്ട അറിവ് ലഭിക്കുന്നില്ല.
- ബാലവാടികളുടെയും അംഗൻവാടികളുടെയും അപര്യാപ്തത.
- ആരോഗ്യപരിപാലന സൗകര്യങ്ങൾ കുറവാണ്.

#### *കുടിവെള്ളം*

കോളനികളിൽ വേനൽക്കാലത്ത് കുടിവെള്ളക്ഷാമം രൂക്ഷമാണ്.വെള്ളത്തിനുള്ള പ്രധാന സ്രോതസ്സ് കിണറുകളാണ്. ഒരു കോളനിയിലും പൈപ്പ്ലൈൻ സൗകര്യം ഏർപ്പെടുത്തിയിട്ടില്ല. നിലവിലുള്ള കിണറുകളെല്ലാം വേനൽക്കാലത്ത് വറ്റിപ്പോകുന്നു.

#### *പരിഹാരങ്ങൾ*

- തെക്കുംഭാഗം വാർഡിലെ അമ്പലത്തിൻകര കോളനി, അമ്പലത്തിൻകര സെറ്റിൽമെന്റ് കോളനി, വാറുവിളാകംകോളനി എന്നിവിടങ്ങളിലുള്ള ജലക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി വാട്ടർ അതോറട്ടിയുടെ പൈപ്പ്ലൈൻ വഴിയുള്ള ശുദ്ധജലം ഈ കോളനികളിൽ ലഭ്യമാകുന്നതിനുവേണ്ടിയുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.
- പാട്ടുവിളാകം കുറുവല്ലാകോളനിയിൽ ബോറിംഗ്വെൽ സ്ഥാപിക്കുകയും ഓവർഹെഡ് വാട്ടർടാങ്ക് നിർമ്മിച്ച് പൈപ്പുകൾ ഇട്ട് 70 കുടുംബങ്ങളിലെ ജലക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
- മാവുർപ്പാറ വാർഡിലെ കല്ലടിച്ചവിള കോളനിയിലെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് ഏലാപുറമ്പോക്കിൽ കിണർ കുഴിച്ച് പമ്പ് സെറ്റ്സ്ഥാപിക്കുക. വാർഡിലെ മറ്റ് കോളനികളിൽ പാറക്കെട്ടുള്ളതിനാൽ കുഴൽകിണറുകൾ സ്ഥാപിക്കേണ്ടതുമാണ്.
- ആലിനേറ വാർഡിലെ കോളനികൾ വളരെ ഉയർന്ന പ്രദേശങ്ങളിലായതിനാൽ ആഴമുള്ള കിണറുകൾ നിർമ്മിച്ച് പമ്പുസെറ്റ് സ്ഥാപിക്കേണ്ടതാണ്.
- ഇലിപ്പക്കുഴിയിലെ യഥേഷ്ടം വെള്ളം കിട്ടുന്ന കിണറിൽ പമ്പ് സെറ്റ് ഘടിപ്പിക്കുകയും ഓവർഹെഡ് ടാങ്ക് നിർമ്മിച്ച് എഴുപതോളം കുടുംബങ്ങൾക്ക് പൈപ്പ്ലൈൻ വഴി വെള്ളം എത്തിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
- കല്ലുകുന്ന് ലക്ഷം വീട് കോളനി ഉയർന്ന പ്രദേശത്താകയാൽ കുഴൽകിണർ നിർമ്മിച്ച് ശുദ്ധജലം എത്തിക്കേണ്ടതാണ്.
- ചാരുംവിള കോളനി, ജി.സി. കോളനി എന്നിവിടങ്ങളിൽ സമീപത്തുള്ള അണ്ടൂർക്കോണം ഭാഗത്തുകൂടി കടന്നു പോകുന്ന പൈപ്പ്ലൈനുകളിൽ നിന്ന് കണക്ഷൻ ലഭിക്കാനുള്ള ഏർപ്പാടുകൾ ചെയ്യുക.
- LNCPE യിൽ വരുന്ന കേരള വാട്ടർ അതോറട്ടറിയുടെ പൈപ്പ്ലൈൻ നീട്ടി പോങ്ങറ IHDP കോളനിയിലേയ്ക്കും കുമിഴിക്കര കോളനിയിലേയ്ക്കും ശുദ്ധജലമെത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
- വാട്ടർ അതോറിട്ടിയുടെ കഴക്കൂട്ടം വാട്ടർടാങ്കിൽ നിന്നും പൈപ്പ് ലൈനുകളും ടാപ്പുകളും നിർമ്മിച്ച് ഇലിപ്പക്കുഴി കോളനിയിലെ ശുദ്ധജലക്ഷാമം പരിഹരിക്കുക.
- സൈനിക സ്ക്കൂൾ വരെ എത്തി നിൽക്കുന്ന കേരള വാട്ടർ അതോറിട്ടിയുടെ പൈപ്പ് ലൈൻ നീട്ടി പ്ലാവറക്കോട് കോട്ടയത്ത് ഹരിജൻ കോളനി, ചാണായിക്കോണം കോളനി എന്നീ ഹരിജൻകോളനികളിലേയ്ക്ക് വെള്ളമെത്തിക്കുക.

### *വൈദ്യുതി*

#### പരിഹാരം

പഞ്ചായത്തിലെ മുഴുവൻ കോളനികളിലേയും വൈദ്യുതീകരിക്കാത്ത എല്ലാ വീടുകളിലും വൈദ്യുതി കണക്ഷൻ ലഭിക്കാനുള്ള സത്വര നടപടികൾ കൈക്കൊള്ളുക.

***പട്ടികജാതി പട്ടിക വർഗ്ഗ ക്ഷേമം മുൻനിർത്തി സജീവ പരിഗണന നൽകേണ്ട ചില നിർദ്ദേശങ്ങൾ ചുവടെ കൊടുക്കുന്നു.***

1. പട്ടികജാതി സർവ്വീസ് സഹകരണ സംഘം ആരംഭിക്കുക.

2. കൃഷിഭവനുകളിൽ നിന്ന് കൃഷി വായ്പകളും സബ്സിഡിയുള്ള കിണർ, പമ്പുസെറ്റ് മുതലായ ആനുകൂല്യങ്ങളും സ്ഥല പരിമിതി പരിഗണിക്കാതെ നൽകുക.

3. വ്യവസായ പരിശീലനം നൽകുക. അവർക്ക് ആവശ്യമായ വായ്പ ഉദാര വ്യവസ്ഥയിൽ നൽകി വ്യവസായങ്ങൾ ആരംഭിക്കുക.

4. പൊതു ശ്മശാനം നിർമ്മിക്കുക.

5. ആരോഗ്യപരിപാലനത്തിനായി എല്ലാകോളനികളിലും ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.

6. സൗജന്യ വൈദ്യസഹായം ലഭ്യമാക്കുക.

7. ബോർഡിംഗ് സ്ക്കൂൾ സ്ഥാപിക്കുക.

8. മങ്ങാട്ടുകോണം ലക്ഷം വീട്ടിലെ പഞ്ചായത്തുവക സ്ഥലത്ത് അംഗൻവാടി ആരംഭിക്കുക.

9. പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ സ്ഥാപിക്കുക.

10. അമ്പലത്തിൻകര കോളനിയിലെമണ്ണൊലിപ്പ് തടയാൻ നടപടി കൈക്കൊള്ളുക.

11. പാട്ടുവിളാകം കുറുവല്ലാകോളനിയ്ക്ക് സമീപമുള്ള യുവ സമിതി കൃഷ്ണപുരം വക മൂന്ന് സെന്റ് സ്ഥലത്തുള്ള കെട്ടിടം പരിഷ്ക്കരിച്ച് ബാലവാടി ആരംഭിക്കുക.

12. കരിയിൽ വാർഡിലെ പാടിക്കവിളാകം ലക്ഷംവീട് കോളനിയിലെ അഞ്ച് സെന്റ് പൊതു സ്ഥലത്തിൽ ഹെൽത്ത് സെന്റർ അല്ലെങ്കിൽഅംഗൻവാടി തുടങ്ങണം. T.V. കിയോസ്ക്കും സ്ഥാപിക്കണം.

13. 20 കുടുംബങ്ങളിൽ കൂടുതലുള്ള കോളനികളെ IHDP കോളനികളായി അംഗീകരിക്കുക.

14. ജോലി സാധ്യതയെക്കുറിച്ചും ഗവൺമെന്റ് ആനുകൂല്യങ്ങളെക്കുറിച്ചും ആവശ്യമായ അറിവ് നൽകുന്നതിന് കോളനികളിൽ ഇൻഫർമേഷൻ സെന്ററുകൾ തുറക്കുക. സർക്കാർ ഗസ്റ്റ്, തൊഴിലവസര പരസ്യങ്ങൾ, അപേക്ഷാഫാറങ്ങൾ തുടങ്ങിയവ ലഭ്യമാക്കുക.

15. ലക്ഷംവീട് കോളനികളിൽ അറ്റകുറ്റപണികൾ നടത്തുക.

16. തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിന് പരിശീലന കേന്ദ്രങ്ങൾ തുടങ്ങുക.

17. എല്ലാകോളനികളിലും T.V. കിയോസ്ക്കുകൾ സ്ഥാപിക്കുക.

18. ഭൂരഹിത പുനരധിവാസ പദ്ധതി പഞ്ചായത്തിൽ നടപ്പിലാക്കി സ്ഥലവും വീടും എല്ലാവർക്കും ലഭ്യമാക്കുക.

19. കാർഷിക മേഖല അഭിവൃദ്ധിപ്പെടുത്തി തൊഴിൽ സാധ്യത വർദ്ധിപ്പിക്കുക.

# വിഭവസമാഹരണം

വികസന പദ്ധതി നടപ്പിലാക്കാനുള്ള വിഭവങ്ങൾ എങ്ങിനെ സ്വരൂപിക്കാമെന്നാണ് വിഭവസമാഹരണം കൊണ്ട് ഉദ്ദേശിക്കുന്നത്. നമ്മുടെ പഞ്ചായത്തിലെ വിഭവസമാഹരണം എങ്ങിനെ ആകണമെന്നുള്ളത് ഗുണഭോക്താക്കളായ ജനങ്ങൾതന്നെയാണ് തീരുമാനിക്കേണ്ടത്.

പദ്ധതി വിഹിതം, പഞ്ചായത്തുഫണ്ടിൽ നിന്നുള്ള വിഹിതം, കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും കിട്ടാവുന്ന ഗ്രാന്റുകൾ, എന്നിവയ്കു പുറമേ പഞ്ചായത്തു പ്രദേശത്തു നിന്നും, സമാഹരിയ്ക്കാവുന്ന കാർഷിക വിഭവങ്ങൾ, പ്രകൃതി വിഭവങ്ങൾ, മനുഷ്യാദ്ധ്വാനം, സംഭാവനകൾ, ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും, കിട്ടാവുന്ന വായ്പകൾ, തുടങ്ങിയവ പദ്ധതി പ്രവർത്തനത്തിനുള്ള വിഭവങ്ങളാണ്.

വിദ്യാസമ്പന്നരും, തൊഴിൽരഹിതരും സന്നദ്ധ പ്രവർത്തനത്തിന് താല്പര്യമുള്ളവരുമായ ധാരാളം പേർ നമ്മുടെ പഞ്ചായത്തിലെ ഓരോ വാർഡിലുമുണ്ട്. അവരുടെ പ്രയത്നം ഫലപ്രദമായി ഉപയോഗിക്കാൻ കഴിഞ്ഞാൽ വികസന പ്രവർത്തനങ്ങൾ വളരെ നല്ല രീതിയിൽ നടത്താൻ കഴിയും നാളിതുവരെ മനഷ്യപ്രയത്നം വികസനപ്രവർത്തനത്തിനായി നാം പ്രയോജനപ്പെടുത്തിയിട്ടുള്ളത് ഗ്രാമ റോഡുകൾ വെട്ടുന്നതിന് മാത്രമാണ് ആസൂത്രണ രംഗത്ത് ബഹുജനപങ്കാളിത്തത്തിലൂടെ ഇന്നുണ്ടായിരിക്കുന്ന ആവേശം പരമാവധി പ്രയോജനപ്പെടുത്തിയാൽ പദ്ധതി പ്രവർത്തനങ്ങളിലെ എല്ലാ മേഖലയിലും മനുഷ്യപ്രയത്നം ഒരു നിർണ്ണായക ഘടകമായിത്തീരും.

പഞ്ചായത്തിന്റെ പ്രധാനവരുമാനമാർഗ്ഗങ്ങൾ കെട്ടിട നികുതി, തൊഴിൽനികുതി, വിനോദനികുതി, ലൈസൻസ്ഫീസ്, സർക്കാർ ഗ്രാന്റുകൾ, മാർക്കറ്റു ലേലത്തുകകൾ, തുടങ്ങിയവയാണ് പ്രധാനചെലവിനങ്ങൾ ഭരണച്ചിലവ് മരാമത്ത് ചെലവ്, മറ്റുവികസന പ്രവർത്തനങ്ങൾ എന്നിവയാണ്. കഴിഞ്ഞ നാലു വർഷത്തെ കണക്കുകൾ പരിശോധിച്ചാൽ വരവും ഭരണച്ചെലവും കൂടുന്നതായി കാണാം ഏകദേശം മൊത്തം വരുമാനത്തിന്റെ 26% ഭരണച്ചെലവിനായി വിനിയോഗിക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിയ്ക്കുന്ന പ്രധാന ധനകാര്യ സ്ഥാപനങ്ങൾ, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, കാനറ ബാങ്ക്, കാത്തലിക്ക് സിറിയൻ ബാങ്ക്, ഫിനാൻഷ്യൽ എന്റർപ്രൈസ്, ജില്ലാ സഹകരണ ബാങ്ക്, കഴക്കൂട്ടം സർവ്വീസ് സഹകരണ ബാങ്ക്, അയിരൂപ്പാറ ഫാർമേഴ്സ് സഹകരണ ബാങ്ക്, കാർഷിക വികസന ബാങ്കിന്റെ സബ്സെന്റർ എന്നിവയാണ്. ഇവയുടെ വായ്പാ നിക്ഷേപത്തിന്റെ അനുപാതം പരിശോധിച്ചാൽ 1:3 ആണെന്നു കാണാം. വായ്പാ ആവശ്യക്കാരുടെ കുറവാണ് ഇതിനു കാരണമായി ബാങ്കധികൃതർ അഭിപ്രായപ്പെട്ടത്. ഇതിന്റെ യഥാർത്ഥ കാരണമെന്താണെന്നും, നമ്മുടെ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഇത് എങ്ങിനെ പരമാവധി ഉപയോഗിക്കാമെന്നും ചിന്തിക്കേണ്ടതാണ്. ഇതിനു പുറമേ അമിത പലിശ ഈടാക്കുന്ന അനേകം സ്വകാര്യ പണമിടപാടു സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട്.

നമ്മുടെ പഞ്ചായത്തിനുള്ളിൽ, 5% ആളുകൾ ഗൾഫ് നാടുകളിൽ പണിയെടുക്കുന്നുണ്ട്. ഇവരുടെ സമ്പാദ്യത്തിന്റെരു ഭാഗം ആഡംബര വസ്തുക്കൾക്കായി ദുർ വിനിയോഗം ചെയ്യുന്നുണ്ട്. ഇവരുടെ വരുമാനത്തിന്റെ ഒരു ഭാഗം ലാഭകരമായ വ്യവസായ സംരംഭങ്ങൾക്ക് ഉപയോഗപ്പെടുത്താവുന്നതാണ്.

ഗ്രാമ സഭകളുടെ സജീവ ചർച്ചകളുലൂടെ ഉരുത്തിരിഞ്ഞു വന്ന പ്രശ്നങ്ങളും നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

## പ്രശ്നങ്ങൾ

- പഞ്ചായത്തിലെ ധനകാര്യ സ്ഥാപനങ്ങളുടെ നിക്ഷേപത്തിൽ 30 ശതമാനത്തോളം മാത്രമാണ് വായ്പയായി നൽകുന്നത്.
- വായ്പാ നയങ്ങൾ സുതാര്യമല്ല.
- ബാങ്ക് വായ്പകളുടെ ലക്ഷ്യം വിട്ടുള്ള വിനിയോഗം
- പഞ്ചായത്തിന് ലഭിക്കേണ്ട നികുതികൾ യഥാസമയം പിരിച്ചെടുക്കാൻ കഴിയുന്നില്ല.
- നിലവിലുണ്ടായിരുന്ന കെട്ടിട നികുതി നിശ്ചയിക്കുന്നതിനുള്ള അപാകതകൾ പരിഹരിക്കുക.
- പഞ്ചായത്തിലെ വിഭവങ്ങൾ യഥാവിധം ഉപയുക്തമാക്കാൻ കഴിഞ്ഞിട്ടില്ല.
- കത്താത്ത തെരിവു വിളക്കുകൾക്ക് പണം അടച്ചു വരുന്നു.
- ചെലവുകൾ വർദ്ധിക്കുന്നതിനനുസരണമായി പുതിയ ധനാഗമ മാർഗ്ഗങ്ങളൊന്നും നടപ്പിലാക്കുന്നില്ല.

## നിർദ്ദേശങ്ങൾ

- നിക്ഷേപ തുകയുടെ 80 % എങ്കിലും വായ്പ യായി നൽകുക.
- ദുർബല വിഭാഗങ്ങൾക്കും, തൊഴിൽ രഹി തർക്കും വായ്പ ലഭിക്കത്തക്കവിധം വായ്പാ വ്യവസ്ഥ കൾ ലഘൂകരിക്കണം.
- വികസന പ്രവർത്തനങ്ങൾക്കായി പഞ്ചായത്തു കൾക്ക് വായ്പ നൽകണ്ടേതാണ്.
- വായ്പകൾ യഥാർത്ഥ ഉദ്ദേശത്തിനായി ചെലവ ഴിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുക.
- പഞ്ചായത്തിന് കിട്ടേണ്ട നികുതി യഥാസമയം പിരിച്ചെടുക്കുക. അതിനാവശ്യമായ ജീവനക്കാരെ നിയ മിക്കുക.
- കെട്ടിട നികുതി നിർണ്ണയത്തിനുണ്ടായിട്ടുള്ള അപാകതകൾ പരിഹരിക്കുകയും നികുതി നിർണ്ണയ ത്തിനുള്ള പൊതുമാനദണ്ഡം കർശനമായി പാലിക്കു കയും ചെയ്യണം.
- വികസന പ്രവർത്തനങ്ങളിൽ പരമാവധി മനു ഷ്യവിഭവം പ്രയോജനപ്പെടുത്തണം.എല്ലാ വാർഡുകളി ലും സന്നദ്ധസേനകൾ രൂപീകരിക്കണം.
- പഞ്ചായത്ത് കുളങ്ങൾ മത്സ്യകൃഷിക്കായി പാട്ട ത്തിന് കൊടുക്കണം.
- ആഡംബര വീടുകൾ മൊത്തം ചെലവിന്റെ അടിസ്ഥാനത്തിൽ സർചാർജ്ജ് ഈടാക്കണം.
- പഞ്ചായത്താഫീസിനോട് ചേർത്ത് കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുക.
- വാഹനങ്ങൾക്ക് പാർക്കിംഗ് ഫീസ് ഏർപ്പെടു ത്തുക.
- പരസ്യനികുതി ഏർപ്പെടുത്തുക.
- പുറമ്പോക്കു ഭൂമി, അളന്നു തിട്ടപ്പെടുത്തി പഞ്ചാ യത്ത് അധീനതയിൽ കൊണ്ടു വരണം.
- നിലവിലുള്ള കഴക്കൂട്ടം മാർക്കറ്റ് കൊച്ചുപാല ത്തിനു സമീപം മാറ്റി, മാർക്കറ്റ് സ്ഥിതി ചെയ്യുന്ന സ്ഥലത്ത് ഷോപ്പിംഗ് കോംപ്ലക്സും, ലോഡ്ജും സ്ഥാപിക്കുക.
- കഴക്കൂട്ടത്ത് ഒരു സിനിമാ തിയേറ്ററും, അതിനോടനുബന്ധിച്ച് ഒരു കല്യാണ മണ്ഡപവും നിർമ്മി ക്കുക.
- മംഗലപുരം പാറയിലും, കഴക്കൂട്ടം പുതുക്കുളവും, കൊട്ടാരവും, ഉൾപ്പെടുത്തി ടൂറിസ്റ്റ് കേന്ദ്രം സ്ഥാപിക്കു ക.

പട്ടിക -A-വരുമാനം

| ഇനങ്ങൾ | 1992-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|
| A തൊഴിൽ നികുതി | 252197.00 | 341491.00 | 342106.00 | 390823.00 |
| B കെട്ടിടക്കരം | 215004.00 | 301463.95 | 312051.65 | 260723.00 |
| C വിനോദനികുതി | 55992.00 | 53862.50 | 59702.50 | 87103.00 |
| D മാർക്കറ്റ് | 279476.00 | 304774.00 | 265588.00 | 315637.00 |
| E മറ്റ് വരുമാനങ്ങൾ | 1151420.45 | 1014367.85 | 1500538.45 | 698586.90 |
| മൊത്തം | 1954090.25 | 2015959.30 | 2479986.60 | 1752872.00 |

പട്ടിക -B-ചിലവിനങ്ങൾ

| | ചിലവിനങ്ങൾ | 1992-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| 1 | എസ്റ്റാബ്ലിഷ്മെന്റ് | 462125.00 | 424483.00 | 552332.00 | 586625.00 |
| 2 | മരാമത്ത് | 703483.00 | 636167.00 | 317068.00 | 341847.00 |
| 3 | മറ്റു ചിലവുകൾ | 724651.00 | 1099384.80 | 1228678.50 | 990747.95 |
| 4 | മറ്റുവായ്പകൾ തിരിച്ചുകൊടുത്തത് | - | - | - | - |
| 5 | ആകെ | 1890259.10 | 2160034.80 | 2098078.50 | 1919219.95 |

## കഴക്കൂട്ടം ഗ്രാമപഞ്ചായത്തിലെ ധനകാര്യസ്ഥാപനങ്ങളുടെ പൊതുവിവരം

| ബാങ്കിന്റെ പേര് | നിക്ഷേപം | | കാർഷികവായ്പ | | സ്വയംതൊഴിൽ | | ചെറുകിടകച്ചവട സ്ഥാപനങ്ങൾ | | ചെറുകിട വ്യവസായ യൂണിറ്റുകൾ | | മറ്റുള്ളവ | | ആകെ ലോൺ | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | 31-3-1996 | 30-11-96 | 31-3-96 | 30-11-96 | 30-3-96 | 30-11-96 | 31-3-96 | 30-11-96 | 31-3-96 | 30-11-96 | 31-3-96 | 30-11-96 | 31-3-96 | 30-11-96 |
| സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ | 865 | 890 | 71 | 65 | NR. | NR. | 84 | 90 | 10 | 11 | 113 | 151 | 278 | 317 |
| കാത്തലിക് സിറിയൻ ബാങ്ക് | 350 | 332 | 3.81 | 1.79 | NR. | NR. | NR. | NR. | NR. | NR. | 140.19 | 125.21 | 144 | 127 |
| യൂണിയൻ ബാങ്ക് | 999 | 940 | 24 | 24 | 11 | 11 | 22 | 27 | 16 | 18 | 267 | 292 | 340 | 372 |
| കാനറാ ബാങ്ക് | 403 | 439 | 112 | 137 | NR. | NR. | NR. | NR. | 6 | 5 | 51 | 74 | 169 | 216 |
| ജില്ലാ സഹകരണ ബാങ്ക് | 283 | 329 | NR | NR | NR | NR | NR | NR | NR | NR | NR | NR | 100 | 48 |
| സർവ്വീസ് സഹകരണ ബാങ്ക് | 328 | NR | NR | NR | NR | NR | NR | NR | NR | NR | NR | NR | 306 | NR |
| അയിരൂപ്പാറ ഫാർമേഴ്സ് ബാങ്ക് | 475 | NR | NR | NR | NR | NR | NR | NR | NR | NR | NR | NR | 600 | NR |
| കേരളാ ഫിനാൻഷ്യൽ എന്റർ പ്രൈസ് | 124 | 89 | NR | NR | NR | NR | NR | NR | NR | NR | NR | NR | 98 | 105 |
| കാർഷിക വികസന ബാങ്ക് | - | - | - | - | - | - | - | - | - | - | - - | - | - | - |

നിരക്കുകൾ ലക്ഷത്തിൽ

# ടൂറിസം

## വിനോദ സഞ്ചാര കേന്ദ്രങ്ങൾ

**കഴക്കൂട്ടം പഞ്ചായത്തിൽ രണ്ട് വിനോദ സഞ്ചാര കേന്ദ്രങ്ങൾ.**

കഴക്കൂട്ടം ഠൗണിൽ സ്ഥിതി ചെയ്യുന്ന കൊട്ടാരവും പുതുക്കുളവും.

തിരുവനന്തപുരം നഗരത്തിൽ നിന്നും 15 km.N.H.റോഡിലൂടെ വടക്കോട്ട് യാത്ര ചെയ്താൽ ഇവിടെ എത്തുന്നു. ലോക പ്രശസ്തി ആർജ്ജിച്ച കാര്യവട്ടം ഇലക്ട്രോണിക് ടെക്നോപാർക്കിന് സമീപം, സ്ഥിതിചെയ്യുന്നതും ചരിത്രത്തിന്റെ ഏടുകളിൽ ഏറെ സ്ഥാനം പിടിച്ചതുമാണ് ഈ സ്ഥലം. ശ്രീ.മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ കാലത്ത് ഭരണ വൈകല്യങ്ങളെ കഠിനമായി വിമർശിച്ചിരുന്ന കൂട്ടരാണ് എട്ടു വീട്ടിൽ പിള്ളമാർ. അക്കാരണം കൊണ്ടു തന്നെ അവർ മഹാരാജാവിന്റെ ശത്രുക്കളായി. ഇവരിൽ പ്രഗത്ഭനായിരുന്നു കഴക്കൂട്ടത്തുപിള്ള. ഇവിടെ ഉണ്ടായിരുന്ന ചില മ്പിനഴികത്ത് (ചിലമ്പിലേത്ത്) എന്ന ഭവനത്തിലായിരുന്നു കഴക്കൂട്ടത്തു പിള്ള താമസിച്ചിരന്നത്. ശ്രീ മാർത്താണ്ഡ വർമ്മ മഹാരാജാവ് എട്ടു വീട്ടിൽ പിള്ളമാരെ കൊന്നൊടുക്കിയ കൂട്ടത്തിൽ ഇദ്ദേഹത്തെയും കൊന്നുകുഴിച്ചുമൂടി. മാത്രമല്ല അദ്ദേഹത്തിന്റെ ഭവനം സ്ഥിതി ചെയ്തിരുന്ന സ്ഥലം കുളംതോണ്ടുകയും ചെയ്തു. ഈ കുളമാണ് ഇന്ന് പുതുക്കുളം എന്ന പേരിൽ അറിയപ്പെടുന്ന അതിവിസ്യതിയുള്ള കുളം, ഇതിനുകരയിലായി ശ്രീകൃഷ്ണസ്വാമി ക്ഷേത്രം, മറുകരയിൽ നശിച്ചുകൊണ്ടിരിക്കുന്ന കൊട്ടാരം.



*തെക്കൻ കേരളത്തിലെ ഗുഹാക്ഷേത്രം -മാറവൂർപ്പാറ*

പുതുക്കുളത്തിനടുത്ത് റോഡിന്റെ മറുവശത്ത് കലവറത്തോപ്പ് എന്ന അതിവിസ്താരമേറിയ തെങ്ങിൽതോപ്പ്. ഈ തോപ്പിനകത്തെ കുളത്തിന്റെ കരയിലായി ഓരോ അടുക്കിലും എട്ട് തിരികൾ കത്തിയ്ക്കാവുന്ന അഞ്ച് തട്ടുകൾ ഉള്ള ഒരു കൽവിളക്ക് ഇന്നും എട്ടുവീട്ടിൽ പിള്ളമാരുടെ സ്മാരകമായി നിലകൊള്ളുന്നു. കഴക്കൂട്ടത്തുപിള്ളയുടെ കളരിയും ആയുധപ്പുരയും ഇവിടെയാണ് സ്ഥിതി ചെയ്തിരുന്നത്.

ന്നു.

3. കൊട്ടാരത്തിൽ ഇപ്പോൾ ഒരു സ്വകാര്യവ്യക്തി താമസിക്കുന്നു.

4. പുതുക്കുളം ഒന്നിനും ഉപയോഗിക്കാൻ പറ്റാത്ത സ്ഥിതിയിലായിരിക്കുന്നു.

5. കൊട്ടാരത്തിനു ചുറ്റും ഉള്ള വിശാലമായ പറമ്പ് ഉപയോഗശൂന്യമായി കിടക്കുന്നു.

6. ജനശ്രദ്ധ അല്പംപോലും ഈ സ്ഥലത്ത് പതിയുന്നില്ല.



*ഐതിഹ്യത്തിലെ 'പൊന്നും പത്തായം' മാവൂപ്പാറ*

ഈ കൊട്ടാരം ഒരു ചരിത്ര സ്മാരകമാണ്. ഈ കുളവും കൊട്ടാരവും സംരക്ഷിച്ച് ഈ സ്ഥലം ഒരു വിനോദസഞ്ചാര കേന്ദ്രമാക്കാനുള്ള സാധ്യതയുണ്ട്.

ഈ കുളത്തിന്റെ കരയിൽ നിന്ന് വടക്കോട്ടു നോക്കിയാൽ നൂറുമീറ്ററിനകത്തു കാണുന്ന ശ്രീ മഹാദേവർക്ഷേത്രം ആയിരത്തിലേറെ വർഷങ്ങൾ പഴക്കമുള്ളതും പ്രശസ്തിയാർജിച്ചതുമാണ്.

## പ്രശ്നങ്ങൾ

1. പുതുക്കുളവും കൊട്ടാരവും സ്ഥിതി ചെയ്യുന്ന സ്ഥലം പഞ്ചായത്തു വകയല്ല.

2. കൊട്ടാരം വളരെയേറെ നശിച്ചു പോയിരിക്കു

7. വിശേഷപ്പെട്ട കൽവിളക്ക് ഒരു സ്വകാര്യവ്യക്തിയുടെ പുരയിടത്തിലാണ്.

## പരിഹാര നിർദ്ദേശങ്ങൾ

1. പുതുക്കുളവും കൊട്ടാരവും സ്ഥിതിചെയ്യുന്ന സ്ഥലം ദേവസ്വം ബോർഡ് വകയാണ്. കഴക്കൂട്ടത്തിന്റെ ഹൃദയഭാഗത്ത് ദേവസ്വം ബോർഡിന്റെ ഈ സ്ഥലം ഉപയോഗമില്ലാതായി കിടക്കാൻ അനുവദിച്ചുകൂട.

2. ദേവസ്വം ബോർഡിൽ നിന്നും ഈ സ്ഥലം പഞ്ചായത്തധീനതയിൽ ആക്കാനുള്ള നിയമമാർഗ്ഗങ്ങൾ സ്വീകരിക്കണം.

3. കൊട്ടാരത്തിന്റെ അവശിഷ്ടങ്ങൾ കേടുപാടു

തീർത്ത് സംരക്ഷിക്കണം.

4. കൊട്ടാരത്തിൽ താമസിക്കുന്ന സ്വകാര്യവ്യക്തിയെ ഇവിടെ നിന്നും ഒഴിപ്പിക്കുന്നതിനുള്ള നിയമമാർഗ്ഗങ്ങൾ സ്വീകരിക്കണം.

5. പുതുക്കുളം വെള്ളം വറ്റിച്ച് വേണ്ടത്ര ആഴത്തിൽ കുഴിച്ച് നാലു ചുറ്റും വേണ്ടത്ര കടവുകളോടുകൂടി മതിൽകെട്ടി സംരക്ഷിക്കണം.

6. പുതുക്കുളത്തിന്റെ ഒത്തമദ്ധ്യത്തിൽ ആകർഷകമായ ഒരു മണ്ഡപം കെട്ടണം.

7. കൊട്ടാരത്തിൽ നിന്നും മണ്ഡപത്തിലേയ്ക്കും മണ്ഡപത്തിൽ നിന്നും മറുകരയിലേയ്ക്കും ഒരു തൂക്കുപാലം നിർമ്മിക്കണം

8. കുളത്തിൽ ബോട്ടിംഗിനുള്ളസൗകര്യവും, നീന്തൽ പഠിക്കുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തണം.

9. കുളത്തിനു നാലു ചുറ്റും വേണ്ടത്ര വിസ്താരത്തിൽ സ്ഥലം നിരത്തി സന്ദർശകർക്ക് ഇരിക്കുന്നതിന് കോൺക്രീറ്റ് ബഞ്ചും മറ്റും നിർമ്മിക്കണം.

10. കൊട്ടാരത്തിനു ചുറ്റുമുള്ള വിശാലമായ പറമ്പ് ഉപയോഗിച്ച് കുട്ടികൾക്കു വേണ്ടി ഒരു പാർക്ക് നിർമ്മിക്കണം.

11. പാർക്കിൽ ശ്രീ കാനായി കുഞ്ഞുരാമനെ പോലുള്ള വിദഗ്ദ്ധശില്പികളുടെ ശില്പങ്ങളും ഫൗണ്ടനുകളും സ്ഥാപിക്കണം.

12. ജനശ്രദ്ധ പതിയുന്നതിനു വേണ്ടി കൊട്ടാര കാമ്പൗണ്ടിനു മുന്നിൽ N.H.ബൈപാസിനോട് ചേർത്ത് ആകർഷകമായ ഒരു കവാടം പണിയണം.

13. കവാടത്തിൽ നിന്നും കൊട്ടാരത്തിലേക്ക് ഒരു റോഡ് നിർമ്മിച്ച് ഇരുവശങ്ങളിലും പൂച്ചെടികൾ വച്ചു പിടിപ്പിക്കണം.

14. കലവറത്തോപ്പിൽ കുളത്തിനു കരയിൽ ഉള്ള കൽവിളക്ക് ഈ സ്മാരകത്തിൽ സൂക്ഷിക്കുന്നതിന് വസ്തു ഉടമയുടെ സൗജന്യം ആവശ്യപ്പെടണം.

II മംഗലപ്പാറ ഗുഹാക്ഷേത്രം

ഇപ്പോൾ പുരാവസ്തു വകുപ്പിന്റെ കീഴിലുള്ള ഈ ഗുഹാക്ഷേത്രം AD 850-ാംമാണ്ടിനു മുമ്പ് നിർമ്മിച്ചിരിക്കാമെന്നാണ് രേഖകൾ തെളിയിക്കുന്നത്. അനവധി ഐതിഹ്യങ്ങൾ കൊണ്ട് സമ്പന്നമാണ് ഈ ഗുഹാക്ഷേത്രവും അതിവിശാലമായ പാറക്കെട്ടുകളും.

ശ്രീരാമൻ സീതയെ അന്വേഷിച്ച് ലങ്കയിലേയ്ക്ക് പോകുന്ന വഴിയിൽ ഇവിടെ തങ്ങിയെന്നും സന്ധ്യയ്ക്ക് ആരാധനയ്ക്കു വേണ്ടി പെട്ടെന്ന് ഒരു ഗുഹാക്ഷേത്രം ഉണ്ടാക്കി അവിടെ ശിവലിംഗം പ്രതിഷ്ഠിച്ചുവെന്നും ഒരു ഐതിഹ്യമുണ്ട്.

ഈ പാറയുടെ കീഴ്ക്കാം തൂക്കായ ചരുവിൽ തന്നെ ആട്ടപ്പെട്ടിയുടെ ആകൃതിയിൽ ഒരു പാറയുണ്ട്. തുറന്നിരിക്കുന്ന ഒരു പെട്ടിപോലുണ്ടിത്. ഇതിനെ പൊന്നിൻ പത്തായം എന്നു വിളിച്ചുവരുന്നു. മുൻകാലങ്ങളിൽ നിവൃത്തിയില്ലാത്ത സ്ത്രീകൾ കല്ല്യാണത്തിനും മറ്റും ഇവിടെ വന്ന് മനം നൊന്ത് പ്രാർത്ഥിച്ചിട്ട് പിറ്റേദിവസം വന്നു നോക്കിയാൽ ക്ഷേത്രനടയിൽ വേണ്ടത്ര ആഭരണങ്ങൾ ഉണ്ടാകുമായിരുന്നു എന്നും ആവശ്യം കഴിഞ്ഞ് തിരിച്ച് കൊടുക്കണമെന്നും മറ്റൊരൈതിഹ്യം

പാറയുടെ കീഴ്ക്കാം തൂക്കായ സ്ഥലത്ത് ഒത്തമദ്ധ്യത്തായാണ് ഗുഹാക്ഷേത്രം. ക്ഷേത്രത്തിനകത്ത് ശ്രീകോവിലിന്റെ (പ്രതിഷ്ഠക്ക്) ഇരു വശങ്ങളിലും ഗുഹകൾ കാണുന്നു. ഇത് എത്രദൂരം ഉണ്ട് എന്നത് ഇന്നും അജ്ഞാതമാണ്.

പാറയുടെ മുകളിൽ ഒരു നീരുറവകാണുന്നു. ഒരിക്കലും വറ്റാത്ത ഈ ഉറവ ഇന്നും ഒരു അത്ഭുതമായി കൈലാസത്തിൽ നിന്നും ഗംഗയെന്ന പോലെ കഴക്കൂട്ടം പഞ്ചായത്തിൽ തീർത്ഥജലം തരുന്ന ഒരു നീർച്ചാലായി എന്നെന്നും പ്രവഹിച്ചുകൊണ്ടിരിക്കുന്നു.

പാറമുകളിൽ നിന്നുള്ള കാഴ്ച ആഹ്ളാദജനകവും നയനാനന്ദകരവുമാണ്. ആസ്വദിച്ചറിഞ്ഞാൽ മാത്രമേ അതിന്റെ ഹൃദ്യത മനസ്സിലാവുകയുള്ളൂ. തിരുവനന്തപുരം പട്ടണത്തിലെ പ്രധാന സ്ഥാപനങ്ങൾ അങ്ങ് പടിഞ്ഞാറ് നെടുനീളത്തിൽ കരയെ താലോലിച്ചു കൊണ്ടിരിക്കുന്ന കടൽ, കടൽതീരം വരെയുള്ള സ്ഥാപനങ്ങൾ ഒരു നല്ല ചിത്രം വരച്ച പോലുള്ള കുന്നുകൾ, താഴ്‌വാരങ്ങൾ, വയലേലകൾ തുടങ്ങി അനവധി സുന്ദരകാഴ്ചകൾ ഇതിനു മുകളിൽ നിന്നുകൊണ്ട് കാണാം.

മുൻകാലങ്ങളിൽ ഇവിടെ കുരങ്ങന്മാർ ഉണ്ടായിരുന്നു. 35 വർഷങ്ങൾക്കു മുമ്പ് അവറ്റകളെ ഇവിടെ നിന്നും മാറ്റി. അക്കാലത്ത് നാട്ടിന്റെ നാനാഭാഗത്തു നിന്നും ധാരാളം സന്ദർശകർ ഈ ക്ഷേത്രത്തിലേയ്ക്ക് വന്നു കൊണ്ടിരുന്നു. ഇപ്പോഴും ധാരാളം പേർ ക്ഷേത്രദർശനത്തിനും പാറമുകളിൽ ഉല്ലസിക്കുന്നതിനു വേണ്ടി വന്നെത്തുന്നുണ്ട്. മുകളിൽ വിശാലമായ നിരപ്പേറിയ പാറയാണുള്ളത്.

ഈ പാറമുകളിൽ നിന്നുകാണുന്ന സൂര്യാസ്തമയം അതീവസുന്ദരമാണ്. അനുഭവിച്ചറിയുക.

പ്രശ്നങ്ങൾ

1. മംഗലപ്പാറ ഗുഹാക്ഷേത്രത്തിന് വേണ്ടത്ര സംരക്ഷണം ലഭിക്കുന്നില്ല.

2. തിരുവനന്തപുരം കാട്ടായിക്കോണം റോഡിൽ നിന്നും പാറയിലേയ്ക്ക് യാത്രാസൗകര്യങ്ങളില്ല.

3. ഉറവ നല്ല രീതിയിൽ സംരക്ഷിച്ചിട്ടില്ല.

4. പാറയുടെ ചുറ്റുമുള്ള കാടുകൾ വെട്ടിതെളിച്ചപ്പോൾ തനിമ നഷ്ടപ്പെട്ടിരിക്കുന്നു.

5. ഇത് ഒരു തീർത്ഥാടന വിനോദ സഞ്ചാര കേന്ദ്രമായി ഇനിയും ഉയർന്നിട്ടില്ല.

പരിഹാര നിർദ്ദേശങ്ങൾ

1. മംഗലപ്പാറ ഗുഹാക്ഷേത്രവും ക്ഷേത്രമുൾക്കൊള്ളുന്ന പാറയും സുരക്ഷിതമാക്കാനുള്ള നടപടികൾ കൈകൊള്ളണം.

2. മെയിൻ റോഡിൽ നിന്നും പാറയിലേയ്ക്ക് ഒരു റോഡ് നിർമ്മിക്കുക. ഇപ്പോൾ നിലവിലുള്ള വഴി റോഡാക്കി മാറ്റുന്നതാണ് ഉചിതം.

3. ഉറവയുടെ പ്രാധാന്യം കാണിക്കുന്ന ബോർഡുകൾ സ്ഥാപിച്ച് ഉറവ കേടുകൂടാതെ സംരക്ഷിക്കുക. ഉറവ എത്തിച്ചേരുന്ന കുളം കെട്ടി വൃത്തിയാക്കുക.

4. എല്ലാ മാധ്യമങ്ങളിലൂടെയും ഈ കേന്ദ്രത്തിന് വേണ്ടത്ര പ്രചാരം നല്കുക.

5. ടൂറിസ്റ്റ് മാപ്പിൽ മംഗലപ്പാറയും കഴക്കൂട്ടം കൊട്ടാരവും ഉൾപ്പെടുത്തുക.

ഫോൺ : 418252
കഴക്കൂട്ടം ഗ്രാമപഞ്ചായത്ത് ആഫീസ്
(സ്പെഷ്യൽ ഗ്രേഡ്)
കഴക്കൂട്ടം,തിരുവനന്തപുരം-695582

സി.രാജേന്ദ്രൻ നായർ
ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്

തീയതി 18-12-1996

# ഉപസംഹാരം

മാന്യരെ,

*കഴക്കൂട്ടം ഗ്രാമ പഞ്ചായത്തിന്റെ സമഗ്ര വികസന രേഖ നിങ്ങളുടെ ഏവരുടേയും നിർദ്ദേശങ്ങൾക്കും അംഗീകാരത്തിനുമായി സമർപ്പിച്ചുകൊള്ളട്ടെ. നമ്മുടെ പഞ്ചായത്തിന്റെ എല്ലാ മേഖലകളുടേയും സമഗ്രമായ വികസനത്തിനും ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും വേണ്ടിയുള്ള വിലപ്പെട്ട നിർദ്ദേശങ്ങളും ആവശ്യങ്ങളും പരമാവധി ഈ രേഖയിൽ ഉൾപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിലുള്ള സമയ പരിമിതികൾക്കുള്ളിൽ നിന്നു കൊണ്ട് നിലവിലുള്ള സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ള ഈ റിപ്പോർട്ട് അതിന്റെ മൂർത്ത രൂപത്തിൽ എത്തിക്കുന്നതിനും ഫലപ്രദമായ പദ്ധതികളാക്കി പ്രായോഗികതലത്തിൽ എത്തിക്കുന്നതിനും ഉതകുന്ന കർമ്മസമിതികൾ ഇവിടെ രൂപം കൊള്ളുമെന്നും അവയുടെ ചൈതന്യ പൂർണ്ണമായ പ്രവർത്തനത്തിലൂടെ നമ്മുടെ ഗ്രാമത്തിന്റെ സമഗ്ര പുരോഗതി കൈവരിക്കാൻ ആവുമെന്നും പ്രത്യാശിച്ചു കൊണ്ട് ഈ റിപ്പോർട്ട് ഇവിടെ ഉപസംഹരിക്കട്ടെ!!!*

സി.രാജേന്ദ്രൻ നായർ
പ്രസിഡന്റ്


BLOCK OFFICE KAZHAKUTTUM


കൃഷിഭവൻ



# നാളികേര വികസനം ഇവിടെ നിന്ന്

ടൈപ്പ് സെറ്റിംഗ് നാഗ, പൂമല്ലിയൂർക്കോണം, പേരൂർക്കട ഫോൺ : 438472
അച്ചടി മുദ്രാ കളർ പ്രിന്റേഴ്സ് കാട്ടായിക്കോണം